KOTTAYAM PUBLIC LIBRARY

Call No. M 12 Acc. No. 12590

Author [illegible]

Title [illegible]

12590

# രത്നപ്രഭ.

## മലയാളകാവ്യം

ഗ്രന്ഥകർത്താ

പന്തളം രാഘവവർമ്മതമ്പുരാൻ.

൨-ാം പതിപ്പ് കാപ്പി—൫൦൦.

—:*:—

V. V. Press—Quilon.

പകൎപ്പവകാശം ഗ്രന്ഥകർത്താവിൽ.

വില അണ ൨൪

1105.

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമായിരിക്കും.

MA2



[illegible] [illegible] വർമ്മ തമ്പുരാൻ



പന്തളം രാഘവവൎമ്മ തമ്പുരാൻ

# മുഖവുര.

കാവ്യനിമ്മാണത്തിൽ കഥാവസ്തു പുരാണപ്രസിദ്ധമായിരിക്കണം; വണ്ണനീയരു ചന്ദ്രൻ, പത്മം മുതലായവ പരിത്യാജ്യങ്ങളല്ലെന്നു പ്രാചീനന്മാരും, ചരിത്രപ്രസിദ്ധമോ കവികല്പിതമോ അയ ഇതിവൃത്തത്തിന് ആസ്വാദ്യത കൂട്ടും; പ്രാചീനപദ്ധതിവിട്ടു വണ്ണന നൂതനരീതിയിൽ ആയിരിക്കണമെന്നു നവീനന്മാരും അഭിപ്രായപ്പെട്ടുകാണുന്നുണ്ടു്. ഈ രണ്ടു ഭിന്നമതക്കാരുടേയും മുൻപിൽ ഒരു മാദ്ധ്യസ്ഥ്യമവലംബിച്ചുകൊണ്ടു് ഞാൻ ഈയിടെ നിമ്മിച്ച "രത്നപ്രഭ" എന്ന കാവ്യം സജ്ജനസമക്ഷം സമപ്പിച്ചുകൊള്ളുന്നു.

എന്റെ സഹപാഠിയും എന്നെക്കാൾ വയസ്സുകുറവുള്ള എന്റെ മാതുലനും ആയിരുന്ന കവിതിലകൻ പന്തളത്തു കേരളവമ്മതമ്പുരാന്റെ കവിതാപരിശ്രമത്തോടുചേന്നു ഞാനും "കവനകൌമുദി"യുടെ ആദ്യലക്കങ്ങളിൽ പല ഒററശ്ലോകങ്ങൾ പ്രസിദ്ധപ്പെടുത്തുകയും സ്ഥാനമൊഴിഞ്ഞ കൊച്ചിയിൽ വലിയതമ്പുരാൻ തിരുമനസ്സിലെ ജീവചരിത്രം വിവരിക്കുന്ന ഒരു പദ്യകൃതി, കൃത്തികാഭാണം, പാഞ്ചാലീഹരണം അട്ടക്കഥ മുതലായി സംസ്കൃതത്തിലും മലയാളത്തിലും പലകൃതികൾ എഴുതുകയും ചെയ്തിട്ടുണ്ടു്. എന്നാൽ ആ കവിതിലകന്റെ മരണത്തോടുകൂടി കവിത എഴുതുന്നതിൽ ഞാൻ വിമുഖനായിത്തീന്നിരിക്കയായിരുന്നു.

രണ്ടുവഷത്തിനുമുമ്പു്, ഉത്സാഹിയും, യുവകവിയുമായ വെംബ്ളിയസ്സ് ലക്ഷ്മണൻനമ്പൂതിരിപ്പാടവർകളുടെ പ്രേരണനിമിത്തം അദ്ദേഹവും ഞാനുംകൂടി "ഒരു ഐതിഹ്യം" "പ്രഹ്ലാദൻ" "ഇതിഹാസവനിത" എന്ന മൂന്നുഖണ്ഡകൃതികൾ എഴുതി പ്രസിദ്ധം ചെയ്തിട്ടുണ്ടെങ്കിലും പുസ്തകരൂപത്തിൽ ഒരു കൃതി പ്രസിദ്ധംചെയ്യുന്നതു് ഇദംപ്രഥമമായിട്ടാണെന്നുള്ള വസ്തുത മറച്ചുവയ്ക്കത്തക്കതല്ല.

ലോകാചാരമനുസരിച്ചു് ഇതിനൊരു അവതാരികകൂടി ചേക്കണമെന്നു ഞാൻ ആദ്യം ഉദ്ദേശിച്ചിരുന്നു എങ്കിലും അങ്ങിനെയുള്ള അവതാരിക വായിച്ചിട്ടുണ്ടാകുന്ന മനസ്ഥിതിയോടുകൂടി ഈ കൃതി വായിക്കുന്നതിനേക്കാൾ വായനക്കാർ തുറന്ന മനസ്സോടുകൂടി വായിക്കുന്നതാണു് ഉത്തമമെന്നു വിചാരിച്ചു് ആ ഉദ്യമത്തിൽനിന്നും പിന്മാ

റുകയാണ് ഉണ്ടായതു്. വിസ്തൃതമായ സാഹിത്യസാമ്രാജ്യത്തിന്റെ ഒരു കോണിലെങ്കിലും ഇതിനു ന്യായമായ സ്ഥാനം തനിയേ ലഭിക്കുമെന്നു ഞാൻ അഭിമാനിക്കുന്നില്ലെങ്കിലും നിർമ്മത്സരബുദ്ധികളായ ഭാഷാഭിമാനികൾ അങ്ങിനെ ഒരു സ്ഥാനലബ്ധിക്ക് അവകാശംസ്ഥാപിച്ചുതന്നാൽ എന്റെ ഈ ശ്രമം സഫലമായി എന്നുള്ള കൃതാൎത്ഥതാബോധം മാത്രം എനിക്കുണ്ടായിരിക്കുന്നതാണ്.

ഈ കാവ്യം മനസ്സിരുത്തിവായിച്ച് ചില പാഠഭേദവും ചൂണ്ടിക്കാണിച്ച് അച്ചടിയ്ക്കാൻ തക്കനിലയിൽ എഴുതിത്തന്ന സഹൃദയാഗ്രേസരനും നല്ല ലേഖകനുമായ തെക്കേശ്ശിവോള്ളി മഹൻനാരായണൻ നമ്പൂതിരി അവർകളോടും, ഒന്നിലധികം ആവൃത്തി പരിശോധിക്കുകയും ഉടനെ അച്ചടിപ്പിയ്ക്കണമെന്ന് എന്നെ പ്രോത്സാഹിപ്പിക്കയും ചെയ്ത മാന്യകവിയും, പ്രസിദ്ധനിരൂപകനുമായ വടക്കുംകൂർ രാജരാജവൎമ്മരാജാ അവർകളോടും തെറ്റുകൂടാതെ വേഗത്തിൽ വൃത്തിയായി അച്ചടിച്ചുതന്ന "വിദ്യാഭിവൎദ്ധിനി" അച്ചുക്കൂടം ഉടമസ്ഥരോടും എനിക്കുള്ള കൃതജ്ഞത വാക്കുകളെക്കൊണ്ടു പരിച്ഛേദ്യമല്ല.

| | | |
|---|---|---|
| പന്തളം | } | ഗ്രന്ഥകൎത്താ |
| ൨൦—൯—൧൦൮ | } | രാഘവവൎമ്മതമ്പുരാൻ. |

# രത്നപ്രഭ.

## ഒന്നാം സർഗ്ഗം.

ശ്രീനിർജ്ജരീമൌലി വിഭൂഷണൌഘ
ശ്രീനിർജ്ഝരീ ദോഹദ പാദകാന്തി
ആ നിർമ്മലാംഗീശ്വരി താതനെന്നു
മാനിച്ചിട്ടും ശൈലവരൻ ലസിപ്പൂ. ൧

പ്രാലേയവാനിഗ്ഗിരിമൌലി, സർവ്വ-
കാലേ സ്വപാദാശ്രിത ലോകപാലൻ
ഫാലേ വരശ്രീ, വനമാല, വക്ഷ-
സ്സാലേ വഹിക്കും മുരവൈരി തന്നെ. ൨

സ്തോത്രാർഹനംഭോജവിശേഷയോനി-
ഗോത്രാധിനാഥൻ വരഹംസകേതു
ഗോത്രാതലഖ്യാത ഹിരണ്യഗർഭൻ
ധാത്രാഭയിക്കുന്നു വഹിച്ചിടുന്നു. ൩

---

൧. ശ്രീനിർജ്ജരിമാർ=ദേവസ്ത്രീകൾ. ശ്രീനിർജ്ഝരി=കാന്തിപ്രവാഹം. ദോഹദം=വളം. ഈശ്വരി=പാർവ്വതി.

൨. സ്വപാദാ....... പാലൻ=തന്റെ പര്യന്തപർവ്വതങ്ങളിൽ കുടിപാർക്കുന്ന ലോകപാലന്മാരോടുകൂടിയവൻ. പാദാശ്രിതന്മാരായ ജനങ്ങളെ പാലിക്കുന്നവൻ എന്നും. വരശ്രീ=ഉത്തമകാന്തി. മഹാലക്ഷ്മി എന്നും. വനമാല=വനസമൂഹം. വിഷ്ണുവിന്റെ പ്രസിദ്ധമായ വനമാലയെന്നും.

൩. അംഭോജവിശേഷയോനി=ഉത്തമങ്ങളായ താമരകൾക്ക് ഇരിപ്പിടം. വിഷ്ണുവിന്റെ നാഭികമലത്തിൽനിന്നു ജനിക്കയാൽ ബ്രഹ്മാവ് പത്മയോനിതന്നെ. ഗോത്രങ്ങൾ=പർവ്വതങ്ങൾ. ദേവന്മാർ എന്നും. കേതു=വ്യാവർത്തകചിഹ്നം. വാഹനമെന്നും. ഹിരണ്യഗർഭൻ=ഉള്ളിൽ ദ്രവ്യം നിറഞ്ഞവൻ. ബ്രഹ്മാവ് ഹിരണ്യഗർഭൻതന്നെ.

വാനാറു, ഭോഗിപ്രഭു ഭൂഷ, ദീപ്യ-
ന്നാനാ വിഭൂതിപ്രസരമ്മഹത്വം,
മാനാതിഗം മട്ടിവ മേന്മ നിമ്മി-
പ്പാനായ് ധരിക്കും ഗിരിചന്ദ്രചൂഡൻ. ൪

ഘോരാശയം സൽപ്രകൃതി, ക്ഷമാപ്രഭൃൽ-
സ്വാരാട്ടിനാത്മാശ്രിതനന്ദനത്വം
നേരായ്. ശിവോല്ലാദനശക്തി പാരാ-
വാരാതിഗാമിത്വമിവ സ്ഫുരിപ്പൂ. ൫

സൽക്കമ്മ സാമാന്യവിശേഷനിത്യ-
തൽക്കദ്രസംബന്ധഗുണാദിവാഴ്വിൽ
ചൊൽക്കൊണ്ട മുക്താവലി ചേന്ന ഭാവ-
മിക്കല്യഭൂഭൃൽപ്രഭു കാട്ടിടുന്നു. ൬

പാരാകവേ തിങ്ങിന തത്വമോത്തി-
ട്ടാരാലുമോതാൻ കഴിയാത്തവണ്ണം
പേരാണ്ടൊരീബ്ഭൂധരനേ വിരാട്ടിൻ-
നേരായറിഞ്ഞോൻ ജഗദേകശില്പി. ൭

നീണാളിവൻ പാപ്പിടമൊന്നു തമ്മിൽ
കാണാതെ ലോകത്രയവാസികൾക്കും
ഏണാങ്കചൂഡൻ വിഭു സൃഷ്ടിചെയ്ത
ചേണാന്ന മുപ്പാരിന്നെഴും പകപ്പോ? ൮

---

൪. ഭോഗികൾ=സപ്പങ്ങൾ. സുഖികൾ എന്നും. വിഭൂതി=ഐശ്വര്യം. ഭസ്മം എന്നും. ചന്ദ്രചൂഡൻ=ശിവൻ.

൫. ക്ഷമാഭൃൽസ്വാരാട്ട്=പവ്വതശ്രേഷ്ഠൻ, രാജശ്രേഷ്ഠൻ എന്നും. നന്ദനത്വം=സന്തോഷിപ്പിക്കുന്ന അവസ്ഥ. നന്ദനോദ്യാനത്തിന്റെ സ്ഥിതി എന്നും. ശിവ=പാവ്വതി. ശിവം=സുഖം.

൬. സൽകമ്മം=സുകൃതം. കമ്മം, സാമാന്യം, വിശേഷം, നിത്യസംബന്ധം (സമവായം) ഗുണം, ദ്രവ്യം, അഭാവം ഇങ്ങനെ ന്യായശാസ്ത്രപ്രസിദ്ധങ്ങളായ പദാത്ഥങ്ങൾ എന്നും. മുക്താവലി=മുക്തന്മാരുടെ സമൂഹം. 'സിദ്ധാന്തമുക്താവലി' എന്ന വിശിഷ്ടഗ്രന്ഥം എന്നും.

൭. വിരാട്ട്=വിരാഡ്പുരുഷൻ. (പരബ്രഹ്മം) ജഗദേകശില്പി=ബ്രഹ്മാവ്.

൮. വിഭു=സമത്ഥൻ.

ദക്ഷൻ ശചീജാനി മുറിച്ചുവെന്നാൽ
പക്ഷം ഗിരീന്ദ്രന്നു മുറയ്ക്കു കാൺമൂ
വീക്ഷയ്ക്കുചെന്നിട്ടധിസാനു രണ്ടു-
പക്ഷത്തിലേ വെൺമുകിൽമാലമൂലം. ൯

വാനത്രയം തിങ്ങി മുനീന്ദ്രമാന്യ-
സ്ഥാനം വഹിയ്ക്കുന്ന സഹസ്രശീർഷൻ
ഈ നന്ദനാക്കനു, മുരാരി മട്ടി-
ലാനന്ദമേകുന്നു വിധൂതപാപം. ൧൦

നിത്യം ദ്രുഹാഗമശാഖമൂലം
വ്യത്യസ്തമേതാണ്ടു വിരാട്ടിനൊപ്പം
ശ്രുത്യർത്ഥമൊപ്പിച്ചു കവീന്ദ്രരോർമ്മി-
ച്ചത്യല്പമോതുന്നിവനന്തരം താൻ. ൧൧

തുംഗം ധനാധീശഹൃദന്തമാന-
ഭംഗപ്രദം സദ്രവിണം നിമിത്തം
മംഗല്യവാനിക്ഷിതിഭൃത്തിനോടു-
സംഗം ലഭിയ്ക്കും ധര ധന്യതന്നെ. ൧൨

സാക്ഷാൽ ജഗൽപ്പാവനി ഗംഗതാനും
ദാക്ഷായണീതാതതടാന്തഭൂവിൽ
അക്ഷുദ്രമധാരം പ്രവഹിച്ചു ശുദ്ധി
ശിക്ഷാക്രമം ലോകരിലേകിടുന്നു. ൧൩

---

൯. ശചീജാനി=ഇന്ദ്രൻ. പക്ഷം=ചിറക്. വശമെന്നും. അധിസാനു=താഴ്‌വരപ്രദേശത്തിൽ.

൧൦. സഹസ്രശീർഷൻ=അനന്തമായ കൊടുമുടിയുള്ളവൻ. വിഷ്ണു സഹസ്രശീർഷനാണല്ലോ. വിധൂതപാപം=പാപംകളഞ്ഞു്.

൧൧. ആഗമങ്ങൾ=വൃക്ഷങ്ങൾ. പുരാണാദികൾ എന്നും. ശ്രുതി=വേദം. കേൾവി എന്നും. കവീന്ദ്രന്മാർ=പക്ഷിശ്രേഷ്ഠന്മാർ. അന്തരം=മദ്ധ്യഭാഗം. വ്യത്യാസമെന്നും.

൧൨. ദ്രവിണം=ദ്രവ്യം.

൧൩. ദാക്ഷായണി=ശ്രീപാർവ്വതി.

ആനന്ദമേകും പവനൻ, സുഗന്ധി-
സൂനങ്ങളാം ശയ്യ, നികുഞ്ജപുഞ്ജം
ഊനപ്പെടാതോഷധി ദീപ,മെന്നു-
മീ നന്മ പാർത്തിങ്ങു വസിപ്പു വാനോർ. ൧൪

അമന്ദമിന്ദിന്ദിരരാജി മുത്തോ-
ടമന്ന നാനാ കുസുമോൽക്കരങ്ങൾ
സമസ്തഭാസ്സേറു മുത്തുക്കൾചേരും
ക്രമം വെടിഞ്ഞത്ര വിളങ്ങിടുന്നു. ൧൫

ക്ഷോണീധരപ്രൗഢനിലുള്ള കല്പ-
ക്ഷോണീരുഹസ്തോമമണഞ്ഞിടുന്നു
കാണിച്ചു രാഗം ലതികാളി, പൂന്തേൻ-
വാണീഗണം കാന്തരിലെന്നപോലെ. ൧൬

സ്ഫാരപ്രഭം പൂനിര ശീതവായു-
സൗരഭ്യപൂരം ഭ്രമരൗഘഗാനം
പാരം സുധാവാരി കലന്നിവൻതൻ
ചാരത്തു പഞ്ചേന്ദ്രിയതൃപ്തി ചേർപ്പൂ. ൧൭

ബാലം തൃണം പല്ലവജാലമിന്ദ്ര-
നീലം സുവർണ്ണസ്ഥലമുല്പലൗഘം
താലം സിതാംഭോജമിവററിൽ വർണ്ണ-
ജാലം നിജം ഭാസ്കരനിങ്ങു ചേർപ്പൂ. ൧൮

ആ കല്പവൃക്ഷങ്ങൾ നിറഞ്ഞു തിങ്ങീ-
ട്ടാകല്പകാലം നിവസിച്ചിടുന്നോൻ
ആകല്പവാനീ ഹിമവാനു വീതാ-
ലോകസ്ഥലത്തുണ്ടു വനാശ്രമമേകം. ൧൯

---

൧൪. നികുഞ്ജപുഞ്ജം=അനേകം ലതാഗൃഹങ്ങൾ. ഔഷധിദീപം=തീച്ചെടികളാകുന്ന വിളക്ക്.
൧൫. ഇന്ദിന്ദിരരാജി=വണ്ടിൻക്കൂട്ടം. ഉൽക്കരം=സമൂഹം.
൧൬. രാഗം=ചുവപ്പ്. അനുരാഗം എന്നും. ലതികാളി=ലതാസമൂഹം.
൧൭. പൂരം=പ്രവാഹം.
൧൮. താലം=ഹരിതാലം. വർണ്ണജാലം=അനേകം നിറം. സൂര്യനു ഏഴുനിറമുണ്ട്.
൧൯. ആകല്പം=കല്പകാലം വരെ. ആകല്പം=വേഷം.

വിഖ്യാത നാനാകവിസദ്ധ്വനിശ്രീ
പ്രഖ്യാപനം "സിദ്ധവനം" സുകാവ്യം
വ്യാഖ്യാതുമാലോകം കുഴയുന്നു ഹാ ത-
ന്മുഖ്യാശയം സുഗ്രഹമല്ല ലേശം. ൧൦

ധ്യാനസ്ഥയോഗീശ്വരസംഘവാസ-
സ്ഥാനം "ഹരിദ്വാര"മതി പ്രസിദ്ധം
ആ നല്ലദേശം വിലസുന്നതുണ്ട-
ന്യൂനം തദീയാന്തികമീവനാന്തം. ൧൧

നാകപ്രഭു ശ്യാമമണിപ്രഭാസ്സ-
ന്സ്തോകം പരന്നിട്ടിരുളാൎന്ന മൂലം
കോകത്തിനിക്കാട്ടു സദാ വിയോഗ-
ശോകത്തിനായ് ത്തീൎന്നു ലസിച്ചിടുന്നു. ൧൨

പങ്കേരുഹം കൈരവമിങ്ങിവയ്ക്കു
സങ്കേതമൊത്തുള്ള വികാസശക്ത്യാ
കങ്കേട്ടുപോക്കും ദിനരാത്രിഭേദം
ഉങ്കേറിടും വേടർ ഗണിച്ചിടുന്നു. ൧൩

പ്രാലേയശൈത്യാൽ, സ്തനയുഗ്മഭാര-
ത്താലേ നടക്കും ശബരീകദംബം
കാലേറെ മന്ദിച്ചതിലുദ്വഹിപ്പൂ
ചാലേ കരീന്ദ്രപ്രിയശിഷ്യഭാവം. ൧൪

പൊങ്ങുന്ന ചെമ്മണ്ണിലടച്ചു വാന-
തങ്ങും, കരീന്ദ്രവ്രജമീവനത്തിൽ
തിങ്ങും മരക്കൂട്ടമടിച്ചു വീഴ്ത്തി-
ട്ടെങ്ങും ചരിപ്പൂ ഘനവാത്യപോലെ. ൧൫

---

൧൦. വിഖ്യാത..... പ്രഖ്യാപനം=പക്ഷികളുടെ ശബ്ദം ധാരാളം കേൾക്കുന്നതു്; കവിയുടെ പലപ്രകാരത്തിലുള്ള വ്യംഗ്യചമൽക്കാരം ചേൎന്നതു് എന്നും.
൧൧. തദീയാന്തികം=അതിന്നടുക്കൽ.
൧൨. നാക....... മണി=ഇന്ദ്രനീലക്കല്ലു്.
൧൩. കൈരവം=ആമ്പൽ. സങ്കേതകാലം=നിയതകാലം.
൧൪. പ്രാലേയം=മഞ്ഞു്. ശബരീകദംബം=വേടസ്ത്രീസമൂഹം.
൧൫. വാത്യ=ചുഴലിക്കാറ്റു്.

മാനാർത്ഥിശാസിച്ചു കരംപിരിച്ചും
താനാണു കാട്ടിന്നധിനാഥനെന്നായ്
നാനാ മൃഗേന്ദ്രൻ സ്വജനങ്ങളെക്കാ-
പ്പാനായിളാജാനി കണക്കു വാഴ്വൂ. ൨൬

കാട്ടാന, ശാർദ്ദൂലക, ഋക്ഷ, ഋങ്ക-
കാട്ടാനടുക്കം ശരഭം, തരക്ഷു
മുട്ടാതെ കാട്ടിൽപ്പല കൂട്ടുകെട്ടു-
വിട്ടാത്ത ഗർവ്വം വിഹരിച്ചിടുന്നു. ൨൭

മറ്റും പലേ ഹിംസ്രമൃഗങ്ങൾ കണ്ണു-
ച്ചുറ്റും പടിക്കത്രെ ഭയങ്കരങ്ങൾ
ച്ചുറ്റും തിലംപാറ്റുകിലങ്ങു താഴെ-
ച്ചെറ്റും പതിക്കാത്തവിധം ചരിപ്പൂ. ൨൮

സമീര വേഗാഹതി വിട്ടു കാടാ-
ക്രമിച്ചു നിൽക്കുന്ന മഹീരുഹൌഘം
സമീക്ഷയിൽ സംഘമഹത്വമെങ്ങും
നമിച്ചിടാതമ്പൊടു കാട്ടിടുന്നു. ൨൯

അന്വക്ഷമുഗ്രം തപമൊത്തു സിദ്ധ-
മന്വന്തരംഗപ്രഭയിൽ ജ്ജപിച്ചോർ
മന്വാദിസിദ്ധക്ഷിതിപാലരെന്നു-
മന്വർത്ഥമാക്കീ വിപിനാഭിധാനം. ൩൦

ആ മാന്യമാം സിദ്ധവനത്തിലുണ്ടു-
ദ്ദാമാഭ കൈക്കൊണ്ടൊരു പർണ്ണശാല
കാമാദിഷൾക്കം വെടിയും തപസ്വി-
പ്രാമാണികന്മാരുടെ മൂലഗേഹം. ൩൧

---

൨൬. കരം=കപ്പം. നികുതി എന്നും. ഇളാജാനി=രാജാവ്.
൨൭. ഋക്ഷം=കരടി. ശരഭം=എട്ടടിമാൻ. തരക്ഷു=വള്ളിപ്പുലി. ആത്തഗർവ്വം=അഹങ്കാരത്തോടുകൂടി.
൨൯. സമീരവേഗാഹതി=ശക്തിയുള്ള കാററടി. സമീക്ഷ=നോട്ടം.
൩൦. അന്വക്ഷം=അനുപദം. സിദ്ധമനു=സിദ്ധമന്ത്രം. അന്തരംഗപ്രഭ=ഹൃദയപ്രകാശം.
൩൧. ഉദ്ദാമം=അധികം. മൂലഗേഹം=കുടുംബം.

ഹാ! രംഭ, പൂഗം, പനസം, രസാല-
സാരം സദാ സൽഫലമൊത്തു കാൺകെ
ആ രമ്യമാമാശ്രമമേതവൎക്കും
പാരം പ്രഹൎഷം ഹൃദി ചേൎത്തിടുന്നു. ൩൨

വായ്ക്കുന്നമോഹാലൊരു ബാലനും കൈ-
പൊക്കുന്നതായാൽ കരലഭ്യമട്ടിൽ
നോക്കുന്ന ദിക്കിൽ ഫലപുഷ്പജാലം
നിൽക്കുന്നവൃക്ഷങ്ങളസംഖ്യമത്രേ. ൩൩

ജാത്യാദിവൈരം കളയും മൃഗേന്ദ്ര-
വാത്യാദി ജന്തുക്കളുമുണ്ടിതിങ്കൽ
ജാത്യാദി നാനാസുമനോഗണങ്ങൾ
വാത്യാ ജളാവേശമകന്നു കാൺമൂ. ൩൪

പൂമാത്തു വാഴുന്നു ചലിച്ചിടാതാ-
സോമാൎക്കമെന്നുള്ള വിളംബരംപോൽ
സാമാന്യമാജ്യാഹുതി ജാതധൂമ-
സ്തോമാഭ ദിക്കൊട്ടു പരന്നിടുന്നു. ൩൫

മേലാൽ സ്വശാഖയ്ക്കു തരിമ്പുപോലും
കാലാദിദോഷങ്ങളണഞ്ഞിടാതെ
ബാലാഗമശ്രേണികൾ, യോഗിമൗലി
മാലാമഹത്വപ്രതിബിംബമത്രേ. ൩൬

സാലാസിതേന്ദ്രോപലവൎണ്ണപൎണ്ണ
നീലാഭ ഭംഗിക്കു പരന്നു കാൺകേ
ചേലാൎന്നഘാസഭ്രമമോടു പൎണ്ണ-
ശാലാമൃഗൗഘം തുനിയുന്നു തിന്നാൻ. ൩൭

---

൩൩. കരലഭ്യം=കൈകൊണ്ട് ഗ്രഹിക്കപ്പെടുക.

൩൪. വാത്യം=മൃഗവിശേഷം. വാത്യ=ഉഗ്രമായ കാറ്റ്.

൩൫. ആസോമാൎക്കം=ചന്ദ്രസൂൎയ്യന്മാരുള്ളതുവരെ.

൩൬. ബാലാഗമശ്രേണികൾ=അനേകം തൈമരങ്ങൾ. പ്രതിബിംബം=പ്രതിഛായ. സൂചകം.

൩൭. സാലങ്ങൾ=വൃക്ഷങ്ങൾ. ഘാസം=ഇളംപുല്ല്.

അജ്യാഹുതിപ്രജ്വലനൻ, സമാധി-
ത്യാജ്യാംഗ ലോകക്കുടലൊത്തു പോകാൻ
പ്രാജ്യ പ്രധൂമോപധിയാലരം സ്വാ-
രാജ്യത്തിലേ നേർവഴി കാട്ടിടുന്നു. ൨൮

ശ്യാമാക നീവാരഗവേധുകാദി
സാമാന്യധാന്യങ്ങളനേകദിക്കിൽ
സീമാതിഗം ശോഷണമേററു പൎണ്ണ-
ധാമാങ്കണം തിങ്ങിലസിച്ചിടുന്നു. ൨൯

അററം ശരിക്കൊത്ത കുശങ്ങളിധ്മം
മററാഹുതിക്കുള്ള പദാൎത്ഥജാലം
ഏററം മഹൽക്കുന്നുകണക്കുതന്നെ
മുററത്തനേകം സ്ഥലമാന്നു കാൺമൂ. ൩൦

രാജിക്കുകൂടാതെ തടാകഗൗര-
രാജീവസംഘത്തിലണഞ്ഞ ഹംസം
രാജിച്ച സൽപ്പക്ഷമസിദ്ധിചേൎന്നും
ഭ്രാജിച്ച ശബ്ദാലനുമാനയോഗ്യം. ൩൧

സാലച്യുതപ്രത്നദളങ്ങൾ കാല്യ-
കാലത്തു നീക്കിപ്പുതുതേൻ തളിച്ചും
ബാലാനിലൻ പൂനിരതൂകി ദാസ്യ
വേലയ്ക്കു നിൽക്കുന്നു തദാശ്രമത്തിൽ. ൩൨

---

൨൮. സമാധിത്യാജ്യാംഗലോകം=തപസ്വിജനം. ഉപധി=വ്യാജം.

൨൯. ശ്യാമാകം=ചാമ. നീവാരം=വരിനെല്ല്. ഗവേധുകം=ഗോതമ്പ്.

൩൦. ഇധ്മം=ചമത. കുശം=ദൎഭ.

൩൧. രാജിയ്ക്കുചേരാതെ=ഒററയ്ക്കു്. ഹംസം=അരയന്നം. ഇവിടെ ജാതിയിൽ ഏകവചനപ്രയോഗം. പക്ഷം=ചിറക്. സാദ്ധ്യം സംശയിക്കുന്ന സ്ഥലമെന്നും. അനുമാനയോഗ്യം=അനുമിക്കപ്പെടാവുന്നതു് വെൺതാമരകളിൽ ഇരിക്കുന്ന അരയന്നങ്ങളെ വേർതിരിച്ചറിവാൻ പാടില്ലെങ്കിലും ശബ്ദം കേട്ടു് അനുമിക്കാൻ സാധിക്കപ്പെടുന്നു എന്നു ഭാവം പക്ഷാസിദ്ധൻ, ഹേത്വാഭാസനാകയാൽ അനുമിതി വരുന്നതല്ലെന്നു നയ്യായികസിദ്ധാന്തം.

൩൨. ച്യുതം=വീണതു്. പ്രത്നം=പഴയ. കാല്യം=പ്രഭാതം.

ഒട്ടും തരക്കേടണയാതെ തമ്മിൽ
തട്ടുന്ന നാനാ തരുകാന്തി പൊങ്ങി
കാട്ടുന്ന ചിത്രാഞ്ചിതലീല ഭിത്തി-
വിട്ടുള്ള മട്ടാഗ്ഗഗനസ്ഥലത്തിൽ. ൨൩

പൂമങ്കവാഴുന്ന മനോജ്ഞപർണ്ണ-
ധാമത്തിലെങ്ങും ലവമേശിടാതെ
ശ്യാമച്ഛവിപ്രോൽഗത ഹവ്യവാഹ-
ധൂമങ്ങളിൽത്തന്നെ മലീമസത്വം. ൨൪

കൊണ്ടാടുമാറങ്ങു വസിപ്പു ശാന്ത്യം
കണ്ടാശയം പൂർണ്ണവിശാലമായോർ
തുണ്ടാക്കി മായാബല,മാത്മബോധം-
കൊണ്ടാരിലും സ്നേഹമെഴും മഹാന്മാർ. ൨൫

ആജന്മഗാംഭീര്യമടങ്ങി യോഗി-
രാജത്വമേൽക്കുന്ന വിരക്തനേകൻ
രാജൽപ്രഭം തത്ര വസിപ്പു; ബന്ധു-
രാജത്തിളപ്പറ്റപയോധിപോലെ. ൨൬

കാളസ്ഥൂലച്ഛേദരുംചുമൽ രണ്ടുജാനു-
വോളംഭുജം വിസ്തൃത ചാരുഫാലം
കാളസ്ഫുരൽത്താടി, ജട,സ്വനാഭി-
മേളം വഹിക്കും മുനി ദീർഘകായൻ. ൨൭

---

൨൩. നാനാതരുകാന്തി=പലതരത്തിലുള്ള വൃക്ഷങ്ങളുടെ ശോഭ. (നിറം)

൨൪. പർണ്ണധാമം=ആശ്രമം. പ്രോൽഗതം=നല്ലവണ്ണം ഉയർന്നതു്. മലീമസത്വം=മാലിന്യം.

൨൫. മായാബലം=മായാശക്തി. ആത്മബോധം=ആത്മജ്ഞാനം. ഉണ്ടാശ്രമത്തിൻശ്രുതിശാസ്ത്രപാരം എന്നു പാഠാന്തരം.

൨൬. ആജന്മം=ജനനംമുതൽ. തത്ര=അവിടെ. രാജത്തിളപ്പ്=ചന്ദ്രന്റെ-രാജാക്കന്മാരുടെ എന്നും തിളപ്പ്.

൨൭. ജാനു=മുട്ട്. കാളം=നീലം.

കൈവന്ന ജാതി വ്യതിയാനമുഗ്ര-
ഭാവം സമാധിസ്ഥിതി രണ്ടുമോർത്താൽ
ദ്വൈവർണ്ണ്യമുൾക്കൊണ്ടു വസിച്ചിരുന്നോ-
രാവന്ദ്യനാം കൌശികനെന്നുതോന്നും. ൨൮

ജ്ഞാനത്തിനാൽ മാന്യകുടീചകാഗ്ര്യ-
സ്ഥാനാർഹനത്താപസമൌലിരത്നം
ദൈനന്ദിനം യോഗവഴിക്കു സച്ചി-
ദാനന്ദനിൽച്ചേർന്നു ലയിച്ചിടുന്നു. ൨൯

ധാരാളമായ് ദുർഗ്ഗതി, പാരിലാരു-
മോരാത്ത ദുർമ്മൃത്യു, ശിശുക്ഷയങ്ങൾ
ഘോരാമയോദ്രേകമിവണ്ണമോരോ
പോരായ്മ നീക്കാൻ മുനിബദ്ധദീക്ഷൻ. ൩൦

ആ ലോകവന്ദ്യന്നെഴുമാത്മശുദ്ധി-
ശീലോദയം ലോകരിലും വരുത്താൻ
ആലോകനം താൻ മതി; പാവകന്നു-
മാലോകമേ ശുദ്ധി വെളിപ്പെടുത്തൂ. ൩൧

യജ്ഞോപവീതം ശിഖ രക്തവസ്ത്ര-
മജ്ഞോപദേശാർച്ചിതമാർഗ്ഗദാനം
വിജ്ഞാതമന്നുണ്ടിവ വേറെ; യെന്നാൽ
സംജ്ഞാതദവസ്ഥാനമറിഞ്ഞുകൂടാ. ൩൨

---

൨൮. വ്യതിയാനം=മാററം. ദ്വൈവർണ്ണ്യം=രണ്ടുജാതിയുടെയവസ്ഥ. കൌശികൻ=വിശ്വാമിത്രൻ.

൨൯. കുടീചകൻ=ഒരു സന്യാസി. ആശ്രമത്തിലെ അവാന്തരവിഭാഗമനുസരിച്ചു സന്യാസിമാർ:—കുടീചകൻ, ബഹൂദകൻ, ഹംസൻ, പരമഹംസൻ, തുരീയാതീതൻ, അവധൂതൻ എന്ന് ആറുവിധത്തിലാകുന്നു. കുടീചകൻ, സന്യാസിമാരിൽവച്ച് കനിഷ്ഠനത്രേ. ഇദ്ദേഹത്തിനു ശിഖയും യജ്ഞോപവീതവും ധരിക്കാം. ത്രിദണ്ഡിയായിരിക്കണമെന്നു നിർബ്ബന്ധമുണ്ട്. കാവിവസ്ത്രമേ പാടുള്ളു എന്നും മററും ചില വിശേഷവിധികളുമുണ്ട്. ദൈനംദിനം=പതിവായി. സച്ചിദാനന്ദൻ=ബ്രഹ്മം.

൩൦. ദുർഗ്ഗതി=ദാരിദ്ര്യം. ശിശുക്ഷയം=ബാലമരണം. ഉദ്രേകം=ആധിക്യം. ബദ്ധദീക്ഷൻ=തൽപരൻ.

൩൧. ആലോകനം=ദർശനം. ആലോകം=പ്രകാശം. പാവകൻ=അഗ്നി.

൩൨. ഉപവീതം=പൂണൂൽ. ശിഖ=തലമുടി. അജ്ഞോ......ദാനം=മൂഢന്മാരെ ഉപദേശിച്ചു നേർവഴിയിലേക്കു കൊണ്ടുപോക. സംജ്ഞ=നാമം.

സാമാന്യമാദ്യന്തമനോജ്ഞമൊന്നി-
ച്ചാമാന്യസാഹിത്യഗുണങ്ങളാലേ
സീമാതിഗം തന്മുനിവാൎത്ത, കാവ്യ-
മീമാംസപോൽപ്പണ്ഡിതചിത്തഹാരി. ൩൨

പൊട്ടത്തൃണംപോൽ മഹനീയഭൂട്ടൽ-
പ്പട്ടം നിനച്ചാശപെടിഞ്ഞ മാന്യൻ
പെട്ടന്നുവാചംയമമൌലിരത്നാ-
മട്ടാന്നുവൎത്തിപ്പു മഹാമനസ്കൻ. ൩൩

എന്താകിലും നഷ്ടമുറച്ചശുദ്ധി
സന്താനമന്തസ്ഥിരമാകുമെന്നായ്
ചിന്താഭരം പൂൎണ്ണസമാധി രണ്ടേ-
ക്കാന്താരവാസിയ്ക്കു വിളങ്ങിടുന്നു. ൩൪

കാട്ടിൽത്താപസമൌലി ശിഷ്യനിവഹം
പാടേപരുത്തീട്ടുതൻ-
പാട്ടിൽച്ചേൎത്തു ഗുണാഗുണങ്ങളുപദേശം
ചെയ്തുകൊണ്ടന്വഹം
ചോട്ടിൽപ്പൂൎണ്ണഫലേഗ്രഹിദ്രുമഗണം
നിൽക്കുന്ന കല്പദ്രുതൻ-
മട്ടിൽ പാൎത്തു പരാൎത്ഥദാനനിപുണൻ
മാഹാത്മ്യമുൾക്കൊണ്ടഹോ. ൩൫

---

൩൨. ആദ്യന്തമനോജ്ഞം=ആദിമുതൽ അവസാനംവരെ മനോഹരം (ലളിതം) മാന്യന്മാരുടെ=മഹാന്മാരുടെ സാഹിത്യത്താൽ=സഹഭാവത്താൽ. (സംസൎഗ്ഗത്താൽ) സിദ്ധിക്കുന്ന ഗുണങ്ങൾ. കാവ്യമീമാംസ=മാന്യങ്ങളായ സാഹിത്യഗുണങ്ങളെ പ്രതിപാദിക്കുന്നതത്രേ. കാവ്യമീമാംസ, രാജശേഖരന്റെ കൃതി. ഇതു് സാഹിത്യശാസ്ത്രസംബന്ധമായ ഒരു ബൃഹൽഗ്രന്ഥമാണു്.

൩൩. വാചംയമൻ=മുനി.

൩൪. നഷ്ടമുറച്ച=നശിച്ചുപോയ ശുദ്ധിസന്താനം=ശുദ്ധിസമൂഹം. നഷ്ടം=നശിച്ച. ഉറച്ചശുദ്ധിസന്താനം=പാവനമായ സന്തതി എന്നും. അന്തസ്ഥിരം=ഉള്ളിൽ സ്ഥിരം. അവസാനത്തിൽ സ്ഥിരമെന്നും സമാധി=ചിത്തൈകാഗ്രത. ദുഃഖമെന്നും.

൩൫. ഫലേഗ്രഹി=കായ്ക്കുന്ന (സഫലം) ദ്രുമഗണം=വൃക്ഷസമൂഹം. കല്പദ്രു=കല്പവൃക്ഷം. പരാൎത്ഥദാനനിപുണൻ=അന്യന്മാൎക്കു ഇഷ്ടദാനത്തിൽ സമൎത്ഥൻ.

ഒന്നാം സൎഗ്ഗം സമാപ്തം.

## രണ്ടാം സർഗ്ഗം.

---

പരവശതനു പശ്ചിമാശചേന്ന-
ക്ഖരരുചി പാതിമറഞ്ഞ വേളയിങ്കൽ
സരഭസപതിമുക്തപൂർവ്വദിക്കതൽ-
പ്പുരത, തദാശ്രിതരശ്മി കൈവെടിഞ്ഞു. ൧

കരബലമധികം ക്ഷയിച്ചു മാന-
സ്ഥിരതകളഞ്ഞ സഹസ്രപത്രബന്ധു
പരപരിഭവമേററ മന്നനേപ്പോ-
ലരനിമിഷത്തിലദൃശ്യനായ്ച്ചമഞ്ഞു. ൨

രതിഹൃദികരുത്തും തമസ്സപത്ന-
പ്രതിഭട, നമ്മധുപസഭൃത്യരെത്താൻ
മതിയൊട്ടു നിയമിച്ചു, കാത്തുനിൽക്കു-
ന്നതിനഥ പത്മിനിതൻസമീപദിക്കിൽ. ൩

പ്രതിഭടരജനീജനംഗ്രഹിയ്ക്കു-
ന്നതിനിടതന്നെവരാതെ മാററിരൂപം
അതിവിവശ ദിവാനതാംഗിപോകെ
പ്രതിനവവേഷമറിഞ്ഞിടാൻ പ്രയാസം. ൪

---

൧. പശ്ചിമാശ=പടിഞ്ഞാറേ ദിക്ക്. ചരമാവസ്ഥ എന്നും. ഖരരുചി=സൂര്യൻ. (രാജാവ് എന്നും പ്രതീതി) പൂർവ്വദിക്ക= കിഴക്കേദിക്ക്. പഴയ സ്ഥലം എന്നും തദാശ്രിതരശ്മി=സൂര്യനെ ആശ്രയിച്ചിരുന്ന രശ്മി. നാഥന്റെ ആശ്രിതജനം എന്നും.

൨. കരം=രശ്മി, നികുതി. മാനം=ആകാശം, അഹങ്കാരം.

൩. തമസ്സപത്നപ്രതിഭടൻ=ഇരുട്ടാകുന്ന വിരോധി, തമോഗുണപ്രധാനനായ ശത്രു എന്നും. മധുപങ്ങൾ=വണ്ടുകൾ. മദ്യപന്മാർ എന്നും. പത്മിനി=നളിനി. ഉത്തമസ്ത്രീ എന്നും.

൪. പ്രതിഭടൻ=വിരോധി. രജനീജനം=രാത്രിയാകുന്ന ജനം. രാത്രിയിൽ സഞ്ചരിക്കുന്ന ജനം എന്നും. ദിവാ=പകൽ. പ്രതിനവം=പുതിയ.

പിടയൊടുപിരിയാതെ നിത്യലീല-
യ്ക്കുടലുകലത്തി വസിച്ചിരുന്നകോകം
ഉടനധികവിയോഗഭാരമാർന്നു;
തടയുവതാരു വിധിയ്ക്കെഴുംനിയോഗം? ൬

ജവമൊടു മലർമങ്കതാൻ പ്രദോഷോ-
ത്ഭവമലിനം നളിനം ഗണിച്ചിടാതെ
നവഗഗനതലത്തിലെത്തി; സോപ-
ദ്രവനിലയംവെടിയും ക്ഷണത്തിലാരും. ൭

പരമധവള, ദേവനാഥദിക്കാം-
വരമൊഴി, ഭർത്തൃവിയോഗതപ്തഗാത്രി,
പരപുരുഷവിരക്ത, കാന്തസേവാ-
പര, വെളിവാക്കിസതീവ്രതോചിതത്വം. ൮

പതിവിരഹിണി വാസരാംബുജാക്ഷി
സ്ഥിതികരുതിത്തനുമൂടിനിർഗ്ഗമിയ്ക്കേ
ദ്യുതിമതിസഖിയെപ്പിരിഞ്ഞിരിക്കു-
ന്നതിനുമടിച്ചു വിരക്തസന്ധ്യ മങ്ങി. ൯

ഗുണമുടയജനങ്ങൾ പാണിയാൽക്കാ-
ലിണതൊഴുതീടുകിലും പ്രദോഷസംഗാൽ
കണമവരെ നിനച്ചിടാതെ ചിത്ത-
പ്രണയവിഹീനമകന്നു സന്ധ്യ വേഗം. ൰

---

൬. കോകം=ചക്രവാകപ്പക്ഷി. നിയോഗം=കല്പന.

൭. പ്രദോഷം=രജനീമുഖം, പ്രകൃഷ്ടദോഷമെന്നും.

൮. ദേവനാഥദിക്ക്=കിഴക്കേദിക്ക്. സതീവ്രതം=പതിവ്രതാനിയമം. ഉചിതത്വം=ഔചിത്യം.

൯. വാസരാംബുജാക്ഷി=പകലാകുന്ന സ്ത്രീ. വിരക്ത=വിശേഷിച്ചു രക്തവർണ്ണ, വൈരാഗ്യമുള്ളവളെന്നും.

൰. ഗുണമുടയ=ഗുണമുള്ള. കണം=ലേശം. പ്രണയവിഹീനം=സ്നേഹമില്ലാതെ.

കമനനിരവിലങ്ങു ജോലിനീക്കാൻ
കമലിനി വിഷ്ണുപദത്തിലന്തിനേരം
പ്രമദമൊടുരുമാറു കാഴ്ചവച്ചു
വിമലതകോലിന താരഗൌരഹാരം. ൨൦

ഖരകിരണനടുത്തു പശ്ചിമാശ-
യ്ക്കരമുപഗൂഹനമാചരിച്ചുകാണ്കെ
തരളതരമരീചികൂടി വൈശ്വാ-
നരനൊടുചേൎന്നു; വധൂസ്വഭാവമേവം. ൨൧

തനതിനപതി വേർപിരിഞ്ഞു പക്ഷി-
സ്സ്വനകപടാൽപ്രലപിച്ചു ദിഗ്വധുക്കൾ
ഘനതരമിരുളാം മുഷിഞ്ഞവസ്ത്രം
വിന വെളിവാക്കിടുമാറണിഞ്ഞുമെയ്യിൽ. ൨൨

വരഗുരു നിരസിച്ച ശിഷ്യനുള്ളു-
ത്തരഗുണപൂൎണ്ണവിവേകമെന്നപോലെ
തരണി വിരസനായ് മറഞ്ഞനേരം
നരനയനം വിഫലത്വമേറ്റുപോയി. ൨൩

തിറമുടയ മഹാപ്രതാപിപോയീ;
മറവിലെഴും തിമിരം തെളിഞ്ഞുകേറീ;
പറയുവതിനശക്യമിങ്ങു നീച-
പ്പിറവികളഞ്ഞു സമം സമത്തിലാക്കി. ൨൪

---

൨൦. കമനൻ=ഭൎത്താവ്. വിഷ്ണുപദം=ആകാശം താരം=നക്ഷത്രം. ഹാരം=മുത്തുമാല

൨൧. ഖരകിരണൻ=സൂൎയ്യൻ. ഉപഗൂഹനം=ആലിംഗനം. വൈശ്വാനരൻ=അഗ്നി.

൨൨. വിന=ദുഃഖം (ആപത്ത്)

൨൩. വരഗുരു=ഉത്തമഗുരു. തരണി=സൂൎയ്യൻ.

൨൪. മഹാപ്രതാപി=സൂൎയ്യൻ. ശക്തനായ രാജാവ് എന്നും. തിമിരം=ഇരുട്ട്. പ്രാകൃതജനം എന്നും. നീചം=താഴ്ന്നസ്ഥലം (നികൃഷ്ടം) നീചന്മാരുടെ അവസ്ഥാവിശേഷം കൂടി ധ്വനിക്കുന്നു.

ച്ചുഴലവുമിരുളൊത്തുവന്നു; വണ്ടാർ-
കുഴലി വിഭാവരി യൌവനോദയാഢ്യ
മഴമുകിലണിമഞ്ജുകേശമെല്ലാ-
മഴകെഴുമാറു പരം വിടൎത്തുനിൽക്കേ. ൧൫

ഇനകരഹതകാന്തി താരജാലം
ദിനമതിൽ മങ്ങി, തമിസ്രയിൽത്തെളിഞ്ഞു;
അനവരതനികൃഷ്ടസംഗമത്താൽ
മനമിളകിത്തെളിയും ലഘുക്കളെങ്ങും. ൧൬

ശിവ! ശിവ! കഠിനം തമോമഹത്വം
ലവമറിവാൻപണി തുംഗനീചഭേദം.
ഭുവനഗതവിശേഷമുള്ളിലാക്കി-
ബ്ഭുവനജബന്ധു മറച്ചുവെച്ചതല്ലീ? ൧൭

അവികലതിമിരം പരന്നു വേഗം
ഭുവിവിഷമത്വമലംനിരാകരിച്ചോ?
വിവിധതരുശിലോച്ചയൌഘമാത്മ-
ച്ഛവി വിതറി സ്വസവൎണ്ണമാക്കിവെച്ചോ? ൧൮

അലർശരപരിതാപമേററനീലോ-
ല്പലമിഴിമാർ നിജകാന്തരൊത്തുഗേഹേ
നലമൊടുവിഹരിച്ചു ഗാഢനിദ്രാ-
ഫലമണയുംസമയം സമാഗമിച്ചു. ൧൯

ഹരിഹരി! നയനം കുഴങ്ങി നട്ടം
തിരിയുമതിൻപടിഘോരമൂൎത്തികാട്ടി
പെരിയഭയമണച്ചു രാത്രിനക്ത-
ഞ്ചരി വഴിയാത്രമുടക്കി പാരിലാക്കും. ൨൦

---

൧൫. വിഭാവരി=രാത്രി.

൧൬. തുംഗനീചഭേദം=ഉയൎന്നതെന്നും താഴ്ന്നതെന്നും ഉള്ള വ്യത്യാസം. ഭുവനജബന്ധു=സൂൎയ്യൻ.

൧൮. അവികലം=പൂൎണ്ണം. വിഷമത്വം=നിമ്നോന്നതത്വം. സ്വസവൎണ്ണം=തന്നിക്കസദൃശം.

൧൯. ഗേഹേ=ഭവനത്തിൽ. ഗാഢനിദ്ര=സുഷുപ്തി.

വിഷയഗതികളുണ്ടുടൻ ചരിപ്പാൻ
വിഷമതചേൎത്തു സദാഗതിക്കുപോലും
വിഷസമതനുരാത്രി, മൗനനിഷ്ഠാ-
വിഷയതപസ്വിനിതന്നവസ്ഥനേടി. ൨൧

സമയമതി,ലമന്ദപാദയാത്രാ-
ശ്രമഹതബുദ്ധി, തനിച്ചൊരായതാക്ഷി
ക്രമമൊരുവഴിവിട്ടുടൻകടന്നു
വിമതമൃഗാകുലസിദ്ധകാനനത്തിൽ. ൨൨

അകൃതകതനുഭംഗികൂടിടുന്നീ-
പ്രകൃതവിശാലവിലോചനാലലാമം
പ്രകൃതിഗുണമെഴും മനസ്സിലേതോ-
വികൃതികലൎന്നവൾ വൎണ്ണനീയതന്നെ. ൨൩

തരുണികളുടെപൂൎവ്വസൃഷ്ടി, തൻകൈ
വിരുതുവരാൻ ദ്രുഹിണനുഹസ്തലേഖം
പെരുമ വിധുമുഖിയ്ക്കു നേടിവയ്ക്കാൻ
വരുമധുനാതനഭാവിസൃഷ്ടിവീണ്ടും. ൨൪

ഉടലിനുപതിവുള്ളഭൂഷ, തങ്ക-
ക്കുടമിടയുംമുലയാളണിഞ്ഞിരുന്നു
ഇടയിലൊഴുകുമശ്രുകൊണ്ടുകൊങ്ക-
ത്തടമതിൽമുത്തണിമാലചേൎത്തിരുന്നു. ൨൫

---

൨൧. വിഷയം=രൂപാദികം, ദേശമെന്നും. സദാഗതി=വായു. വിഷമത=അസൗകൎയ്യം. വിഷയം=ആശ്രയം.

൨൨. അമന്ദ.....ബുദ്ധി=അതിവേഗത്തിലുള്ള കാൽനടയിൽ ഉണ്ടായ ക്ഷീണംനിമിത്തം ബുദ്ധികെട്ടവൾ. വിമതമൃഗാകുലം=ദുഷ്ടമൃഗങ്ങൾ നിറഞ്ഞിട്ടുള്ള.

൨൩. അകൃതകം=അകൃത്രിമം (സ്വാഭാവികം). പ്രകൃതവിശാലവിലോചനാലലാമം=ഈ ആയതാക്ഷീരത്നം. വികൃതി=വികാരം.

൨൪. ദ്രുഹിണൻ=ബ്രഹ്മാവു്. ഹസ്തലേഖം=കൈ എഴുതിത്തെളിയുന്നതിനുള്ള അഭ്യാസം. അധുനാതനം=ഇപ്പോഴുള്ളതു്.

൨൫. ഭൂഷാ=ആഭരണം അശ്രു=കണ്ണുനീർ.

കൊടിയരുചിയെഴും മുഖേന്ദുവിൻകൈ-
പ്പിടിവരുമെന്നു ഭയന്നു കേശദംഭാൽ
അടിയിണരഴുകിത്തമസ്സുതാൻ, തൽ-
ക്കുടിലകചയ്ക്കു മറഞ്ഞു പിന്നിൽനില്പൂ. ൨൬

സുമഗണമധിസൂത്രമാശ്രയിക്കും
സുമഹിതകേശകുലത്തൊടേറ്റുവിടവാൻ
സുമധുരകുസുമങ്ങളിൽഭ്രമിക്കും
ഭ്രമരനിരയ്ക്കു സമത്വമുച്ചരിക്കാം? ൨൭

കിമപി തിഥിവിശേഷഭേദമെന്യേ
ഹിമരുചിപഞ്ചമി തന്നിൽ നിൽക്കുമെങ്കിൽ
വിമല നിടിലവർണ്ണനയ്ക്കു നാസ്തി
ശ്രമമുപമേയമുരച്ചിടാനൊരാൾക്കും. ൨൮

പുരികലതവിളങ്ങിടുന്ന, മാദ്യൽ-
ക്കരിനടയാളുടെ വക്ത്രമുല്ലസിപ്പൂ
ത്വരിതമലർശരൻ സുഹൃത്തുനൽകും
പെരിയശരാസനമേറ്റതിങ്കൾപോലെ. ൨൯

അതികുടിലമനോജചാപഗർവ്വ-
ക്ഷതികര, മപ്പുരികം സമുജ്ജ്വലിപ്പൂ
സ്തുതിവിഷയതദാസ്യമാം സരസ്സിൽ
പ്രതിചലശൈവലകീർണ്ണവീചിപോലെ. ൩൦

---

൨൬. ദംഭം=വ്യാജം. തൽക്കുടിലകചാ=ആ കുടിലകേശി.

൨൭. അധിസൂത്രം=സൂത്രത്തിൽ. സമത്വം=സാദൃശ്യം.

൨൮. തിഥിവിശേഷം=ഷഷ്ഠിമുതലായ മറ്റു പക്കങ്ങൾ. നിടിലം=നെററി.

൨൯. മാദ്യത്ത്=മദിച്ചത്. ശരാസനം=വില്ല്.

൩൦. സ്തുതിവിഷയം=സ്തുതിക്കത്തക്കതു്. പ്രതി.....പോലെ=പായൽചേർന്നു ഇളകിക്കൊണ്ടിരിക്കുന്ന തിരമാല എന്നതോന്നും.

ഇരവുപകലുമൊന്നുപോലെനിൽപ്പീ-
ലരസികനിന്ദുകളങ്കമുദ്വഹിപ്പൂ
വിരവൊടുതനുനാശമുണ്ടശേഷം
തരമവനില്ല തദാസ്യകാന്തികിട്ടാൻ. ൩൧

അമലതരതദാസ്യനിർമ്മിതിപ്ര-
ക്രമനിലവിട്ടുസരോജസൃഷ്ടിമുന്നം
സമമതിവിധിചെയ്തുപോയതിൽത്തൽ-
ക്കമലകുലത്തിനു "ഹംസപാദ"മേകി. ൩൨

ഇവളുടെമിഴിമാത്രമല്ലവെന്നു
നവനളിനത്തിനെയാസ്യവുംപ്രകാമം;
ശിവശിവ!നിയതം വരുന്നു ഘോരാ-
ഹവവിജയം ബലമുള്ള കക്ഷിതന്നിൽ. ൩൩

ശ്രുതിയുഗസഹവാസമേറ്റുമാന്യ-
സ്ഥിതിയിലെഴുന്നതദീയലോചനങ്ങൾ
സ്മൃതിഗ്ഗുണമധികപ്പെടുത്തിവാഴ്-
ന്നതിലതിവിസ്മയമില്ല ധർമ്മമല്ലേ. ൩൪

രതിരമണനിവേദ്യശഷ്കുലിശ്രീ-
മതി ജനതയ്ക്കുളവാം ശ്രുതിദ്വയത്തിൽ
പതിവിരഹദൃഗംബു നേത്രപുഷ്പം
പ്രതിനവഗന്ധ, മിവയ്ക്കുടുപ്പമോർത്താൽ. ൩൫

---

൩൧. തദാസ്യകാന്തി=അവളുടെ മുഖശോഭ.

൩൨. നിർമ്മിതിപ്രക്രമം=സൃഷ്ടിപ്രാരംഭം. ഹംസപാദം അരയന്നങ്ങളുടെ കാൽ. പണ്ടു ഗ്രന്ഥമെഴുത്തുകാർ വിട്ടുപോയഭാഗം ചേർക്കുന്നതിനു "Λ" ഇങ്ങനെ ഹംസപാദം കൊടുത്തുവന്നിരുന്നു

൩൩. നിയതം=നിശ്ചിതം. ആഹവം=യുദ്ധം.

൩൪. ശ്രുതി=കർണ്ണം. (വേദം.) സ്മൃതി=ഓർമ്മ (ധർമ്മശാസ്ത്രം)

൩൫. രതി........മതി=കാമദേവനു നിവേദിക്കാനുള്ള മുറുക്കപലഹാരമെന്ന ബുദ്ധി. നിവേദ്യത്തിനുള്ള ജലം മുതലായ സാമഗ്രികളുമടുത്തുതന്നെയുണ്ട്.

അതിരുചിയൊടു, രാജവീഥിതന്നിൽ-
പ്പൃതിയുമനശ്വരഹൎമ്മ്യദീപമൊപ്പം
മതിമതിയുടെകൎണ്ണഭൂഷണൌഘ-
ദ്യുതി നിര, ഗണ്ഡയുഗത്തിലാൎന്നമിന്നി. ൨൬

ശ്രവണയുഗളഭൂഷണാതിശോഭ-
യ്ക്കിവളുടെ ഗണ്ഡയുഗം വിഹാരഗേഹം
അവയവമതുഭാരവാഹിമാത്രം
ലവമധികൎണ്ണവിഭൂഷണാഭചേരാ. ൨൭

അതിസിതരദരത്നമാനദണ്ഡാ-
കൃതിയിലെഴുന്ന തദീയനാസകണ്ടോർ
പ്രതിനവനയനാമൃതാബ്ധിസേതു
പ്രതികൃതിയെന്നുനിനച്ചുകൈകൾകൂപ്പും. ൨൮

സുധയൊടുവിധി തൂക്കിനോക്കി ഭാസ്വ-
ദ്വിധമവൾതൻദശനച്ഛദം ഗുരുത്വാൽ
അധരതലമണഞ്ഞതൊട്ടുകണ്ടി-
ട്ടധരമതെന്നൊരു പേരുചേൎത്തതല്ലീ? ൨൯

നിജധവളിമ, നിൎഭരം ത്രിലോകീ-
വിജയബലം, വരരാഗഹീനവൃത്തി,
മൃജ, പരമിവചേൎന്നിടുന്ന ദന്ത-
വ്രജ, മതിമുക്തകൾതന്നെ വാദമില്ല. ൩൦

---

൨൭. ഗണ്ഡം-കവിൾ. വിഹാരഗേഹം=ക്രീഡാസ്ഥലം അധികൎണ്ണം=കൎണ്ണത്തിൽ. അധികൎണ്ണൻ=അധികം ഋണം (കടം.)ഉള്ളവൻ എന്നും, കടക്കാരനു ആഭരണങ്ങളണിയുന്നതിനു തരമില്ലല്ലൊ.

൨൮. സേതു=ചിറ. സേതുദൎശനത്തിൽ ആരും കൈകൂപ്പും.

൨൯. ദശനച്ഛദം=ചുണ്ടു്. ഗുരുത്വം=ഭാരം. അധരം=താഴെ.

൩൦. രാഗം=ചുമപ്പു് (അനുരാഗം; മൃജ=ശുദ്ധി.

കുതുകമഗ്ഗുണമോർത്തു, മൗക്തികശ്രീ-
പ്പുതുമതൊഴുന്ന രദാവലിയ്ക്കുപാരം
അതുലതയുളവാകിലും പ്രകൃത്യാ
സതുലത വന്നതു ചിത്രമെത്രയും താൻ. ൪൫

ക്ഷിതിതരുണമ്മരോൽക്കരംവധിയ്ക്കു-
ന്നതിനതിവാഞ്ഛമുഴുത്തു വേട്ടയാടാൻ
രതിപതിയുടെ യാത്ര കേമമാക്കു-
ന്നതിനുതകും വരകംബുതന്നെ കണ്ഠം. ൪൬

മതിമുഖിയുടെ ബാഹുവല്ലി, രക്ത-
ദ്യുതിയുതപാണിതലാബ്ജമൊത്തുകാൺകേ
അതിമൃദുവരരക്തഹല്ലകാഗ്ര-
പ്രതിനവ ചമ്പകമാലയെന്നു തോന്നും. ൪൭

രമണിയുടെകുചദ്വയാഭ ചിത്ത-
പ്രമദമൊടൊത്തുകവന്നകാരണത്താൽ
സമകലശഗളത്തിലുഗ്രചാരാ-
ക്രമഗുണബന്ധനമാചരിപ്പു ലോകം. ൪൮

സുവളിതതനുവല്ലി, നാഭികൂപ-
സ്ഥലസുഷമാമൃതമേററുടൻ നനയ്ക്കാൻ
ജലജഭവനനംഗനേകി, തങ്ക-
ക്കലശയുഗം സുബലിഷ്ഠപാശപൂർവ്വം. ൪൯

---

൪൫. അതുലത=സാമ്യമില്ലായ്മ. സതുലത=സതുലങ്ങളുടെ അവസ്ഥ. (ദന്തസ്ഥാന സാമ്യം.)

൪൬. തരുണന്മാർ=യുവാക്കന്മാർ. കംബു=ശംഖ്.

൪൭. ബാഹുവല്ലി=പ്രശസ്തമായബാഹു. ഹല്ലകം=രക്തകൽഹാരം.

൪൮. കലശഗളം=കുടത്തിന്റെ കഴുത്ത്. ഗുണബന്ധനം=കയറുകെട്ടൽ.

൪൯. സുഷമാമൃതം=ഉൽകൃഷ്ടശോഭയാകുന്നജലം. ജലജഭവൻ=ബ്രഹ്മാവ്. ബലിഷ്ഠ പാശം=ബലമുള്ളകയറ്. വലിത്രയത്തിലുള്ള രോമാവലിഎന്നും.

ലസദമലമുഖീകൃശോദരത്തിൽ
പ്രസഭബലിക്രമണത്തൊടൊത്തുതന്നെ
അസദൃശമഖിലാംഗശുദ്ധിപൂർവ്വം
രസകരമേകമനംഗരാജ്യഭാരം. ൪൬

പുരഹരനയനാഗ്നിദാഹതാപം
സ്മരനുജനിച്ചതിനുള്ള ശാന്തിമാർഗ്ഗം
വരതനുമൃദുശീതളോരുരംഭോ-
ത്തരയുഗളീപരിരംഭമൊന്നുതന്നെ. ൪൭

നലമൊടുവിധി, രൂപവിത്തമെല്ലാം
ചെലവുകഴിച്ചു രചിച്ചു ജംഘരണ്ടാൽ
അലസതവെളിവാക്കിടുന്നു, യോഷിൽ-
കുലമണിതന്നപരാംഗസൃഷ്ടിതന്നിൽ. ൪൮

നളിനനയനതൻറപത്തിനേക്കാ-
ളൊളിനിരയിൽ ലവമാർന്നമൂല്യമെന്നും
വിളിപെടുമതികോമളദ്രുമത്തി-
ന്തളിരിനു പല്ലവനാമമുത്ഭവിച്ചു. ൪൯

സുരപുര രമണീജനങ്ങളേക്കാൾ
സരസിജനേർമുഖിയാൾക്കുമെച്ചമേകാൻ
കരഗതവരരൂപപേടകൌഘം
വിരവിലൊഴിച്ചു വിധാതൃസൃഷ്ടിതന്നെ. ൫൦

---

൪൬. പ്രസഭം=ബലാൽക്കാരം. ബലിക്രമണം=ബലവാൻറെ ആക്രമം. ത്രിവലിയുടെ പ്രസരിപ്പ്. അംഗശുദ്ധി=അവയവശുദ്ധി. സാമുദ്രികാദി സർവ്വാംഗങ്ങളുടെ പരിശുദ്ധിഎന്നും.

൪൭. ശാന്തിമാർഗ്ഗം=പരിഹാരമാർഗ്ഗം. ഊരു=തുട. പരിരംഭം=ആലിംഗനം.

൪൮. രൂപവിത്തം=സൌന്ദര്യധനം. അലസത=മടി.

൪൯. പത്ത്=പാദം. ലവം=തുച്ഛം. പല്ലവനാമം=പല്ലവമെന്നപേര്.

൫൦. കരഗതം=കൈയിലുള്ള. പേടകം=പെട്ടി.

ഉടലിലമിതംഘർമ്മബിന്ദുജാലം
തടവി,ലസൽക്കുചമങ്ങഴിഞ്ഞ നിൽപ്പിൽ
പിടമൃഗമിഴി സംവഹിച്ചു, താരാ-
പടലമനോജ്ഞവിഭാവരീസ്വരൂപം. ൧൮

അണിചികുരമഴിഞ്ഞിടുന്നയോഷാ-
മണി നിതരാംഹൃദി ഭീതിവാച്ചമൂലം
പണിയൊരുനടയെന്നുറച്ചു, ചിത്ര-
പ്പണിയിലെഴുംവരവേണിപോലെ നിന്നു. ൧൯

കരിനിറമണിയുന്നകുന്തലോട്ടും
പ്പരിഭവമേററിടുമന്ധകാരവൈരി
അരികിലണയവേ, സഹായമെന്യേ
പുരികുഴലാളഴലാന്നതായിരിക്കാം. ൨൦

മലയൊടെതിരിടുംകുചം നിതംബ-
സ്ഥലമിവ വിഘ്നമണച്ചുകൂരിരുട്ടിൽ
ബലമൊടൊരടിമുന്നിലേയ്ക്കുവെച്ചാൽ
ചലമിഴിരണ്ടടിപിന്നിലേയ്ക്കുമാറും. ൨൧

കരിമുകിലെതിരായ്‌ വിളങ്ങിനിൽക്കും
കരിനടയാളുടെതാപമൊട്ടുകാണ്മാൻ
ത്വരിതമധിസമീപമാനയിച്ചു
സ്ഫുരിതതരം ക്ഷണകാന്തിദീപമപ്പോൾ. ൨൨

അനവധിതടിദംഗനാജനൌഘം
ഘനവരരൊത്തു നഭസ്സിലാഗമിച്ചു
ഘനചികുര തപിച്ചിട്ടമ്പൊളാക്കും
മനസിവിരോധിവിപത്തു ഹർഷഹേതു. ൨൩

---

൧൮. ഘർമ്മവിന്ദു=വിയർപ്പുതുള്ളി. താരാപടലം=നക്ഷത്ര സമൂഹം.

൧൯. യോഷാമണി=സ്ത്രീരത്നം. വരവേണി=സ്ത്രീ.

൨൨. അധിസമീപം=സമീപത്തിൽ. ക്ഷണകാന്തി=മിന്നൽ.

൨൩. ഘനവരർ=മേഘങ്ങളാകുന്ന ഭർത്താക്കന്മാർ.

ഝടിതി ജലദമാത്മകാന്തി കക്കും-
പടി കമനീയമുള്ള കചാഭ കാണ്കമൂലം
കൊടിയപരിഭവം വരുത്തിടാൻ പോ-
ലിടികലരും മഴവീഴ്ത്തി കാനനത്തിൽ. ൧൭

ജലദമതി ജഡസ്വരൂപമുള്ള-
സ്ഥലമൊരു വിഷ്ണുപദം കരേറിയിട്ടും
കുലമലിനത സൽപ്പഥേ വരുത്തീ;
മലമുടയോർക്കിതു ജന്മസിദ്ധമല്ലോ. ൧൮

പലവിവൃതി തടിത്തു നൽകിയിട്ടും
ജലദപതഞ്ജലിതന്റെ ഭാഷ്യതത്വം
അലമൊരിതുളനഞ്ഞു, വിഗ്രഹിക്കും
നിലയിലുമില്ല പദാർത്ഥബോധമാർക്കും. ൧൯

അനുപമവരഗാത്രി മിന്നലാൽക്ക-
ണ്ണിനുപണിയാംപടി നോക്കിയങ്ങുമിങ്ങും
അനുപദമുടലുംവിറച്ചു വിട്ടു-
ത്തിനുബലമേകിന മാരിയാൽ കുഴങ്ങി. ൨൦

വലതുകരമുരസ്ഥലത്തുവെച്ചു-
ത്തലമുടിതാങ്ങിയിടത്തുകയ്യിനാലേ
പലതുമവിടെയോർത്തിരുന്നു നീലോ-
ല്പലരുചിരാക്ഷി ശിരസ്സുതാഴ്ത്തിമന്ദം. ൨൧

അഴകെഴുമവളാ സ്തനോപപീഡം
മഴപൊഴിയുംവിധ മശ്രുധാരവീഴ്ത്തി
കുഴലിണ മരവിച്ചതിൽത്തിരുമ്മി-
ട്ടുഴലുപെരുത്തു കടിച്ചുദന്തപങ്ക്തി. ൨൨

---

൧൮. ജഡസ്വരൂപം=ശീതസ്വരൂപം. മൂഢമെന്നും. വിഷ്ണുപദം=ആകാശം. സല്പഥേ=ആകാശത്തിൽ. ജന്മസിദ്ധം=സ്വാഭാവികം.

൧൯. വിവൃതി=പ്രകാശം. വിവരണമെന്നും. പതഞ്ജലി=ഭാഷ്യകർത്താവു്. ഭാഷ്യതത്വം=ശബ്ദതത്വം. മഹാഭാഷ്യതത്വമെന്നും. വിഗ്രഹിക്കുക=പൊരുതുക. പദങ്ങളെ വേർതിരിച്ചുകാണിക്കുക എന്നും. പദാർത്ഥബോധം=പദാർത്ഥജ്ഞാനം.

൨൦. അനുപദം=അടിക്കടി. ബലമേകിന=ശക്തികൊടുക്കുന്ന.

൨൨. സ്തനോപപീഡം=കുചങ്ങളിൽ മർദ്ദിച്ചിട്ടു്.

ഒരുമിഴിയിലരം ഭയാനകം വൻ-
കരുണയൊരക്ഷിയിലമ്മുഖത്തുപിന്നെ
അരുവയർമണി ദുർവ്വിധിയ്ക്കു ദോഷം
കരുതിവഹിച്ചിതുരൌദ്രവുംസമാനം. ൩൩

അടിമുടിവിറപൂണ്ടുചാഞ്ഞു, മിന്നൽ-
ക്കൊടിയെതിർഗാത്രി ഘനാഘനാരവത്താൽ
ചൊടിതടവിട്ടുമംബുപൂരമേററി-
ട്ടടിയിളകും തരുമൂലവല്ലിപോലെ. ൩൪

നിരുപമമുഖി ബാഷ്പധാരതൂകു-
ന്നൊരുജലവും മഴവെള്ളവും സമത്തിൽ
അരുവിയൊഴുകിടുംപടിയ്ക്കു കണ്ടാൽ
വരുമെവനും വിചികിത്സ മാറിമാറി. ൩൫

കൊടിയഭയമണഞ്ഞു, കാററുതട്ടും
ചെടിയുലയുന്നതുപോൽ ചലിച്ചു താപി
തൊടിയിട നെട്ടുവീർപ്പുവാച്ചുകൂട്ടും-
പടി മഹിയിൽത്തലചാഞ്ഞു വീണുപോയി. ൩൬

അഹഹ! വിവശഗാത്രിതൻ മനസ്സിൽ
സഹനബലം ലവവുംകടന്നതില്ല
അഹനി വിധുകരം മറഞ്ഞുടൻ ദു-
സ്സഹ രവിദീധിതിപോലെ കൈർവത്തിൽ. ൩൭

മഴയൊടിടകലർന്നു കൂരിരുട്ടാ-
ലഴലതിചേർന്നു മിഴിയ്ക്കുകാഴ്ചമങ്ങി
ച്ചുഴലവുമൊരുവസ്തുപോലുമക്കാർ-
കുഴലിതളർന്നു ശരിയ്ക്കുകണ്ടതില്ല. ൩൮

---

൩൪ ഘനാഘനാരവം=ഇടിമുഴക്കം.

൩൫. നിരുപമം=അസാധാരണം. വിചികിത്സ=സംശയം.

൩൭. സഹനബലം=സഹനശക്തി. അഹനി=പകൽ. വിധുകരം=നിലാവ്. രവികാന്തി=വെയിൽ.

12590

മതിമുഖി പരിപീഡയാൽകടക്കം
ക്ഷിതിയു മവൾക്കു ചലിച്ചുപോലെ തോന്നി
ഗതിമനസി നിനച്ചിടാത്തമട്ടിൽ
ച്യുതിയു മിളാതലകമ്പമേററപോലെ. ൯

കരളിലമിതതാപവഹ്നി, പൂർവ്വ
സ്മരണ, കഠോരസമീരണേററുകത്തി
അരമതിനു ശമംവരുത്തിവെയ്ക്കാൻ
തരളതരാംഗി വചോമൃതങ്ങൾതൂകി. ൧൦

പുരുസുഖമൊടുപണ്ടു താതഗേഹേ
മരുവുമഹം സ്വപനത്തിലന്നുപോലും
ഒരുകുറി വലുതായ താപഭാരം
വരുമിനിയെന്നു നിനച്ചിരുന്നതില്ല. ൧൧

അഹിതബഹുലലഘിഷ്ഠതൂലജാലം
മഹിതഭുജാബലവഹ്നിയിൽക്കരിച്ചോൻ
വിഹിതസുകൃതനെൻപിതാവു, മുന്നം
മഹിയിലെഴും സുഖവാസവുംവെടിഞ്ഞു. ൧൨

ധവനുടെസദനേ സുഖിച്ചുവാഴാ-
നവസരമൊട്ടൊരുവർഷമുത്ഭവിച്ചു
വിവശത ഹൃദിവാച്ചിടുന്നുപാരം
ശിവശിവ! ഭാഗ്യവിപര്യയം കഠോരം!! ൧൩

---

൯. മതിമുഖി=ചന്ദ്രമുഖി. ക്ഷിതി=ഭൂമി. ഇളാതലകമ്പം=ഭൂകമ്പം.

൧൦. താപവഹ്നി=സന്താപമാകുന്ന അഗ്നി. പൂർവ്വസ്മരണ=പഴയഓർമ്മ. വചോമൃതങ്ങൾ=വാക്കുകളാകുന്ന ജലങ്ങൾ

൧൧. താതഗേഹേ=അച്ഛന്റെ ഗൃഹത്തിൽ. സ്വപനം=നിദ്ര.

൧൨. അഹിതകുലം=ശത്രുസമൂഹം. ലഘിഷ്ഠം=നിസ്സാരം. തൂലജാലം=പഞ്ഞിക്കൂട്ടം.

൧൩. സദനേ=ഭവനത്തിൽ. വിവശത=പാരവശ്യം. ഭാഗ്യവിപര്യയം=ഭാഗ്യദോഷം. (ഗ്രഹപ്പിഴ)

ഭടമണി മമജീവനായകൻ, ത-
നടലുവെടിഞ്ഞു രണംനടത്തിടുന്നോൻ
തടവിലരമണഞ്ഞു, ദുസ്സഹംതാ-
നടയവനുള്ള കഠോരസാഹസിക്യം. ൧൭

മനസിനിബിഡഭക്തി, മുന്നമീഞാ-
നനവധിനേടിയ സാധുകൎമ്മമെല്ലാം
വിനയിതുനിരുപിയ്ക്കവേ,മഹാകാ-
നനരുഹിതപ്പടി വന്ധ്യമായ്ബ്ഭവിച്ചു. ൧൮

അടരിലതിവിദഗ്ദ്ധശത്രുസംഘം
തടവിയലാതെ വധിച്ചിരുന്നുവെങ്കിൽ
അടവിയിലിഹ വന്നുചേൎന്നുചാകാ-
നിടവരികില്ലതു തെല്ലുബലമത്രേ. ൧൯

കരകവിയുമൊരാശകൊണ്ടു ഭക്ഷ്യം
തിരയുമനേകമൃഗോൽക്കരത്തിനിഞാൻ
വിരവിലൊരിരയാകുവാൻ വിധേ!നിൻ-
പരമവിചാരമതും ഫലിച്ചിടട്ടേ. ൨൦

ഗജരിപു പുലിതൊട്ടദുഷ്ടജന്തു-
വ്രജമിരതേടിനടന്നിടുന്നകാട്ടിൽ
രജനിയിലിഹവാണിടാനശക്യം
സ്വജനവിലോകനഹീനയല്ലയോഞാൻ. ൨൧

---

൧൭. മമ=എൻെറ ജീവനായകൻ=ഭൎത്താവ്. സാഹസിക്യം=സാഹസകൎമ്മം.

൧൮. മനസി=മനസ്സിൽ. സാധുകൎമ്മം=സൽക്കൎമ്മം. കാനനരുഹിതം=കാട്ടിലെ കര ച്ചിൽ. വന്ധ്യം=നിഷ്ഫലം.

൨൦. ഭക്ഷ്യം=ഭക്ഷണസാധനം. ഉൽക്കരം=സമൂഹം.

൨൧. ഗജരിപു=സിംഹം. വ്രജം=സമൂഹം. രജനി=രാത്രി. അശക്യം=അസാദ്ധ്യം. സ്വജനവിലോകനഹീന=ബന്ധുദൎശനമില്ലാത്തവൾ.

ക്കൂട്ടംകൂടീട്ടുപോകുന്നളവിൽ വഴിപിഴച്ചിട്ടു
പെട്ടെന്നുനീങ്ങീ-
ട്ടോട്ടം കൈവിട്ടു പേടിച്ചിളകി വിവശമാം
മാനിനോടൊപ്പമപ്പോൾ,
വാട്ടം പ്രേഷ്ഠിയ്ക്കുചേക്കും ചടുലമിഴി മനോദുഃഖ-
മുൾക്കൊണ്ടുപാരം
കോട്ടംതട്ടുന്നവാക്കിന്നൊരുഫല മബലാ-
മാല വീക്ഷിച്ചതില്ല. ൯൯

ഉള്ളിൽതിങ്ങുന്നമാലാൽ കുടുകുട നയനം
രണ്ടിലും നിന്നുവെള്ളം
തള്ളിപ്പായുന്നൊഴുക്കും ജലദനിരപൊഴി-
ക്കുന്ന തണ്ണീർത്തകപ്പും
തുള്ളിച്ചാടിച്ചമൂലം മധുരമൊഴി, കുഴ-
ങ്ങീട്ടു കണ്ണാത്തിയാക്കും
കൊള്ളിച്ചിടുന്നമട്ടിൽ ബ്ഭയതരള;വിചാ-
രിച്ചുറക്കെക്കരഞ്ഞാൾ. ൱

രണ്ടാംസർഗ്ഗം സമാപ്തം

—:*:—

## മൂന്നാം സർഗ്ഗം.

ശരിയായ് സ്ഥിതിഭേദമാക്കുമേകാൻ
പരിചിൽപ്പാടവമേതിനുൽഭവിച്ചു
പരിശുദ്ധബലം തികഞ്ഞു സർവ്വോ-
പരി തൽക്കർമ്മമനാരതം ലസിപ്പൂ. ൧

മുരശാസനനെദ്ദശാവതാരാ
പരനാമോൽഗ്ഗ്രഹനത്തിലേയ്ക്കുവിട്ടു
ഹരനേയുമിരന്നു സഞ്ചരിയ്ക്കാ-
നരമേതോ നിയമിച്ചു ശക്തിപൂർവ്വം. ൨

പരമേഷ്ഠികുലാലമട്ടു ലോകോൽ-
ക്കരസൃഷ്ടിയ്ക്കുതുനിഞ്ഞിടേണമെന്നായ്
തരസാനിയമിച്ചതേതു, വിശേഷാ-
ത്തരമാ, കർമ്മമനർഗ്ഗളംജയിപ്പൂ. (യുഗ്മകം) ൩

കഥനീയഗുണങ്ങളോടുകൂടി
പ്രഥമം സർഗ്ഗമലങ്കരിച്ചയോഗി
പ്രഥപെററ ജഗൽകുടുംബഭർത്ത്രീ
കഥവായിച്ചു രസിച്ചിരുന്നു രാവിൽ. ൪

കറയററ സമസ്തലോകതത്വം
തിരമേറുംമതിയാലറിഞ്ഞിടുന്നോൻ
നിറവേററിനപാഠമന്നുതാഴെ-
പ്പറയുംമാതിരിതന്നിലായിരുന്നു. ൫

---

൧. പാടവം=സാമർത്ഥ്യം. അനാരതം=എല്ലായ്പ്പോഴും.

൨, മുരശാസനൻ=മഹാവിഷ്ണു. ദശാവതാരം=മാത്സ്യം മുതലായ പത്തു് അവതാരങ്ങൾ.

൩. പരമേഷ്ഠി=ബ്രഹ്മാവു്. കുലാലൻ=കുശവൻ. സർവ്വോത്തരം=സർവ്വോൽകൃഷ്ടം. അനർഗ്ഗളം=തടവുക്രൂടാതെ

൪. പ്രഥമം=ഒന്നാമതു്. പ്രഥ=കേൾവി. കുടുംബഭർത്ത്രീ=കുടുംബം ഭരിക്കുന്നവൾ.

ഒരുനല്ലരസാലബീജമിട്ടാൽ
വരുമക്കുതരാമ്രമൊന്നുതന്നെ
തരുതാനതുവാദമില്ല, ചക്ക-
ക്കരുപാകീട്ടു മുളയ്ക്കുമോരസാലം. ൬

കരുതീടുക, കന്നുതൻകിടാവായ്
മരുവീടും പശുതാൻസവിച്ചുവെങ്കിൽ
വിരുതാന്നിതുമട്ടുജോലിചെയ്യാൻ
തിരുനോട്ടം നിയതിയ്ക്കുവണ്ണനീയം. ൭

മലവിണ്ടുജലംകുതിച്ചുചാടും
നിലയിൽക്കണ്ടുവരുന്നുകാലവർഷം
തുലയററതുമട്ടുവേനലും, തൽ-
സ്ഥലകാലങ്ങളവയ്ക്കുമാനദണ്ഡം. ൮

പടിമപ്പെട്ടുമീവ്യവസ്ഥയിഷ്ട-
പ്പടി നേരേവിരചിച്ചുമാനവായ്പിൽ
ചൊടികൂട്ടിനദിവ്യശക്തിതൻ കൈ-
പ്പിടിയിൽത്തന്നെ ജഗത്തുവാണിടുന്നു. ൯

സ്വയമേതവനും ശരിപ്പെടുത്താൻ
പ്രിയമുണ്ടെങ്കിലു മാത്മശക്തിപോരാ
നിയതി പ്രതിവാസരംനടത്തും
നിയമം സർവ്വമെത്രയോവിചിത്രം. ൧൦

പരതന്ത്രതകൊണ്ടുലഞ്ഞുവാഴ്‌വു
നരരഞ്ചാറുകിടാങ്ങൾമൂലമെന്നും
പരവത്വമകന്നുസർവ്വമാത്ര-
സ്ഥിരപട്ടം നിയതിയ്ക്കുവന്നിടുന്നു. ൧൧

---

൬. രസാലബീജം=മാങ്ങായണ്ടി. ആമ്രം=മാവ്.
൭. സവിക്ക=പ്രസവിക്ക. നിയതി=പ്രകൃതി. (ബ്രഹ്മാണ്ഡം മുഴവനും ഭരിക്കുന്ന ദിവ്യശക്തി)
൮. മാനദണ്ഡം=അളവുകോൽ.
൯. ദിവ്യശക്തി=നിയതി.
൧൦. പ്രതിവാസരം=ദിനംതോറും.
൧൧. പരതന്ത്രത=പരാധീനത്വം. പരവത്വം=പരാധീനത്വം.

തികവുററനുവത്തനംനിമിത്തം
പുകഴേറുംജനയിത്രിയെന്നപോലെ
സ്വകസൂനുസമംചരാചരാർത്ഥ
പ്രകരം ലോകസവിത്രി പോററിടുന്നു. ൫൨

സ്വയമത്ര മനുഷ്യരേപ്പെട്ടുത്തും
നിയമങ്ങൾക്കുവരുന്ന മാററമേററം
നിയതം നിയതിയ്ക്കെഴുന്നവററിൽ
പ്രയതത്വം വികലത്വമില്ലനൂനം. ൫൩

വരവും ചെലവും വിഭിന്നമായി-
ക്കരകൈവിട്ടുകടന്നുകൂടിടുന്നു
നരനുള്ള കണക്കുപുസ്തകത്തിൽ-
ത്തരമില്ലാ നിയതിക്കതുൽഭവിക്കാൻ. ൫൪

പരമോത്തമബുദ്ധികൊണ്ടു സർവ്വോ-
ത്തമമാകുന്ന മനുഷ്യരെന്നവർഗ്ഗം
ഇരതേടിവരുന്നതിര്യഗൗഘം
ചരജാതിയ്ക്കൊരവാന്തരം വിഭാഗം. ൫൫

അതുപോലചരത്തിനുംവരുന്നു-
ണ്ടതുധാതൂൽഭിജഭേദബന്ധനത്താൽ
ക്രതുഭോക്തൃവരേണ്യനും നി ീക്ഷി-
പ്പതുപാരംപണി സർവ്വവും വിഭിന്നം. ൫൬

---

൫൨. ജനയിത്രി=മാതാവു്. സ്വകസൂനുസമം=തന്റെ മക്കളെപ്പോലെ. പ്രകരം=സമൂഹം. ലോകസവിത്രി=ലോകമാതാവു (നിയതി)

൫൩. നിയതം=നിശ്ചിതം. പ്രയതത്വം=പരിശുദ്ധി. വികലത്വം=കേടു് (കുറവു്)

൫൫. തിര്യക്ക്=പക്ഷിമൃഗാദിതാണജന്തു. ചരം=ജീവനുള്ളതു്. അവാന്തരവിഭാഗം=ഉൾപ്പിരിവു്.

൫൬. അചരം=ജീവനില്ലാത്തതു്. ധാതുക്കൾ=ഭൂമിയിൽനിന്നും എടുക്കുന്ന ലോഹം മുതലായവ. ഉൽഭിജങ്ങൾ=മുളച്ചുവരുന്ന ചെടി സസ്യം മുതലായവ. ക്രതുഭോക്തൃവരേണ്യൻ=ദേവേന്ദ്രൻ.

ചരജാതിയിലുള്ള തിൎയ്യഗൌഘം
നരവൃന്ദം നിയതിയ്ക്കുഴേംകുടുംബേ
സ്ഥിരവിത്തമശിച്ചിടുന്നു, ഭുക്തി-
ത്വരയാലുൽബ്ഭിജവും തഥാവിധത്തിൽ. ൧൭

സ്വപകശേവധിതുല്യമൂൎദ്ധ്വിതന്നിൽ-
ത്തികവേറുന്ന പുരാണധാതുപോലെ
സുകരം ഗഗനത്തിലേ നഭസ്വ-
ന്നികരം തന്നിയതിയ്ക്കുവേശ്മവിത്തം. ൧൮

അരമുത്തമജാലികൻസ്വസൂത്ര-
ച്ചുരടാൽ പാവകളെക്കണക്കു ദൈവം,
നരരെ പ്രതികൎമ്മശക്തി, മായാ-
നിരയാൽതാൻഭ്രമണത്തിലേററിടുന്നു. ൧൯

നവനീതിപരന്നതിൽ ധരിത്രീ-
ധവരാകുന്നു ജനംഗമങ്ങൾപോലും
പ്ലവർതൊട്ടു ധരാസുരേന്ദ്രരോളം
ഭുവനാംബയ്ക്കു സമത്വബുദ്ധിതന്നെ. ൨൦

---

൧൭. കുടുംബേ=തറവാട്ടിൽ. സ്ഥിരവിത്തം=ഇരിപ്പുമുതൽ.

൧൮. ശേവധി=നിധി. ഗഗനം=അന്തരീക്ഷം. ഭൂപൃഷ്ഠത്തിൽനിന്നു ഒരു പത്തുകാതംവരെ ഉയരമുള്ള ആകാശത്തിന്റെ സ്ഥലം. നഭസ്വാൻ=ശ്വാസനവായു. നാം പലതരം എണ്ണകൾ ചേൎത്തു മുക്കൂട്ടു ഉണ്ടാക്കുന്നതുപോലെ ആണു് നിയതി അന്തരീക്ഷവായുവിനെ പല വാതകങ്ങളെ ചേൎത്തു നിൎമ്മിച്ചിരിക്കുന്നതു്. അമ്ലജനകം, ഇംഗാലാമ്ലം, പാക്യജനകം, ബാഷ്പം ഇങ്ങനെ നാലുവാതകങ്ങൾ. നിയതി അന്തരീക്ഷത്തിൽ സ്ഥാപിച്ചിട്ടുള്ള ഈ വക സ്വത്തുക്കളിൽ അമ്ലജനകം ജംഗമത്തിനു ഒട്ടുക്കുള്ള ആഹാരമാകുന്നു. ഇംഗാലാമ്ലം ഉൽഭിജങ്ങൾക്കും ബാഷ്പം രണ്ടുകൂട്ടൎക്കും ഉപയോഗമുള്ളതാകുന്നു.

൨൦. ജനംഗമങ്ങൾ, പ്ലവർ=ചണ്ഡാലന്മാർ.

ഇടയാൻബലമുള്ള പൌരുഷംതാൻ
തടവെന്ന്യേ വിധിയെജ്ജയിക്കുമെന്നായ്
സ്ഫുടമല്പ്പുട്ടുവാഗ്ഭടോക്തി, സാരോ-
ല്ഭടമെന്നാകിലു മത്ഥവാദമത്രേ. ൨൧

പുരുവൈഭവമുള്ള ദൈവമൊപ്പം
പെരുതാംപൌരുഷവുംമുറയ്ക്കുചേന്നാൽ
കരുതുന്നതുടൻ കരസ്ഥമാകും
വിരുതില്ലൊന്നിനുമാത്രമെന്നു കേൾപ്പൂ. ൨൨

നിജപൂൎവ്വജനുസ്സിലുള്ള കൎമ്മ-
വ്രജമൊന്നേ സ്ഥിരമായ ഭാഗധേയം
വിജയം വിധിയെന്നുമോതിടുന്നു-
ണ്ടജരൎക്കും മനുജൎക്കുമൊന്നുപോലെ. ൨൩

ഇതിസുശ്രവമട്ടു സൎവ്വലോക-
സ്ഥിതി തത്വംവിവരിച്ചു മദ്ധ്യരാത്രേ
യതിമൌലി നടത്തിടുന്നപാഠം
പ്രതിബന്ധിച്ചു വധൂവിലാപമപ്പോൾ. ൨൪

ദ്വിജരാജമുഖീപ്രലാപ മേത-
ദ്വിജരാജന്നു നിതാന്തതാപമേകി;
പ്രജനിച്ചവിപത്തുതാൻ സഗോത്ര-
വ്രജദുഃഖത്തിനു ഹേതുവാകുമത്രേ. ൨൫

---

൨൧. പൌരുഷം=പുരുഷകാരം (ചുണ) വാഗ്ഭടൻ=വാഗ്ഭടാചാൎയ്യർ. ദൈവത്തെക്കാൾ പൌരുഷത്തിനു പ്രാധാന്യമുണ്ടെന്നു വാഗ്ഭടാചാൎയ്യസിദ്ധാന്തം. അൎത്ഥവാദം=രോചനാൎത്ഥമായ പ്രശംസ.

൨൩. പൂൎവ്വജനുസ്സ്=കഴിഞ്ഞജന്മം. അജരർ=ദേവന്മാർ.

൨൪. പ്രതിബന്ധിച്ചു=തടഞ്ഞു. വിലാപം=രോദനം,

൨൫. ദ്വിജരാജമുഖി=ചന്ദ്രമുഖി. സഗോത്രന്മാർ=ജ്ഞാതികൾ.

നരിയോ, വനസാരമേയമോ, തൽ-
പ്പരിപന്ഥിയ്ക്കിടപെട്ടു കൂകിടുന്നോ
കരിമർദ്ദിതവൃക്ഷപാതമോ, സു-
ന്ദരിതൻ രോദനമെന്നു സംശയിച്ചു. ൧൬

ഇനി ബന്ധു വനത്തിലാരെനിയ്ക്കി-
ശ്ശനിദോഷാൽ മൃതിവന്നുപോകുമെന്നായ്
തനിയെ സ്ഫുടമായ വർണ്ണമുദ്ര്യ-
ന്മുനി സന്ദേഹമപാകരിച്ചു ശീഘ്രം. ൧൭

നവനീതതനുപ്രലാപഘോഷ-
ശ്രവണത്താലലിവേറി മാനസത്തിൽ
ജവമാശ്രമഭൂമിവിട്ടു യോഗി-
പ്രവരൻ ദണ്ഡമെടുത്തു സഞ്ചരിച്ചു. ൧൮

ശമഭാജനമൗലി രത്നമാത്മാ-
ശ്രമഭാഗസ്ഥലി വിട്ടു പോയി ദൂരം;
സമഭാവനയുള്ളവർക്കു കൃത്യ-
ശ്രമഭാവം ലവലേശമുള്ളിലില്ല. ൧൯

അമരാത്ത വിഷാദശക്തിതന്നാ-
ക്രമണം ചേർന്നു രവം കുറഞ്ഞമട്ടിൽ
ശമനോന്മുഖമാം വിലാപമേത-
ദ്ദമനോത്തംസമടുത്തുതാൻ ശ്രവിച്ചു. ൨൦

ധവളാംശുകമൊന്നു മേനിയിൽത്താ-
നവളാവേള ധരിച്ചിരുന്നതത്രേ
നവലക്ഷ്യമറിഞ്ഞു യോഗി, ഖിന്ന-
യ്ക്കവലംബപ്പടി നിന്നു നിഷ്പ്രിളംബം. ൨൧

---

൧൬. വനസാരമേയം=ചെന്നായ്. പരിപന്ഥി=ശത്രു.

൧൭. മൃതി=മരണം. വർണ്ണം=അക്ഷരം. ഉദ്ദൃത്ത്=ഉണ്ടായ. അപാകരിച്ചു=കളഞ്ഞു.

൧൮. നവനീതതനു=നവനീതാംഗി.

൧൯. ശമഭാജനമൗലി=താപസശ്രേഷ്ഠൻ.

൨൦. ശമനോന്മുഖം=അടങ്ങിയ. ദമനോത്തംസം=യോഗിശ്രേഷ്ഠൻ.

പതി വിട്ടു വലഞ്ഞു കേണിടുമ്പോൾ
സതി ഭൈമിയൊരു, സാൎത്ഥവാഹനൊപ്പം
മതിനേർമുഖിയെക്കനിഞ്ഞു രക്ഷി-
പ്പതിനത്താപസസാൎത്ഥവാഹനെത്തി. ൯൧

കടുവാ, മുതലായ ജന്തുതാൻ തി-
ന്നിടുമെന്നുള്ള ഭയം മികച്ചമൂലം
നെടുനാളിനിയില്ല ചാകുമെന്നായ്
നെടുവീൎപ്പാൽത്തനുതല്ലജം തളൎന്നും; ൯൨

സുഖഭുക്തി കൊതിച്ച പൂച്ചതൻ സ-
മ്മുഖമാം പെണ്ണെലിപോലെ വൻഭയത്താൽ
ശിഖതൊട്ടു നഖാന്തവും വിറച്ചും
മുഖവും കണ്ണിണചേൎത്തുതാനടച്ചും; ൯൩

കരയററ വിഷാദമാൎന്നറക്കെ-
ക്കരയുന്നെങ്കിലുമാരവം ക്രമത്തിൽ
തിരമാലയെതിൎത്ത ഗൽഗ്ഗദത്തിൻ-
നിരയിൽത്തട്ടി വെളിപ്പെടാതടച്ചും; ൯൪

തലചാഞ്ഞു മനസ്സുമങ്ങി ദേഹം
വലയും തല്ലലനാകലാപകത്തെ
ചലമാനസനത്തപസ്വിസംഘ-
ത്തലവൻ കണ്ടു വിചിന്തപൂണ്ടുനിന്നു. ൯൫
(കലാപകം)

മുരശാസനപത്നിയല്ല, ലോകോ-
ത്തരപൂമങ്ക, കരസ്ഥപത്മയല്ലോ,
പുരവൈരിവരാംഗിയും സുചേതോ-
ഹരശൈവാഢ്യശരീരയെന്നു സിദ്ധം. ൯൬

---

൯൧. ഭൈമി=ദമയന്തി. സാൎത്ഥവാഹൻ=സംഘാദ്ധ്യക്ഷനെന്നും.

൯൨. തനുതല്ലജം=പ്രശസ്തമായശരീരം.

൯൫. ലലനാകലാപകം=സ്ത്രീരത്നം.

ചിരസഞ്ചിതപുണ്യമററു ജീവേ-
ശ്വരനുജ്ഝിച്ചൊരു ദേവനാരിതാനോ
സുരനായകശാപമേററ വിദ്യാ-
ധരരംഭാതരുപീവരോരുതാനോ? ൯൮

സുരനാഥഗൃഹത്തിലുള്ള നല്ലാർ-
നിര കൂപ്പുന്ന ശരീരകാന്തിമൂലം
പരമേഷ്ഠി രചിച്ച പൂർണ്ണസൃഷ്ടി-
ത്തരമാ,മിത്തരളാക്ഷി വാദമില്ല. ൯൯

ക്ഷമ, ദീപവരം കൊളുത്തിവച്ചോ
മമ ജീവാതു ശരീരമാശ്രയിച്ചോ
കമലാസനനാത്മവിദ്യകാണി-
ച്ചമലം ശാംബരി വാച്ചമട്ടണച്ചോ. ൱

ഗതിവിട്ടു വളർന്ന ഭീതിയാൽ കാ-
ട്ടിതിൽ വാഴുന്നവ,ളേതുമായിടട്ടേ
മതിചിന്തനമാലകററി രക്ഷി-
പ്പതിനിപ്പോൾ കുലജാതിചിന്തവേണ്ട. ൱൧

വിലപിച്ചു വലഞ്ഞിടുന്ന തന്വീ-
കുലരത്നത്തിന,ഭീതിനൽകി വാക്കാൽ
ജലദം ജലധാരയാൽ പിപാസാ-
കുലയാം ചാതകബാലികയ്ക്കുപോലെ. ൱൨

---

൯൮. ജീവേശ്വരൻ=പ്രാണനാഥൻ. ഉജ്ഝിച്ച=ഉപേക്ഷിച്ച. വിദ്യാധര...പീവരോരു=വിദ്യാധരസ്ത്രീ.

൱. ജീവാതു=ജീവനൌഷധം. ശാംബരി=മായ (ജാലം)

൱൨. പിപാസ=ദാഹം. ചാതകം=വേഴാമ്പൽ

തന്ദ്രവേണ്ടെഴുന്നേൽക്ക പുത്രി! സർവേ-
ശ്വരനല്ലേ ദയനീയരക്ഷ ചെയ്യാൻ?
പരപുഷ്ടകുലം വളർന്നുപോരും
പരമാർത്ഥം പികവാണി! കേട്ടിട്ടില്ലേ. ൨൫

വനജാക്ഷി! ഹിമാംശു, പൂർണ്ണഭാസ്സേ-
റിനനക്ഷത്രകുടുംബമൊത്തുതന്നെ
ഇനവിക്രമിതൻ സമാക്രമത്തിൽ-
ഗ്ലാനതാപം മറയുന്ന വാസരത്തിൽ. ൨൬

തനിയെക്കതിരോൻ മറഞ്ഞു വീണ്ടും
ജനിനേടുന്ന ദിനാദിയിൽ ക്രമത്തിൽ
അനിവാര്യവിധിയ്ക്കുടി പ്പെടാത്തോ-
നിനിയാരുള്ളു ചരാചരത്തിലോർത്താൽ. ൨൭

ഇതുമാതിരി കണ്ടിടുന്നു നിത്യം
ചതുരാസ്യൻെറ വിഹാരരംഗഭൂവിൽ
കുതുകം പുരുമാലിവയ്ക്കുമാററം
പൊതുവിൽക്കണ്ടുവരുന്ന നിർവ്വിവാദം. ൨൮

മറിമായമെഴും പ്രപഞ്ചമട്ടൊ-
ട്ടറിവാൻ പ്രായമണഞ്ഞിടുന്നബാലേ!
നെറികെട്ടസുഖാസുഖങ്ങളാക്കും,
മറിമാൻനേർമിഴി! ശാശ്വതങ്ങളല്ല. ൨൯

---

൨൫. പരപുഷ്ടം=കുയിൽ. കുയിലിൻകുഞ്ഞുങ്ങൾ കാക്കയുടെ കൂട്ടിൽ ആണ് വളരുന്നതു്. അതുപോലെ പിതാക്കന്മാർ കൈവിട്ടുപോയ കുട്ടികളും സമുചിതസ്ഥലത്തു വളരുന്നതിൽ ദോഷമില്ലെന്നു ഭാവികാര്യം. അതീതസംഗതികളെ യോജിച്ചു് ആ യോഗി സൂചിപ്പിച്ചതു പരമാർത്ഥംതന്നെ.

൨൬. ഇനൻ=സൂര്യൻ. പ്രഭാവെന്നും ശത്രുവിൻെറ ആക്രമണത്തിൽ പരാജിതനായ രാജാവിൻെറ അവസ്ഥകൂടി ധ്വനിക്കുന്നു.

൨൮. കേളിരംഗഭൂവ്=പ്രപഞ്ചം.

നിരുപദ്രവ മീവനത്തിൽ വാഴും
വരുനീ മാമകപർണ്ണമന്ദിരത്തിൽ
കരുണാനിധി താതനെന്നു ചിന്തി-
ച്ചുരുമോദം പ്രിയപുത്രി! പാർത്തുകൊൾക. ൪൮

സ്വയമേനിധി ദുർഗ്ഗതയ്ക്കുമോർത്താൽ
നയനം ദൃഗന്ധികലയ്ക്കുമെന്നപോലെ
കയൽനേർമിഴിയാൾക്കു യോഗിരാട്ടിൻ
നയവാക്കുള്ളിലണച്ചു ഭൂരിമോദം. ൪൯

പരിദേവനമാനതാംഗി വേഗം
പരിമോചിച്ചഥ പാരികാംക്ഷിവാക്കിൽ
ശരിയായ് മുകിലേററ കേകിമട്ടിൽ
പ്പരിതോഷാൽ തലതെല്ലുയർത്തിനോക്കി. ൫൦

ജട താടി വിഭൂതിപൂശിടുന്നോ-
രുടലാരക്തപടം വഹിച്ചമട്ടിൽ
മടവാർമണി താപസേന്ദ്രനെ ക്ക-
ണ്ണുടയാതാദരഭാരമൊത്തുനോക്കി. ൫൧

മുനിമൗലിവിലോകനം നിമിത്തം
തനിയെത്താപമകന്നുപോകുമെന്നായ്
വനിതാമണി ചിന്തചെയ്തുറച്ചുൾ-
ക്കനിവേറും യമിയോടുരച്ചു ഭക്ത്യാ. ൫൨

യതിനാഥ! ഭവദ്വപുസ്സു വീക്ഷി-
ച്ചിതിനാൽ നീങ്ങി മദീയദുഃഖമിപ്പോൾ
ക്ഷിതിതന്നിലുറച്ചിടും തമിസ്രം
കതിരോനുള്ളുദയത്തിലസ്തമിയ്ക്കും. ൫൩

---

൪൮. മാമകപർണ്ണമന്ദിരം=എന്റെ പർണ്ണശാല.

൪൯. ദുർഗ്ഗത=ദരിദ്രസ്ത്രീ. ദൃഗന്ധികല=കണ്ണില്ലാത്തസ്ത്രീ.

൫൦. പാരികാംക്ഷി=മുനി. കേകി=മയിൽ.

൫൩. തമിസ്രം=ഇരുട്ട്.

പല ഹിംസ്രമൃഗങ്ങളാൽ സദാ സം-
കുലമിക്കാട്ടിനകത്തുപെട്ടൊരെന്നെ
കുലമോൎത്തു തുണച്ചതിന്നു വേണ്ടും
ഫലമേകട്ടെ ഭവാനു സൎവ്വശക്തൻ. ൩൪

മനതാരലിയുന്നയോഗിചെന്നി-
ട്ടനവദ്യാംഗി ദലാലയം ഗമിച്ചു
ജനകാനുപദം സഭക്തിരജ്ഞ്യ-
ദപിനയംകൂട്ടിട്ടു മാത്മജാതപോലെ. ൩൫

മൃതിഭീതിവെടിഞ്ഞു മുത്തിലൊട്ടും-
പ്പതിയുന്നാഗതനാരിയെ ക്ഷണത്തിൽ
യതി,പുത്രിതന്നിയ്ക്കുചേൎന്ന മട്ടിൽ
പ്രതിപത്തിയ്ക്കു നിജാശ്രമം നയിച്ചു. ൩൬

അധിവാസഗൃഹം ഗമിച്ചു ചിന്താ-
നിധി വാചംയമധുൎയ്യഹൻ തദാനീം
അധികം ഗുരുഭക്തിചേൎന്നുനിൽക്കും
സുധി തച്ഛിഷ്യനൊടോതി ഭുക്തിനൽകാൻ. ൩൭

തദനന്തര മത്തപോധനേന്ദ്രൻ
വദനം താഴ്ത്തി സമാധിമഗ്നചിത്തൻ
മദകോകിലവാണിപൂണ്ടിട്ടും തൽ-
കദനം ചേതസി ചിന്തചെയ്തിരുന്നു. ൩൮

പല ചിന്തകളന്തരംഗമദ്ധ്യ-
ത്തിലപാരം മുനിയിൽ കടന്നുകൂടി
തുലയററു തുലാത്തിലുള്ള വർഷാ-
ജലമൊപ്പം നിരുപിച്ചിടാത്തമട്ടിൽ. ൩൯

---

൩൫. അനവദ്യം=നിർദ്ദോഷം. അനവദ്യാംഗി=സുന്ദരി. അനുപദം=പിന്നാലെ. ആത്മജാത=പുത്രി.

ഘനകേശിയിലുൾക്കരുന്ന ചിന്താ-
ഘനമായ്ച്ചേൎന്നു പരേന്ദ്രിയങ്ങളൊപ്പം
ജനജീവന തീവകൎമ്മസച്ചോ-
ദനയാലന്യവപുസ്സിലെന്നപോലെ. ൩൦

വരജൈമിനി മാന്യസൂത്രഭാഷ്യോ-
ത്തരസൽഗ്രന്ഥമതിൽപ്പതിഞ്ഞതില്ല
തരളംമുനിചിത്ത മക്ഷിമാത്രം
കരൾസഖ്യം നിരസിച്ചു സഞ്ചരിച്ചു. ൩൧

അകതാരുകനിഞ്ഞനാഥനന്നോ-
ടകളങ്കം പെരുമാറിടുന്നയോഗി
പകവിട്ട, ഹൃദിസ്ഥിരപ്രസാദം
പ്രകടിപ്പിച്ചു വിശിഷ്ടമൂൎത്തിതാനോ? ൩൨

ഫലമോൎത്തു തപോവനത്തിലീനി-
ൎമ്മലചിത്തൻ കരുണാപയോധിയോഗി
അലസാതവനം നടത്തുമെന്നായ്-
ച്ചലവാമാക്ഷി ഫലംകഥിച്ചിടുന്നു. ൩൩

ജലതൃപ്തിവിശിഷ്ടതീൎത്ഥവും മൃ-
ച്ഛിലയിൽകല്പിതമായദൈവവുംതാൻ
പലനാളിനകം വിശുദ്ധിനൽകും
ബലവൽസജ്ജനദർശനം ക്ഷണത്തിൽ. ൩൪

ഗണനീയമഹാന്റെ പൎണ്ണശാല-
യ്ക്കുണവാൻ സംഗതിവന്നതോൎത്തിടുമ്പോൾ
ഗുണവദ്വിധിതന്നെസൌഖ്യവും നി-
ഷ്ഠൂണയം യാതനയും വരുത്തിടുന്നു. ൩൫

---

൩൧. വരജൈമിനി.............ഗ്രന്ഥമതിൽ=വേദാന്തഗ്രന്ഥത്തിൽ വിചാരശക്തിയാൽ മനസ്സുചെല്ലാതെ കണ്ണുമാത്രം വേദാന്തഗ്രന്ഥത്തിൽ പതിഞ്ഞു എന്നു ഭാവം.

൩൪. ജല.....തീൎത്ഥം=ഗംഗ മുതലായ പുണ്യതീൎത്ഥങ്ങൾ. വിഷ്ണു മുതലായ ദേവന്മാരുടെ ശിലാവിഗ്രഹങ്ങളും വളരെക്കാലംകൊണ്ടേ വിശുദ്ധിനൽക.

൩൫. യാതന=ദുഃഖം.

ഫലജാലമശിച്ചു തൃപ്തിപൂണ്ടി-
ട്ടുലസാക്ഷീകുലരത്നമോർത്തിവണ്ണം
നിലയേനിലകൊണ്ടിടുംപ്രകാരം
ദലതല്പത്തിലണഞ്ഞുനിദ്രചെയ്തു. ൩൬

സുമബാണനതാംഗിയോ, സുരസ്ത്രീ
ഭ്രമമേകും ലലനാലലാമമേതോ?
മമതാസമമെന്നുചിന്ത മോദ-
ക്രമപൂർവ്വം ഗുരുവിൽക്കടന്നിടുന്നു? ൩൭

തരുണീജനദർശനക്ഷണത്തിൽ-
പ്പെരുതാകുന്നവിചാരമെന്നുമൂലം
ഗുരുനാഥനവന്നിടുന്നു; നീക്കാ-
നരുതാർക്കും ഭുവനേശശാസനങ്ങൾ. ൩൮

സുജനാഗ്രണിശിഷ്യനിത്തരം ത-
ദ്വിജരാജാനനയെക്കുറിച്ചുചിത്തേ
നിജയെന്നുനിനച്ചു നിദ്രചെയ്യാൻ-
വിജനത്തിൽസ്തുതിചെയ്തു ഭക്തിപൂർവ്വം. ൩൯

മിഴിനീർ മഴപോലെതൂകിടും തേൻ
മൊഴി മദ്ദൃഷ്ടിപഥത്തിലാന്നേരം
വഴിപോലവളിൽക്കടന്നു ഹാർദ്ദം
വഴിയുന്നുണ്ടു; വരാംഗിയേതു? ചിത്രം!! ൪൦

അവമാനവിചിന്ത, ഭീതി, ദുഃഖം
നവമായ്ത്തീർന്നു വിരക്തിവന്നമൂലം
ഭവനാദിവെടിഞ്ഞു യാത്രചെയ്തു-
ന്നവളാണിപ്പരിശുദ്ധകോമളാംഗി. ൪൧

---

൩൬. നിലയെ=ഭവനത്തിൽ. ദലതല്പം=പത്രനിർമ്മിതമായ ശയ്യ.

൩൭. സുമബാണനതാംഗി=രതീദേവി. ലലനാലലാമം=സ്ത്രീരത്നം.

൩൮. ഭുവനേശശാസനങ്ങൾ=ദൈവകല്പനകൾ.

൪൦. മദ്ദൃഷ്ടിപഥം=എന്റെ ദൃഷ്ടിമാർഗ്ഗം. ഹാർദ്ദം=സ്നേഹം.

പരിതാപമുറച്ചുവാണിടുന്നീ-
ഹരിണാക്ഷീമണി രക്ഷണീയതന്നെ
പരിചോടുനരക്ക് കാലചക്രം
തിരിയുമ്പോൾ സ്ഫുടമാമദൃഷ്ടവാച്യം. ൨൨

നിലവിട്ടുസുഖാസുഖങ്ങൾ, ഭൂമീ-
തലജാതക്കൊരുപോലെവന്നിടുന്നു
വിലയില്ലവ പൂർവ്വജന്മകർമ്മ-
ക്കലവിയ്ക്കുള്ള വികാരഭേദമത്രേ. ൨൩

ഇതുമട്ടുനിനച്ചു, യോഗിമാരിൽ
ക്രതുകർമ്മം ശതമാചരിച്ചിടുന്നോൻ
മൃതുകത്തടികൊണ്ടിടും വിധത്തിൽ
ചതുരൻ വൻനെടുവീർപ്പു വിട്ടുപോയി. ൨൪

പടുമതിയതിനാഥൻ തൻമിഴിയ്ക്കൊട്ടുകണ്ണിൻ
നടുവതിലിടക്കൂട്ടം മട്ടിലോട്ടംനിലച്ചു
ചടുലമുടലുപാരം ചിന്തയാലന്തരിച്ചി-
ട്ടൊടുവിലമിതവേഗം പാതിയായ് ത്തീർന്നുപോയി. ൨൫

കൂട്ടിക്കൊണ്ടുടജത്തിലാക്കി യശനം-
ചെയ്യിച്ചു പുത്രിയ്ക്കെഴും-
മട്ടിൽ സ്നേഹമുറച്ചിട്ടും വനിതയെ-
സ്സുഷ്ടംഗ്രഹിയ്ക്കായ്കയാൽ
തട്ടിക്കേറിവരും വിചാരമതിനും
വാസസ്ഥലംനൽകി ഹൃ-
ത്തട്ടിൽത്താപസനായകൻ തരളനായ്-
നിദ്രയ്ക്കൊരുങ്ങീടിനാൻ. ൨൬

---

൨൨. കാലമാകുന്ന ചക്രം തിരിയുമ്പോൾ ധർമ്മാധർമ്മങ്ങൾ വെളിപ്പെടുന്നു എന്നു ഭാവം.

൨൩. കലവി=കൂട്ടം.

൨൪. ക്രതു=യാഗം. ശതം=നൂറ്

൨൬. ഉടജം=ആശ്രമം. തരളൻ=ഇളകുന്നവൻ.

മൂന്നാംസർഗ്ഗം സമാപ്തം.

—:✱—

## നാലാം സർഗ്ഗം.

ഘൃണവന്മുനി ശിഷ്യസംഘമൊ-
ട്ടുണരുംമുൻപു മൃദംഗനിസ്വനം
ക്ഷണദാന്തിമയാമസൂചന
പ്രണവംമട്ടു മുഴങ്ങി നിർഭരം. ൧

പുതുതായ്ജ്ജനബോധമേകി വേ-
ണ്ടതുപോൽ നേത്രനിപാതപൂർവ്വകം
ചതുരാസ്യവരാംഗി സഞ്ചരി-
പ്പതുകാലം പുനരാഗമിച്ചതേ. ൨

കൃകവാകുരവം ശ്രവിച്ചു, തൻ
പകവിട്ടിട്ടഥ ഭാമിനീജനം
സുകരം തെളിവാർന്നു സംഗമോ-
ൽസുകചിത്തം പ്രിയപാർശ്വമെത്തിനാർ ൩

വിളികൊണ്ടൊരു ദേവതാലയ-
ങ്ങളിലേ 'പ്പള്ളിയുണർത്തിടും' രവം
നളിനാലയതൻ സവാരിയിൽ
തെളിയും മഞ്ജുളശംഖനാദമാം. ൪

ഘനശേമുഷിയിൽ പ്രയോഗക-
ല്പനകാണുന്ന കവീന്ദ്രരുംസമം
നിനവുത്തമ നൂതനാർത്ഥസാ-
ധനമാക്കീട്ടിളകിക്ഷിതീശരും. ൫

---

൧. ക്ഷണദ=രാത്രി. പ്രണവം=ഓങ്കാരം.

൨. നേത്രനിപാതം=കടാക്ഷം. ചതുരാസ്യവരാംഗി=സരസ്വതി.

൩. കൃകവാകു=കോഴി. പക=വിരോധം. ഭാമിനീജനം=കോപമുള്ള സ്ത്രീജനം.

൪. നളിനാലയ=ലക്ഷ്മി. വിളിപെറിന ദേവതാലയ പാഠാന്തരം.

൫. ശേമുഷി=ബുദ്ധി. അർത്ഥം=അഭിധേയം. ധനമെന്നും.

സ്ഥിരതാപഭാരംകളഞ്ഞു തൻ-
കരളിൽച്ചേർത്തു ശുഭോദയേപ്സിതം
വിരവിൽ പ്രിയഭർത്തൃസംഗത-
ല്പര സൽപ്പത്മിനി വാണുതുഷ്ടിയിൽ. ൬

പതി വന്നുതുടങ്ങി കാത്തിരി-
പ്പതിനായ് കാല്യമരുത്തുചൊൽകയാൽ
സതി പത്മിനി പൂർണ്ണമണ്ഡന-
ദ്യുതിയായ് വാസകസജ്ജികാസമം. ൭

നമിതം കുമുദാശയം പരി-
ഭ്രമി, താരാപതി മങ്ങിനിൽക്കവേ
തമിജാനകിയേ ഹനിച്ചു വി-
ക്രമിമായാപടു സൂര്യരാവണി. ൮

വിളികോലുമിനൻ കരത്തിനാൽ
ക്കളിവിട്ടാസ്പദ മാക്രമിച്ചതിൽ
കുളിരമ്പിളി ചിന്തവാച്ചുടൻ
തെളിവില്ലാതെ മിഴിച്ചുനിന്നഹോ! ൯

മിഴിമങ്ങി കുമുദപതിയ്ക്കു, കൺ
വഴിവിട്ടോടി നിശാത്മവല്ലഭ
കഴിവെന്തിനിയെന്നു താപമൊ-
ട്ടൊഴിയാതിന്ദുമെലിഞ്ഞു നിഷ്പ്രഭം. ൧൦

---

൬. പത്മിനി=നളിനി. ഉത്തമസ്ത്രീ എന്നും.

൭. കാല്യം=പ്രഭാതം. വാസകസജ്ജിക=അലങ്കരിച്ച് ഭർത്തൃസമാഗമം കാത്തിരിക്കുന്ന നായിക.

൮. നമിതം=നമിപ്പിക്കപ്പെട്ടതു്. കുമുദം=ആമ്പൽ. വാനരമെന്നും. താരാപതി=ചന്ദ്രൻ. സുഗ്രീവനെന്നും. തമി=രാത്രി. ജാനകി=സീത. രാവണി=ഇന്ദ്രജിത്തു്.

൯. ഇനൻ=സൂര്യൻ.

൧൦. നിഷ്പ്രഭം=കാന്തികൂടാതെ.

പ്രിയചന്ദ്രനറച്ചെഴും വസു-
ക്ഷയമൂലം ക്ഷപ വിട്ടുമാറി ഹാ!
കയൽനേർമിഴിമാർക്കു നീരസം
സ്വയമെത്തും വരവിത്തഹാനിയിൽ. ൧൧

സമമാം ദശവന്നു, കൈരവം
കമലം രണ്ടിനുമല്പമീലനാൽ
സുമഹൽക്ഷയവൃദ്ധിഭാവമാ-
രമലം കണ്ടതു നിർണ്ണയിച്ചിടും. ൧൨

വരവത്തിബലം കുറഞ്ഞുകൊ-
ണ്ടര മാലോകമെഴാത്തദീപകം
വിരതപ്രഭയാൽക്കുഴഞ്ഞി, ഹാ-
തരളാക്ഷീജന ജാഗ്രദക്ഷിപോൽ. ൧൩

ഉടൽമൂടിടുമന്ധകാരമാം
പട മിന്ദ്രാശയിൽനിന്നുനീക്കവേ
മടവാർമണി പൂർവ്വദിക്കു, ത-
ന്നുടയോരക്കനിലെത്ര രക്തയായ്. ൧൪

കൊതിപൂണ്ടനുപാഠമന്ദിരം
ഗതി ചെയ്യുന്ന കുമാരസഞ്ചയം
പ്രതിഗേഹമുരുക്കഴിപ്പു; സൽ
പ്രതിപത്ത്യാ നിജപാഠമങ്ങിനെ. ൧൫

ദനുജാരി ഗിരീശനാമമോ-
ത്തനുഗേഹം സരസം പഠിപ്പതേ
തനുഗാത്രികളൊത്തു തദ്വയ-
സ്സിനു ചേരുന്ന വയോധികവ്രജം. ൧൬

---

൧൧. വസു=രശ്മി. ധനമെന്നും. വിത്തം=ദ്രവ്യം.
൧൨. മീലനം=കൂമ്പൽ.
൧൩. വത്തി=തിരി. വിരതം=മങ്ങിയ. ജാഗ്രത്ത്=ജാഗരണംചെയ്ക.
൧൪. ഇന്ദ്രാശ=കിഴക്കേദിക്ക്. മടവാർ=സ്ത്രീ.
൧൫. അനുപാഠമന്ദിരം=വിദ്യാലയംതോറും. പ്രതിഗേഹം=ഭവനംതോറും.

നിജവർണ്ണഗുണംപെടുംതമോ
ദ്വിജബന്ധുക്കൾ മരിച്ചമൂലമോ
സ്വജനപ്രിയതയ്ക്കെഴുംസകൃൽ
ദ്വിജജാലങ്ങൾകരഞ്ഞു നിർഭരം. ൧൭

വിരഹാർത്തഖഗദമ്പതീ-
സ്ഥിരസംയോജകദൂതനെന്നപോൽ
വിരളേതരസൌഖ്യമേകുവാ-
നരമെത്തി പ്രിയബാലമാരുതൻ. ൧൮

സവിതാവുദയാദ്രി ചേർന്നു ത-
ച്ഛവികാട്ടുന്നതിനേറെ മുൻപുതാൻ
ഭവികപ്രദസാന്ധ്യവന്ദനം
സ്വവിധിയ്ക്കൊത്തു നടത്തിമാമുനി. ൧൯

ത്വരിതം ഹരിണാക്ഷിയേ വിളി-
ച്ചരിയോരുൾപ്രണയം വഹിച്ചവൻ
പരിതാപനിദാനമോതുവാൻ
പരിപൂതൻമുനിതാനുരച്ചുതേ ൨൦

കരിനേർന്നടയാൾ തനൂജമാ-
തിരി കൈകൂപ്പിനമിച്ചുനിന്നുടൻ
പരിപാലകനോടുചൊല്ലിനാൾ
പരിതോഷം ഹൃദയത്തിലാണ്ടവൾ. ൨൧

അവനത്തിനുവന്നയോഗ്ഗ-
ന്നിവഹോത്തംസക നാരുവാൻഭവാൻ
ഇവളോടുതെളിഞ്ഞുരയ്ക്ക, ത-
ദ്വിവരം കേൾപ്പതിനുണ്ടു വാഞ്ഛമേ. ൨൨

---

൧൭. വർണ്ണം=നിറം, ജാതിഎന്നും. സകൃൽപ്രജം=കാക്ക.

൧൯. ഭവികം=കുശലം.

അതിനന്തരമോതിമോദമാ-
ന്നതിവേഗേന തപസ്വിനായകൻ
നതിചെയ്തെഴുന്നേററിട്ടം വിധു
പ്രതിമാനാനന സമ്മതിയ്ക്കുവാൻ. ൧൩

ഇഭഗാമിനി! നിമ്നഗാമുനി
പ്രഭവസ്ഥാനഗവേഷണം വൃഥാ
രഭസംമതി പൂപഭക്ഷണം
ശുഭമേല്പ്പക്കഴിനോക്കിടേണ്ടതിൽ. ൧൪

ഗുരുമട്ടുവനത്തിലുല്ലസി-
ച്ചൊരു സാധാരണയോഗിതന്നെ ഞാൻ
മരുവുന്നു സമാധിനിഷ്ഠചൂ-
ണ്ടൊരു സൌഖ്യം വരുമെന്നുറച്ചിഹ. ൧൫

മതിനേർമുഖി! ഭാഗ്യദോഷമൊ-
ന്നതിശോകത്തിനു ഹേതുവെങ്കിലും
സതി! നിൻ ചരിതത്തെ നീ മമ-
ശ്രുതിയുഗ്മത്തിനു ലക്ഷ്യമാക്കുക. ൧൬

വരസങ്കടനാശനാതിത-
ല്പരയോഗീശ്വരവാക്കുകേട്ടുടനേവ
തരളാക്ഷിതൊഴുംകരത്തൊട്ടു-
ത്തരമപ്പോളുരചെയ്തുഭംഗിയിൽ. ൧൭

അപവാദമുറച്ചുമണ്ടി ഞാ-
നപമര്യ്യാദവിരോധിവാക്കിനാൽ
അപവാദവിധിയ്ക്കുനിൽക്കയി-
ല്ലപരോത്സർഗ്ഗമതെന്നു കേട്ടപ്പോതേ. ൧൮

---

൧൪. നിമ്നഗാ=നദി. പ്രഭവം=ഉൽപത്തിസ്ഥാനം. ഗവേഷണം=അന്വേഷണം.
൧൮. അപവാദവിധി=വിശേഷവിധി. ഉത്സർഗ്ഗം=സാമാന്യവിധി. സാമാന്യവിധിയെക്കാൾ വിശേഷവിധിക്കു ബലവും പ്രാമാണ്യവുമുണ്ടെന്നു ശാബ്ദികന്മാർ പറയുന്നു. അപരോൽസർഗ്ഗം=അന്യന്റെ പരിത്യാഗം.

ധവനുള്ള വിപത്തി ലേകഞാ-
നവനംവിട്ടുനടന്നിട്ടുന്നഹാ
പവനൻ തരുതല്ലിവീഴ്ത്തവേ
നവതല്ലി നിലയ്ക്കുനിൽക്കുമോ? ൯൯

യതിനായക! ഭീമസിംഹഭൂ-
പതിതൽബ് ഭീമപുരീനരേശ്വരൻ
മതിപാടവശാലി വാസവ
പ്രതിമൻ മജ്ജനകൻ ഗുണാംബുധി. ൱

പരലോകമതിൽഗ്ഗമിച്ചു മ-
ദ്വരമാതാവ, തിബാല്യനുഞാൻ
പരമല്ലലരം യഥാപുരോ-
ത്തരമായ്ത്തന്നെവരുന്നുസാമ്പ്രതം. ൱൧

അതുലംകുതുകംവളൎന്നിട്ടു-
ന്നതുമൂലംമമബന്ധുസഞ്ചയം
പുതുലാളനപൂണ്ടുമാംവിളി-
പ്പതു "രത്നപ്രഭ" യെന്നപേരിനാൽ. ൱൨

മമ പത്തുവയസ്സു, ശൈശവാ-
ക്രമണംവിട്ടു തികഞ്ഞിടുംവിധൌ
വിമതൻ നരപാലനാക്രമി-
ച്ചമർചെയ്താൻ പിതൃരാജ്യലാലസൻ. ൱൩

അരികൾക്കു ജയംവരാത്തമാ-
തിരി യുദ്ധം ജനകൻനടത്തവേ
ത്വരിതം രണഭൂമിവിട്ടു, വേർ-
പിരിയാൻ പ്രാൎത്ഥനചെയ്തു വൈരികൾ. ൱൪

---

൱൧. യഥാപുരോത്തരം=പണ്ടത്തേക്കാൾ കൂടുതൽ.

അരനാഴികകൊണ്ടു താതഭൃ-
വരസൈന്യം ശമനാശവിട്ടതിൽ
ത്വരചൂണ്ടു വിപക്ഷവാഹിനീ-
നിര വേഗം ശമനാശചേർന്നുതേ. ൨൫

വിതതം സമരംതുടർന്നു ദു-
സ്സഹിതരംശാത്രവരെന്നുകണ്ടതിൽ,
ഹതഭാഗ്യ, മുരപ്പതെന്തു; സ-
മ്മതമായച്ഛനു സന്ധി,സത്വരം. ൨൬

ധരണീപതി താതനൊത്തു ജാ-
ഗരണംചെയ്തു തദീയസൈനികം
കരണീയവിധിത്തവിട്ടു നി-
ർഭരനിദ്രാസുഖമായ് ശയിച്ചുതേ. ൨൭

പുടഭേദനഭേദനം ക്ഷണം
നടനംചെയ്തുനടത്തി വൈരികൾ
അടർചെയ്യുമതെന്നചിന്ത ഏ-
ത്തടഭൂവിൽ ജനകന്നു നാസ്തിതാൻ. ൨൮

ബലമേറിന പേലിതിന്നകിൽ
പ്ഫലമാളും വിളവില്ല നിശ്ചയം
ഛലശാലി നൃപാലപൂരുഷൻ
ഖലനേകൻ പരപക്ഷമാന്നുതേ. ൨൯

നിലവിട്ടതിനിദ്രചേർന്നു ദുർ-
ബ്ബലപക്ഷം പിതൃസൈന്യസഞ്ചയം
വിലസി പ്രതിപക്ഷവീര്യമാം
ജ്വലനൻകണ്ട പതംഗമായ് ക്ഷണം. ൩൦

---

൨൫. ശമനം=അടക്കം. ശമനൻ=കാലനെന്നും. വാഹിനി=സേന.

൨൮ പുടഭേദനം=പത്തനം.

൨൯ നൃപാലപൂരുഷൻ=രാജപുരുഷൻ (രാജഭൃത്യൻ)

൩൦. പതംഗം=ശലഭം.

അതിനാൽ മമതാതനോടു വൻ-
ചതി ശത്രുക്കളണഞ്ഞുചെയ്യതേ
പതിവഞ്ചകനായപാപി, തൽ-
പ്പതിതൻ വൈദ്യുതവഹ്നിവദ്ധ്യനാം. ൪൫

അതിമാതൃപിതൃപ്രപീഡയും
പ്രതികൂലർക്കുള വററമോദവും
മതികണ്ട തരംഗിണീസരിൽ-
പ്പതികൾക്കുള്ള നിലയ്ക്കുകൂടിപോൽ. ൪൬

നയമേറുമെവൻ സ്വപുത്രിതൻ-
പ്രിയതയ്ക്കുത്തമവാസമന്ദിരം
നിയതം പൃഥ പെററപുത്രനാ-
കിയ ധർമ്മോത്തമധർമ്മസംഭവൻ, ൪൭

നൃപപുംഗവനാപ്പിതാവു മേ
സപദി ദ്വേഷണബാണമേററുടൻ
അപദാനവിലോലനാകിനീ-
ലപനാംഭോരുഹപത്രകാരനായ്. (യുഗ്മകം) ൪൮

ലഹളയ്ക്കിടയിൽക്കിടന്നു ദു-
സ്സഹതാപം പെട്ടമിക്കുമാരിയെ
മഹനീയനൊരുത്ത നീശ്വര-
സ്പൃഹയാൽ ത്താങ്ങി വെളിയ്ക്കുവിട്ടതേ. ൪൯

---

൪൫. വൈദ്യുതവഹ്നി=ഇടിത്തീയ്.

൪൬. മതി=ചന്ദ്രൻ. തരംഗിണി=നദി. സരിൽപ്പതി=സമുദ്രം. ചന്ദ്രോദയത്തിൽ നദികൾക്കു ക്ഷയവും സമുദ്രത്തിനു് അഭിവൃദ്ധിയുമുണ്ടു്.

൪൭. പൃഥ=കുന്തീദേവി.

൪൮. അപദാനം=അദ്ഭുതകർമ്മം. നാകിനിമാർ=ദേവസ്ത്രീകൾ. ലപനം=മുഖം. പത്രകാരൻ=പത്തിക്കീററു നിർമ്മിക്കുന്നവൻ ദേവലോകത്തുപോയി. മരിച്ചു എന്നഭാവം.

൪൯. ഈശ്വരസ്പൃഹ=ദൈവേച്ഛ.

ഉദയേശപുരത്തിലാക്കി മാം
സദയം മജ്ജനകാശ്രിതോത്തമൻ
അദരം ഗൃഹവാസമേകിനാ-
നുദയൽപൂൎണ്ണകൃപൻ മഹീശ്വരൻ. ൪൰൬

സതിതന്നരനാഥപത്നി, മൽ-
സ്ഥിതിചിന്തിച്ചു വളൎത്തിവന്നതിൽ
സ്തുതിയല്ലിതു, മൽപ്പിതാക്കൾതൻ
സ്മൃതിപോലും കലരാതെ വാണു ഞാൻ. ൪൰൭

വരയൗവ്വനമൊത്തു പൂൎണ്ണമ-
ത്സര മെൻബാല്യവയസ്സിനേൽക്കയാൽ
സ്മരവീരനടുത്തു, താരുണി-
യ്ക്കുരമാലംബമറിഞ്ഞുനൽകവേ, ൪൰൮

രയമെത്തി മദീയപാലന-
പ്രിയരാജോത്തമസൈന്യനായകൻ
സ്വയമേ മമ പാണിപീഡന-
ക്രിയ ചെയ്വാൻ നൃപശാസനാൽസുകൻ. ൪൰൯

(യുഗ്മകം)

പതിവേശ്മനി വർഷമൊന്നു ഞാൻ
സ്ഥിതിചെയ്ത ഗ്ഗണനീയവേളയിൽ
പ്രതിപക്ഷരെതിൎത്തു പോരുചെ-
യ്തതിലുൾപ്പെട്ടുദയൻ മടങ്ങിനാൻ. ൫൰

നയശാലി തദീയസൈനികോ-
ച്ചയനാഥൻ മമ വീരകാന്തനും
ജയമേന്തുവതിന്നു ഹന്ത! തൽ-
ക്രിയയാലേ കഴിയാതെവന്നുപോയ്. ൫൰൧

---

൪൰൬. അദരം=അദയം.
൪൰൮. താരുണി=യൗവനം.
൪൰൯. മദീയം=എന്റെ. മദീയ......രാജൻ=ഉദയപുരത്തിലെ രാജാവ്. പാണിപീ
ഡനക്രിയ=വിവാഹം.
൫൰. പതിവേശ്മനി=ഭൎത്തൃഗൃഹത്തിൽ.
൫൰൧. തദീയസൈനികോച്ചയം=അദ്ദേഹത്തിന്റെ സേനാസമൂഹം. ഹന്ത=കഷ്ടം.

ഹഹ! സൎവ്വമഹീശനക്ഷ്ണർ തൻ
മഹനീയം ബലമാക്രമിച്ചതാം
സഹസാ രമണന്നു തോൽവി ദു-
സ്സഹമായ്ത്തീൎന്നതിനുള്ള കാരണം. ൪൨

പടയാളിവരൻ ചൊടിച്ചുവ-
ന്നടർചെയ്താ പ്രഥിത പ്രതാപനെ
ഉടലിൽ ക്ഷതമേററി വീഴ്ത്തിനാൻ
തടവില്ലാതെ ഗ്ലചാംപകശ്ശചൻ. ൪൩

പടയിൽ പ്രിയവല്ലഭന്നു, വൻ-
തടവോ വന്നതുജീവനാശമോ
സ്ഫുടമൊന്നുമറിഞ്ഞതില്ല ഞാൻ
ഭടശേഷം രിപു കീഴടക്കിനാൻ. ൪൪

അനാഘാദരമെത്തി, മൽഗൃഹേ
കുനയൻ നായകവഞ്ചകൻ ജളൻ
ജനകാത്മജതൻ പ്രലോഭനം
മനമുൾക്കൊണ്ട ദശാസ്യനെന്നപോൽ. ൪൫

പരമുള്ളിലനംഗസായകോൽ-
ക്കരമേൽക്കുന്ന ഗ്ലചാംപകശ്ശചൻ
തരമോൎത്തു പറഞ്ഞുപോയ ന-
ശ്വരദുൎവ്വാക്ക വിചാരദുസ്സഹം. ൪൬

രതികേളിയിലാശപൂണ്ടു ദു-
ൎമ്മതി ദുൎമ്മോഹമുരച്ചു നിൽക്കവേ
പ്രതിവാക്കു,മുഖത്തടിച്ചിട്ട-
ന്നതിനേക്കാൾ കഠിനം കഥിച്ചു ഞാൻ. ൪൭

---

൪൨. ബലം=സൈന്യം.

൪൫. മൽഗൃഹേ=എന്റെ ഭവനത്തിൽ. പ്രലോഭനം=വശീകരണം. ദശാസ്യൻ=രാവണൻ.

൪൬. സായകം=ശരം. വിചാരദുസ്സഹം=വിചാരിച്ചാൽ കഠിനം. പ്രതിവാക്=ഉത്തരം.

വലവൈരി വലത്തുവച്ചു നി-
സ്തുലമത്ഥിയ്ക്കിലുമാദരിച്ചിടാ
കുലപാലികഞാൻ, മഹമ്മദ-
ത്തലവൻനീ, കഠിനം ത്വദീരിതം. ൧൮

പരനാരിയിലാശ ദുഷ്കൃതാ-
കര,മീവാക്കു കഠോരമെത്രയും,
നിരവഗ്രഹ മെൻസതീത്വഭാ-
സ്കരനിൽ നീ നവനീതമാകൊലാ. ൧൯

നൃപപുത്രമഹീശപുത്രി ഞ്ഞ-
ാത്രപകൂട്ടം രണവീരപത്നി ഞാൻ
അപമാനമെനിയ്ക്കു ദുസ്സഹം
കൃപകൂടാതിഹ നിഗ്രഹിയ്ക്കിലും. ൨൦

കലയുള്ളമദീയകാന്തനെ-
ക്കൊലചെയ്തോരു നിനക്കു യത്നമോ
ബലഹീനകുലാംഗനാവധം
ഖലമൌലേ!ഇവ മാചരിയ്ക്കുവാൻ.? ൨൧

അവസാനമടുക്കതി കേട്ടുകൊ-
ണ്ടവലിപ്തൻ പ്രതിവാക്യമോതിനാൻ
ശിവരാമ!മരിച്ചതില്ല,നിൻ
ധവനിപ്പോൾ നിവസിപ്പു ബദ്ധനായ്. ൨൨

മതിനേർമുഖി!നാളെ ഞാൻ വരും
ചതിപററിയ്ക്കിലിവൻസഹിയ്ക്കുമോ?
ഹതിചെയ്തിട്ടുമോത്തുകൊൾക, ദ-
മ്പതിമാർ നിങ്ങളെരണ്ടുപേരെയും. ൨൩

---

൧൯. വലവൈരി=ഇന്ദ്രൻ.
൨൦. സതീത്വം=പാതിവ്രത്യം. നവനീതം=വെണ്ണ.
൨൨. അവലിപ്തൻ=അഹങ്കാരി.

ഇടിവെട്ടിടുമാറു ചൊല്ലിടും
തടിമാടൻ, മമരക്ഷണത്തിനായ്
ചൊടിക്കൂടിനഭൃത്യരേയു മെൻ-
പടിവാതുക്കലണച്ചു പോയിഹാ. ൩൪

അരിഭീതിയുമാത്മഭൎത്തൃ ദു-
ഷ്പരിതാപസ്ഥിതിയോൎത്തുദുഃഖവും
പരിപാലനമാൎഗ്ഗചിന്തയും
പരിമാണത്തിനസാദ്ധ്യമായി മേ. ൩൫

അവരിൽപ്രതിഹാരനന്മദം
കവചം, തൊപ്പിയു, മൂരിവെച്ചുടൻ
അവശപ്പെടി നിദ്രപൂണ്ടതൊ-
ട്ടവനത്തിന്നൊരുഹേതുവായി മേ. ൩൬

മുസൽമാനവനൂരിവച്ച സാ-
രസനം ദംസനവും ശിരസ്ത്രവും,
രസഹീനമെടുത്തണിഞ്ഞു ഞാ-
നസമീക്ഷ്യംഗതിനേടി യാത്രയിൽ. ൩൭

പടിവാതിലടുത്തു കാത്തിടും
കുടിയൻതന്നുടെ കൂട്ടുകാരനായ്,
കുടിവിട്ടുകടന്നുപോകുമെൻ-
വടിവീക്ഷിച്ചു, നിനച്ചുപോയി ഹാ. ൩൮

അടിനോക്കിനടന്നു രക്ഷികൾ-
പിടിവിട്ടപ്പൊളിളച്ചിടാതെ ഞാൻ
ചൊടിമട്ടിലിടഞ്ഞു, പാഞ്ഞിടും-
കിടിപോലെത്തി സുദൂരമെത്രയും. ൩൯

---

൩൭. സാരസനം=കുപ്പായത്തിനു ഉറപ്പിനായി മദ്ധ്യത്തിൽ ധരിക്കുന്നതു്. ദംസനം=ചട്ട. ശിരസ്ത്രം=തൊപ്പി.

൩൯. കിടി=പന്നി.

അവശാകൃതി കണ്ടലിഞ്ഞിട്ട-
ന്നവരോടർത്ഥനയിൽബ്ഭുജിച്ചു ഞാൻ
ദിവസത്രയമൊട്ടുപോക്കി നേ-
നവയെല്ലാമുരചെയ്യുവാൻ പണി. ൧൦

ഒരുദിക്കിലണഞ്ഞുവാഴുവാൻ
കരുതീട്ടിന്നലെ ഞാൻ നടക്കവേ
പുരുരിംഖണകാന്തികണ്ടുടൻ
നിരുപിച്ചേൻ ഗൃഹദീപമെന്നുതാൻ. ൧൧

അതുലഭ്രമദം കലർന്നുകൊ-
ണ്ടതുലാക്കാക്കിനടന്നുചെന്നതിൽ
മൃതുപാന്ഥനുതോന്നിടുംജലം
പുതുകാനൽജ്ജലമെന്നമട്ടിലായ്. ൧൨

ദിനനായകകാന്തിയേററു ഞാൻ
ഘനതാപത്തൊടണഞ്ഞ തൽസ്ഥലം
വനമെന്നു മനസ്സിലായി നി-
ർജ്ജന മാഹിംസ്രമൃഗവ്രജാകുലം. ൧൩

ഇതികണ്ണുകഠോര ദുസ്സഹം
സതി,രത്നപ്രഭതാപമോതവേ
യതിരത്നമുരച്ചു ലൌകിക-
സ്ഥിതിസാരസ്യനിരുക്തിസുന്ദരം. ൧൪

അധിഭൂമി സുഖാസുഖോദയം
വിധിനിഘ്നം മനുജർക്കുകാൺമു നാം
അധികം വ്യഥയും പ്രഹർഷവും
സുധികൾക്കില്ല ജഗത്തിലേതിലും. ൧൫

---

൧൧. രിംഖണകാന്തി=മിന്നാമിനുങ്ങിയുടെ വെളിച്ചം
൧൨. കാനൽജലം=മൃഗതൃഷ്ണ.
൧൩. ദിനനായകകാന്തി=വെയിൽ. ആഹിംസ്രം=ഏററവും ക്രൂരം.
൧൪. ലൌകികം=ലോകത്തിൻെറ. നിരുക്തി=നിർവ്വചനം.
൧൫. അധിഭൂമി=ഭൂമിയിൽ വിധിനിഘ്നം=ദൈവത്തിനു് അധീനം.

പകലാശുകഴിഞ്ഞു രാവുപോൽ
ക്ലിപ്തകവാണി! വൃഥവിട്ട സൗഖ്യവും
പകരുന്ന ജഗൽസ്രഷ്ടൈന്ദ്രജാ-
ലികവിദ്യാ മഹനീയശക്തിതാൻ. ൩൬

വഴിയാത്രയിലുത്ഭവിച്ച മാൽ
കഴിയുംമട്ടു ശമിച്ചുകൊള്ളുവാൻ
ഒഴിയാതെ കുളിച്ചുനിത്യവും
വഴിപോൽ ഭക്ഷണമാചരിയ്ക്കുനീ. ൩൭

കുലദൈവതപൂജചെയ്ക, നി-
സ്തുലസൽപ്പുഷ്പമറുത്തുഭക്തിയിൽ
ഫലസിദ്ധിനിദാനമാം, സതീ
കുലമാന്യേ! പരദേവതാർച്ചനം. ൩൮

കരണീയവിചിന്തനാതിത-
ല്പരയോഗീശ്വരനോടു പിന്നെയും
വരഗാത്രി വണങ്ങിനിന്നു സാ-
ദരമോതി പ്രതിപന്നഭക്തിയിൽ. ൩൯

ഭവനാദിവെടിഞ്ഞു കേണിട്ടു-
ന്നിവളോർക്കാതെ വനംഗമിയ്ക്കവേ
ശിവ?രാമ! കനിഞ്ഞുലാളന
യ്ക്കവനംചെയ്ത ഭവാനുവന്ദനം. ൪൰

കൃതകൃത്യതപൂണ്ടുഞാൻ, കൃത-
ജ്ഞതകാണിപ്പതിനില്ലശക്തി മേ
സതതം തവ സാധുരക്ഷണ
വ്രതമേകം കുലധർമ്മമുത്തമം. ൪൧

---

൩൬. ജഗൽസ്രഷ്ട്=ബ്രഹ്മാവ്. ഐന്ദ്രജാലികൻ=ജാലക്കാരൻ മഹനീയം=ഉത്തമം.
൪൰. നതി=പ്രശംസ.

മതിനേർമുഖി! ബാലികേ! മുഖ-
സ്തുതികേൾക്കേണ്ടവനല്ല ഞാനിതിൽ
രതിനിൽക്കണമെന്നു താപസൻ
പ്രതിവാക്കോതി മുറയ്ക്കുപിന്നെയും. ൯൨

അടവൊടുപലമട്ടിൽച്ചാട്ടുവാൻ ചിത്തവൃത്തി-
യ്ക്കിടബതലവവും ഞാനേകിടാതെത്രനാളായ്
അടവിയിലിഹപാർത്തീടുന്നു, സംസാരദുഃഖം
തടയുമതുലസാരം മുക്തിയിൽ സക്തിമൂലം. ൯൩

മാനം രൂപം ദ്രവിണമതുലം
മാന്യരാജാധിരാജ-
സ്ഥാനം ഗാത്രം വിഷയസുഖദം
യൌവനോദ്രേകപാത്രം
ഞാനത്യന്തം ഹൃദയമതിലീ-
ച്ചൊന്നതെല്ലാമസാരം
നൂനം ചിത്തേ കരുതിമരുവു-
ന്നുണ്ടു രണ്ടില്ലപക്ഷം. ൯൪

കാലംവൈകാതെ ദുഃഖംതവ ബഹുലകൃപാ-
ശാലിസർവ്വേശ്വരൻതാൻ
ചേലഞ്ചുംമട്ടുനീക്കി പ്രിയരമണസുഖം
നൽകിവേഗം തുണയ്ക്കും
ബാലപ്രത്യേകലീലാകുതുകമലധിയിൽ
ച്ചാടിമുങ്ങുന്ന നിന്നെ
ശ്രീലാംഭോജാക്ഷി! കണാൻ വിധിവിപുലരസം
യോഗമേകും നമുക്കും. ൯൫

നിയതിയുടെവിരോധം നിന്നിൽവായ്ക്കുന്നതിപ്പോൾ
കയൽമിഴി! കളയാംഞാൻ സാധുകർമ്മങ്ങൾമൂലം
നിയതമതിനുപോകാനാജ്ഞനൽകേണമെന്നാൾ
പ്രിയതരമുരചെയ്താത്താപസൻ യാത്രചെയ്തു. ൯൬

നാലാംസർഗ്ഗം സമാപ്തം.

---

൯൫. ശ്രീലം=ശ്രീയുള്ള (ഭംഗിചേർന്ന.)

# അഞ്ചാം സൎഗ്ഗം.

---

സ്ഫുരിക്കു "മാഗ്രാ" നഗരോത്തമം പരി-
ഷ്ക്കരിക്കുമാക്കോട്ട സമുച്ചവേല്ലിതം
വരിഷ്ഠഹേമാദ്രിയിൽനിന്നു മാനസം
ഹരിച്ചിടാനുണ്ടതിനുത്തമപ്രഭ. ൧

രമാധവൻ വാമനമൂൎത്തി സത്വര
ക്രമാധികോത്തുംഗ നിജാംഘ്രിയിൽപരം
ശ്രമാലണിഞ്ഞീടിന നൂപുരത്തിനു-
ള്ളമായസാമ്യത്തില തുല്ലസിപ്പുതേ. ൨

വളൎന്ന കാളപ്രഭയിൽ തുലാതിഗം-
കിളൎന്ന വപ്രത്തിലനന്തമാം സ്ഥലം
പിളൎന്നതിൻ കീഴിലിടം ലഭിച്ചപോൽ-
ത്തിളങ്ങിടുന്നു സ്ഫടികോപലാവലി. ൩

അലംഘ്യ മാഹമ്മദചക്രവൎത്തി ദോർ-
ബ്ബലം പ്രതീപപ്രതികൂല മൂൎജ്ജിതം
അലം പ്രകാശിപ്പു സമസ്തമേദിനീ-
തലപ്രസിദ്ധോന്നത ദുർഗ്ഗകൈതവാൽ. ൪

സ്ഫുടം വധം, മോഷണ, മന്യലോകരെ-
ത്താഞ്ഞുചെയ്യുന്ന കവൎച്ച, വഞ്ചനം,
തുടങ്ങി ദുഷ്കൃത്യമറിഞ്ഞുചെയ്യുവോ-
ൎക്കിടംപെടും ബന്ധനഗേഹമുണ്ടിതിൽ. ൫

---

൧ ആഗ്രാനഗരോത്തമം=ശ്രേഷ്ഠമായ ആഗ്രാപട്ടണം. സമുച്ചം=വളരെ ഉയൎന്ന്. വേല്ലിതം=വക്രം. ഹേമാദ്രി=മഹാമേരു.

൨. രമാധവൻ=മഹാവിഷ്ണു അംഘ്രി=പാദം. നൂപുരം=കാൽചിലമ്പ്.

൩. കാളം=നീലം. വപ്രം=കോട്ട. അനന്തം=ആകാശം. സ്ഫടികോപലം=സ്ഫടികക്കല്ല്.

൪. മാഹമ്മദചക്രവൎത്തി=അക്ബർ പ്രതീപന്മാർ=ശത്രുക്കൾ. ദുർഗ്ഗം=കോട്ട.

൫. ബന്ധനഗേഹം=ജയിൽ.

അമർഷമുൾക്കൊണ്ടുദയേശപത്തനാ-
ക്രമം വിരോധിപ്രകരം തുടർന്നതിൽ
പ്രമത്ത ഭൂഭൃൽഭടരെ ബ്ബലാൽപ്പിടി-
ച്ചമർത്തിടും ബന്ധനഗേഹമാസ്ഥലം. ൫൦

കരാളഭൌരുഷ്കനൃപാലസേനയാൽ
പരാഭവം പ്രാപിതനേകപൂരുഷൻ
ചിരായ കാരാനിലയോല്ലസജ്ജനാ-
ന്തരാളമാന്യത്വ മവംവഹിപ്പതേ. ൧

പരപ്രതാപാസഹനത്വശീലസ-
ങ്കരപ്രകൃഷ്ടോത്ഥിതപൌരുഷപ്രഭ
സ്ഫുരൽതദാസ്യത്തിൽ വിളങ്ങിടുന്നു താർ-
ശരൻകുറയ്ക്കും ബലമൊത്തുസർവ്വദാ. ൨

മുഖം തദീയം പരിപൂർണ്ണചന്ദ്രമ-
സ്സഖം സദാ വീരരസത്തിനാസ്പദം
അഖണ്ഡസത്വംശമഹാപ്രസൂതിതൻ
സുഖപ്രബോധം പരമേകിടുന്നതേ. ൩

തനുപ്രകാണ്ഡത്തിനുയർച്ചമട്ടുതാ-
നനുത്തമം പുഷ്ടിയുമൊത്തിടുന്നതേ
തനുപ്രതീകാവലി വാഴ്ത്തിടുന്നപോൽ
നനുപ്രഹർഷപ്രദമംഗസൌഭഗം. ൫൪

അവർണ്ണ്യലാവണ്യ മിണങ്ങിവാണിടും
സുവക്ത്രഗാംഭീര്യമതീവ നഷ്ടമായ്
നവം വരാംഗീവിരഹാധിവാച്ചതിൽ
ധ്രുവം വിചാരൈകനിമഗ്നനപ്പുമാൻ. ൫൫

---

൫൦. അമർഷം=കോപം. ഭൂഭൃൽഭടർ=രാജഭടന്മാർ
൧. തൌരുഷ്കനൃപാലസേന=അക്ബർ ചക്രവർത്തിയുടെ സൈന്യം.
൨. സങ്കരം=കലപ്പ്
൩. പരിപൂർണ്ണചന്ദ്രമസ്സഖം=പൂർണ്ണചന്ദ്രനുതുല്യം. സുഖപ്രബോധം=പ്രയത്നംകൂടാതെയുള്ള ജ്ഞാനം.
൫൪. പ്രകാണ്ഡം=പ്രശസ്തം. തനുപ്രതീകാവലി=കൃശാംഗീനിര.

പിരിഞ്ഞിടും പ്രേയസിതൻ ചരിത്രമോ-
ത്തെരിഞ്ഞിടും തീക്ഷ്ണവിഷാദപാവകൻ
ശരിക്കതീൎഘ്ഘശ്വസിതാഖ്യധൂമമൊ-
ത്തിരിപ്പിനാലൊട്ടനുമാനഗോചരൻ. ൧൨

ജനേശസേനാനിയൊടേററു തോൽവിപൂ-
ണ്ടനേകനാൾ ബന്ധനമാൎന്നിടുന്നവൻ
വനേ മഹാഗൎത്തമതിൽപ്പതിഞ്ഞിട്ടു-
ന്നനേകപംപോൽ കുഴയുന്നു കാഴ്ചയിൽ. ൧൩

തുലപ്പെടാത്താ ദ്ദൃഢമുഷ്ടിശക്തിയാ-
ലലംകുഴങ്ങുന്നു മനസ്വിയാമവൻ
ബലംപെടുന്നോനു മരിപ്രപീഡയാൽ-
ത്തുലഞ്ഞുപോകും വിധിവാമനാവുകിൽ. ൧൪

കൊലപ്പെടുത്തുന്നവനുള്ളപോൽസ്സദാ
വിലങ്ങു, പാദത്തിലുമില്ല കയ്യിലും
നലംപെടുംമാറുജനങ്ങൾ കൂടിടും-
സ്ഥലംഗമിപ്പാൻ തടവെന്നുമാത്രമാം. ൧൫

അലം ശിലാപട്ടവിശാലമാ മുരഃ-
സ്ഥലം മഹാജാനുവിലംബിദോൎയ്യുഗം
ബലംനിരീക്ഷിച്ചഭിഭൂതിസംശയാ-
കുലതയമേറുന്നു കുലാചലത്തിനും. ൧൬

അതിപ്രമോദാൽ പ്രമദാജനങ്ങൾ സ-
ദ്ദ്യുതിക്കൊഴുപ്പൊത്ത തദീയമേനിയിൽ
പതിച്ചനേത്രങ്ങളെടുത്തിടാത്തപോൽ
പ്രതിപ്രതീകം വരകാന്തിധോരണി. ൧൭

---

൧൨. വിഷാദപാവകൻ=താപാഗ്നി. ഗോചരൻ=വിഷയൻ ധൂമംകണ്ടു അഗ്നിയെ അനുമിക്കാറുണ്ടല്ലോ.
൧൩. സേനാനി=സേനാനായകൻ. അനേകപം=ആന.
൧൪. മനസ്വി=ധീരചിത്തൻ. വാമൻ=വിപരീതൻ.
൧൬ ജാനുവിലംബി=മുട്ടിൽ കവിഞ്ഞതു്. അഭിഭൂതി=പരിഭവം. കുലാചലം=കുലപൎവ്വതം.
൧൭. പ്രതിപ്രതീകം=അവയവംതോറും. ധോരണി=പ്രവാഹം.

പ്രജാധിനാഥോചിതമണ്ഡനക്രമം
സുജാതമാംവസ്ത്രവിശേഷധാരണം,
സുജാതരൂപാംഗമിവ സ്ഫുരിക്കയാൽ
നിജാഭിജാത്യം തികയുന്നഹിന്ദുതാൻ. ൧൮

ശരീരകാന്ത്യാ യുവലോകരെ ത്രപാ-
ധുരീണരാക്കും തനുഭംഗികാൺകവേ
ദരീഗൃഹത്തിൽ, കരൾകെട്ടുരൂപചാ-
തുരീ മഹാനൈളനൊളിച്ചുപോയിടും. ൧൯

നരാഗ്ര്യശാരീരഗുണങ്ങൾകണ്ടു തൽ-
പ്പുരാജിതൻമാനി മനോജനോർത്തിടും
പുരാന്തകൻതൻ നിടിലാഗ്നിയിൽദ്ദഹി-
ച്ചൊരാ വപുസ്സൊട്ടുകൃതാർത്ഥമെന്നുതാൻ. ൨൦

തടിച്ച ദന്തീന്ദ്രവിശാലമസ്തകം-
പൊടിച്ചു മുത്തൊട്ടു പൊഴിച്ചനാരതം
ചൊടിച്ചിടും കേസരിതന്റെ ഭാവമ-
ത്തടിൽപ്രകാശാംഗനു കണ്ടിടുന്നുതേ. ൨൧

അതാന്തദോർവ്വീര്യമെഴും രിപുക്കളെ-
കൃതാന്തഗേഹത്തിലയച്ചിടുന്നപോൽ
പ്രതാപമുൾക്കൊണ്ട ഭടാധിനായകൻ
പ്രതാപസിംഹാഭിധനാകുമപ്പുമാൻ. ൨൨

കുരംഗശാബാക്ഷികൾ വിസ്മയിച്ചുതൻ-
കരങ്ങൾക്കൂപ്പും നിജജീവനാഥയെ
നിരന്തരം ചിത്തമതിൽ സ്മരിച്ചവൻ
നിരർഗ്ഗളംചെയ്തു വിചാരമിത്തരം. ൨൩

---

൧൮. മണ്ഡനക്രമം=അലങ്കാരക്രമം. സുജാതം=മനോഹരം. ജാതരൂപം=തങ്കം.
൧൯. ത്രപാധുരീണർ=അതിലജ്ജിതന്മാർ. ദരി=ഗുഹ ഐളൻ=പുരൂരവസ്സ് മഹാരാജാവു്.
൨൧. അനാരതം=എല്ലായ്പോഴും. തടിൽപ്രകാശാംഗൻ=മിന്നൽപോലെ ദേഹനിറമുള്ളവൻ.
൨൨. അതാന്തം=അക്ഷീണം. ദോർവ്വീര്യം=കയ്യൂക്ക്. കൃതാന്തഗേഹം=യമപുരി.
൨൩. കുരംഗശാബാക്ഷികൾ=ബാലമൃഗാക്ഷിമാർ. (സുന്ദരിമാർ) ജീവനാഥ=ഭാര്യ.

അനാരതംമേ തന്ന പാഞ്ചഭൌതികം
സനാതനം കീർത്തി വപുസ്സ്, ജീവനും
വിനാശമറ്റാർന്നു പരം സ്വതന്ത്രതാം
വിനാ വിപക്ഷർക്കു വശംഗമിച്ചു ഹാ! ൨൪

വരാംഗനാമൌലി വിളങ്ങിടും ഗൃഹം
കരാളരാംശാത്രവരാക്രമിക്കുകിൽ
ഒരാളവൾക്കാശ്രയമില്ല ഹന്ത! മ-
ന്മരാളസഞ്ചാരിണിതൻ ദശാന്തരം!! ൨൫

വരോരുശാരീരഗുണങ്ങളൊക്കയും
വിരോധികൾക്കാഗ്രഹമേകുമെങ്കിലും
ധരോപമോത്തുംഗകുചദ്വയത്തോന്നു മു-
ത്തരോത്തരം തൽസമയൌചിതീഗുണം. ൨൬

അപാരമാലേററു വലഞ്ഞിടുന്നൊരെ-
ന്നപായമോർത്തിട്ടു വരാംഗിസാമ്പ്രതം
കൃപാകടാക്ഷം പരനിൽപ്പതിക്കുമോ?
നൃപാലപുത്രിക്കതു, യോഗ്യമല്ലതാൻ. ൨൭

സുരമ്യതജ്ജാനകി, ഭൈമി, പാണ്ഡുഭൂ-
പുരന്ധ്രിതൊട്ടുള്ള സതീമണിവ്രജം
പരംനടത്തീ പ്രിയഭർത്തൃമാലിലും
നിരത്യയംതാ നഭിമാനരക്ഷണം. ൨൮

---

൨൪. മേ=എന്റെ. പാഞ്ചഭൌതികം=പഞ്ചഭൂതങ്ങളെക്കൊണ്ടു നിർമ്മിക്കപ്പെട്ടതു്. സനാതനം=നിത്യം. സ്വതന്ത്രത=സ്വാതന്ത്ര്യം. വിനാ=കൂടാതെ. വിപക്ഷർ=ശത്രുക്കൾ.

൨൫. വരാംഗനാമൌലി=ഉത്തമസ്ത്രീരത്നം. ഹന്ത=കഷ്ടം. മന്മരാളസഞ്ചാരിണി=എന്റെ ഹംസഗാമിനി. (ഭാര്യ) ദശാന്തരം=അവസ്ഥാഭേദം.

൨൬. ധരോപമം=പർവ്വതതുല്യം. ഔചിതി=ഔചിത്യം.

൨൭. അപാരം=അതിരില്ലാത്തതു്. അപായം=നാശം. സാമ്പ്രതം=ഇപ്പോൾ.

൨൮. തജ്ജാനകി=ആ ജാനകി, സീത. ഭൈമി=ദമയന്തി. പാണ്ഡുഭൂപുരന്ധ്രി=പാഞ്ചാലി. സതീമണിവ്രജം=അനേകം പതിവ്രതാരത്നങ്ങൾ. നിരത്യയം=നാശമില്ലാത്തതു്.

ചതിച്ചു ദുർദ്ദൈവമതെന്നു കേസ്സുഞാൻ-
പതിച്ചു സങ്കല്പഭവന്റെ സന്നിധൌ
അതിങ്കലെൻസാക്ഷികളാക്കിവിസ്തരി-
ച്ചതിൽ കുഴങ്ങുന്നു തദിന്ദ്രിയങ്ങൾ മേ. ൨൯

തഥാത്മകം സർവ്വവുമെന്നുറച്ചു ഞാ-
നുദാഹരിയ്ക്കാൻ വഴികാണ്മതില്ലഹോ
സദാ ഭവൽസംഗതിഹേതുദുഷ്ടനാം
സദാശ്രയം ചെററനുമിപ്പതെങ്ങിനെ? ൩൦

സുരാംഗനാതജ്ജനേക്ഷണത്തിലും
നിരാശചേർക്കാനഴകേറിടും പ്രിയേ!
ധരാതലത്തിൽത്തവമൂർത്തികാണുവാ
നൊരാഗ്രഹം താൻ മമജീവനൌഷധം. ൩൧

മനസ്വിനീമൌക്തികരത്നമേ! കദാ-
പ്യനർഘമാം നിൻതനു കണ്ടിടാതെ മേ
മനസ്സു ലേശം തെളിയുന്നതില്ല, മുൻ-
പിനപ്രകാശാൽ ജലജാതമെന്നപോൽ. ൩൨

നിതാന്തശിക്ഷാക്രമമേകഭാഗ, മു-
ദ്ധൃതാദരം നീ പരഭാഗവും, പ്രിയേ!
ഹിതാഹിതാകൃഷ്ടിമുറയ്ക്കു ചെയ്യതു-
ങ്ങി, താണു ‘പക്ഷദ്വയപാശകർഷണം’ ൩൩

---

൨൯. സങ്കല്പഭവൻ=കാമൻ.

൩൦. രാഗാധിക്യത്താൽ കാണുന്നതെല്ലാം തന്മയമെന്നു നിശ്ചയിച്ചു. എന്നാൽ അതിൽ ഉദാഹരണത്തിനു വഴിയില്ലാതെ ഭവൽസഹവാസം സാധിക്കുന്ന വിധി അനുകൂലനല്ലാതിരിക്കുന്നതിനാൽ അല്പം സന്തോഷമുണ്ടാകുമെന്നു അനുമിക്കാൻ തരമില്ലെന്നുഭാവം. സർവ്വം പക്ഷമായി വരുന്നിടത്തു് സപക്ഷമില്ലാത്തതിനാൽ അനുപസംഹാരി എന്നു ഹേത്വാഭാസന്റെ പ്രസക്തി കാണുന്നതിൽ അനുമാനം സാദ്ധ്യമല്ലെന്നു് നയ്യായിക സിദ്ധാന്തം.

൩൨. കദാപി=ഒരിക്കലും. അനർഘം=അമൂല്യം.

൩൩. പക്ഷദ്വയപാശകർഷണം=ഇരുവശംനിന്നു അങ്ങോട്ടും ഇങ്ങോട്ടും കയറിട്ടു വലിക്കുക.

ചിരായകാണും വിഷയങ്ങളിൽത്തുച്ഛോം
നിരാശകൈക്കൊണ്ടു സമാധിശക്തിയാൽ
വരാംഗി! നിങ്കൽ ദൃഢമായ്‌ലയിപ്പുഞാൻ
പരാത്മതത്വത്തിലുറച്ചയോഗിപോൽ. ൩൪

ത്വദംഗസാധാരണസാധനങ്ങൾതൻ-
പ്രദർശനം ദുർവ്വിധിനഷ്ടമാക്കി മേ
അദഭ്രവിഭ്രാന്തചകോരതർപ്പണ
പ്രദപ്രകാശം ചലധൂമയോനിപോൽ. ൩൫

ത്വദാത്മഭൂനർമ്മസുഖാനുഭൂതിയിൽ
മദാന്ധനായ് നിദ്രവെടിഞ്ഞകാരണം,
പദാൽപദം സമ്പ്രതി യാച്ഞചെയ്കിലും
മദാശകൈവിട്ടു വിരക്തപോലവൾ. ൩൬

തരിമ്പുപോലും മടിവന്നിടാതെ യാ-
ചരിയ്ക്കു സർവ്വേശ്വരപാദവന്ദനം
പരിസ്ഫുരൽഗാത്രി! പദാംബുജങ്ങളെ
സ്മരിച്ചിട്ടുന്നോക്കവ നിഷ്ടദായകൻ. ൩൭

രണത്തിനായ് പോകുമൊരെന്റെമുമ്പിലീ-
ക്ഷണാംബു നീ വാർത്തുചെയ്തതിൻഫലം
കണക്കുകൂടാതിഹ ദുശ്ചയീപയഃ
കണപ്രവാഹത്തിലണഞ്ഞിടുന്നുഞാൻ. ൩൮

---

൩൪. നിരാശ=വൈരാഗ്യം. സമാധി=ചിത്തൈകാഗ്രത, മനോദുഃഖമെന്നും. ലബ്ധി=ലാഭം. പരമാത്മതത്വം=പരമാത്മജ്ഞാനം.

൩൫. സാധാരണം=സമാനം. ചകോരതർപ്പണപ്രദപ്രകാശം=ചന്ദ്രികാപ്രകാശം. ധൂമയോനി=കാർമേഘം.

൩൬. ആത്മഭൂനർമ്മം=കാമക്രീഡ. പദാൽപദം=അടിക്കടി. സമ്പ്രതി=ഇപ്പോൾ.

൩൭. തരിമ്പ്=അല്പം. ഇഷ്ടദായകൻ=ആഗ്രഹം നിറവേറ്റുന്നവൻ.

൩൮. ഈക്ഷണാംബു=കണ്ണുനീർ. ദുശ്ചയീപയസ്സ്=അശ്രു.

ഇണക്കമില്ലെന്നുനിനച്ചു താപമോ-
ടണഞ്ഞതന്നിന്നശ്രുജലങ്ങളിപ്പൊഴും
ക്ഷണപ്രഭാഗാത്രി! മിഴിയ്ക്കുകണ്ടിടും-
കണക്കു തോന്നുന്നു മമാത്തികാരണം. ൯൯

വെടിപ്പിലെൻ മാനസകർമ്മശക്തിയാം-
തടിച്ചനിശ്രേണി കരേറിടുന്നുനീ
തുടിച്ചുകൈകാലുതളന്നു വിക്ലബ-
പ്പടിയ്ക്കുചിത്രം! നെടുവീർപ്പിടുന്നുഞാൻ. ൱

സ്വരമ്യഗാത്രീമണിചിന്തനൈകത-
ല്പരൻയുവാ വിത്തരമുള്ളിലോർക്കവേ
അരം തദാ ഭാവിശുഭാപ്തിസൂചനോ-
ത്തരം നിമിത്തം പലതക്ഷിലക്ഷ്യമായ്. ൱൧

മലയ്ക്കുതിർപ്പോർമ്മലയാളെ മാനസ-
സ്ഥലം വഹിച്ചിട്ടതിഭാരഗൌരവാൽ
നിലയ്ക്കുനിൽക്കാതിളകിച്ചമഞ്ഞതോ-
ടലം തദീയാക്ഷിചലിച്ചു ദക്ഷിണം. ൱൨

ഗണിച്ചിടാൻതക്ക നിസർഗ്ഗചാരുതാ-
രുണിപ്രശസ്താംഗവരിഷ്ഠകാന്തിയെ
അണിഞ്ഞിടും ദാസികളപ്പുമാന്റെ ക-
ണ്മണിയ്ക്കുണഞ്ഞു കണികണ്ടിടുംവിധം. ൱൩

---

൯൯. ക്ഷണപ്രഭാഗാത്രി=മിന്നൽപോലെ നിറമുള്ള ദേഹത്തോടുകൂടിയവൾ.

൱. മാനസകർമ്മശക്തി=സങ്കല്പശക്തി. നിശ്രേണി=സോപാനം. വിക്ലബം=പരവശം.

൱൧. അരം=വേഗത്തിൽ. ഭാവിശുഭം=വരാൻപോകുന്നനന്മ. ഉത്തരം=ഉൽകൃഷ്ടം.

൱൨. ദക്ഷിണം=വലത്തേതു്. തദീയാക്ഷി=അവന്റെകണ്ണു്. പുരുഷന്മാൎക്കു ദക്ഷിണഭാഗം ചലിക്കുന്നതു ശുഭസൂചകം.

൱൩. നിസർഗ്ഗചാരു=സ്വഭാവേനമനോഹരം. താരുണി=യൌവനം.

അലം സ്വമിത്രാഗമവേലവന്നു തൽ-
ഫലംവരും ചേതന ജീവികൾക്കരം
കുലത്തൊടന്നുൽഗ്ഗതനാദമായ് വിയൽ
സ്ഥലത്തണഞ്ഞൂ സിതപക്ഷപക്ഷികൾ. ൫൪

പടത്തിനാൽ കൊങ്കകൾമൂടി മാനിനോ-
ടിടഞ്ഞിടും കണ്ണികളെണ്ണമെന്നിയേ
കുടങ്ങളിൽക്ഷീരമെടുത്തു വിൽപ്പന-
യ്ക്കിടം തിരക്കുന്നവ രാഗമിച്ചുതേ. ൫൫

വനപ്രിയാലാപിനിയിൽപ്പരം സദാ-
മനംപെടുന്നോർ ബത വിസ്മരിച്ചുതേ
അനല്പതാപപ്രദമായ് മുഖത്തുതാ-
നിനപ്രകാശം തടയുന്നസംഗതി. ൫൬

മനസ്സുവിട്ടാല പരേന്ദ്രിയങ്ങൾ ത-
ന്നനല്പവൈഫല്യമതെന്നവാസ്തവം
ജനങ്ങളെബ്ബോദ്ധ്യമതാക്കി വല്ലഭാ-
ജനത്തിലേററം ലയമാന്നു തൽപ്പുമാൻ. ൫൭

ശിരസ്ത്രമാകണ്ഠപദദ്വയാവധി-
സ്ഫുരത്തനുത്രം വരപാദുകാദ്വയം
പരം വിളങ്ങുന്നവിധം ധരിച്ചിടും
നരൻ തുരുഷ്കപ്രഭു വേകനെത്തിനാൻ. ൫൮

തടിച്ചകയ്യാലൊരു മൌനസംജ്ഞയേ
നടിച്ചിടുന്നപ്പുരുഷൻ മഹമ്മദൻ
ഇടിഞ്ഞു ചിത്തംവലയുന്നവന്നു, കൈ-
പ്പിടിക്കെഴും കത്തുകൊടുത്തുതൽക്ഷണം. ൫൯

---

൫൪. മിത്രാഗമം=സൂര്യന്റെ വരവ്. ബന്ധുസമാഗമമെന്നും. വിയൽസ്ഥലം=ആകാശം. സിതപക്ഷപക്ഷികൾ=വെള്ളപ്പക്ഷികൾ.

൫൬. വനപ്രിയാലാപിനി=പികഭാഷിണി. ഇനപ്രകാശം=വെയിൽ.

൫൮. ശിരസ്ത്രം=തൊപ്പി. ആകണ്ഠപദദ്വയാവധി=കഴുത്തുമുതൽ കാൽരണ്ടുംവരെ. തനുത്രം=കോട്ട് പാദുക=ചെരിപ്പ്. തുരുഷ്കപ്രഭു=മഹമ്മദനായകൻ.

തെരിക്കനേ ഢീരനിലയ്ക്കുവന്നപോൽ
തിരിഞ്ഞുനോക്കാതവ നാശ്ശുപോകവേ
കരിമ്പുവില്ലുന്നടിമയ്ക്കുഴിംമനാം-
ഹരിച്ചു താഴെപ്പറയുന്നലേഖനം. ൬൦

ശ്രിതാർത്തിനാശൈകധുരന്ധരൻ ജഗൽ-
പ്പിതാവലംഘ്യൻ ജഗദീശനല്ലയോ
പ്രതാപസിംഹ! പ്രതികൂലനല്ല, നിൻ
ഹിതാർത്ഥമിങ്ങാഗതനാം സുഹൃത്തുഞാൻ. ൬൧

കടുത്തപായംവരുമെന്നു ബന്ധനം
വിട്ടുമ്പൊളോർക്കേണ്ട സമീക്ഷ്യകാരിഞാൻ,
പടുത്വമുൾക്കൊണ്ടു ഭവാൻനിശീഥമൊ-
ട്ടടുത്തിടുമ്പോൾ സഹയാത്രചെയ്യണം. ൬൨

മുറയ്ക്കുശങ്കയ്ക്കവകാശമില്ലതിൽ-
പ്പറഞ്ഞകാര്യം നിരുപിച്ചുനോക്കവേ
തുറന്ന ധൈര്യാഗമമാറ്റുമെങ്കിലും
കുറച്ചുചിന്തിച്ചു വിഷണ്ണനപ്പുമാൻ. ൬൩

വിരോധികൾക്കുള്ള ചതിപ്രയോഗമോ?
തിരോഹിതാകാരവിധീന്ദ്രജാലമോ?
പുരോഭവൽഭാഗ്യപലാശിബീജമോ?
വരോരുലാഭൈകശുഭാപ്തിചിഹ്നമോ? ൬൪

പയോജമങ്കയ്ക്കുഴമക്ഷിപാതമോ?
വിയോഗദുഃഖംകളയും വിഭൂതിയോ?
പ്രയോജനം ചിന്തയിലെന്തുതാനിതിൻ-
പ്രയോഗമേകാൻ തുടരുന്നദൈവമേ!! ൬൫

(യുഗ്മകം)

---

൬൧. ശ്രിതാ......ന്ധരൻ=ശ്രിതന്മാരുടെ സന്താപം പാടെ കളയുന്നവൻ.

൬൨. സമീക്ഷ്യകാരി=ആലോചിച്ചു പ്രവർത്തിക്കുന്നവൻ. നിശീഥം=അർദ്ധരാത്രം.

൬൪. തിരോഹിതാകാരൻ=വേഷപ്രച്ഛന്നൻ. പുരോഭവത്ത്=അടുത്തിരിക്കുന്ന
പലാശി=വൃക്ഷം. വരോരുലാഭം=കാമിനീപ്രാപ്തി.

൬൫. പയോജമങ്ക=ലക്ഷ്മി. അക്ഷിപാതം=കടാക്ഷം. വിയോഗം=വിരഹം. വിഭൂ
തി=ഐശ്വര്യം

അലംഘ്യമാം ഭാവിഭവിച്ചിടും ധരാ-
തലത്തിലുള്ളോൎക്കതിന്നില്ലസംശയം,
ജലാവകാശം കുറയുന്നലാംഗലീ-
ഫലത്തിലാളു ന്നമൃതാംബുപോലവേ. ൪൩

പടന്നദുഃഖാൽ ധരണീശശിക്ഷയിൽ-
ക്കിടന്നു മാനംകളയുന്നതിൽപ്പരം
കടന്നുപോകുംവഴിതെററി വല്ലദു-
ൎഗ്ഘടത്തിലുൾപ്പെട്ടു മരിയ്ക്കിലുത്തമം. ൪൪

ഒരിയ്ക്കലുണ്ടാംമരണം, വെറുത്തതിൽ-
തിരിഞ്ഞുനിൽക്കാനവനുണ്ടുപാടവം
ഹരിയ്ക്കു,മീശാനനു മബ്ജയോനിയാ-
യിരിയ്ക്കു മാദ്ദേവനു മൊട്ടുദുൎഗ്ഘടം. ൪൫

സ്ഫുരൽപ്രതാപോൽഗ്ഗതിയായിരുന്ന ന-
ശ്വരസ്ഥിതിയ്ക്കൊത്തൊരു ലാഘവത്തിനാൽ,
പരം സ്വതേജസ്സു ശമിച്ചുവാണിടും-
നരൻ പ്രശാന്തോന്മുക;മില്ലൊരന്തരം. ൪൬

ശരിയ്ക്കുയോദ്ധാവു രണംനടത്തവേ
മരിയ്ക്കുമെന്നാലതുതന്നെ ശോഭനം
അരിയ്ക്കുകീഴിൽ പ്പരിഭൂതിചേൎന്നിട്ടു-
ന്നിരിപ്പു പാടില്ലത കീൎത്തികാരണം. ൪൭

ഇവണ്ണ മുദ്ദാമവിചാരധോരണീ-
നവംനവാവേശനിതാന്തവിഹ്വലൻ
സ്വവൎഗ്ഗ്യദൃഷ്ടിയ്ക്കണയാതെ നിൎഗ്ഗമാ-
നവദ്യകാലം കരുതീട്ടിരുന്നുതേ. ൪൮

---

൪൩. ലാംഗലീഫലം=നാളികേരഫലം.

൪൬. ലാഘവം=എളുപ്പം. സ്വതേജസ്സ്=തന്റെ പ്രതാപം. പ്രശാന്തോന്മുകം=കെട്ടതീക്കൊള്ളി.

൪൮. ഉദ്ദാമം=ഉൽകൃഷ്ടം. വിചാരധോരണി=വിചാരപരമ്പര. വിഹ്വലൻ=പരവശൻ. നിൎഗ്ഗമാനവദ്യകാലം=പുറപ്പെടുന്നതിനു തക്കസമയം.

അഹമ്മദം ലേശമകപ്പെടാത്തവൻ
മഹമ്മദൻ കത്തുകൊടുത്തപൂരുഷൻ
മഹന്മതം പ്രശ്രയമൊത്തു ഹൃദ്രസാ-
വഹം തദീയാക്ഷിപഥത്തിലെത്തിനാൻ. ൩൧

ഹിതാഹിതാത്യന്തവിചാരമഗ്നനാ-
പ്രതാപസിംഹൻ ഭയമോടുനോക്കവേ
പ്രതാപമേറുന്ന മഹമ്മദൻ, സഹ-
സ്ഥിതാധിനീക്കുന്നവിധത്തിലോതിനാൻ. ൩൨

ഒരുങ്ങിഞാൻ, മൌനമണഞ്ഞു താങ്കളുൾ-
ക്കരുത്തിനാൽ നിർഭയമാഗമിക്കണം
പുരങ്ങിനിൽക്കേണ്ടിഹ ദർശകാഖ്യനാ-
മൊരുത്തനും ജാഗ്രദവസ്ഥയില്ലപോൽ. ൩൩

നിറച്ചവീൻചേർത്തിട്ട മാസവംകുടി-
ച്ചുറങ്ങി കാരാഗൃഹരക്ഷിസഞ്ചയം
മുറയ്ക്കു ബോധക്ഷതിയിൽ കിടപ്പതാം
കുറച്ചുപോലും തവ ശങ്കവേണ്ടിതിൽ. ൩൪

അണഞ്ഞിട്ടാ തൽസഹചാരിചേർന്നു കൈ-
വണങ്ങിവേഗം തടവേററ തൽപുമാൻ
ക്ഷണം ജ്വലിക്കും ജ്വലനൻ സമീരനോ-
ടിണങ്ങിടുംമട്ടു നടന്നുകൂടവേ. ൩൫

അമായധൈര്യം കലരും മഹമ്മദ-
പ്രമാണി പോകുംവഴി പിൻതുടർന്നവൻ
ക്രമാതിഗപ്രീതിയിലെത്തി സത്വരം
പ്രമാദമെന്യേ വരണാരരാന്തികം. ൩൬

---

൩൧. പ്രശ്രയം=വിനയം.
൩൨. സഹസ്ഥിതൻ=കൂട്ടുകാരൻ.
൩൩. ദർശകൻ=കാവൽക്കാരൻ. ജാഗ്രദവസ്ഥ=ഉണർന്നിരിക്കുന്ന അവസ്ഥ.
൩൪. അവീൻ=കറുപ്പ്.
൩൬. ക്രമാതിഗപ്രീതി=അതിരററ സന്തോഷം. വരണാരരാന്തികം=കോട്ടവാതിലിനുസമീപം.

കടക്കുവാൻ കുഞ്ചിക വാമപാണിയാ-
ലെടുത്തവൻ വാതിൽത്തുറന്നു തൽക്ഷണം.
അടച്ചു താക്കോലകമേപതിച്ചിടാൻ
കടുത്തശക്തിക്കു വലിച്ചെറിഞ്ഞുതേ. ൯൮

തടസ്ഥമില്ലാ തിരുപേരു മീവിധം-
കടന്നു കോട്ടയ്ക്കു പുറത്തുവന്നതിൽ
പടർന്നൊരാഗ്രാനൃപവീഥിയിൽ സ്വയം-
തടഞ്ഞിടാതെ വിപഥം ഗമിച്ചുതേ. ൯൯

അനല്പമാനന്ദമുദാരമത്ഭുതം,
കനക്കുമശ്രുക്കളിവയ്ക്കധീനനായ്
മനസ്സമാധാനപരൻ വിധൂതബ-
ന്ധനൻ മഹാനോടുരചെയ്തു മന്ദമായ്. ൱

സമസ്തസൃഷ്ടിസ്ഥിതിനാശഹേതുവായ്-
ച്ചമഞ്ഞിടും ദൈവമപാരവൈഭവം
ശ്രമപ്പെടാതുത്തമകൃത്യസാധന-
ക്ഷമം തരട്ടേ കുശലം ഭവാനുമേൽ. ൱൧

ഇവണ്ണമെൻ പാലനമാചരിക്കുമാ-
ലവണ്ണ്യമാഹാത്മ്യനിധേ! മഹാപ്രഭോ!
നവംനവം പൊന്തിവരുന്നു സാമ്പ്രതം
ഭവച്ചരിത്രശ്രവണാഗ്രഹം മമ. ൱൨

ശരിക്കു തേ പ്രത്യുപകാരമൊന്നുമ-
ങ്കരിക്കുമാശയ്ക്കു നടത്തിടാൻപണി
ധരിച്ചിടേണം തവ സൽഗുണങ്ങളേ
സ്മരിച്ചിടും സാധു കൃതജ്ഞനെന്നു ഞാൻ. ൱൩

---

൯൮. കുഞ്ചിക=താക്കോൽ. വാമപാണി=ഇടതുകയ്യ്.
൯൯. ആഗ്രാനൃപവീഥി=ആഗ്രാപട്ടണത്തിലെ റോഡ്. വിപഥം=ജനസഞ്ചാരം കുറഞ്ഞ ചീത്തവഴി
൱. ഉദാരം=മഹത്തു്. വിധൂതബന്ധനൻ=ബന്ധനം വിട്ടവൻ (പ്രതാപസിംഹൻ)
൱൨. ഭവച്ചരിത്രശ്രവണാഗ്രഹം=അവിടത്തെ ചരിത്രം കേൾക്കുന്നതിനു് ആഗ്രഹം

കറഞ്ഞുഭീതിപ്രസരിച്ച സമ്മദം-
നിറഞ്ഞുപോകും സഹചാരിയോടവൻ
തുറന്നുചൊല്ലാത്ത ലസത്വമോട്ടുടൻ
പറഞ്ഞു കാരാഗൃഹമുക്തിദായകൻ. ൧൨

മഹാമതേ! പ്രത്യുപകാരവാഞ്ഛയാ
സഹായമേവം തവ ചെയ്തതല്ല ഞാൻ
സ്പൃഹാധികം മേലുളവായിടും ഭവൽ-
സഹാഗതോദന്തവിശേഷബോധനം. ൧൩

പ്രയത്നമില്ലാതെനടത്തി ബന്ധനാ-
ലയത്തിൽ നിന്നിത്തവമുക്തി സാമ്പ്രതം
വിയൽപ്പയോദത്തിനു കാൺമൂ ചാതകോ-
ച്ചയത്തിനേകും ജലദാനവൈഭവം. ൧൪

പ്രണയനിധികളേവം യാത്രചെയ്തീടവേ,
കണ്ണിണ സരസമയച്ചാലെത്തിടുംമട്ടു ദൂരെ
തുണ്ണമനസിനിനച്ചി ട്ടാദരത്തോടു നേരി-
ട്ടുണയുമൊരു മഹീദേവാഢ്യനെക്കണ്ടു വേഗം. ൧൫

അക്കാണുംമിത്രരത്നം ക്ഷിതിസുരനധുനാ
    വേണ്ട കൃത്യംനടത്തും
തൽക്കാലംഞാൻഗമിച്ചീടില്ല, അതുകരുതേ-
    ണ്ടല്ല നാൾക്കുള്ളിലെത്തും
നിൽക്കാതങ്ങോട്ടുപോക പ്രിയസഖ! വിശയം
    വേണ്ട, രക്ഷിയ്ക്കുമെന്നായ്-
ത്തൽക്കത്തും ചൊല്ലിയാത്രാകുതുകവിവശനായ്-
    പ്പോയി ബൌലൻ വിശൃംഖലൻ. ൧൬

---

൧൨. കാരാഗൃഹമുക്തിദായകൻ=ജയിലിൽനിന്നും ഇറക്കി വിട്ടവൻ (മഹമ്മദൻ)
൧൩. ഭവൽസഹാഗതൻ=അങ്ങയുടെ കൂടെ വന്നവൻ. ഉദന്തവിശേഷബോധനം=വൃത്താന്തപരിജ്ഞാനം.
൧൪. ബന്ധനാലയം=ജയിൽ. മുക്തി=വിടുതൽ. പയോദം=മേഘം. ചാതകം=വേഴാമ്പൽ. ഉച്ചയം=സമൂഹം.
൧൫. തുണ=രക്ഷ. മഹീദേവാഢ്യൻ=ബ്രാഹ്മണശ്രേഷ്ഠൻ.
൧൬. ക്ഷിതിസുരൻ=ബ്രാഹ്മണൻ. വിശയം=സംശയം

അഞ്ചാം സർഗ്ഗം സമാപ്തം.

# ആറാം സർഗ്ഗം.

---

സിന്ധു, നിമ്നഗ, ഫലാദിവൃദ്ധിയാൽ-
ബ്ബന്ധുരംവിടപി, ഗോഗണം, സദാ
കിന്ധുരീണവചനം; സമസ്തസൽ-
ബ്ബന്ധുതാ, നിവകണക്കെ, സജ്ജനം. ൧

വ്യോമമാർഗ്ഗമഖിലം ചരിച്ചിട്ടും
ധൂമയോനി ജലവർഷണത്തിനാൽ
ക്ഷേമമാക്കുമരമേകിടുന്നു, സൽ-
പ്രേമവാരിനിധി മിത്രവും തഥാ. ൨

കൈകളത്തനുവിനെന്നപോൽ, മിഴി-
യ്ക്കേകമാ മിമകളെന്നപോലവെ,
ശ്രീകരോപകൃതി ചെയ്യുമേവ ന-
സ്തോകമിത്ര മവനിധരിത്രിയിൽ. ൩

പാതികൾ ഉരു ദർപ്പണോല്ലസൽ-
പ്പാതിയാം നിഴലുപോൽ പ്പകർന്നിടും
പ്രീതിവായ്പു മതിമാലുമേവ്നിൽ
ഖ്യാതിമെത്തിന സുഹൃത്തുതാനവൻ. ൪

മിത്രലക്ഷണ മിവണ്ണമൊത്തസൽ-
ഗ്ഗോത്രജാതനൊരു മേദിനീസുരൻ
സൂത്രമായ് ത്തടവുചാടിവന്നിടും
നേത്രഗോചരനു കൂട്ടുകാരനായ്. ൫

---

൧. സിന്ധു=സമുദ്രം. നിമ്നഗ=നദി. ബന്ധുരം=മനോഹരം. ഗോഗണം=പശുസമൂഹം. ധുരീണവചനം=ഭാരവാഹിയുടെ വാക്ക്. കിം=എന്തിനു്.

൨. വ്യോമം=ആകാശം. ധൂമയോനി=കാർമേഘം.

൩. ശ്രീകരോപകൃതി=ഐശ്വര്യകാരണമായ ഉപകാരം. അനസ്തോകമിത്രം=ഉറ്റബന്ധു.

൪. ദർപ്പണോല്ലസൽപാതി=കണ്ണാടിയിൽ പ്രതിഫലിക്കുന്ന. ഖ്യാതിമെത്തിന=കീർത്തിപ്പെട്ട

൫. സൽഗോത്രജാതൻ=സൽക്കുലപ്രസൂതൻ. മേദിനീസുരൻ=ബ്രാഹ്മണൻ. നേത്രഗോചരൻ=കണ്ണിനുവിഷയമായവൻ.

മുണ്ടുടുപ്പു, ശിഖകെട്ടിവച്ചു, കൺ-
കൊണ്ടുസാത്വികഗുണപ്രദർശനം,
തണ്ടുലേശമറിയാത്ത നല്ലഹൃ-
ത്തുണ്ടു, ഗൌരമുപവീതതല്ലജം. ൬

ചന്ദനക്കുറി, വിഭൂതിലേപനം,
സുന്ദരംഘുസൃണചിത്രകോത്തമം,
മന്ദഹാസ, മിവകൊണ്ടു കൈരളീ-
വന്ദനീയസുരനെന്നു തോന്നിടും. ൭

പ്രീതചിത്തനവനീസുരൻ സമുൽ-
ഭൂതമൈത്രിയിലുരച്ചു സത്വരം;
ഭൂതലത്തിലൊരുവേള്ച വന്നിടാൻ
സ്ഫീതമാധുരിവചസ്സു കാരണം. ൮

പൗരസഞ്ചയമണഞ്ഞു ബാഹ്യസ-
ഞ്ചാരഹീന മതിഗാഢനിദ്രയിൽ
ഘോരമാമിരവുപാതിയായി, ഗം-
ഭീരമെങ്കിലു മുരച്ചനിൽക്കൊലാ. ൯

വേഗമീസ്ഥലി വെടിഞ്ഞുപോകണം
സ്വാഗതം തവമുറയ്ക്കുചൊല്ലിടാം
ആഗമിയ്ക്കു ജവമെന്നു ശർവരീ-
ഭാഗദേവനരചെയ്തു മണ്ടിനാൻ. ൧൦

മുത്തനല്പമകതാരിലാർന്നുപൂ-
ണ്ടുത്തമപ്രകൃതി മുക്തബന്ധനൻ
മത്തപോലെ നടകൊണ്ടിടും സുഹൃൽ
സത്തമൻെറ വഴിയേഗമിച്ചുപോൽ. ൧൧

---

൬. ഉപവീതതല്ലജം=പ്രശസ്തമായ പൂണൂനൂൽ.
൭. വിഭൂതിലേപനം=ഭസ്മധാരണം. ഘുസൃണചിത്രകം=കുങ്കുമപ്പൊട്ട്.
൧൦. ശർവരീഭാഗദേവൻ=ഭൂദേവൻ
൧൧. മുക്തബന്ധനൻ=തടവുവിട്ടവൻ.

വാലുപൊക്കി രയമോടിടും ഹയം-
പോലു മൊപ്പമണയാത്തമട്ടിലായ്
നാലുനല്വ മതിദൂരമെത്തിനാർ
ചേലുറച്ച പുരിവിട്ടുരണ്ടുപേർ. ൧൨

ഭാസമാനമധികം ധരാസുരാ-
വാസഗേഹ മൊരുനിർജ്ജനസ്ഥലം
ദാസരെന്നപടി, മുക്തിദന്നെഴും-
ശാസനയ്ക്കവർ കരേറിസത്വരം. ൧൩

പ്രസ്തുതക്ഷിതിസുരാലയത്തിലെ
വസ്തുതത്വമറിയുന്ന താരുവാൻ
അസ്തുമക്ഷിക, വിഡാലമെങ്കിലും,
നിസ്തുലം ജനവിഹീന മാസ്ഥലം. ൧൪

ലൂതവന്നു കുടിവെച്ചു ജാലക-
വ്രാതബന്ധന മണച്ചിടാത്തപോൽ
ഭൂതലത്രിദശപൂരുഷദ്വയം
ജാതവൃദ്ധത വഹിച്ചുപാർപ്പതേ. ൧൫

തത്രതൽ പ്രഘണഭൂഷണം പരം
ചിത്രമു ണ്ടരിയവിഷ്ടരദ്വയം
മിത്രയുഗ്മ മതലങ്കരിച്ചു; തൽ-
ഗോത്രതൻസുര നരച്ച ഭംഗിയിൽ. ൧൬

---

൧൨. ഹയം=കുതിര. നല്വം=നാനൂറുകോൽ നീളമുള്ള സ്ഥലം.

൧൩. ധരാസുരാവാസഗേഹം=ബ്രാഹ്മണാലയം. മുക്തിദൻ=ജയിലിൽ നിന്നും വിട്ടുതൽ നൽകിയവൻ.

൧൪. പ്രസ്തുതം=പ്രകൃതം (ഇത) അസ്തു=ഭവിക്കട്ടെ. മക്ഷിക=ഈച്ച. വിഡാലം=പൂച്ച.

൧൫. ലൂത=ചിലന്തി. ജാലകം=വല. ഭൂതലത്രിദശപൂരുഷദ്വയം=രണ്ടുബ്രാഹ്മണർ.

൧൬. പ്രഘണം=വരാന്ത. വിഷ്ടരം=ആസനം (പീഠം)

ആദ്യ മാശയബഹുത്വപേശലം
പദ്യമാപ്പട്ടുകവീന്ദ്രനെന്നപോൽ
ഹൃദ്യവാൎത്ത, ഹൃദയാലുസഞ്ചയാ-
സ്വാദ്യമോതി രസമേകുവൻ തവ. ൪൭

മട്ടിടഞ്ഞമൊഴിനിൻ കൃശാംഗിയും-
പ്പെട്ടിരുന്നു കഠിനം വിപത്തിലും
നാട്ടിലുള്ള സതിമാൎക്കു മാതൃകാ-
മട്ടിലുത്തമ വസിച്ചിടുന്നുതേ. ൪൮

ഹേവയസ്യ! തവ വിപ്രയോഗജം
കേവലംവ്യസന മൊന്നുമാത്രമേ
നീവരിച്ചുമണിയൂ സാമ്പ്രതം
കൈവരാതിതരദുഃഖ മല്പവും. ൪൯

നീലനേത്ര നിതരാംവിപത്തിനാൽ
മാലണഞ്ഞകഥ കേട്ടമാത്രയിൽ
ലോലനായപതി ദൃക്പയഃപൃഷൽ
ജാലസിക്തതനുവായ് ച്ചമഞ്ഞുതേ. ൫൦

പന്തുതോററമുലയാൾക്കു തക്കതാ-
യെന്തുദുൎദ്ദശ ഭവിച്ചു നിഷ്ഠുരം
രന്തുകാമനുപകണ്ഠമെത്തി, ത-
ന്മന്തുകൎമ്മ മവനാചരിച്ചുവോ? ൫൧

---

൪൭. ആശയം=ഉല്ലേഖം. ഹൃദയാലു=സഹൃദയൻ.

൪൮. വിപത്തു്=ആപത്തു്. മാതൃകാമട്ടിൽ=കണ്ടുപഠിക്കത്തക്ക നിലയിൽ.

൪൯. വയസ്യ=മിത്രമേ. വിപ്രയോഗം=വിരഹം. സാമ്പ്രതം=ഇപ്പോൾ.

൫൦. നിതരാം=ഏററവും. ലോലൻ=അനുരക്തൻ. ദൃക്പയഃ=പൃഷൽജാലസിക്തതനുവായ്=കണ്ണുനീരിൽകുളിച്ചവൻ.

൫൧. രന്തുകാമൻ=ക്രീഡാസക്തൻ. ഉപകണ്ഠം=സമീപം. മന്തു=അപരാധം.

ദിഷ്ടദോഷമധികം ഗ്ഗുണപ്രജ്ഞോൽ
കൃഷ്ടയായമമ ജീവനാഥയെ
കഷ്ട!മങ്ങെവിടെവച്ചുകണ്ടു സു-
സ്പഷ്ടമക്കഥ പറഞ്ഞിടേണമേ. ൰൧

ഇത്തരംസുമതി ജീവനായികാ-
വൃത്തലോലുപ നരച്ചിടുംവിധൌ
സത്തമൻ ക്ഷിതിസുരൻ കഥിച്ചുതാ-
നത്താം പ്രചുരസമ്മദോത്തരം. ൰൨

നിങ്കലുൾ പ്രിയമിയന്നിട്ടും മഹാൻ-
തങ്കലാന്നതിമനോജ്ഞവാർത്ത ഞാൻ,
സങ്കഥിച്ചതിനശേഷ,മോതിടാം,
തിങ്കൾനേർമുഖികലന്ന സങ്കടം. ൰൩

കേൾക്കുന്നപരിണാമഗ്ഗുപ്തിയിൽ-
പ്പാടവം പരമെഴുന്നസൽക്കവി
നാടകത്തിനുകഥിപ്പു തൽകഥോൽ-
ഗ്ഘാടനാർത്ഥമൊരു പൂർവ്വമംഗവും. ൰൪

രാജമാനഭുജവീര്യശാലിസ-
ദ്രാജപുത്രനൃപവർഗ്ഗ്യ നാമഹാൻ
പൂജനീയമതി, ബന്ധുമുക്തിനി-
ർവ്യാജഹാർദ്ദനവനേകി വിശ്രുതൻ. ൰൫

---

൰൧. ദിഷ്ടദോഷം=ഭാഗ്യദോഷം.

൰൨. ജീവനായികാവൃത്തലോലുപൻ=ഭാര്യയുടെ ചരിത്രം കേൾക്കാൻ കൌതുകമുള്ളവൻ.

൰൪. പരിണാമഗുപ്തി=നാടകകർത്താക്കന്മാർ വായനക്കാർക്ക് കൌതുകം ജനിപ്പിക്കുന്നതിനു കഥയുടെ മർമ്മം വെളിപ്പെടുത്താതെ അവസാനംവരെ ജിജ്ഞാസയെ വർദ്ധിപ്പിച്ചുകൊണ്ടു പോകുന്ന കൌശലം പൂർവ്വം അംഗം=പൂർവ്വാംഗം ഇവിടെ വിഷ്കംഭം പ്രതിപാദ്യങ്ങളായ കഥാഭാഗങ്ങളെ വിചാരിക്കേണ്ടതുകൊണ്ട് അവയുടെ തമ്മിലുള്ള സംബന്ധത്തെ വെളിപ്പെടുത്തുന്നതിനാണ് പൂർവ്വാംഗം ചേർക്കുന്നതു്. വൃദ്ധകനായ മഹാന്റെ ചരിത്രകഥനം മങ്കയുടെ സങ്കടം സങ്കഥിക്കുന്നതിനു പൂർവ്വാംഗമായി നിൽക്കുന്നു എന്നുഭാവം.

൰൫. രാജപുത്രനൃപവർഗ്ഗ്യൻ=രാജപുത്രരാജാക്കന്മാരുടെ വർഗ്ഗത്തിൽപ്പെട്ടവൻ.

ഗോത്ര കാത്തുവരവേ, സമഗ്രസൽ-
ക്ഷാത്രധർമ്മനവനീശതക്രതു
ശാത്രവോൽക്കരമണഞ്ഞു, വഞ്ചനാ
സൂത്രവേദി സമരം നടത്തിഹാ! ൨൭

മന്നവന്നുടയ യുദ്ധവീരരോ-
ടന്നുചേർന്ന ലഘുയോധനാണുഞാൻ
ഖിന്നരായ് മരുവി ഞങ്ങളേററമ-
ച്ഛിന്നദുർവ്വിധിവിരോധശക്തിയാൽ. ൨൮

തല്പരാവലി മടങ്ങിസന്ധ്യയിൽ
തല്പരാത്ഥന മറിഞ്ഞുചെയ്യവേ
മല്പതിയ്ക്കു കൃപതോന്നി, സമ്മതി-
ച്ചില്ലകാല! മതിനിദ്രചെയ്യതേ. ൨൯

വൈരിഘോരശരപാതമേററു തൽ-
പ്പാരിനീശ നപജീവനെന്നുതാൻ
ഭൂരിവിക്രമരിപുക്കളും വ്യഥാ-
പൂരിതാശയരുറച്ചു ഞങ്ങളും. ൩൦

വിഗ്രഹത്തി ലസുവററയോധർതൻ-
വിഗ്രഹം മറവുചെയ്തിട്ടനാർ
ഉഗ്രകായരവർ കൊണ്ടുപോയതിൽ
വ്യഗ്രഭൂപതനു വൃഢപ്പെട്ടുത്തിനാർ. ൩൧

പ്രേതസംസ്കൃതി നടത്തിടുന്ന സ-
ങ്കേതഭൂമിയിലണഞ്ഞിടുംവിധൗ
ചേതനപ്പിറവിവന്നു ബോധമുൾ-
ബ്ഭൂതമായി നൃപതിക്കു നിർഭരം. ൩൨

---

൨൭. ഗോത്ര=ഭൂമി. അവനീശതക്രതു=രാജാവു്.
൨൯. തല്പരാവലി=അദ്ദേഹത്തിന്റെ ശത്രുസമൂഹം. തൽപരാത്ഥനം=സശ്രദ്ധമപേക്ഷ. മല്പതി=എന്റെനാഥൻ.
൩൦. അപജീവൻ=മൃതൻ.
൩൧. വിഗ്രഹം=യുദ്ധം, ശരീരം
൩൨. പ്രേതസംസ്കൃതി=ശവസംസ്കാരം

പക്ഷമററ വിഹഗം കണക്കെ, മൽ-
ല്പക്ഷപാതി നൃപൻ ശയിക്കവേ
ദക്ഷനാമൊരു യുവാവണഞ്ഞു ത-
ദ്രക്ഷണത്തിനു കൃതജ്ഞനുത്തമൻ. ൩൩

പങ്കമററ പതിഭക്തനാകുമ-
ക്കിങ്കരൻ ജവമെടുത്തു പാണിയാൽ
ശങ്കവിട്ടഥ തദീയമന്ദിരം-
ത്തിങ്കലാക്കി നൃപരക്ഷ ചെയ്തുതേ. ൩൪

അല്ലലെത്രയുമസാദ്ധ്യമായ് ധരാ-
വല്ലഭന്നു പിടിപെട്ടുവെങ്കിലും
നല്ലവണ്ണമതു നീങ്ങിവന്നു, വെ-
ന്നല്ല ദേഹബലവും തപസ്സിനാൽ. ൩൫

കണ്ടിവാർകുഴലി തന്റെ പുത്രിയെ-
ക്കണ്ടിടാത്തതിലുദിച്ച സങ്കടം
പണ്ടിളാധവനു വാച്ചിരുന്നു ഏ-
ത്തണ്ടി,ലായതവൻനീക്കി സാമ്പ്രതം. ൩൬

ആശയത്തിലളവററെഴും ദ്വിഷ-
ന്നാശകാസ്ത്രവരമന്ത്രശക്തിയാൽ
ആ ശമപ്രസിതനെത്തി വൈത്തപം-
ദേശേ മല്പ്പട്ടുകിരീടിയെന്നപോൽ. ൩൭

ദൈവകല്പന തടുത്തു നില്പതി-
നാവതില്ലതു നിനച്ചു ബുദ്ധിമാൻ
ഭൂവരൻ ക്ഷിതി ധനാദി സൎവ്വവും
കേവലം കരുതി ശഷ്പമെന്നുതാൻ. ൩൮

---

൩൩. പക്ഷം=ചിറക്. മൽപക്ഷപാതി=എന്റെസ്നേഹിതൻ.
൩൪. പങ്കം=പാപം. തദീയമന്ദിരം=അവന്റെ ഭവനം.
൩൬. ഇളാധവൻ=ഭൂപതി. സാമ്പ്രതം=ഇപ്പോൾ
൩൭. ശമപ്രസിതൻ=ശമതല്പരൻ, (ശാന്തൻ) വൈത്തപംദേശം=വടക്കേദിക്ക്. കിരീടി=അൎജ്ജുനൻ.
൩൮. ശഷ്പം=തൃണം.

പാൎത്ഥനൊപ്പമൊരുസിദ്ധനേ വഴി-
യ്യൂൎത്ഥസിദ്ധിഗുരുവാക്കി മുന്നമേ
സ്വാൎത്ഥബുദ്ധി നിരസിച്ചു ഭൂമിഭൃൽ
സാൎത്ഥമൌലി തരസാ വരിച്ചുതേ. ൯൯

സിദ്ധവൎയ്യമഹിതോപദേശവാക്ക-
ബദ്ധ കങ്കണ നിളാവലാഹിതൻ
"സിദ്ധകാനന" മണഞ്ഞു പൂൎണ്ണസ-
ന്നദ്ധ നൂൎജ്ജിതതപസ്സു ചെയ്യുവാൻ. ൱

ഉഗ്രകാനന മഹാതപോവിധി-
യ്യാഗ്രഹിച്ചതുമുതൽക്ക ഭൂമിപൻ
വ്യഗ്രഭാവരഹിതം തപസ്വിത-
ന്നഗ്രഗാമിപദമാശ്രയിച്ചുതേ. ൱൧

മാനമോടഥ തപം ചരിച്ചിടും-
ജ്ഞാനവാനുടയ ശിഷ്യനാകുവാൻ
ജ്ഞാനപേക്ഷ വിരവോടു ചെയ്കയാൽ
ന്യൂന മപ്പദമെനിയ്ക്കു ലബ്ധമായ്. ൱൨

ആ മഹാനവിടെ വെച്ചു താവക-
പ്രേമഭാജനസരോജനേത്രയെ
ശ്രീമദക്ഷിയുഗലക്ഷ്യയാക്കി നി-
സ്സീമവിസ്മയവിചാരകൌതുകം. ൱൩

താമരാക്ഷി സദനത്തിൽ വാഴ്കെ യാ-
ക്കാമമൂഢനരിസൈന്യനായകൻ
പാമരോക്തികൾ കടന്നു ചൊൽകയാ-
ലോമലാളുട നൊളിച്ചു മണ്ടിനാൾ. ൱൪

---

൯൯. ഭൂമിഭൃൽസാൎത്ഥമൌലി=രാജശ്രേഷ്ഠൻ.

൱. സിദ്ധവൎയ്യ.....കങ്കണൻ=യോഗീശ്വരന്റെ സദുപദേശത്തിൽ തല്പരൻ.

൱൨. അപ്പദം=ആ ശിഷ്യസ്ഥാനം. ലബ്ധം=കിട്ടി.

൱൩. താവകപ്രേമഭാജനസരോജനേത്ര=ഭവൽപ്രിയതമ.

൱൪. അരിസൈന്യനായകൻ=ശത്രുസേനാനായകൻ, ഗുലാംഖാൻ എന്ന മഹമ്മദൻ.

ക്ഷേമലാഭപേരി ചിന്തയിൽ ബ്ഭവ-
ദ്വാമലോചന വലഞ്ഞുപോകവേ
രാമ! രാമ!! വഴിതെററിവന്നതേ
മാമകീന വനമദ്ധ്യഭൂമിയിൽ. ൪൫

മല്ലനേർമിഴി കുഴങ്ങിവാച്ചിട്ട-
ന്നല്ലലോട്ട വിലപിച്ചിടും വിധൗ
അല്ലതിൽ, കൃപകലന്നമേദിനീ-
വല്ലഭൻമുനി സമീപമെത്തിനാൻ. ൪൬

ആശ്രയാശവളരും ഭവൽപ്രിയ-
യ്ക്കാ,ശ്രമാവനവിധാനധുർവ്വഹൻ
സ്വാശ്രയപ്രകടബുദ്ധി മൽഗ്ഗുരു
സ്വാശ്രമേ ഭൂശമ ഭീതി നൽകിനാൻ. ൪൭

താവകീനവിധിദോഷദുർഗ്ഗശാ
ജീവനസ്ഥിതിയു മാത്മവൃത്തവും
കൈവണങ്ങി ഗുരുനാഥനോട്ട രാ-
ജീവനേത്ര വിലപിച്ചുചൊല്ലിനാൾ. ൪൮

സൂത്രശാലിഗുരു പുണ്ഡരീകനേർ-
നേത്ര താപമുരചെയ്യുകേട്ടതിൽ
മിത്രബന്ധന വിമുക്തിവാഞ്ഛയാ
യാത്രചെയ്യു ദലശാല വിട്ടരം. ൪൯

---

൪൫. ഭവദ്വാമലോചന=അവിടത്തെ ഭാര്യ. മാമകീനയിൽ.. =നമ്മുടെസിദ്ധവനത്തിൽ.

൪൬. അല്ലതിൽ=രാത്രിയിൽ.

൪൭. ആശ്രമാവനവിധാനധുർവ്വഹൻ=നിഷ്പ്രയാസം രക്ഷിച്ചവൻ. അഭീതി=അഭയം.

൪൮. താവകീ.. ...സ്ഥിതിയും=ഭാഗ്യദോഷത്താൽ അങ്ങു കഷ്ടപ്പെട്ടു കഴിഞ്ഞുകൂടന്നതും. ആത്മവൃത്തം=തന്റെ ചരിത്രം.

൪൯. മിത്രബന്ധനവിമുക്തിവാഞ്ഛ=ബന്ധുവിനെ തടവിൽനിന്നും വിടുവിക്കുന്നതിനുള്ള ആശ. ദലശാല=ആശ്രമം,

പാതിമാസമതിനൊട്ടുമുൻപു നൽ-
ഖ്യാതികോലു മഭിമാനി ദേശികൻ
ജ്ഞാതിയാം തവ വിമോചനത്തിനായ്
ഭീതിയെന്നിയെ തുറുങ്കിലെത്തിനാൻ. ൩൦

അപ്രമേയമുനിരൂപ മാദരാ-
ല പ്രമത്തമതിവിട്ടു നിർഭരം
ദീപ്രബൌദ്ധവടിവാർന്നുകൊണ്ടഹോ
ക്ഷിപ്രമെൻഗുരുചരിച്ചുശ്രദ്ധമായ്. ൩൧

വാരമേകമറിയാതെ ബന്ധനാ-
ഗാരധുര്യവരദാസനെന്നപോൽ
സ്വൈരമോട്ടുനിവസിച്ചു വിക്രമോ-
ദാരചിത്രചരിതൻ മഹാശയൻ. ൩൨

വന്നകാര്യ മചിരേണ സാദ്ധ്യമാ-
കുന്നതിന്നു കരുതീട്ടു സന്ധ്യയിൽ
ഇന്നലെൻഗുരു സുരാതിസംഗ്രഹോ-
ല്പന്നബുദ്ധി വിപണിക്കുപോയി ഹാ. ൩൩

കൂട്ടുകാർക്കു മമ ദേശികോത്തമൻ
കൂട്ടുചേർത്തസുര വാങ്ങിനൽകിനാൻ
മട്ടുമാറി നിതരാം സ്വബുദ്ധികൈ-
വിട്ടു താഴെനിപതിച്ചിടുന്നപോൽ. ൩൪

സാലതുംഗ,രവ,രാസവം ഗളോ-
ദ്വേലലഗ്നമധികം കുടിച്ചതിൽ
ചാലവേ ലഹരിവാച്ചുകേറി ഹാ!
തൈലവിന്ദു സലിലത്തിലെന്നപോൽ. ൩൫

---

൩൨. ബന്ധനാ.....ദാസൻ=ജയിൽസൂപ്രണ്ടിന്റെ ഭൃത്യൻ.

൩൩. സുര=മദ്യം. വിപണി=ഷാപ്പ്.

൩൫. ആസവം=കള്ള്. ഗളോദ്വേലലഗ്നം=കണ്ഠപ്രമാണം.

കയ്യണച്ചു ഭടനാഥനിൽത്തുലോം
പയ്യവേ മടിയിലുള്ള കുഞ്ചിക
ചെയ്യവേണ്ടതറിയാതെ മത്തനായ്-
ശയ്യപൂണ്ടങ്ങളെവെട്ടുത്തു മൽഗ്ഗുരു. ൪൬

ശേഷമുള്ളതവിടേയ്ക്കറിഞ്ഞിടാ-
മീഷലെന്തിനു പറഞ്ഞിടുന്നു ഞാൻ
ദോഷഹീനഗുരുകൃത്യശേഷമുൾ-
ത്തോഷമേകുമളവററു മേൽക്കുമേൽ. ൪൭

ആ മഹീസുരനുദന്തമുൽഗ്ഗത-
പ്രേമപൂൎവ്വമുരചെയ്തിടുംവിധൌ
ഭീമസിംഹതനയാധവൻ പരം
സാമവാക്കിലനുയുക്തിചെയ്തതേ. ൪൮

ഞാനശേഷമറിയുന്നതില്ല നിൻ-
മാനനീയഗുരുവേതുഭൂമിപൻ
മാനസത്തിലതു കേൾക്കുവാൻ പ്രിയം,
മൌനമൊട്ടതിനു വിഘ്നമാക്കൊലാ. ൪൯

ഏവമുത്തമസുഹൃത്തു ചൊൽകവേ
ഭാവഭേദകലുഷീകൃതാശയൻ
സാവധാനമതിനുത്തരം ധരാ-
ദേവനോതി സമയൌചിതീസ്ഫുടം. ൫൦

വെന്തിടുന്നതുവരയ്ക്കു താമസം
പൊന്തിനില്പതു സഹിക്കുമെങ്കിലോ
വന്തിടുക്കമതു ചൂടറുന്നതിൽ-
പ്പന്തിയല്ലൊരു ബുഭുൽസുവിന്നുമേൽ. ൫൧

---

൪൬. കുഞ്ചിക=താക്കോൽ.

൪൮. ഭീമസിംഹതനയാധവൻ=പ്രതാപസിംഹൻ. അനുയുക്തി=ചോദ്യം.

൫൧. ബുഭുൽസു=ഭക്ഷണമാശിച്ചു കാത്തിരിക്കുന്നവൻ.

ഇത്രയുംകഥ ഭവാനൊടോതുവാൻ-
മാത്രമാൎയ്യമഹനീയശാസനം
ചിത്രസച്ചരിതശേഷവും ഭവ-
ന്മിത്രമൗലി ഗുരുതന്നെ ചൊല്ലിടും. ൯൧

ഉള്ളതല്ല, ജഗദീശമായതൻ-
തള്ളലാൽ കൃതകമിച്ചരാചരം,
കള്ളമത്തലതുമട്ട സൗഖ്യമെ-
ന്നുള്ളതും മനുജമോഹനിൎമ്മിതം. ൯൨

പ്രത്യഹം നിഖിലവന്ദ്യനാൎക്കമേ
സ്തുത്യ,നുത്തമകൃപൈകഭാജനം
നിത്യമുജ്ഝിതസുഖാസുഖോദയൻ
സത്യമിജ്ജഗതി ദൈവമൊന്നുതാൻ. ൯൩

ഭൂരിനിസ്തുലമഹത്വമൊത്തു പേർ-
പാരിൽനട്ട ഗണനീയനംബരേ
ആരി, തൽ്‌വിധുശോളയുഗ്മകം
നേരിയന്നു നിലനിൎത്തിടുന്നതേ; ൯൪

നേൎക്കു നേത്രസുഖമേകിയാൎക്കമു-
ള്ളൊാൎക്കമുത്തമപദാൎത്ഥസഞ്ചയം
പാൎക്കുവാൻ പ്രിയമെഴുന്ന ഭൂതധാ-
ത്രിക്കു ചേൎത്തു വിളയിപ്പതാരുവാൻ. (യുഗ്മകം) ൯൫

തീരമേദിനി കവിഞ്ഞിടാതെ ത-
ണ്ണീരണച്ചു കടലിൽ പ്രപൂൎണ്ണമായ്
വാരണോചിതനിയന്ത്രണേച്ഛയാ-
ലാരടക്കി മഹിയെബ്ഭരിപ്പതും. ൯൬

---

൯൨. കൃതകം=കൃത്രിമം. ചരാചരം=പ്രപഞ്ചം. മനുജമോഹനിൎമ്മിതം=മനുഷ്യരുടെ അജ്ഞാനത്താൽ നിൎമ്മിക്കപ്പെട്ടതു്.
൯൫. ഭൂതധാത്രി=ഭൂമി.

അമ്മഹാനഖിലഹേതു ദൈവവും
നമ്മളും സഹജബന്ധമുള്ളവർ,
സമ്മതം ജഗതി സൂര്യകാന്തവും
നിർമ്മലം ലയമയസ്സിലാർന്നിടും. ൮

ഭൂരിമായയിലടിഞ്ഞു വാണിടു-
ന്നോരിലില്ല ജഗദീശബന്ധവും;
വാരിചേർന്ന ചെളിയിൽ കിടന്നിടും
കാരിരുമ്പിലകലുന്നു കാന്തവും. ൯

ജീവിതത്തിലനുതാപമീശ്വരോ-
ത്ഭാവിസൗഖ്യമനുയാച്ഞ രണ്ടുതാൻ
അവിരളാശ്രുസലിലത്തിലാണ്ടിടു-
ന്നാ,വിരക്തനുടെ പങ്കമാററുവാൻ. ൧൦

പങ്കമററനരനെപ്പരാപരൻ
തങ്കലാക്കുമതിന്നില്ല സംശയം;
ശങ്കയെന്നിയെ വിശുദ്ധലോഹമോ-
ടങ്കപാളിക ധരിപ്പു കാന്തവും. ൧൧

ദൈവവൈഭവവിചാരമുള്ളവൻ
കേവലം മനസി വാച്ചഭക്തിയാൽ
ഹാ വളർന്ന ഭവവാർദ്ധിയിൽക്കിട-
ന്നാവലാതിപിടിപെട്ടുഴന്നിടാ. ൧൨

വിണ്ണവർക്കുമുടയോൻ ഗുണാവലി-
യ്യെണ്ണമററവനളിച്ചകാരണം;
തിണ്ണമിജ്ജഗതി ജീവിതം നരർ-
ക്കെ,ണ്ണയെന്നിയെ വിളക്കുകത്തുമോ? ൧൩

---

൮. അയസ്സ്=ഇരുമ്പ്.
൧൦. അനുതാപം=പശ്ചാത്താപം. സൗഖ്യമനു=സൗഖ്യത്തെക്കുറിച്ച്. അവിരളാശ്രുസലിലം=ഉണ്ടായ കണ്ണുനീര്.

൧൧. അങ്കപാളിക=ആലിംഗനം, അത്യന്തബന്ധം.
൧൨. ഭവാർദ്ധി=സംസാരസമുദ്രം.

ചിത്തം തെളിഞ്ഞു ധരണീസുരനോതി മിത്ര-
മൊത്തങ്ങുപാർത്തു നിജദേശികദർശനാർത്ഥി;
മൂത്തഞ്ചിടുന്നവർ കുളിച്ചുഭുജിച്ചു നാലു-
പത്തല്ല പത്തുദിനവും സഹസാ നയിച്ചു. ൫൰

അറാം സർഗ്ഗം സമാപ്തം.

---

## ഏഴാം സർഗ്ഗം.

---

ചൊല്ലണിപ്പുതുഗുണങ്ങളിണങ്ങീ-
ട്ടുല്ലസൽസിതഘനാംബരഭംഗി
ഫുല്ലനീലജലജാക്ഷി ശരത്താം-
മല്ലനേർമിഴി വിളങ്ങി നികാമം. ൧

തച്ചിട്ടുചേർന്നു സിതപക്ഷികുലം കൈ-
വിട്ടുപോകിലുമമർത്ത്യപഥത്തിൽ
ഒട്ടു കൃത്രിമഗുണപ്രഭചേർക്കും-
മട്ടു ചാരുതരവസ്തുവിനില്ല. ൨

ആനനം വെളുവെളുത്തു ചമഞ്ഞു
മ്ലാനപാണ്ഡുരപയോധരമൊപ്പം;
താനവം വിലസി ദിക്കുലനാരി-
യ്ക്കൂനമററു ഘനകാന്തവിയോഗേ. ൩

---

൧. ഘനം=ശ്രേഷ്ഠം, മേഘമെന്നും അംബരം=വസ്ത്രം, ആകാശമെന്നും.

൨. തച്ചിട്ട്=കാന്തി. അമർത്ത്യപഥം=ആകാശം.

൩. മ്ലാനം=ശുഷ്കിച്ച. പയോധരം=മേഘം, സ്തനമെന്നും. താനവം=കാർശ്യം. വിയോഗേ=വിരഹത്തിൽ.

കേട്ടു വർഷവരമൃത്യു, വിശേഷി-
ച്ചെട്ടുദിക്കുലവധുക്ക, ളറുത്തു
കെട്ടുമിന്ന, ലണികാർമുടിനീക്ക-
പ്പെട്ടു, വെള്ളവസനങ്ങളണിഞ്ഞു. ൪

രാജഹംസവരയാത്ര നിനച്ചീ-
രാജമാർഗ്ഗപരിശുദ്ധി വരുത്താൻ
ഹാ ജഗൽസ്ഥലി ചരിച്ചുവരുന്നു
രാജശാസനകരൻ പവമാനൻ. ൫

ദൂരെയാക്കിയഥ ബർഹിനിനാദം
പേരെഴുന്ന വരഹംസരുതത്തിൽ
നേരെവാച്ചു ജനമുത്തു; ഗുണാഢ്യ-
ന്മാരെ വേഗമെതിരേററിടുമാരും. ൬

ചീർത്തഹംസമൊടുതോററ ശിഖാട്ട-
ധൂർത്തനുള്ള തനുവൊട്ടു ചടച്ചു;
പാർത്തലത്തിലരിഭംഗമസഹ്യം
കൂർത്തബാണമുന യേല്പതിലും താൻ. ൭

ജംഗമദ്രുമമിളക്കിമറിയ്ക്കും
തുംഗബാഹുലമതംഗജമെത്തി
ഭംഗമേകുമരമെന്നറിയിയ്ക്കാൻ
സംഗമിച്ചു വിഷമച്ഛദവായു. ൮

---

൪. വർഷവരമൃത്യു=വർഷകാലമാകുന്ന ഭർത്താവിന്റെ മരണം. കെട്ടുമിന്നലാകുന്ന മുടികളഴിക്കുക, വെള്ളവസ്ത്രം, ധരിക്ക മുതലായ വിധവാകൃത്യം ദിക്കുകൾ നടത്തി.

൫. രാജമാർഗ്ഗം=റോഡ്, ആകാശമെന്നും

൬. ബർഹി=മയിൽ. പവമാനൻ=വായു.

൭. ശിഖാട്ടധൂർത്തൻ=മയിലാകുന്ന വഞ്ചകൻ.

൮. ബാഹുലം=കാർത്തികമാസം. വിഷമച്ഛദം=ഏഴിലംപാല

ഇച്ചരാചരബലാബലമേകാൻ
വാച്ചശക്തി സമയത്തിനതെന്നായ്
കച്ചരസ്വരമയൂരചുമേററം
മെച്ചമാണെന്നാരു മരാളവുമോതി. ൯

നല്ലയച്ച്വരുമെന്ന വിചാരാൽ
പുല്ലുപോൽക്കരുതി ശത്രുസമൂഹം
ചൊല്ലുകേൾപ്പവരിളാപ്രിയരാദ്യം
മല്ലുവെട്ടിനു സസൈന്യമിറങ്ങി. ൧൦

ഭേദഹീനകുശലോക്തികൾ വണ്ടിൻ-
നാദഭംഗിയിലുരച്ചു നിതാന്തം
മോദകണ്ടകിതപത്മിനി കണ്ടി-
ട്ടാദരിച്ചു ശരദാളിയെ വേഗം. ൧൧

ഉദ്യദച്ഛശതപത്രവിതാനം
മദ്യശാലയിലിണങ്ങി ലസിക്കേ
ഹൃദ്യമന്നനിരകണ്ടു, സജഗ്ധി-
യ്ക്കുദ്യമിച്ചു മധുപങ്ങൾ നിറഞ്ഞു. ൧൨

വേണ്ടമട്ടു രതിമർദ്ദനമേൽക്കും
കൊണ്ടൽവേണികൾകണക്കതിവേലം
നീണ്ടണഞ്ഞ തനുകാർശ്യവിലാസം-
കൊണ്ടഹോ നദികളാശു തെളിഞ്ഞു. ൧൩

ഹാ! തളർന്നു വസുഹാനിയിലഭ്ര-
വ്രാതമെന്നു കരുതീട്ടിനിമേലാൽ
സാതമെങ്ങിനെ ലഭിച്ചിടുമെന്നായ്
ച്ചാതകവ്രജനിയോജ്യരുഴന്നു. ൧൪

---

൯. കച്ചരസ്വരം=ഹീനസ്വരം.

൧൦. ഇളാപ്രിയർ=രാജാക്കന്മാർ.

൧൧. ശരദാളിയെ=ശരത്താകുന്ന സഖിയെ.

൧൨. ശതപത്രം=താമര, അനേകം ഇലകൾ എന്നും. അന്നം=അരയന്നം, ചോറു് എന്നും. സജഗ്ധി=സഹഭോജനം

൧൩. അതിവേലം=ഏററവും കാർശ്യം=ചടവു്. വിലാസം=ഭംഗി.

൧൪. വസു=ജലം, ധനമെന്നും. സാതം=സുഖം. നിയോജ്യർ=ഭൃത്യന്മാർ.

പങ്കജാവലി വിഭാകരതേജ-
സ്സിങ്കലുൾപ്രിയമുറച്ചു ലസിച്ചു
ശങ്കയെന്നിയെ വരാന്തികമെത്തും-
മങ്കമാരുടെ മുഖങ്ങൾ കണക്കെ. ൬൫

ഉള്ളകന്നുമരുവുംഹരിദാളി-
യ്ക്കുള്ള കാഴ്ചമുടിയുംപൊടി ചേറാൻ
കള്ളമൊത്തൊരുശരത്തു വിനോദ-
ത്തള്ളലിൽ പവനനേ നിയമിച്ചു. ൬൬

കാററടിച്ചുവഴി പത്മിനി മെയ്യിൽ-
ച്ചേററണിഞ്ഞ കുമുദപ്പൊടികാൺകേ
ഏററവും ക്ഷുഭിതപോലളിയേ ച്ഛോ-
ക്കററമട്ടു നിതരാം നിരസിച്ചു. ൬൭

തണ്ടുവാച്ചു നിജവല്ലഭ വൈരം-
പൂണ്ടു നാരികളകന്നു വസിയ്ക്കേ
വീണ്ടുമേ പതിയിലാശവളർത്തി-
ക്കൊണ്ടു സജ്ജകസുമങ്ങൾ വിളങ്ങി. ൬൮

ജ്ജീവനോടു മരുവീടണമെങ്കിൽ
ജീവനാഥനൊടു ചേരണമെന്നായ്
പാവനപ്രകൃതി, ഭാമിനിമാരിൽ
കൈവളർത്തി വിലസീ സ്ഥലപത്മം. ൬൯

വിശ്വവാസിജനസമ്മദമേവം
ശശ്വദേകിന ശരൽസ്സമയത്തിൽ
വിശ്വകർമ്മവരസാക്ഷി മഹാസ-
പ്താശ്വനെത്തി ഗഗനോർദ്ധ്വതലത്തിൽ. ൭൦

---

൬൬. ഹരിദാളി=ദിക്കാകുന്ന സഖി.
൬൭. ക്ഷുഭിത=കലഹാന്തരിത.
൬൮. സജ്ജകം=അസനം (വേങ്ങ)
൬൯. സ്ഥലപത്മം=രോസ്സാപ്പൂവു് (പനിനീർച്ചെമ്പകം.)
൭൦. മഹാസപ്താശ്വൻ=പ്രൌഢനായ സൂര്യൻ.

പ്രൌഢഭാനുകിരണാവലി തട്ടി-
ഗ്ഗാഢതാപമെഴുമദ്ധ്വഗസംഘം
ഊഢശൈത്യതരുമൂലതലാന്തർ-
ഗ്ഗൂഢവാസസുഖമാർന്നു കിടന്നു. ൨൧

വൈരിശത്രുവരവേ, രിപുവൈരം-
പാരിലാക്കുമകലും ക്ഷണമെന്നായ്
പൂരിതാതപവിഷണ്ണമയൂര-
ദ്വാരി, തപ്തഭുജഗസ്ഥിതികാട്ടി. ൨൨

ക്ഷീണകാമിനി ശയിച്ചിതു കാക്കൽ
ശോണപത്മമിഴി നിദ്രതലയ്ക്കും
പ്രാണനായിക നടുക്കു;മന്യനം
സ്ത്രീണരാഢ്യരുടെ ദക്ഷിണഭാവം. ൨൩

ചീർത്തശക്തിരവി ജീവനതാപം-
ചേർത്തവാറു ജലജന്തുകദംബം
ധൂർത്തകന്നാടിയിലെത്തി ജലത്തിൽ-
ത്തീർത്ത നൽപ്രതിമപോലെ വിളങ്ങി. ൨൪

രൂക്ഷഭാസ്കരസഹസ്രകരത്താൽ
ശിക്ഷയേറ്റു പരിതാപഭരത്തിൽ
പക്ഷമുള്ള വിഹഗങ്ങളശേഷം
വൃക്ഷകോടരനിരയ്ക്കു നിരന്നു. ൨൫

---

൨൧ അദ്ധ്വഗസംഘം=വഴിനടക്കുന്നവർ. ഊഢശൈത്യം=തണുപ്പുള്ള.

൨൨. മയൂരദ്വാരി=മയിൽ കിടക്കുന്ന സ്ഥലത്തിന്റെ വാതുക്കൽ

൨൩. ക്ഷീണകാമിനി=ക്ഷീണമാർന്ന ഭാര്യ. ശോണപത്മമിഴി=സുന്ദരി. ദക്ഷിണഭാവം=പല നായികമാരിലും വ്യത്യാസം കൂടാതെ അനുവർത്തനശീലം, (ദക്ഷിണനായകന്റെ അവസ്ഥ)

൨൪. ജീവനം=വെള്ളം.

൨൫. കോടരം=പൊത്തു്.

കർമ്മസാക്ഷികഠിനാതപമൂലം
മർമ്മമൊട്ടുപിളരും മൃഗരാജൻ
നിർമ്മദം മദകളഭ്രജഹിംസാ-
കർമ്മമുൽക്കടഭയേന വെടിഞ്ഞു. ൰൬

അർക്ക നഗ്രകിരണാവലി ദിക്കിൻ-
നേർക്കണച്ചുമരുവും സമയത്തിൽ
തർക്കമററു തുരഗപ്ലുതിനിത്തി-
ക്കക്കശസ്യദമിറങ്ങി മുനീന്ദ്രൻ. ൰൭

അത്തപോവരനണഞ്ഞതു മൈത്രി-
യ്യ്ളാത്തവാറു തനയാപ്രിയനേത്താൻ
ഏത്തടംതടവി വിപ്രഗൃഹത്തിൽ-
കാത്തശിഷ്യനുടെ സന്നിധിതന്നിൽ. ൰൮

ആ ദമാഢ്യമുനി, വന്നതുകണ്ടി-
ട്ടാദരിച്ചു ബഹുഭക്തിസമേതം
വേദവിൽ ദ്വിജവരൻ പ്രിയശിഷ്യൻ
പാദവന്ദനമടുത്തുനടത്തി. ൰൯

മാനനീയഗുരുതൻമുഖചന്ദ്രൻ-
താനടുത്തുദയമാന്നു ലസിക്കെ
ഊനമററു വരശിഷ്യനുഭക്ത്യാ-
ബ്ധ്യാനമാം കടൽ കവിഞ്ഞുകരേറി. ൨൰

ചേലിയന്നപടി യോഗിവരൻതൻ-
കാലിലെപ്പൊടി യണിഞ്ഞപുമാനിൽ
മൌലിതൊട്ടരമനുഗ്രഹമേകീ
മേലിലുത്തമസുഖം വരുമെന്നായ്. ൨൰൧

---

൰൬. മദകളഃ—മദിച്ച ആന.

൰൭. തുരഗപ്ലുതിഃ=കുതിരയുടെ ചാട്ടം. സ്യദം=വേഗം.

നീണ്ടുവാച്ചഗുരുഭക്തി, മനസ്സിൽ-
പ്പൂണ്ടു തൻസഹചരൻ, പ്രണമിയ്ക്കേ
വേണ്ടുമാക്രിയ വെടിഞ്ഞു തദാനീം
കണ്ടുനിന്നു ധരണീസുരബന്ധു. ൩൨

മാന്യനാരിവിടെവന്നു മഹാൻ സാ-
മാന്യനല്ലഭിചരാധികവന്ദ്യൻ
വന്യയോഗിവരനോ ജനമെന്നായ്
ധന്യശീലനു വിശങ്കജനിച്ചു. ൩൩

ആ ശമപ്രകൃതിയെ വിശയിച്ച-
ഭ്യാശസംഗതനവൻ നിവസിയ്ക്കേ
സംശയംകളയുവാൻ മുനിനേതാ-
വാശയത്തെളിവിലേവമുരച്ചു. ൩൪

ആഗതന്നു തവ മാനസതാരിൽ
സ്വാഗതംപറയുവാൻ മടിപാരം
ആ ഗരിഷ്ഠഭുജഗം വിഷധാരാ-
ഭാഗമേ വെളിയിലേയ്ക്കുവരുത്തൂ. ൩൫

കേവലം മമ മഹമ്മദവേഷം
ശ്രീവളർത്തുമിതി നീ കരുതുന്നോ
സേവതൊട്ടു ബഹുകർമ്മമെടുത്താൽ
കൈവരുന്നു പലഹേതുകളാക്കും. ൩൬

സ്നേഹമാർന്നു മുനിനാഥനിവണ്ണം
വ്യാഹരിച്ചു സദനത്തിലിരിയ്ക്കേ
ദേഹരക്ഷകഗുരൂത്തമനെന്ന-
ദ്ദേഹമോർത്തു വിനയാന്വിതമോതി. ൩൭

---

൩൨. തദാനീം=അപ്പോൾ.
൩൩. അഭിചരാധികവന്ദ്യൻ=കൂട്ടുകാരനാൽ നല്ലവണ്ണം വന്ദിക്കപ്പെട്ടവൻ.
൩൪. അഭ്യാശസംഗതൻ=അടുത്തുചെന്നവൻ.
൩൭. ദേഹ.....രൂത്തമൻ=ജയിലിൽനിന്നും ഇറക്കിരക്ഷിച്ചഗുരു.

വിപ്രരത്നമിവനാദരപൂർവ്വം
വിപ്രണാമമവിടയ്ക്കിഹ ചെയ്തേ
തൽപ്രഭാവമറിയാതെ വസിച്ചേൻ
ക്ഷിപ്രമപ്പിഴ പൊറുക്കണമിപ്പോൾ. ൯൮

നേരകന്ന ദനുജാളി ജനിയ്ക്കും-
നേരമക്കമതിഹിംസനടത്താൻ
സാരസാക്ഷനഴകോടു ധരിച്ചു
വീരമത്സ്യമുഖമാമവതാരം. ൯൯

ദോഷമില്ല സമയോചിതനാനാ-
വേഷമമ്പൊടു ധരിപ്പതിലൊട്ടും
ദോഷവേദിഹരി മോഹിനിയാം സ്ത്രീ-
ഭൂഷയായ് ഭ്രമമണച്ചു ഹരനും. ൱

നാകപൂർണ്ണസുഖമേതൊരുദേശം
സ്വീകരിച്ചു തവ സംഗതിമൂലം
ലോകമാന്യഗുണ! കാര്യവുമെന്തെ-
ന്നാകവേ പ്രതിവചിക്കുക വേഗം. ൱൧

പാരികാംക്ഷി നിജഭോജനശേഷം
ഭൂരികാര്യമുരചെയ്യുവനെന്നായ്
നേരിടുന്ന മിഴിയാൽ പ്രിയശിഷ്യ-
ന്മാരിലേകി സമയപ്രതിവാക്യം. ൱൨

ആ നരേന്ദ്രമുനി ചെന്നു സരസ്സിൽ-
സ്നാനമാശു വിധിപോലെ നടത്തി-
ധ്യാനമാന്നഥ ഭുജിച്ചു സമോദം
മൌനമുദ്ര രഭസേന വെടിഞ്ഞു. ൱൩

---

൯൮. വിപ്രണാമം=പ്രത്യേകിച്ചുള്ള നമസ്കാരം. തൽപ്രഭാവം=അങ്ങയുടെ മഹാത്മ്യം.

൯൯. ദനുജാളി=അസുരക്കൂട്ടം.

൱൧. നാകം=സ്വർഗ്ഗം. സംഗതി=ചേർച്ച.

൱൨. പാരികാംക്ഷി=മുനി. പ്രതിവാക്യം=മറുപടി.

ഭീമസിംഹധരണീരമണൻ ഞാൻ
മാമകീനതനയാധവ! കേൾക്ക
താമരാക്ഷി മകളാരിവനെന്നായ് -
പ്രേമപൂർവ്വമറിയാനുരചെയ്താൾ. ൪൭

അദ്ധരസ്ഥനിയൊടൊന്നു വദിച്ചേൻ
സിദ്ധകാനനതപോധനനെന്നായ്
ക്രുദ്ധശീലനിവനോതി ഭവാനിൽ-
ബ്ബദ്ധസഖ്യമൊട്ടു ഞാൻ നൃപനെന്നും. ൪൮

ഒത്തപോലരികൾ ചെയ്തരണത്തിൽ-
ച്ചത്തമട്ടു ബത ഞാൻ നിപതിയ്ക്കെ
ഇത്തരസ്വി തനുരക്ഷകനായീ
മത്തകാശിനി സുതയ്ക്കുമെനിയ്ക്കും. ൪൯

അയതായതമതേ! പുനരോതാം
പോയകാര്യമധുനാ പറയുന്നേൻ
ശ്രീയണിപ്രഥിത "ദില്ലി"യിലുർവ്വീ-
നായകേശ്വരനെഴും സ്ഥലമെത്തി. ൫൦

നീരമശ്മരമളവററിയലും കാ-
സാരമെന്നവിധവും, മരുഭൂവിൽ
താരകാനിവഹമദ്ധ്യതലത്തിൽ
കൈരവപ്രിയസുഹൃത്തുകണക്കും; ൫൧

നാളികേരതരു, വന്ധ്യമഹീരുൾ-
ച്ചാളിമദ്ധ്യമണയുന്ന വിധത്തിൽ
ഹേളിപോലതികഠോരമഹൌജ-
സ്സാളിടുംപടി തുരുഷ്കഗണത്തിൽ; ൫൨

---

൪൯. തരസ്വി=ബലവാൻ.

൫൦. ഉർവ്വീനായകേശ്വരൻ=ചക്രവർത്തി.

൫൧. കൈരവപ്രിയസുഹൃത്ത്=ചന്ദ്രൻ.

൫൨. വന്ധ്യം=നിഷ്ഫലം. ഹേളി=സൂര്യൻ.

അക്രമിപ്രതിനൃപാലരൊളിക്കും-
വിക്രമം തടവി നൽബ്ബുധരത്നം
ചക്രവൎത്തിവര"നക്ബർ"വസിപ്പൂ
ശക്രനിൽക്കവിയുമഗ്ര്യപദത്തിൽ. (വിശേഷകം) ൧൦

ലോകചാടുമൊഴി തിങ്ങിന വാനിൽ-
ശ്ലോകയില്ല മമ തൽസ്തുതിശബ്ദം
ശോകമാൎന്നു കുതിച്ചു ഗമിയ്യോ
മൂകനാക്കി പുനരുക്തിയിലെന്നെ. ൧൧

രാജഹംസനിര, രാജ്യയശഃശ്രീ
രാജമാനനിലചേൎന്ന ജഗത്തിൽ
ഭോജനത്തിനു പരുങ്ങി സദാ നി-
ൎവ്യാജദുഗ്ദ്ധജലഭേദവിമുഗ്ദ്ധ. ൧൨

സൌമ്യതുല്യമതി സൎവ്വമഹീശൻ
സൌമ്യനെങ്കിലുമതീവ ഗഭീരൻ
കാമ്യമാത്മമതമാദ്ധ്യനു ചേതോ-
രമ്യമന്യരുടെ സമ്മതമെല്ലാം. ൧൩

മുന്നമാപ്രകൃതിമുഖ്യഗുണം കൈ-
വന്നതിൽപ്പുരുഷനില്ല മഹത്വം
എന്നഹമ്മതിവഹിച്ചൊരു തൽബ്ഭ്രൂ-
വിന്നു സാംഖ്യമത സാദൃശിവന്നു. ൧൪

---

൧൧. ലോകചാടുമൊഴി=ജനങ്ങൾ ചെയ്യുന്ന ശ്ലാഘാമൊഴി. മൂകൻ=പറയുന്നതിനും കേൾക്കുന്നതിനും വഹിയാത്തവൻ. പുനരുക്തി=വീണ്ടുമുള്ള പാച്ചിൽ.

൧൨. ദുഗ്ദ്ധജലഭേദവിദുഗ്ദ്ധ=പാലും വെള്ളവും വേർതിരിക്കുന്നതിനു അറിവാൻ പാടില്ലാത്തതു്.

൧൩. സൌമ്യൻ=ബുധൻ. ചേതോരമ്യം=മനോഹരം.

൧൪. പ്രകൃതിമുഖ്യഗുണം=ഭ്രൂപ്രകൃതിക്കു വേണ്ടുന്ന ഗുണം. മൂലപ്രകൃതിയുടെ (മായയുടെ) സത്വാദിഗുണം. പുരുഷൻ=ജീവാത്മാവു്, പുരുഷനു കൎത്തൃത്വമില്ല. പ്രകൃതിക്കുതന്നെ കൎത്തൃത്വമെന്നു സാംഖ്യമതം.

ചണ്ഡചൌലകുലസംഭവമബ്ഭൂ-
മണ്ഡലേശ്വരനു ദോഷവുമേകാ,
മണ്ഡനപ്പടി ധരിപ്പൂ, ചിതാഭൂ-
ഖണ്ഡജാതതുളസീദളമാരും. ൫൫

ഇന്നിതാ, സകലഹിന്ദുജനം, ത-
ന്മന്നിടത്തിനധിനായകനിൽത്താൻ
ചെന്നുചേൎന്നിതു; വിരോചനതാതൻ-
തന്നിലാ ത്രിദശസംഘതിപോലെ. ൫൬

ഉമ്പർകോനുമടികൂപ്പുമവൻതൻ-
മുമ്പണഞ്ഞു വരകോവിദവൃന്ദം
പമ്പരപ്പടി തിരിഞ്ഞുഴലുന്നു
ചമ്പകത്തിലമരും ഭ്രമരംപോൽ. ൫൭

മിത്രമാകുമരി സജ്ജനമെങ്കിൽ-
പ്പുത്രനും കുമതി ശാത്രവനത്രെ
ക്ഷാത്രമൂൎത്തി നൃപവീര, നധൎമ്മം
മാത്രമാരിലുമറിഞ്ഞു സഹിയ്ക്കാ. ൫൮

വീരനെ ക്ഷിതിപലക്ഷ്മി പരം കൌ
മാരകാലഗുണമോൎത്തു വരിച്ചാൾ
സ്ഫാരരാഗമവളോടു സദാ ഗം-
ഭീരബുദ്ധി വിഹരിച്ചുവരുന്നു. ൫൯

---

൫൫. ചണ്ഡചൌലകുലസംഭവം=ക്രൂരന്മാരായ മനുഷ്യരുടെ വംശത്തിലുള്ള പിറവി. ചിതാഭൂഖണ്ഡം=ശവം ദഹിപ്പിക്കുന്ന സ്ഥലം.

൫൬. വിരോചനതാതൻ=പ്രഹ്ലാദൻ. ത്രിദശസംഘതി=ദേവസമൂഹം.

൫൭. ഉമ്പർകോൻ=ഇന്ദ്രൻ.

൫൯. ക്ഷിതിപലക്ഷ്മി=രാജലക്ഷ്മി. സ്ഫാരരാഗം=വളരെ അനുരാഗത്തോടുകൂടി.

സാതമാന്ന നൃപരത്നമഹാശ്വേ-
താതപത്രമറവൊത്തധരിത്രി;
ഹാ! തദീയനിഴലിൽ പ്രതിപക്ഷ-
വ്രാതമെന്നുമുഴലുന്നു വിചിത്രം. ൩൦

നല്ലശീലവുമുദാരയശസ്സും
തെല്ലകന്നരികളോടു വെറുപ്പും
ഉല്ലസൽഗുണവുമൊത്ത നൃപാലൻ
ചൊല്ലുനല്ലമിയലുന്നവനത്രെ. ൩൧

ഭൃത്യരെ പ്രിയസുഹൃൽപ്പടി മന്നൻ
സത്യമോത്തവരെ ബന്ധുസമത്തിൽ
നിത്യവും സ്വജനമെന്നവിധത്തിൽ
സ്തുത്യകൃത്യനവരെക്കരുതുന്നു. ൩൨

ഉത്തമപ്രകൃതിവീരവരൻ സ-
ദ്വൃത്തശാലി നിഖിലാഗമവേദി
ഏത്തടത്തിലൊരുദോഷവുമില്ലാ-
തിത്തരം നൃപതി തത്ര വസിപ്പൂ. ൩൩

ചെന്നകാര്യമുരചെയ്തു തദീയാ-
സന്നമന്ത്രിവരനോടു സമസ്തം
മന്നവേന്ദ്രനികടത്തിലരം ഞാൻ
ചൊന്നവാർത്ത സചിവാദ്ധ്യനണഞ്ഞി. ൩൪

ഞാനണഞ്ഞു വിനയാദരപൂർവ്വം
മാനവേന്ദ്രനുടെ സന്നിധിതന്നിൽ
മാനശാലി വിരവോടെഴുന്നേററാ-
സ്ഥാനമണ്ഡനനിലയ്ക്കുഥ നിന്നാൻ. ൩൫

൩൦. സാതം=സുഖം. നൃപരത്നമഹാശ്വേതാതപത്രം=ചക്രവർത്തിയുടെ വെൺകൊററക്കുട.

ആപദംബുനിധിനാവികനല്ലോ-
ളാപദം മുടിമുതൽ സ്ഥിരചിത്തൻ
ഭൂപനക്ഷികൾ നടത്തി നികാമം
കോപവിസ്മയകൃപാകലമെന്നിൽ. ൬

മുക്തകണ്ഠമുരുഗൌരവഭാഷാ-
സക്തനാ ക്ഷിതിവരൻ പുനരോതി,
മുക്തനെന്നു കരുതുന്നതുമൂലം
വ്യക്തമിപ്പിഴ കനിഞ്ഞുസഹിച്ചേൻ. ൭

ഭീമസിംഹ! തവ വാസ്തവവൃത്തം
നാമറിഞ്ഞു, സചിവോക്തികളാലെ
നീ മഹമ്മദകുലേശനു കീഴിൽ
പ്രേമമോടു നിവസിയ്ക്കണമെന്നും. ൮

കണ്ടനേരമുടനേവമുരച്ചി-
ട്ടണ്ടർകോൻതൊഴുമവൻ വിരമിയ്ക്കെ
ഇണ്ടലററുഹൃദയസ്ഥിരധൈര്യം-
കൊണ്ടതിന്നു മറുവാക്കു കഥിച്ചേൻ. ൯

ചക്രവത്തിനൃപ! ഞാൻ തവ ഭൂമീ-
ചക്രവത്തിജനമല്ല മഹാത്മൻ!
അക്രമിച്ച രിപുവോടമർചെയ്യും
വിക്രമിയ്ക്കു പിഴപററുകയില്ല. ൧൦

ന്യായയുദ്ധമതിലേല്പെട്ടമെങ്കിൽ
കായമത്ഥമിവകൊണ്ടുസഹായം
മായമററു വിരവോടിഹ ചെയ്യാ-
മായവണ്ണമിതി വാക്കുകൊടുത്തേൻ. ൧൧

---

൬. നാവികൻ=വള്ളം കടത്തുന്നവൻ. ആപദം=അടിവരെ.

൭. മുക്തകണ്ഠം=കണ്ഠംതുറന്ന്; ഉച്ചത്തിൽ (ക്രിയാവിശേഷണം)

൧൦. ഭൂമീചക്രവത്തിജനം=ഭൂമണ്ഡലത്തിൽ പാക്കുന്ന ആൾ.

ഭൂവരാധിപ! ഭവാനിഹ ഞാനാ-
ജീവമുത്തമസുഹൃത്തമനല്ലോ,
ഏവമേവ തനയാപ്രിയഭർത്താ-
വാവസിയ്ക്കുമതിനില്ല വിവാദം. ൧൨

മുന്നമന്യനരപാലനു കല്പം
ചൊന്നമട്ടിനു കൊടുത്തവനല്ല
മന്നവേന്ദ്ര! ബത ഭീമപുരീശൻ;
വന്നതേ വരൂ; മനോധൃതിതന്നെ. ൧൩

ഒട്ടുമായതിനു താങ്കളുടൻ വാ-
വിട്ടുചൊൽകിലുമതൊക്കുകയില്ല
ഒട്ടുലേശമരുതെന്നിഹ ഞാൻ കാൽ-
മുട്ടുകുത്തി വിരവോടറിയിച്ചേൻ. ൧൪

പ്രാജ്യവിക്രമ! വിരോധികുലം സ്വാ-
രാജ്യഭൂരിസുഖവാസമെടുക്കും
രാജ്യവും തവ വശപ്പെടുമെന്ന-
പ്പൂജ്യശീലനൊരു സത്യമുരച്ചു. ൧൫

തത്ര രാജനികടത്തിലണഞ്ഞി-
ട്ടിത്രയുംകഥ മുറയ്ക്കു നടക്കാൻ
സൂത്രമാർഗ്ഗമൊരവാന്തരകാര്യം-
മാത്രമല്ലമുരചെയ്യുവനിപ്പോൾ. ൧൬

നിർണ്ണയം വിധി കനിഞ്ഞുടനേകം-
വർണ്ണമെത്തി മമ പുത്രി സമീപം
കർണ്ണകക്കശമുടന്തമുരയ്ക്കു-
പ്പർണ്ണശാല വെടിയാനിടവന്നു. ൧൭

---

൧൨. ആജീവം=ജീവനുള്ളതുവരെ.

൧൫. സ്വാരാജ്യസുഖവാസം എടുക്കും=സ്വർഗ്ഗത്തിൽ സുഖമായി പാർക്കും മരിക്കുമെന്നർത്ഥം.

൧൬. അവാന്തരകാര്യം=ഇടയിലുള്ളകാര്യം.

ഒത്തുചേൎന്നു മമ സാഹ്യവിധിയ്ക്കാ-
ണെത്തുവാൻ നൃപതിബന്ധുഗണത്തെ
കത്തുമൂലമറിയിച്ചു തദാനീം
കത്തുമുൽക്കടതപസ്സുനിമിത്തം. ൯൮

കോടിവിദ്വദധിപൻ കവിപോൽ വാ-
ഗ്ധാടിയിൽപ്പരമലംകൃതിപൂൎവ്വം
മോടിചേൎന്നൊരു പദാതിവിശേഷ-
ത്തോടിണക്കിയൊരുയാത്ര നടത്തി. ൯൯

വീടുവിട്ടു നൃപകല്പനയാലെ-
ത്തീടുമന്യനൃപതിസൈന്യഗണത്താൽ
നേടുമുൽസുകത വാച്ചതിനാൽ ഞാൻ
നാടുചേൎന്നു നിബിഡപ്രമദത്തിൽ. ൱൦

തക്കമററു നൃപബാന്ധവസൈന്യം
നേക്കണഞ്ഞ മമ സേനവളൎന്നു
കക്കശം ശിഖരി വിണ്ടു ജലൌഘ-
പ്പോക്കുളത്തിലിളകും നദിപോലെ. ൱൧

ദുഷ്ടശത്രുനൃപനോടെതിരിട്ട-
ക്ലിഷ്ടമുഗ്രസമരത്തിലണഞ്ഞേൻ
നഷ്ടമായ് ദ്രുതതരം രിപുസൈന്യം,
കഷ്ടകാലമെവനെങ്ങിനെ നീക്കും. ൱൨

അന്വഗാത്തു യുധി സന്ധിനടത്താ-
തന്വയത്തിനു വിരോധി മുതിൎന്നു
നന്വഹന്ത ബത സന്ധിവിലോപം
തന്വപായമൊടു വന്നുഭവിച്ചു. ൱൩

---

൯൯. അലംകൃതി=അലങ്കാരം, ഉപമ മുതലായ അലങ്കാരങ്ങൾ എന്നും. പദാതിവി ശേഷം=വിശേഷപ്പെട്ട കാലാൾപ്പടകൾ. പദങ്ങളുടെ അതിഭംഗി എന്നും.
൱൦. ഉൽസുകത=താല്പൎയ്യം. നിബിഡപ്രമദം=പൂൎണ്ണസന്തോഷം.
൱൧: ശിഖരി=മല
൱൩. അന്വക്ക്=അനുപദം. അന്വയം=കുലം, പദങ്ങളുടെ യോജന എന്നും. സ ന്ധിവിലോപം=രാജികഭംഗം, ലോപസന്ധി എന്നും സന്ധിബന്ധം ശി ഥിലമാകുക എന്നും. തന്വപായം=ദേഹനാശം.

തക്കസന്ധി നിരസിച്ചതിലും ഞാൻ
കൈക്കലാക്കി യുധി നല്ലപദം താൻ
വെക്കമെന്നസി രിപുക്ഷതജത്താൽ
നീക്കമെന്നിയെ നിതാന്തമശുദ്ധം. ൮൪

തുച്ഛസംഗമസുഖത്തിലിരിക്കാ-
നിച്ഛയററ ധരണിക്കരമീ ഞാൻ
പൃച്ഛയാധികരസം കരമേകി
സ്വച്ഛഗാത്രി യുവതിക്കു വരൻപോൽ. ൮൫

സിംഹപൂർവ്വപദമാസനമപ്പോൾ
സോഹമാദരപുരസ്സരമേറി
സ്നേഹവത്തിദശയാന്തരിലീ ഞാൻ
സ്വാഹചേർന്ന ശിഖിപോലെ വിളങ്ങി. ൮൬

സൽക്കരിച്ചു മമ ബാന്ധവരേ ഞാൻ
മൽക്കരം ബഹുമതിയ്ക്കഥ നൽകി
മൽക്കസഖ്യമൊഴിയാത്തവിധം വൻ-
ശുൽക്കമാക്കി വിധിപൂർവ്വമയച്ചേൻ. ൮൭

മുന്നമെന്റെ വരസൈന്യഗണത്തിൻ-
മുന്നണിക്കു നിലനിന്ന സമർത്ഥൻ
മന്നവീനധരയെ പ്പരിപാലി-
യ്ക്കുന്നതിന്നവനു നീട്ടുകൊടുത്തേൻ. ൮൮

കോട്ട കൊത്തളമവയ്ക്കുടരേററ-
പ്പെട്ട കേടുകളറിഞ്ഞഥ തീർത്തു
വാട്ടമററ ജനരാജി വസിക്കാൻ
ചട്ടവട്ടമതു നാട്ടിലണച്ചേൻ. ൮൯

---

൮൪. സന്ധി=രാജി, വാക്കുകളുടെ യോജന, പദം=സ്ഥാനം, വാക്ക്. ക്ഷതജം=രക്തം.
൮൫. പൃച്ഛയാ=ചോദ്യംകൊണ്ട്, ഇച്ഛയാധികരസം എന്നും പാഠാന്തരം. ഇച്ഛയൻ=കാമൻ.
൮൬. സ്നേഹവത്തിദശ=എണ്ണചേർന്ന തിരി സ്നേഹത്തോടുചേർന്ന ഭാര്യമാരോട് എന്നും.
൮൭. മൽക്കസഖ്യം=എന്റെ സ്നേഹം ശുൽക്കം=ഉപായനം.

ഇതി പ്രഥിതവിക്രമൻ സുമതി ഭീമസിംഹക്ഷമാ-
പതി പ്രമദവിക്ലബം നിജചരിത്രമോതി ക്രമാൽ
പ്രതിക്ഷണമിയന്നിട്ടും വിരസഭാവലേശോദയം
പ്രതി, പ്രിയസുതാധവപ്രതിവചസ്സു കാത്തീടിനാൻ. ൯൦

ഏഴാം സർഗ്ഗം സമാപ്തം.

---

## എട്ടാം സർഗ്ഗം.

---

മുറയ്ക്കുകേൾക്കേ സ്വാതന്ത്ര്യം-
കുറയ്ക്കും ശ്വശുരേരിതം
കുറഞ്ഞി രത്നപ്രഭതൻ
കറയറ്റുള്ള കാമുകൻ. ൧

ശരിയായ് പ്പൌരുഷത്തിൻെറ
ഗരിമാവിൽ ചരിച്ചവൻ
അരിസഖ്യം; സഹിച്ചില്ല;
ദരിപൂകം ഗജാരിപോൽ. ൨

അഹോ ദക്ഷയുഗാധഃസ്ഥ
മഹോക്ഷംമട്ടു തൽക്ഷണം
രഹോഭ്രമൌ നിഷ്പ്രവജ്ഞാ-
വഹോക്തംകേട്ടു നമ്രനായ്. ൩

---

൯൦. പ്രമദം=സന്തോഷം. വിക്ലബം=പരവശം. വിരസ.....പ്രതി=അല്പം വൈരസ്യം ഉണ്ടാവതിനെക്കുറിച്ച്.

൧. ശ്വശുരൻ=ഭാര്യയുടെ പിതാവ്. ഈരിതം=വാക്ക്. കാമുകൻ=ഭർത്താവ്, (പ്രതാപസിംഹൻ)

൨. ഗരിമാവ്=ഗൌരവം. ദരി=ഗുഹ. ഗജാരി=സിംഹം.

൩. യുഗാധഃസ്ഥം=നുകം വച്ചുകെട്ടിയ. മഹോക്ഷം=വലിയകാള. രഹോഭ്രമൌ=വിജനസ്ഥലത്ത്. അവജ്ഞാവഹം=നിന്ദാകരം.

ഗരമബ്‌ഭുജഗംപോലുൽ-
ഗ്ഗിരണംചെയ്യു കണ്ണിനാൽ
പരസഖ്യവിരക്താത്മാ-
വരമശ്രുകണം ക്ഷണം. ൪

നേത്രയുഗ്മം ചുവന്നല്പ-
മാത്രം വിരസനായതിൽ
ക്ഷാത്രമൂൎത്തിക്കെഴും തപ്ത-
ഗാത്രം സ്വേദാംബുമിശ്രമായ്. ൫

അതിദഷ്ടാധരം സച്ഛിന്നം
പ്രതിഘം വ്യക്തരാഗമായ്
സ്ഥിതിയില്ലാത്തവനെപ്പൽകീ
മതിനേർമുഖിപോലവേ. ൬

ഹസ്തവസ്ത്രാഞ്ചലംകൊണ്ടു
ശസ്തമാ വീജനത്തിലും
മസ്തകംതൊട്ടു പാദാന്തം
ദുസ്തരം സ്വേദമേറ്റുതേ. ൭

ഭീമസിംഹതനൂജാതാ-
പ്രേമസൎവ്വസ്വഭാജനം
വൈമനസ്യമണഞ്ഞേറ്റം
സുമഹൽച്ചിന്ത തേടിനാൻ. ൮

---

൪. ഗരം=വിഷം. ഉൽഗിരണംചെയ്യു=ഛർദ്ദിച്ചു,(വെളിപ്പെടുത്തി.)പരസഖ്യവിരക്താത്മാവ്=ശത്രുവുമായുള്ള കൂട്ടുകെട്ടു വെറുത്തവൻ.

൫. സ്വേദാംബുമിശ്രം=വിയൎപ്പുവെള്ളം ചേൎന്നതു്.

൬. ദഷ്ടം=കടിക്കപ്പെട്ടതു്. രാഗം=ചുമപ്പു്, അനുരാഗമെന്നും. പ്രതിഘം=കോപം സ്ഥിതി=മൎയ്യാദ.

൭. ഹസ്തവസ്ത്രം=കൈലേസ്സു്. അഞ്ചലം=അറ്റം. വീജനം=വീശൽ.

൮. ഭീമസിംഹ..... ജനം=രത്നപ്രഭയുടെ സ്നേഹപാത്രം.

സമം പുല്ലിന്നു, തൻമാനം
സമസ്തമകലുന്നവൻ
നമനം ലഘുഭാവപ്ര-
ക്രമപൂർവ്വം വഹിക്കുകിൽ. ൯

മാനം നരൻ കൈവിടുകിൽ
നൂനം കമല വിട്ടുപോം
ഹാ നന്ദനീയസൽക്കീർത്തി-
സ്ഥാനം പൗരുഷമങ്ങിനെ. ൧൦

പ്രഥമാംഗുലി വീരശ്രീ-
കഥതൻ ഗണനാദിയിൽ
പ്രഥതേടുമെവൻമൂലം
കഥനീയനവൻ ഭുവി. ൧൧

ഇരമ്മദംപോൽത്തരുവിൽ
പരം തേജസ്സു ശത്രുവിൽ
തരമോർത്തു കലർത്തുന്നോൻ
തരസാ ഘനവീരനാം. ൧൨

കടലാടിവിധം യോഗം
തടവീടാത്തപൂരുഷൻ
സ്ഫുടമജ്ജാതിമാത്രം സ-
ദ്ഘടയിൽഗ്ഗണ്യനായിടാ. ൧൩

---

൯. നമനം=കുമ്പിടുക. ലഘുഭാവം=ഇളപ്പം.

൧൧. പ്രഥമാംഗുലി=കനിഷ്ഠാംഗുലി.

൧൨. ഇരമ്മദം=മേഘജ്യോതിസ്സ് (ഇടിത്തീയ്) തേജസ്സ്=പ്രതാപം, പ്രകാശമെന്നും. ഘനവീരൻ=അത്യന്തവീരൻ=മേഘവീരനെന്നും.

൧൩. കടലാടി=ഒരു പച്ചമരുന്ന്. യോഗം=ഭാഗ്യം. അവയവാർത്ഥമെന്നും. കടലിൽ ആടുക=കളിക്കുക എന്ന് അവയവാർത്ഥമില്ല. രൂഢ്യർത്ഥമെ ഉള്ളു. സദ്ഘട= സജ്ജനസമൂഹം.

അരംനിർജ്ജയമാർന്നീടാ
തരിശം ശമമാക്കുവോൻ
ഹരിയ്ക്കുതുല്യനായാലും
പരിഹാസത്തിനാസ്പദം. ൧൪

അലം സ്വമാതൃഗർഭാർത്തി-
നിലമാത്രം വരുത്തുവോൻ
ഫലമെന്തോ ജനിച്ചെന്നാ-
ലലസീടുന്നതുത്തമം. ൧൫

ശ്രുതിയിൽച്ചേർന്നു ചിത്തത്തിൽ
പതിയുംമട്ടുശത്രുവും
പ്രതിപാദ്യഗുണം കീർത്തി-
പ്പതിനൊക്കും പുമാൻ പുമാൻ. ൧൬

കലയുള്ളുദയക്ഷോണീ-
വലഹന്താവഹന്തയിൽ
ജലം പിപാസുപോൽ നമ്മെ-
ബ്ബലവാൻ കാത്തിരുന്നിടും. ൧൭

പ്രിയം മോക്ഷം ലഭിച്ചാലും
നിയതം വിഘ്നമെന്നപോൽ
സ്വയംനിനപ്പൂ; മദ്വൈരി-
ജയലാഭൈകതൃഷ്ണൻ ഞാൻ. ൧൮

---

൧൪. അരിശം=കോപം. ഹരി=വിഷ്ണു.

൧൫. അലം=ഏററവും. സ്വമാതൃഗർഭാർത്തി=തൻെറ അമ്മയ്ക്കു ഗർഭകാരദുഃഖം.

൧൬. പ്രതിപാദ്യം=പ്രതിപാദിക്കത്തക്ക. കീർത്തിക്ക=പ്രശംസിക്കുക.

൧൭. ഉദയക്ഷോണീവലഹന്താവ്=ഉദയപുരത്തിലെ രാജാവ്, അഹന്ത=മമത. പിപാസു=ദാഹമുള്ളവൻ.

൧൮. മദ്വൈരിജയലാഭൈകതൃഷ്ണൻ=എൻെറ ശത്രുവിനെ ജയിക്കണമെന്നുമാത്രം ആശയുള്ളവൻ.

വൈരാകരൻ നശിപ്പിയ്ക്കും
വാരാളും കീൎത്തി വീണ്ടുമേ
പാരതിൽ തേടണം വീര-
ന്മാ,രല്ലെന്നാൽ പ്പരേതരാം. ൯൯

സ്വീയാഭിമാനമൊട്ടാകെ
ന്ന്യായമായ് ക്കരുതുന്നവൻ
നയകീൎത്തിയൊടും ലക്ഷ്മീ-
പ്രിയഭാവം ഗമിച്ചിടും. ൱

ശൌൎയ്യംവേണമരാതൌ കാ-
തൎയ്യമെന്തിന്നതോൎക്കയാൽ
കാൎയ്യം ഭാൎയ്യാപിതാവോട-
ദ്വീൎയ്യൻ വേഗമുരച്ചതേ. ൱൧

മാനം നാണംവിട്ടു ശൌൎയ്യ-
ഹീനപൂരുഷനെന്തിനായ്
പാനവും ഭുക്തിയും ചെയ്തു-
ത്ഥാനമേന്തുന്നു നിഷ്ഫലം. ൱൨

ചക്രവൎത്തിവിധേയത്വ-
മക്രമം സാധുവല്ല തേ
വിക്രമിയ്ക്കു യശസ്സാം ഭൂ-
ചക്രവാളത്തിലുത്തമം. ൱൩

ഗണനീയനിലയ്ക്കേററം
ചുണപൂണ്ട മനസ്വിതാൻ
തുണ വാഞ്ഛിപ്പതില്ലന്ന്യൻ
ഗുണമോൎത്തേകമുന്നതൌ. ൱൪

---

൯൯. വൈരാകരൻ=ശത്രു പരേതർ=ചത്തവർ
൱൧. അരാതൌ=ശത്രുവിൽ. കാതൎയ്യം=ഭയം അദ്വീൎയ്യൻ=അത്യന്തവീരൻ.
൱൩. വിധേയത്വം=അധീനത്വം (പറഞ്ഞതുകേട്ടു നടക്കുന്നവന്റെ അവസ്ഥ)
൱൪. മനസ്വി=സ്ഥിരചിത്തൻ. ഉന്നതൌ=ഉയൎച്ചയിൽ.

പരിഭ്രുതിഭയം കൊണ്ടൊ-
ട്ടരിമപ്പെട്ടജീവനെ
ശരിവിട്ടിടുമെന്നാൽ സ്സം-
ഭരിപ്പൂ മാനമുന്നതൻ. ൨൫

ഘനപ്രൌഢരവം കേൾക്കെ
സ്വനം നീട്ടുന്ന സിംഹവും
നിനച്ചാലതു ഗംഭീര-
ജനപ്രകൃതി തന്നെയാം. ൨൬

ശാസ്ത്രം സമസ്തം സമ്പൂർണ്ണ
ശസ്ത്രജ്ഞാനം തപോബലം
നിസ്രുപം വ്യർത്ഥമാക്കും നിൻ-
ശാസ്ത്രവും വീരദുസ്സഹം. ൨൭

മത്തദ്വിപേന്ദ്രമാംസാശ-
യ്യോത്തഹങ്കാരി കേസരി
ക്ഷുത്തസഹ്യം കലന്നാലു-
മൊത്തപോൽ പുല്ലശിയ്ക്കുമോ. ൨൮

ഇപ്രകാരം വെറുത്തോമൽ-
സ്വപ്രജാവരനോതവേ
അപ്രമേയമതിപ്രൌഢി
ക്ഷിപ്രമേവമുരച്ചുതേ. ൨൯

ശ്രീമനോമോഹനൻ വൈരി-
വാമനീശൻ ത്രിവിക്രമൻ
വാമനാകൃതിയിൽ പൂർണ്ണ-
കാമനായ് തീർന്നതില്ലയോ. ൩൦

---

൨൬. ഘനപ്രൌഢരവം=ഇടിമുഴക്കം. സ്വനം=ശബ്ദം. പ്രകൃതി=സ്വഭാവം.
൨൭. ശാസ്ത്രം=വ്യാകരണം മുതലായ ഗ്രന്ഥം. ശസ്ത്രജ്ഞാനം=ആയുധപരിജ്ഞാനം.
നിൻശാസ്ത്രം=അങ്ങയുടെ ആജ്ഞ.
൨൯. പ്രജാ=സന്താനം. സ്വപ്രജാവരൻ=തന്റെ പുത്രിയുടെ വല്ലഭൻ.
൩൦. ശ്രീമനോമോഹനൻ=ലക്ഷ്മീപതി. പൂർണ്ണകാമൻ=അഭിലാഷം സാധിച്ചവൻ.

ക്ഷമയോടൊത്തൊരോജസ്സു
ക്ഷമമൎത്ഥം ലഭിയ്ക്കുവാൻ
സമസ്തദീപവും സ്നേഹ-
സമവൎത്ത്യൎത്ഥസാധനം. ൩൧

സമൎത്ഥൻ ഭാവികാൎയ്യാംശം
ഭ്രമംവിട്ടറിയുന്നതേ
സ്വമൎത്ഥമല്പമോൎക്കുന്നു
സമൎത്ഥാനുഭവത്തിനാൽ. ൩൨

അലമന്ധന്നെഴും ജംഘാ-
ബലമൊപ്പം നിരൎത്ഥകം
നിലവിട്ടരിശംമൂലം
ചലചിത്തന്നു പൗരുഷം. ൩൩

ചതുരൻ കതിരോൻപോലു-
മൃതുനോക്കി യഥോചിതം
അതുലം മൃദുതിഗ്മത്വ-
മതു കൈക്കൊണ്ടിടുന്നതേ. ൩൪

വിലയേറും രസംമാറി-
ക്കലൎത്തുന്നുണ്ടു സൽക്കവി
പലമട്ടാന്നു സന്ദൎഭം
ബലവത്താക്കിവയ്ക്കുവാൻ. ൩൫

---

൩൧. ക്ഷമ=സാധനശക്തി. ഓജസ്സു=പ്രതാപം. ക്ഷമം=ശക്തം- (ഉചിതമായതു്) സ്നേഹം=എണ്ണ. വൎത്തി=തിരി സ്നേഹമായി വൎത്തിക്കുന്നവൻ എന്നും.

൩൨. സ്വമൎത്ഥം=തന്റെകാൎയ്യം. സമൎത്ഥാ=തക്കതായ.

൩൩. ജംഘാബലം=കണങ്കാലിനുള്ള ശക്തി.

൩൪. കതിരോൻ=സൂൎയ്യൻ. മൃദുതിഗ്മത്വം=മാൎദ്ദവവും കാഠിന്യവും.

൩൫. സന്ദൎഭം=അവസരം. സൽക്കവി സന്ദൎഭത്തിനു് ഉചിതമായി സ്വരങ്ങളേയും പ്രയോഗിക്കാറുണ്ടു്.

ഘനാംബുനദിയിൽപ്പോലും-
ഘനവാരിധിയിൽ സ്വയം
അനച്ഛത വരുന്നില്ല-
തനല്പം വസ്തുതത്വമാം. ൯൬

ഇതാ മദ്വചനം കേൾക്ക-
ന്നതായാൽ ദോഷമില്ല തേ
കൃതാർത്ഥത്വമുദിയ്ക്കും മൽ-
സുതാജാനേ! ഭവാനുമേൽ. ൯൭

സ്ഥായിചെന്നുദയക്ഷോണി-
യ്ക്കായി ജീവിപ്പതില്ലവൻ
നീയിതോർക്കു; സത്യനേതാ-
വായിരുന്ന മഹീശ്വരൻ. ൯൮

ജനമാന്യതയും ലോകാ-
വനദീക്ഷയുമുള്ളവൻ
വനമാലിസമൻ മാന-
ധനൻ സമ്രാട്ടു വന്ദ്യനാം. ൯൯

സമനോടു പരിഭാവം
ശ്രമമാർന്നതി ദുസ്സഹം
സുമതേ! ബലവാനോടു
സ്സമരേ തോൽചി ശോഭനം. ൧൦൦

---

൯൬. അനച്ഛത=കലക്കൽ. (നൈർമ്മല്യക്കുറവ്)

൯൭. മൽസുതാജാനേ=എന്റെ പുത്രിയുടെ ഭർത്താവേ.

൯൮. സത്യനേതാവ്=സത്യസന്ധൻ. മഹീശ്വരൻ=ഉദയപുരത്തിലെ രാജാവ്.

൯൯. ജനമാന്യത=ജനങ്ങളാൽ ബഹുമാനിക്കപ്പെടുന്ന അവസ്ഥ. അവനദീക്ഷാ=രക്ഷാതാല്പര്യം. വനമാലി=വിഷ്ണു സമ്രാട്ട്=ചക്രവർത്തി.

൧൦൦. പരിഭാവം=മടക്കം.

മാലേതിലോൎത്തിടുന്നോൻതൽ-
ക്കാലേ കാൎയ്യം നടത്തുവാൻ
ചാലേ പിടിയ്ക്കും കഴുത-
ക്കാലേ സാമാന്യമേവനും. ൪൧

മഹനീയപദം കിട്ടാൻ
സ്പൃഹയുണ്ടെങ്കിലേവനും
സഹനീയമതിവ്രീളാ
വഹമാഭ്യന്തരസ്ഥിതി. ൪൨

ആ മഹമ്മദനാം സാൎവ്വ-
ഭൌമനോടുള്ള മൈത്രി മേ
ക്ഷേമമല്ലെന്നുദ്ധമാനം
നീ മനസ്സിൽ നിനപ്പു ഹാ!! ൪൩

രാജാധിരാജൻ സൌജന്യ-
രാജൽക്കീൎത്തി പ്രതാപവാൻ
ഈ ജനത്തെ നിനപ്പു നിൎ-
വ്യാജബന്ധുസ്വതന്ത്രനായ്. ൪൪

മഹനീയനുദാരൻ ദു-
സ്സഹമാം തോൽവി നൽകിലും
ഗ്രഹദാഹകനായാലും
ദഹനൻ സൎവ്വബന്ധുതാൻ. ൪൫

---

൪൧. കാൎയ്യം=കാരിയം സാധിക്കാൻ കഴുതക്കാലും പിടിക്കണമെന്ന പഴമൊഴി യോൎക്കുക.

൪൨. സഹനീയം=സഹിക്കപ്പെടേണ്ടന്നം. അഭ്യന്തരസ്ഥിതി=ഇടയിലെ അവസ്ഥ.

൪൩. മൈത്രി=സഖ്യം ഉദ്ധമാനം=അഭിമാനത്തോടുകൂടി.

൪൪. ഈ ജനത്തെ=എന്നെ. നിൎവ്യാജബന്ധു=ഉററബന്ധു. സ്വതന്ത്രൻ=ആൎക്കും കീഴടങ്ങാത്തവൻ.

൪൫. മഹനീയൻ=ചന്ദ്രൻ. ദഹനൻ=അഗ്നി. സൎവ്വബന്ധു=എല്ലാവൎക്കും ബന്ധു.

അന്ന്യസാഹായ്യകം ലോക-
മാന്ന്യനും വേണ്ടിവന്നിടും
ധാന്ന്യത്വക്കകലും ശാലി
ധാന്ന്യംകൂടി മുളയ്ക്കുമോ. ൪൬

പുഷ്ടാൎത്ഥം ശബ്ദഭംഗിയ്ക്ക-
ക്ലിഷ്ടം ചേൎക്കുന്ന സൽക്കവി
ദിഷ്ടാപേക്ഷം നിജം ക്ഷാത്രം
ശിഷ്ടൻ കാട്ടുന്നു വേണ്ടപോൽ. ൪൭

പ്രതിബന്ധമെഴും കാൎയ്യം
പ്രതി നേടും സഹായവാൻ
പ്രതിരാത്രമിരുട്ടിൽ കൺ-
പതിയാ ദീപമെന്നിയേ. ൪൮

ദൈവംനിനച്ചു ലോകൎക്കു
കൈവരുത്തുന്നതൊക്കയും
അവധാരയ നന്നെന്നൊ-
ട്ടവ തൃപ്തിയ്ക്കു ഭാജനം. ൪൯

വല്ലാതെഴും നിൻസന്ദേഹ-
മെല്ലാം തീൎക്കുന്നൊരിക്കഥ
നല്ലപോലിഹ മൽപ്പുത്രീ-
വല്ലഭൻ നീ ശ്രവിയ്ക്കണം. ൫൦

വീട്ടിലേകാൻ സ്വയം സ്വൎണ്ണ-
ക്കട്ടിയേന്തീട്ടു പോകവേ
തട്ടിടും മഴയാൽ ബുദ്ധി-
മുട്ടി സ്ഥവിരവാണിജൻ. ൫൧

---

൪൬. ധാന്ന്യത്വക്ക്=ഉമി.
൪൭. ദിഷ്ടാപേക്ഷം=ദൈവാധീനം. ക്ഷാത്രം=ശൌൎയ്യം.
൪൮. പ്രതിരാത്രം=രാത്രിതോറും.
൪൯. അവധാരയ=നിശ്ചയിക്കണം. ഭാജനം=പാത്രം.
൫൧. സ്ഥവിരവാണിജൻ=വൃദ്ധനായ കച്ചവടക്കാരൻ.

ധർമ്മവും കൃപയും വിട്ടു
മർമ്മം ഭേദിച്ചിടുംപടി
കർമ്മം നടത്തിടും ദൈവം;
ശർമ്മം മർത്ത്യർക്കു ദുർല്ലഭം. ൭൨

ഏവം ദൈവാഭിശാപത്താ-
ലാ വമ്പൻ യാത്രചെയ്യവേ
ഹാ വന്യനാം പരാസ്കന്ദി
ഭാവംമാറീട്ടടുത്തുതേ. ൭൩

ഞൊടിമാത്രയ്ക്കു കൂടീടും
ചൊടിയിൽത്തോക്കെടുത്തവൻ
വെടിവെച്ചെങ്കിലും ശൈത്യം
പിടിച്ചിട്ടതു വന്ധ്യമായ്. ൭൪

പിന്നെയും വെടിവെച്ചീടാൻ
ദുർന്നയൻ തോക്കെടുക്കവേ
വന്നമാർഗ്ഗമതിൽക്കൂടി
ക്ഖിന്നനോടിപ്പിഴച്ചുതേ. ൭൫

ദ്രോഹം ദൈവത്തിനില്ലൊട്ടു-
മൂഹം തെറ്റിബ്ഭവിച്ചുപോയ്
ദേഹമോർത്തോടിടും സാർത്ഥ-
വാഹനേവം നിനച്ചു ഹാ. ൭൬

ആപത്തിലവനെ സ്വീയ-
ശാപമോർക്കുന്ന ദൈവവും
കോപത്താൽ തള്ളിവിട്ടെങ്കിൽ
പാപൻ ദുർമ്മൃതനായിടും. ൭൭

---

൭൨. ശർമ്മം=സുഖം ദുർല്ലഭം=ചുരുക്കം.
൭൩. ദൈവാഭിശാപം=ദൈവത്തെക്കുറിച്ചു ഇല്ലാത്ത ദോഷമുണ്ടാക്കിപ്പറയുക. പരാസ്കന്ദി=തസ്കരൻ.
൭൪. വന്ധ്യം=നിഷ്ഫലം.
൭൬. സാർത്ഥവാഹൻ=കച്ചവടക്കാരൻ (ചെട്ടി)
൭൭. സ്വീയശാപം=തനിക്കുള്ള അപവാദം.

അതിനാൽ ദൈവവിശ്വാസം
മതിമാന്മാർക്കുണ്ടായിരിക്കണം
ചതിയിൽപ്പെട്ടുപോകാതെ
ക്ഷിതിയിൽ കാര്യസിദ്ധയെ. ൨൮

പൌരുഷം കാര്യസിദ്ധിക്കായ്
പോരുമെന്തിനു ദൈവവും
ആരുവാനോർത്തിടും ഗ്രാവ-
വാരുന്മജ്ജനവസ്തുത. ൨൯

മനശ്ശാന്തിഗുണം പൂർണ്ണ-
മനർഗ്ഗളമെഴുന്നവൻ
ധനിയല്ല നീ, കൃതാർത്ഥൻ സ-
ജ്ജനമാന്നിതനല്ലയോ. ൩൦

താരുണ്യത്തിൽ ചിത്തശാന്തി
ചേരുന്നോൻ ശമമുള്ളവൻ
ആരുമേ വൃദ്ധഭാവത്തിൽ
തീരും ശാന്തസ്വഭാവനായ്. ൩൧

ചിത്തതൃപ്തി പരാനന്ദ-
മൊത്തെഴും ശാന്തസൌഭഗം
ഒത്തപോൽ പൌരുഷം കാട്ടു-
മുത്തമന്നു ലഭിയ്ക്കുമോ. ൩൨

തർക്കംപോൽ നോക്കണം കീഴ്പോ-
ട്ടുക്കല്യൻ തൃപ്തിമാൻ സ്വയം
ചിക്കനെ ഖിന്നവി മേല്പോട്ടു-
ദ്രുക്കർപ്പിച്ചാലധോഗതി. ൩൩

---

൨൮. കാര്യസിദ്ധയെ=കാര്യലാഭത്തിനുവേണ്ടി.

൨൯. ഗ്രാവം=പാറ, വാരുന്മജ്ജനം=വെള്ളത്തിൽ പൊങ്ങിക്കിടപ്പ്.

൩൨. ശാന്തം=അടക്കം. സൌഭഗം=സൽഭാഗ്യം.

പ്രത്യഹം വന്നുകൂടുന്ന
കൃത്യനൎത്ഥങ്ങളായതിൽ
അത്യൎത്ഥം ക്ഷമ കൈക്കൊണ്ടു
മൎത്ത്യൻ പൌരുഷധൎമ്മവാൻ. ൩൪

നിയതം സദവിവേകപ്ര-
ശ്രയവാനൎത്ഥസിദ്ധിതാൻ
പ്രിയവും കാകതാലീയ-
നയമാം; സാഹസിയ്ക്കിഹ. ൩൫

കൃത്യബീജം വിവേകാംബു-
സ്രുത്യാ കാത്തു നനയ്ക്കുവോൻ
സ്സൂത്യൎഹം സൽഫലവ്യൂഹ-
മത്യന്തം ക്ഷണമാൎന്നിടും. ൩൬

മാനവന്മാൎക്കിങ്ങു ധീര-
സ്ഥാനംതാൻ തനുഭൂഷണം
നന്നതിൻ മണ്ഡനം, കോപ-
ഹീനതചം പ്രശമാത്മകം. ൩൭

അതിനേറും പഠിപ്പാര-
സ്ഥിതിവായ്ക്കും പരാക്രമം
ക്ഷതിഹീനം വിവേകാദ്ധ്യാൽ-
ഗ്ഗതിയാൽ സിദ്ധികാരണം, ൩൮

---

൩൪. പ്രത്യഹം=പതിവായി. കൃത്യനൎത്ഥങ്ങൾ=പ്രവൃത്തിയിൽ ആപത്തുകൾ. കൎത്യനൎത്ഥങ്ങൾ എന്നും പാഠം ഉണ്ടു്. കതി=എത്ര.

൩൫. പ്രശ്രയം=വിനയം. കാകതാലീയം=യാദൃച്ഛികം.

൩൬. കൃത്യബീജം=കാൎയ്യമാകുന്ന വിത്തു്. സ്രുതി=ഒലിവു്.

മതിവ്യത്യയതാമിസ്ര-
ഗതിയാൽ മൂടിടും വിധി
സ്ഥിതിയിൽ കൈവരുത്തീടാൻ
മതിയാം ശാസ്ത്രദീപകം. ൯

സല്പഥത്തിൽ ചരിയ്ക്കുന്നോ-
നല്പനും ദൈവഹേതുവാൽ
സല്പതിച്ചെങ്കിലും ശ്രേയഃ-
കല്പമാമാപദാഗമം. ൧൦

ഫലഹീനം ബഹുക്ലേശ-
മലമേന്തുന്ന കർമ്മവും
നിലകൈവിട്ടു ചെയ്യൊല്ല
ബലവദ്ദ്വേഷവും ജനം. ൧൧

മുഖ്യമായ് കോപമുജ്ഝിച്ചേ
സൌഖ്യസാരോദയം വരൂ
പ്രഖ്യാതമുദയം പത്മ-
സഖ്യവാനിരുളാററവേ. ൧൨

മുന്നം ധീരതയിൽ തോററു
തുന്നംപാടിയൊരബ്ധിയെ
നന്നല്ലചച്ചിലിൽ ക്ഷോഭം-
വന്നതിൽചൂർണ്ണനാക്കി നീ. ൧൩

ബലമേറും സമീപക്ഷ്മാ-
വലവൈരിയെ ബന്ധുവായ്
ഫലസിദ്ധിയ്ക്കു വച്ചീടും
നിലതാനുത്തമോത്തമം. ൧൪

---

൯. മതി.....ഗതിയാൽ=വിപരീതബുദ്ധിയാകുന്ന അന്ധകാരനരകത്തിലേക്കുള്ള പോക്കിനാൽ. വിധി=ഭാഗ്യം. ശാസ്ത്രദീപകം=ശാസ്ത്രമാകുന്ന വിളക്ക്.

൧൦. സല്പഥം=സന്മാർഗ്ഗം. ആപദാഗമം=ആപത്തു വരിക.

൧൨. പത്മസഖ്യവാൻ=സൂര്യൻ.

൧൪. സമീപക്ഷ്മാവലവൈരി=അടുത്തുള്ള രാജാവ്.

ഈ വചസ്സു ബഹ്വന്യായം
കൈവരുത്തിക്കഥിച്ചുഞാൻ
സാവധാനം നിനച്ചാൽ, സൽ-
ബ്ഭാവബോധം ഭവിച്ചിടും. ൧൫

ജയസിംഹ! മമാപത്യം
കയൽക്കണ്ണാളിരിയ്ക്കയാൽ
പ്രിയമെന്നാശ്രമം പൂകാൻ
സ്വയം വട്ടങ്ങൾ കൂട്ടു നീ. ൧൬

സൂത്രമെൻമൊഴി, സന്ദേഹ-
പാത്രമാണെന്നു തോന്നുകിൽ
അത്രവൃത്തി ഭവൽപ്പത്മ-
നേത്രചൊല്ലുന്ന മട്ടുതാൻ. ൧൭

ഇവനും പർണ്ണധാമത്തിൽ
നവമോടിയ്ക്കു വന്നിടാൻ
ലവമാലസ്യമില്ലസ്മൽ-
ബ്ഭവശക്തിപ്രലോഭനാൽ. ൧൮

അത്തലുണ്ടെങ്കിലും പുത്രീ-
സത്തമപ്രാണനായകൻ
ഇത്തരം ശ്വശുരോക്തത്തി-
നുത്തരം സ്മിതമാക്കിനാൻ. ൧൯

---

൧൬. അപത്യം=സന്താനം.

൧൭. സൂത്രം=ചുരുക്കിയതു്. സൂത്രമെന്നും വൃത്തി=വർത്തനം, വിവരണമെന്നും.

൧൮. പർണ്ണധാമം=ആശ്രമം. അസ്മൽ...പ്രലോഭനാൽ=എന്റെ പുത്രിയുടെ തക്ക വശീകരണത്താൽ.

൧൯. പുത്രീ......നായകൻ=പ്രതാപസിംഹൻ.

വേഗംകൈക്കൊണ്ടു നാകപ്രഭുഹയമഭയം
കൈതൊഴും പൂൎണ്ണമാനോ-
ദ്വേഗംകൂട്ടുന്ന വാജിത്രയമതിലുടനേ
മൂന്നുപേരും കരേറി
ആഗന്തുവ്രാതമാൎഗ്ഗശ്രമഹരജനതാ-
സാധുസൽക്കാരകൎമ്മാ-
ഭോഗത്താലദ്ധ്വഖേദസ്ഥിതിരഹിതമരം
സിദ്ധകാന്താരമെത്തി. ൫൦

യതിപതിസവിധത്തിൽ തത്ര വൎത്തിച്ചിടും ത-
ദ്വ്രതികളഖിലരും തച്ഛാത്രരശ്രാന്തമെത്തി
നതിനുതികൃതിപൂൎവ്വം കണ്ടുവന്ദിച്ച മാന്യൻ
സതിയുടെ നികടത്തിൽ കാന്തനേത്താനയച്ചു. ൫൧

---

## ഒൻപതാം സൎഗ്ഗം.

---

ആ വാമലോചന, വിയോഗിനി ഭീമസിംഹ-
ഭൂവാസവാത്മജ തനിച്ചൊരുവാസരത്തിൽ
ആവാസനിഷ്കുടമണഞ്ഞു, നിജാന്വവായ-
ദൈവാൎച്ചനത്തിനു, സുമോൽക്കരമാനയിപ്പാൻ. ൧

ഭൂരിപ്രസൂനനിരതട്ടിവരും സമീരൻ
നേരിട്ടു നാസികവഴിയ്ക്കു കടന്നനേരം
കോരിച്ചൊരിഞ്ഞ വിഷമാരുതനേററമട്ടിൽ
പ്പാരിച്ച മൂൎച്ഛപിടിപെട്ടു,വളന്വരന്നു. ൨

---

൫൦. നാകപ്രഭുഹയം=ഇന്ദ്രന്റെ ഉച്ചൈശ്ശ്രവസ്സെന്ന കുതിര

൫൧. തച്ഛാത്രർ=അൎദ്ദേഹത്തിന്റെ ശിഷ്യന്മാർ. നതി=നമസ്കാരം. നുതി=സ്തുതി. കൃതി=കരണം

൧. വിയോഗിനി=വിരഹിണി ആവാസനിഷ്കുടം=ഭവനത്തിനടുത്തുള്ള പൂന്തോട്ടം. വിശിഷ്ടവാചകപദങ്ങൾക്കു വേറെ വിശേഷണപദം അടുത്തിരിക്കുമ്പോൾ വിശേഷ്യമാത്രപരതയെന്ന ന്യായത്താൽ ആവാസനിഷ്കുടമെന്നു പ്രയോഗിച്ചു എന്നറിയുക. നിജ......ത്തിന്=തന്റെ കുലദൈവത്തെ പൂജിക്കുന്നതിന്.

൨. പ്രസൂനം=പുഷ്പം. വിഷമാരുതൻ=വിഷവായു.

എണ്ണംപെടാ പ്രസവപംക്തി ദഹിച്ചുപോകും-
വണ്ണം തപോവനനിവാസിനിയേക്കുഴക്കി
തിണ്ണം സ്ഥലം സമയമീവക നോക്കുമോ മു-
ക്കണ്ണൻകരിച്ച മദനൻ ജനമാരനല്ലേ. ൨

നല്ലാർമണിക്കു നയനദ്വയമശ്രുനീർ വാ-
ച്ചുല്ലാസദർശനവിഹീനമടഞ്ഞിതെന്നാൽ
വല്ലാത്തകാററടിയിലാഞ്ഞളകങ്ങൾ തല്ലി-
ക്കൊല്ലാൻതുനിഞ്ഞതബലാമണി വിസ്മരിച്ചു. ൩

ചട്ടററതൻെറനിലവിട്ടു കവിഞ്ഞുനില്ക്കാ-
തൊട്ടംതുടർന്നൊരു, വിചാരമഹാസമുദ്രം
പെട്ടെന്നു നിർമ്മലകപോലതടപ്രദേശേ
നട്ടംതിരിച്ചു പല ഭാവരസങ്ങൾകാട്ടി. ൪

തല്ലിത്തകർത്തളകസഭ്യഗണം മുഷിഞ്ഞു
തെല്ലില്ലകാഴ്ച വരുകാണികളും മയങ്ങി
തല്ലിപ്പവിട്ടളികരംഗതലത്തിൽനിന്നു
ചില്ലിക്കൊടീനടികൾ നൃത്തമൊഴിഞ്ഞുപോയി. ൫

സ്വേദാംബുവാർത്തു ഹൃദയസ്ഥലിയേ നനച്ചു-
ണ്ടോരാലതിൽ പ്രിയഗുണച്ചെറുവിത്തുപാകി
ആദായവാഞ്ഛയിലനന്യജ,നശ്രുകോരി-
ത്താദാത്വികം പുളകമങ്കുരമോടുചേർത്തു. ൬

---

൨. പ്രസവപങ്ക്തി=പൂനിര.

൩. അളകങ്ങൾ=കറുനിരകൾ. വിസ്മരിച്ചു=മറന്നു.

൪. കപോലതടപ്രദേശേ=കവിൾത്തടത്തിൽ തീരപ്രദേശത്തിൽ എന്നും വിചാരമഹാസമുദ്രം=വിചാരമാകുന്ന മഹാസമുദ്രം. ഭാവരസങ്ങൾ=ഭാവങ്ങളേയും രസങ്ങളേയും വസ്തുക്കളേയും ജലങ്ങളേയും എന്നും

൫. അളകങ്ങൾ=കറുനിരകൾ. സഭ്യഗണം=സദസ്യരുടെ സമൂഹം. സാധുസമൂഹമെന്നും. കാണികൾ=കാഴ്ചക്കാർ കണ്ണുകളെന്നും. ലിപ്സ=ഇച്ഛ. അളികം=നെററി.

൬. അനന്യജൻ=കാമൻ. താദാത്വികം=അപ്പോഴുണ്ടായത്.

ദുർവ്വാരകാന്തവിരഹാഗ്നിയിലിട്ടു തപ്ത-
സർവ്വാംഗമുത്ഭടസമഗ്രരസാനുവേധം
ചാർവ്വംഗിതൻതനുസുവർണ്ണമുരുക്കി ഹന്ത
ദുർവ്വർണ്ണമാക്കി സുമസായകധാതുവേദി. ൮

വ്യോമം നഭഃസ്ഥലിയിലാ ശ്വസിതത്തിൽ വായു
പൂമഞ്ജുളാകൃതിയിലുത്തമതൈജസാഭ
കാമം നിതംബമതി,ലുർവ്വി നിരന്തരാംബു-
സ്തോമം വിരിഞ്ചനതുപോൽ നയനത്തിലേകി. ൯

താരാധിനാഥമുഖി പൂർണ്ണവിയോഗദുഃഖ-
ഭാരാൽക്കഴങ്ങി വരബാലരസാലമൂലേ
കാരാനിവാസിപതിദുസ്ഥിതി ചിന്ത, ചെല്ല-
വോരാച്ചുടുന്ന നെടുവീർപ്പോടു വാണിരുന്നു. ൧൦

അന്നത്തിനില്ലരുചി ലേശവുമെന്നുവന്നു
കന്നൽക്കരിംകുഴലിതന്നുടെ മെയ്ച്ചുടപ്പാൽ
അന്നപ്രമേയരുചി സൂക്ഷ്മനയന്നിടുമ്പോൾ
ക്ഷിന്നത്വമേറ്റ ശശിലേഖകണക്കു വാണു. ൧൧

ആടിക്കഴഞ്ഞതനടനിന്നു, ശരീരവല്ലി-
വാടിത്തളർന്നു മുഖമണ്ഡലമോ വിളർത്തു,
മോടിക്കു നിത്യമണിയുന്ന വിഭൂഷണൌഘം-
കൂടിക്കളഞ്ഞിതവളീനിലയായി കഷ്ടം!. ൧൨

എന്നാൽകൃശത്വമുളവായളവും വപുശ്രീ-
യന്നാരിയാൾക്കു, വെളിവായതനുപ്രകാശം
നന്നായ് ലഘുസ്ഥിതിവരുത്തി, വറുക്കിൽപ്പോ-
ന്നിന്നാത്മചാരുമഹിമയ്ക്കൊരു മാറ്റുകൂട്ടും. ൧൩

---

൮. രസാനുവേധം=രസംചേർക്ക. ദുർവ്വർണ്ണം=ദുഷ്ടനിറം. വെള്ളി എന്നും

൧൧. കന്നൽക്കരിംകുഴലി=നല്ലകറുത്തതലമുടിയുള്ളവൾ. ശശിലേഖ=ചന്ദ്രക്കല.

ആവില്ല മാല കലുവാനിതിലെന്നു വച്ചുൾ-
പ്പൂവിൽ ക്രമോത്തരപരിഭ്രമമാർന്ന തന്വി
കൈ വിശ്വമോഹനകപോലതലത്തിലേന്തി
ശ്രീവിശ്രുതാംഗി തലതാഴ്ത്തി വസിച്ചിരുന്നു. ൱൪

ആ രക്ഷിതാവടവിവിട്ടു തിരിച്ചുകാണ്മാ-
നാരംഭമില്ല ദിനമെത്ര കഴിഞ്ഞിട്ടും
ഹാ! രമ്യഗാത്രി ഹൃദയാന്തരവർത്തിപീഡാ-
പാരമ്യവാരിധിയിലും നിലവിട്ടുമുങ്ങി. ൱൫

ചേലൊത്ത തൻകണവനിൽപ്പതിയുന്ന ചിത്ത-
ത്താലൊട്ടുമുത്തമപരേന്ദ്രിയദുഃഖവായ്പും
പാലൊത്തവാണിയിലൊരേസമയം നഭസ്സിൽ
വെയ്‌ലൊത്തുചേർന്ന മഴപോലെ കടന്നുകൂടി. ൱൬

ഉള്ളിൽത്തെളിഞ്ഞവരനെ ക്കുവളായകണ്ണാൽ
പുള്ളിക്കുരംഗമിഴി നോക്കി വസിച്ചിടുമ്പോൾ,
തള്ളിക്കളഞ്ഞു നിജജോലി പരേന്ദ്രിയങ്ങൾ
കൊള്ളിച്ചുവോ ഹൃദയമൈത്രി ലയിച്ചമട്ടിൽ. ൱൭

പ്രാണാധിനാഥനുടെ കല്പിതവിഗ്രഹം കൺ-
കോണാൽനുകർന്നു തരളേക്ഷണ തൽക്ഷണം താൻ
കാണാതെ കാന്തപരിരംഭമനോരഥത്തോ-
ടാണാത്മപാണി ഗഗനത്തിലണച്ചതല്ലോ. ൱൮

കുട്ടിക്കുരംഗമിഴി ചേതസി, ശക്തിവേഗം
കൂട്ടിക്കടന്ന രമണപ്രതിരൂപകത്തെ
പൊട്ടീട്ടൊലിച്ച നയനാംബു കലർന്നുരസ്സിൽ
തട്ടീട്ടുകാണുവതിനോ മുഖമൊട്ടുതാഴ്ത്തി. ൱൯

---

൱൫. പീഡാപാരമ്യ=ദുഃഖാധിക്യം

൱൮. കല്പിതവിഗ്രഹം=സങ്കല്പത്താൽ നിർമ്മിക്കപ്പെട്ട ശരീരം
പരിരംഭം=ആലിംഗനം

൱൯. രമണപ്രതിരൂപകം=ഭർത്താവിന്റെ പ്രതിബിംബം.

ദീനസ്ഥിതിക്കു, മധുരാകൃതിഭുക്തി തെല്ലു-
സ്ഥാനത്തിലെന്നു ഗദഹേതുവനംഗവൈദ്യൻ
മൌനംകലൎന്നു വെളിവാക്കിയതോൎത്തപോല-
മ്മീനാക്ഷി ഹൃദ്യവിഷയേച്ഛ വെറുത്തതാവാം. ൧൦

ആ ഗന്ധഹസ്തിനടയാൾക്കഥ വിപ്രയോഗാ-
വേഗംമികച്ചു മുനിനാഥദിദൃക്ഷ വാച്ചു
ആഗന്തുവായ് വിവിധരീതിയിലുള്ള ഭാവോ-
ദ്വേഗം ക്രമാലവളെ വൻവിഷമത്തിലാക്കി. ൧൧

ബാല്യംമുതൽക്കുടയ തൻകഥയൊക്കെയോൎത്തു
ശല്യാലടഞ്ഞു ചുടുനീരണിവീക്ഷണങ്ങൾ
തുല്യത്തിൽ മഞ്ജുജലമൊത്തണുകമ്പിനിൽക്കും
നല്ലംബുജദ്വിതയമെന്നവിധംവിളങ്ങി. ൧൨

ജാടപ്പകിട്ടുകുറയുംമൊഴി ശാന്തശീലം,
ജാടംകലൎന്നവരവേണി മുഷിഞ്ഞവസ്ത്രം
കാടാശ്രയിച്ചിവകളൊത്തു തപോവിധാനം
കൂടാതെകണ്ടിവൾ വിയോഗിനിതന്നെയായി. ൧൩

ചൊല്ലാൎന്നദൈവമറിവോടു വരുത്തിടുന്ന-
തെല്ലാം സഹിച്ചനുഭവിക്കണമെന്നബോധം
ഇല്ലാതെവന്നു സുദതിയ്ക്കു സരോജബാണൻ
വല്ലായ്മചേൎത്തിതു നിതാന്തമതേവിധത്തിൽ. ൧൪

---

൧൦. മധുരാകൃതിഭുക്തി=മധുരപദാൎത്ഥഭക്ഷണം. മനോഹരവസ്തുക്കളുടെ അനുഭവമെന്നും. ഗദഹേതു=രോഗനിദാനം. ഹൃദ്യം=മനോഹരം.

൧൧. ഗന്ധഹസ്തി=മത്തഗജം. വിപ്രയോഗം=വിരഹം ദിദൃക്ഷ=ദൎശനേച്ഛ.

൧൨. അംബുജദ്വിതയം=രണ്ടുതാമരപ്പൂവ്.

൧൩. ജാടം=ജടാസമൂഹം. മുനിവൃത്തി=തപസ്സ്. വിയോഗിനി=വിശിഷ്ടയോഗിനി, വിരഹിണി എന്നും.

വിശ്വാതിവിശ്രുതമനോജ്ഞശരം തറച്ചൊ-
രാശ്വാസമെന്നിയെ തകൎന്ന തദീയദേഹം
നിശ്വാസമാരുതസഹായമുറച്ച താപ-
വൈശ്വാനരന്റെ ശിഖകൊണ്ടു ദഹിച്ചുപാരം. ൨൫

ദുൎവ്വാരമെന്നുപിഴ ഞാനറിയാതെമുന്നം
ഗൎവ്വാൻചെയ്തതു പൊറുക്കണമീശ്വരാ നീ!
സൎവ്വാബലാമണി യിവണ്ണമലിഞ്ഞു യാച്ഞെ
നിൎവ്വാദചേഷ്ടവഴിതന്നെ വെളിപ്പെടുത്തി. ൨൬

ജാതിസ്ഫുരന്നിഭൃതമാനസകൎമ്മമാത്മ-
ജാതവ്യഥാവിവശയാം തനുഗാത്രിതന്നിൽ
ചൈതന്യമക്കണവനിൽ ത്വരിതം ലയിച്ചു-
പോതങ്ങുനിന്നു പുനരാഗതി നേടിയില്ല. ൨൭

പ്രാണപ്രിയൻ ഭുവി പതിവ്രതമാൎക്കു നിത്യം
കാണപ്പെടുന്ന പരദൈവമതെന്നു സിദ്ധം
വേണം സമാധി സതിമാൎക്കതവൎക്കു പഞ്ച-
ബാണൻവരുത്തി നിജജീവിതരക്ഷണാൎത്ഥം. ൨൮

കണ്ണുങ്ങുതാനടനടച്ചു മിഴിച്ചിടുംമുൻ-
പെണ്ണപ്പെടാത്തവ നശിച്ചിടുമിപ്രപഞ്ചേ;
പിന്നാക്കമില്ലൊരുതരിമ്പുമടഞ്ഞരണ്ടു-
കണ്ണാൽ ശ്രുതിപ്രണയിലോചന, തത്വമോതി. ൨൯

---

൨൫ നിശ്വാസമാരുതസഹായം=ദീൎഘശ്വാസമാകുന്ന വായുവിന്റെ ആനുകൂല്യം.
താപവൈശ്വാനരൻ=സന്താപാഗ്നി. ശിഖ=ജ്വാല.

൨൬. യാച്ഞ=അപേക്ഷ. നിൎവ്വാദചേഷ്ട=തക്കമാറ ആംഗ്യം.

൨൭. മാനസകൎമ്മം=സങ്കല്പം. ആത്മജാതവ്യഥ=കാമപീഡ. പുനരാഗതി=വീണ്ടും
വരവു്.

൨൮. സമാധി=ചിത്തൈകാഗ്രത, ദുഃഖമെന്നും. നിജജീവിതരക്ഷണാൎത്ഥം=തന്റെ
പ്രാണനെ രക്ഷിക്കുന്നതിനുവേണ്ടി.

൨൯. ശ്രുതിപ്രണയിലോചന=ആയതാക്ഷി, വേദപരിചിത എന്നും.

സഞ്ചാരമററു നിജദൃഷ്ടിലയിച്ചവാറേ
പഞ്ചായുധപ്രഥമബീജബലം കലർത്തി
വഞ്ചാരുഗാത്രി മനമൊത്തഥ ഭർത്തൃനാമ-
പഞ്ചാക്ഷരീനിനവിലന്യവിരക്തിതേടി. ൯൦

ചിത്തത്തിലേവമസിതേക്ഷണ കാന്തവീക്ഷാ-
സത്താസ്വദിച്ചു പരമാദ്വയമൂർത്തിലെത്തി
അത്തൽവിലാത്മവഴികാട്ടിന യോഗിശിഷ്യ-
നൊത്തന്തികസ്ഥലമസുപ്രിയനാഗമിച്ചു. ൯൧

ആ സന്നതാംഗി മദനാശുഗതപ്തചിത്ത-
മാസന്നയായളവു തത്ര പരീക്ഷ ചെയ്വാൻ;
ശ്വാസം പദാപ്പണരവം ധവനൊട്ടടക്കി-
ട്ടാസന്നതുംഗവിടപിയ്ക്കു മറഞ്ഞുനിന്നു. ൯൨

കണ്ടാൽകുതൂഹലകരം നവപുഷ്പജാലം-
കൊണ്ടാവനസ്ഥലി,ലസിപ്പതുനോക്കിടാതെ;
തണ്ടാർദളേക്ഷണയിലാൻ ലയിച്ചിട്ടും ഏ-
ത്തണ്ടായ്പിരിഞ്ഞു ടലുമാത്രമവൻവഹിച്ചു. ൯൩

മല്ലാക്ഷിയിൽ കരളലിഞ്ഞതിലീർഷ്യയാൽ താൻ-
ചെല്ലാതെ യെന്തുഫലമെന്നു നിനച്ചമട്ടിൽ
ഉല്ലാഘമപ്പതിവപുസ്സു മനംപിരിഞ്ഞി-
ട്ടുല്ലാസഹീനമിളകാതനിലയ്ക്കുനിന്നു. ൯൪

---

൯൦. പഞ്ചായുധപ്രഥമബീജം=കാമബീജം "ക്ലീം" ഭർത്തൃപഞ്ചാക്ഷരി="പ്രതാപസിംഹൻ" എന്ന അഞ്ചക്ഷരം. അന്യവിരക്തി=അന്യവൈരാഗ്യം. പഞ്ചാക്ഷരീജപത്തിൻെറ ഫലം വിഷയവൈരാഗ്യം അത്രെ.

൯൧. പരമാദ്വയമൂർത്ത്=ബ്രഹ്മാനന്ദം അസുപ്രിയൻ=പ്രാണനാഥൻ.

൯൨. പദാപ്പണരവം=കാൽപെരുമാററശബ്ദം ആസന്നതുംഗവിടപി=അടുത്തുനിൽക്കുന്ന വലിയ വൃക്ഷം.

൯൪. ഉല്ലാഘം=അരോഗം (ശക്തിമത്ത്) ഉല്ലാസഹീനം=സന്തോഷമില്ലാത.

അന്നാള്യമുഗ്രവിരഹാകുലഭർത്തൃനേത്രം
ചെന്നാപതിച്ചു ചികുരച്ഛവിയിൽക്കുഴങ്ങി,
എന്നാവിനില്ല ബലമാനനഭംഗികാണ്മ-
തന്നാശവാച്ചതിലുദിച്ചു കുഴപ്പമോതാൻ. ൩൬

കുന്നായിടഞ്ഞ കുചമാന്റു ചരിക്കുവാൻ വ-
യ്യെന്നായി പത്രലതയാൽ നയനത്തിനൊട്ടും
എന്നാലുമാ കുചഗിരിയ്ക്കുഴുമുന്നതത്വ-
മൊന്നാവസിപ്പതിനതിന്നവലംബമേകി. ൩൭

പുഷ്ടപ്രഭാധരനികാമവിലോകനത്താൽ
നഷ്ടസ്വബോധമതു തൻനയനദ്വയത്തിൽ
സ്പഷ്ടം കുഴപ്പമുളവായതു വാവിനേക്കാൾ-
ക്കഷ്ടം ചതുർദ്ദശിയിതിൽപ്പരമെന്തുവേണ്ടു. ൩൮

തൽക്കാന്തകുന്തളലസൽപ്രഭകണ്ടു തത്ര
നിൽക്കാൻതുനിഞ്ഞതിലയിച്ചു മുറയ്ക്കു പിന്നെ
സൽക്കാമമോഹനമുഖം സ്വയമാചരിക്കും
സൽക്കാരമേറ്റു, കചവാഞ്ഛ കളഞ്ഞു നേത്രം. ൩൯

സ്തുത്യർഹസുന്ദരവിചിത്രചരിത്രതന്നിൽ
പ്രത്യംഗവീക്ഷണവിചക്ഷണമക്ഷിയുഗ്മം
അത്യന്തസമ്മദസരിൽപ്പതിതന്നിൽ മുങ്ങി
നിത്യപ്രശസ്തതരബാഷ്പമിയന്നുമേന്മേൽ. ൪൦

ശോകാതിരേകമിടചേർന്നു സുവർണ്ണവർണ്ണ-
നീകാശഗാത്രി രുചിരോപവനത്തിലേവം
ഏകാന്തചിന്തയിലിരിപ്പതു കണ്ടു ധന്യ-
ലോകാഗ്രഗണ്യനവനിത്തരമാർത്തുപോയി. ൪൧

---

൩൭. പത്രലത=ഇലയും വള്ളിയും പത്തിക്കീറ്റു എന്നും.
൩൯. സ്തുത്യർഹ ......... തന്നിൽ=രത്നപ്രഭയിൽ. പ്രത്യംഗവീക്ഷണവിചക്ഷണം=
എല്ലാ അവയവവും കാണുന്നതിനു കാത്തിരിക്കുന്നതു്. അത്യന്തസമ്മദസരി
ൽപതി=പരമാനന്ദസമുദ്രം.
൪൦ സുവർണ്ണവർണ്ണനീകാശഗാത്രി=തങ്കത്തിനൊത്ത ശരീരമുള്ളവൾ. ഏകാന്തചി
ന്ത=വിജനത്തിലുള്ള വിചാരം.

അംഗ്ര്യം വിഭൂഷയിവവിട്ടതിലും സ്വനൈഗ-
നിഗ്ര്യം വഴിഞ്ഞൊഴുകിടും തനുകാങ്കമൂലം
ഭാഗ്യപ്രവേശദിനമിട്ടിനമെന്നു ഭർത്തൃ-
യോഗ്യത്വമുള്ളതുവശാലിവനോർത്തിടുന്നേൻ. ൪൫

രത്നപ്രഭസ്ഥപരഭൂഷണഭംഗിചേർക്കാൻ
യത്നപ്പെടേണ്ടവ വപുസ്സിനു ഭാരമത്രേ
പ്രത്നം സുവർണ്ണമിളകാത്ത സുവർണ്ണകുംഭ-
രത്നത്തിനെന്തിനു വിശേഷകശോഭവേറെ. ൪൬

തേജസ്സെഴുംതനു നിതാന്തവിചിന്തയാൽ നി-
ർവ്യാജപ്രസൂതിജഭരത്തിനു പാത്രമാക്കി
രാജദ്വിയോഗവരചിഹ്നമൊടൊത്തുവാഴും
രാജന്യപുത്രി മമ ജീവിതമൂർത്തിതന്നെ. ൪൭

ഈ രമ്യഗാത്രി ഹൃദയപ്രവിശദ്വിചാര-
നൈരന്തരിക്ക മിഴിനീർക്കണധാരതൂകി
സാരസ്യമുള്ളവകൾ തന്നുകളഞ്ഞ മുക്താ-
ഹാരസ്പടിയ്ക്കു വിലസുന്ന കുചദ്വയത്തിൽ. ൪൮

മുമ്പംബുജാതമിഴിയിൽ ദൃഢരാഗവിത്ത-
ഞ്ചെമ്പൻ വിതച്ചതു മുളച്ചു വളർന്നുകേറി
അമ്പമ്പ! പൂത്തു കുസുമാവലിവീഴ്ത്തിടുന്നി-
തിമ്പംപെട്ടും ഗളിതബാഷ്പകണച്ഛലത്താൽ. ൪൯

---

൪൫. നൈഗനിഗ്ര്യം=ലാവണ്യവിശേഷം.

൪൬. പ്രത്നം=പഴയ. സുവർണ്ണം=നല്ലനിറം. വിശേഷകം=പൊട്ടു്.

൪൭. തേജസ്സ്=കാന്തി. പ്രസൂതിജഭരം—ദുഃഖാധിക്യം. രാജന്യപുത്രി=ക്ഷത്രിയരാജപുത്രി.

൪൮. ഹൃദയ...... ...ന്തരി=മനസ്സിൽക്കൂടന്ന വിചാരധാര.

൪൯. ഗളിതബാഷ്പകണച്ഛലം=പൊഴിയുന്ന കണ്ണുനീർത്തുള്ളി എന്ന വ്യാജം

സീമാവിഹീനമൊഴുകാൻ തുനിയുന്നൊരശ്രു-
സ്തോമാതിവൃഷ്ടി വരുമെന്നുഭയന്നമൂലം
കാമാനുകൂലമണയും സ്മിതരാജഹംസം
രാമാമണീമുഖസരോജമപാകരിച്ചു. ൪൰൬

നേത്രദ്വയം കുചയുഗം വദനം മനോജ്ഞം
ഗാത്രം സുകേശമിവ കണ്ടതുതന്നെമുന്നം
മാത്രയ്ക്കുഭേദമതിനില്ല കൃശാംഗിയെന്നാ-
ലിത്രയ്ക്കുവാച്ചു വിരഹാർത്തിയിലന്യതന്നെ. ൪൰൭

സ്നാനംകഴിച്ചു നയനാംബുവിലിഷ്ടസിദ്ധി-
ക്കൂനംവരാതിവൾ തപസ്സു നടത്തിടാനായ്;
മൌനംവഹിച്ചു വിഷയേച്ഛവെടിഞ്ഞു പാരം
ധ്യാനത്തിലാണ്ടു ബത യോഗിനിയെന്നപോലെ. ൪൰൮

സാന്ദ്രാത്മഭാഗ്യജനിഹേതു ശതക്രതുത്വം-
താന്ദ്രാഗുദാരപദമല്ലിതിലെന്നുനണ്ണി,
ചന്ദ്രാഭിരാമസുമുഖീപ്രിയനാകുമെന്നോ-
ടിന്ദ്രാണിതൻ കണവനീഷ്യ വളർന്നിടുന്നു. ൪൰൯

വണ്ടാറണിക്കുഴലിയാൾ മമ വിപ്രയോഗ-
മുണ്ടായതിൽ തനതുഭുക്തിവെടിഞ്ഞമൂലം;
കണ്ടാൽച്ചുടച്ചു ശിശിരർത്തു മഥിച്ചപോതു,
തണ്ടാർനശിച്ചു സരസീയ്ക്കു; സമാനമിപ്പോൾ. ൫൰

---

൪൬ സീമാവിഹീനം=അതിരുകവിഞ്ഞു്. അതിവൃഷ്ടി=വലിയവർഷം. സ്മിതം=പുഞ്ചിരി. സരോജം=പത്മം. അപാകരിച്ചു=ഉപേക്ഷിച്ചു. അരയന്നം പത്മം വിട്ടുപോകുന്നതു വർഷത്തിലത്രെ.

൪൭. വാച്ചു=വർദ്ധിച്ചു. വിരഹാർത്തിയിൽ=വിരഹദുഃഖത്തിൽ. അന്യ=വിജാതിയ.

൪൮. ഇവൾ സന്യാസിനിപോലെ സ്നാനം മുതലായവ നടത്തി ധ്യാനത്തിൽ മുഴുകിയിരിക്കുന്നു എന്നു ഭാവം.

൪൯. സാന്ദ്രാത്മഭാഗ്യജനിഹേതു=പരിപൂർണ്ണമായ തന്റെ ഭാഗ്യോല്പത്തിക്കു കാരണം. ശതക്രതുത്വം=നൂറുയാഗംചെയ്ത അവസ്ഥ. ഉദാരപദം=ഉൽകൃഷ്ടസ്ഥാനം.

൫൦. ശിശിരർത്തുവിൽ താമര എല്ലാം നശിച്ചു്, പൊയ്ക ശുഷ്കിച്ചുപോകുന്നു. അതുപോലെ ആഹാരമുപേക്ഷിച്ചതിൽ ഇവൾ ചടച്ചു.

ശൃംഗാരയോനിഭഗവാൻ സ്വസമാധിയാൽത്താ-
നംഗാതിഭംഗി വരസൃഷ്ടിയിലേകിനൂനം;
അംഗാംഗിഭാവി ഭുവി കാരണകാര്യജന്യം,
തുംഗാഭകാൺമു രമണിക്കതിനാൽസമാധ്യെ. ൭൧

മത്തനാ പിതൻതനുവിനോടു പമേയഭാവം
മൊത്തത്തിലുള്ളതു നിനച്ചുകൃതാർത്ഥമേട്ടിൽ
ഇത്തവ്വിലീയുലകിലുള്ളപമാനവസ്തു
തത്തൽ സ്വയംപ്രമദനൃത്തമെട്ടുത്തിടുന്നു. ൭൨

നേരററരൂപഗുണമുള്ള നതാംഗിമാരിൽ,
സ്വാരസ്യമുററമലർമങ്കയുമസ്തശങ്കം
ചാരത്തുകാങ്കിലുടനൊട്ടുവളിൽക്കിടക്കും
ചോരത്തിളപ്പു കളവാനിവൾതന്നെപോരും. ൭൩

മാരാസുവല്ലഭ രതിയ്ക്കിഹകണ്ണുരുള്ളു-
ന്നോരാംഗ്യമെന്തിനതു വിസ്ഥി കളഞ്ഞിടട്ടെ
വാരാകരപ്രഥിതനന്ദിനിയും മുറയ്ക്കു-
പേരാന്ന താതഗുണമേററു തപിച്ചിടട്ടേ. ൭൪

കാററത്തണഞ്ഞ കൊടിമട്ടുനിനക്കുകാണു-
മൂററത്തമെന്തിനതു നീക്കുക മേനകേ! നീ
തോററം മദീയമതു ഞാനുരചെയ്തുകൊള്ളാം
തോറെറങ്കിലുർവ്വശി! ശമിച്ചുസമാശ്വസിക്കു. ൭൫

---

൭൧. ശൃംഗാരയോനി=കാമൻ. സമാധി=ചിത്തൈകാഗ്രത (ഒന്നിൽതന്നെ മനസ്സിനുള്ള ഇരിപ്പ്) അംഗം=കാരണം. അംഗി=കാര്യം. കാരണകാര്യജന്യം= കാരണത്തിലും കാര്യത്തിലും ജനിക്കുന്ന ഗുണദോഷാദി. ഇവിടെ കാരണഗുണം അംഗം; കാര്യഗുണം അംഗി; കാരണഗുണംതന്നെ കാര്യഗുണത്തെ ജനിപ്പിക്കുന്നു എന്ന ന്യായത്താൽ ആയിരിക്കാം സമാധിജന്യമായ തൽകാലഗുണം കാണുന്നതു് കാമൻ സമാധിയാൽ ഇവളെ സൃഷ്ടിച്ചു എന്നു പറകയാൽ നിർമ്മാണത്തിനുതക്ക സൌകര്യവും രൂപാതിശയവും ധ്വനിക്കുന്നു.

൭൨. ചന്ദ്രൻ പത്മം മുതലായ ഉപമാനവസ്തുക്കൾ എല്ലാം ഏതദംശത്തോടു ഉപമേയഭാവമെങ്കിലുമുണ്ടല്ലോ എന്നുവിചാരിച്ചു് ഹർഷനൃത്തം ചെയ്യുന്നു എന്നു് സാരം. തത്തൽ=തൽതൽ=അതാതു്.

൭൩. നേരററ=നിസ്തുലമായ (അസാധാരണമായ)

൭൪. മാരാസുവല്ലഭ=പ്രാണവല്ലഭ. വാരാകരപ്രഥിതനന്ദിനി=മഹാലക്ഷ്മി. താതഗുണം=അച്ഛന്റെ ഗുണം, ഗാംഭീര്യം.

൭൫. തോററം=വിചാരം.

നാണിച്ചു രംഭ തലതാഴ്ത്തി തദൂരുയുഗ്മം
കാണിച്ചപോഴിലപകീർത്തി പരന്നമൂലം
കാണിക്കപോലുമൊരു രക്ഷയതില്ല നിങ്ങൾ-
ക്കാണിഗ്രഹപ്പിഴതുലോം സുരനാരിരംഭേ!. ൩൫

ഭൂലോകമൌരഗനികേതനമെന്നുവേണ്ട
പൌലോമിതൻസദനമീ ത്രിജഗത്തിലിപ്പോൾ
നീലോല്പലപ്രതിമനേത്രയോടൊത്തുനിൽക്കാ-
നാലോചനാപഥമണഞ്ഞൊരു നാരിയില്ല. ൩൬

കൈവന്നൊരാത്മരമണീരമണീയദേഹ-
മീവണ്ണമക്ഷിയുഗളത്തിനു ലക്ഷ്യമാക്കി
വൈവശ്യപൂർണ്ണഹൃദയൻ പതി ഭീമസിംഹ-
ഭൂവല്ലഭപ്രിയസുതാസവിധത്തിലെത്തി. ൩൭

ചിത്തത്തിലെന്നവിധമുല്പലനേത്രചിന്താ-
മാത്രാതിമാത്രപരതന്ത്രത പൂണ്ടിരിയ്ക്കേ
സൂത്രത്തിലന്തികമണഞ്ഞു തദീയഹാർദ്ദ-
പാത്രം പ്രിയാഭുജശിരസ്സുപിടിച്ചുമന്ദം. ൩൮

മട്ടോടിടഞ്ഞമൊഴിതൻ ചുമലിൽ പതുക്കെ-
ത്തൊട്ടോരുനേരമളവററ പരിഭ്രമത്താൽ
ഝട്ടോട്ടുകൂടി നിജദൃഷ്ടിപതിയ്ക്കവേ ഹൃ-
ത്തട്ടോടുചേർന്നപതിയെക്ഷണമൊന്നുകണ്ടാൾ. ൪൦

---

൩൫. രംഭ=കദളിവാഴ. തദൂരുയുഗ്മം=അവളുടെ തുട രണ്ടും.

൩൬. ഔരഗനികേതനം=പാതാളം. പൌലോമി=ഇന്ദ്രാണി. ആലോചനാപഥം=ആലോചനാമാർഗ്ഗം.

൩൭. അക്ഷിയുഗളത്തിനു ലക്ഷ്യമാക്കി=കണ്ടു. ഭീമസിംഹ.......സവിധം=രത്നപ്രഭയുടെ അടുക്കൽ.

൩൮. തദീയഹാർദ്ദപാത്രം=അവളുടെ ഭർത്താവ്. പ്രിയാഭുജശിരസ്സ്=ഭാര്യയുടെ ചുമൽ.

കാന്താനനം സുദതികണ്ട ദശാന്തരത്തിൽ
സ്വാന്താതിഹർഷനിരതൻ വശയായ് ച്ചമഞ്ഞു
കാന്താരനിർജ്ജ്ഝരിണി വാരിദകേളികാലോ-
ദ്വാന്താംബുപൂരനിരവഗ്രഹയായമട്ടിൽ. ൬൰൭

ചാരത്തു ഭർത്തൃമുഖപാണിപദാക്ഷിബന്ധ-
സ്വാരസ്യമാൻ്റ രമണീനയനാംബുജാതം
സ്വൈരംപരസ്പരനിരീക്ഷണബന്ധുകൃത്യ-
ഭാരം നികാമമുപഗ്രഹനമാചരിച്ചു. ൬൰൮

ശോണാധര,പ്രിയശരീരമരംനുകൎന്നു
ചേണാൎന്നമൃത്തിൽമുഴുകി സ്ഥിരമായ് ലയിച്ചു
പ്രാണാധിനായകവപുസ്സിതു കണ്ടതെന്നും
കാണാത്തതെന്നു മൊരുഭേദമറിഞ്ഞിടാതെ. ൬൰൯

കാന്തോന്മുഖം മുഖമണച്ചു നിമേഷശൂന്യം
പന്തോടിടഞ്ഞമുലയാൾ നയനംപതിയ്ക്കേ
സന്തോഷമത്ഭുതരസം ബഹുമാനമപ്പോ-
ളെന്തോതിടേണ്ടു വെളിവായുളവായിഗാഢം. ൭൰

അല്ലാ! ഭവാനെവിടെനിന്നുവരുന്നതിപ്പോൾ
സോല്ലാസമെങ്ങിനെ മദന്തികഭൂവിലെത്തി
മുല്ലായുധപ്രതിമനാം പ്രിയനോടു നൽത്തേൻ-
ചൊല്ലാളുരച്ചു നിജഭക്തിവിനീതിപൂർവ്വം. ൭൰൧

---

൬൰൭. കാന്താരനിർജ്ജ്ഝരിണി=വനനദി വാരിദകേളികാലം=വർഷകാലം. ഉദ്വാന്തം=വെളിയിലേക്കു പുറപ്പെടുന്നതു്.

൬൰൮. ഭർത്തൃ..... സ്വാരസ്യം=ഭർത്താവിൻെറ മുഖം പാണികൾ, പദങ്ങൾ, അക്ഷികൾ, ഇവയോടുള്ള അടുപ്പംനിമിത്തം സുഖമായിരിക്കുന്ന അവസ്ഥ. ഉപഗ്രഹനം=ആലിംഗനം.

൬൰൯. അരം=വേഗത്തിൽ. നുകൎന്നു=സന്തോഷത്തോടുകൂടെ അനുഭവിച്ചു.

൭൰. കാന്തോന്മുഖം=ഭർത്താവിൻെറ നേരെ.

൭൰൧. അല്ലാ എന്നതു് വക്താവിനു് ആദരത്തേയും ആശ്ചര്യത്തേയും സൂചിപ്പിക്കുന്ന വ്യാക്ഷേപകപദം. വിനീതി=വിനയം.

വന്മാനമുൾപ്രമദമുത്തമഭക്തികൂട്ടും
പൊന്മാൻകിശോരമിഴി യേവമുരച്ചുനിൽക്കെ
സന്മാന്യനാം കണ്വനാദൃതഹാർദ്ദമേവം,
തന്മാനിനീമുഖവിലോകനപൂർവ്വമോതി. ൯൯

ദുഷ്കാലശക്തിപിടിപെട്ടുപിരിഞ്ഞു പിന്നെ-
ശ്ശ്രേഷ്ഠാന്തിപൂണ്ട ധവനന്തികമെത്തിടുമ്പോൾ
മൃഷ്ടാന്ന നീയെവിടെനിന്നു വരുന്നതെന്നു,
നിഷ്കാമനപ്പടികഥിച്ചതു കേമമത്രേ. ൱

വന്നിട്ടുഞാൻപ്രഹരമൊന്നുകഴിഞ്ഞുനിന്നിൽ-
ക്കന്നിച്ച കൌതുകമതിൻപ്രഹരത്തിനാലെ;
ഉന്നിദ്രചിന്തവെളിവാക്കിയ നിന്മനസ്സോ-
രൊന്നിൽ കടന്നതിനു ഞാനപരാധിയാകാ; ൱൧

അല്ലേ! മൃഗാക്ഷി വിരഹവ്യഥമാത്രമല്ലാ-
തില്ലേ വപുസ്സിനുസുഖസ്ഥിതിഭംഗമിപ്പോൾ
തെല്ലേവമുണ്ടതുകണക്കിനിനക്കുമെന്നാൽ
ച്ചൊല്ലേണ്ടതുണ്ടു,മമ കഷ്ടദശാവിശേഷം. ൱൨

വമ്പിച്ച താവകവിയോഗദവാഗ്നി മെയ്യിൽ-
ക്കമ്പിച്ചുകേറുമിവനോ ഗതികെട്ടു കഷ്ടം
വെമ്പിച്ചുപോയി വിരലൊക്കെയുമെണ്ണിനീക്കാൻ
മുമ്പിൽ കഴിഞ്ഞ ദിവസങ്ങൾ യുഗങ്ങൾതന്നെ. ൱൩

കാട്ടിൽക്കടന്നു, പതിവിട്ടു വലഞ്ഞു ധൈര്യം
കാട്ടിപ്രതീതപതിദേവതതന്റെ മട്ടിൽ
നാട്ടിന്നധീശ്വരി വിദർഭജ, സാർത്ഥവാഹൻ
കൂട്ടി സ്വമാതൃസദനത്തിലണഞ്ഞതോർത്തേൻ. ൱൪

---

൯൯ തന്മാനിനി......പൂർവ്വം= ആ സുന്ദരിയുടെ മുഖംനോക്കി.
൱. നിഷ്കാമനപ്പടി=താല്പര്യംവിട്ട്
൱൧. പ്രഹരം=യാമം ഏഴരനാഴിക അടി എന്നും. ഉന്നിദ്രചിന്ത=ഉൽബുദ്ധവിചാരം.
൱൨. സുഖസ്ഥിതിഭംഗം=സുഖക്കേട്.
൱൪. പ്രതീതപതിദേവത=പ്രഖ്യാതയായ പതിവ്രത. വിദർഭജ=ദമയന്തി. സ്വമാതൃസദനം=തന്റെ മാതാവിന്റെ ഭവനം (കുണ്ഡിനപുരം.)

എന്തല്പദർപ്പമിഹ ദർപ്പകനൊന്നു പാർത്തി-
ട്ടന്തസ്സുചേർന്നു തവ ലജ്ജതടുത്തു നിൽക്കെ;
അന്തർമ്മുദം നിനവിലിപ്പൊഴുമേകിടുംനിൻ-
സന്തർപ്പണക്ഷമവിലോകനമോർത്തുവാണേൻ. ൧൨

വീതാമയം കരതലോദരി! ജീവിതാർത്ഥാൽ-
ഖ് ഭൃതാനുകമ്പമധിമേദിനി വാണുകൊൾവാൻ
സ്ഫീതാശം പൂണ്ടു ഹൃദി നേർച്ചകളെത്രയെല്ലാം
ഞാൻതാനസംഖ്യമതുനേരമുരുക്കഴിച്ചേൻ. ൧൩

എന്നോർത്തുമക്കണവനോടു സമീപഭാഗം
ചെന്നോതിനാൾ പ്രിയതമ പ്രതിപത്തിപൂർവ്വം
വന്നോരുനേരമളവററ മഹാത്ഭുതത്താ-
ലെന്നോർത്തുകേൾക്ക മമ ചോദ്യമഭംഗിയെന്നായ്. ൧൪

ഘോരാതിദൂരഭവസിലവനത്തിലിപ്പോൾ
ധീരാഗ്ര്യ! ഞാനിവിടെ വന്നതറിഞ്ഞുവേഗം;
ആരാണുരച്ചതു ഭവാനൊടു ദൈവഗത്യാ-
ചേരാൻതരം മമ ലഭിച്ചതു ഭാഗ്യമത്രെ. ൧൫

ചാടിക്കടന്നൊരുവനും വരുമെന്നുഹൃത്തിൽ-
പ്പേടിച്ചിടേണ്ട ജനയാനമിതിങ്കലുണ്ടോ?
തേടിക്കടന്നതവ കാൽപ്പെരുമാററ,മിപ്പൂ-
വാടിയ്ക്കകത്തു മരുവുന്നിവൾ കേട്ടതില്ല. ൧൬

---

൧൨. സന്തർപ്പണക്ഷമവിലോകനം=തൃപ്തിപ്പെടുത്തുന്ന നോട്ടം.

൧൩. കരതലോദരി=ഉള്ളംകയ്യിൽ ഒതുക്കത്തക്കവണ്ണം ഉള്ള ഉദരത്തോടുകൂടിയവൾ.
ജീവിതാർത്ഥാൽഭൃതാനുകമ്പം=ജീവിച്ചിരിക്കണമെന്ന് അനുകമ്പയോടുകൂടി.
അധിമേദിനി=ഭൂമിയിൽ.

൧൪. പ്രതിപത്തിപൂർവ്വം=ആദരവോടുകൂടി.

൧൫. ആരാദ്ദൂരഭവം=വളരെ ദൂരത്തിലുള്ള.

൧൬. ജനയാനം=ആൾസഞ്ചാരം.

ചട്ടററ തൽ കുസുമവാടിനടത്തുമമ്മാ-
നാട്ടത്തിലൊട്ടുമിവളേകിയതില്ല നേത്രം;
വട്ടംകറക്കമതുമട്ട പരം വിചാരം
പെട്ടന്നുദിപ്പതിനു തക്കനിദാനമില്ല. ൧൭

ഭ്രൂവിൽക്കുനിഞ്ഞു വിരൽകൊണ്ടുവരച്ചുരച്ചും-
ഭ്രൂവിൽ പ്രഹർഷമണയും പ്രിയ നിന്നനേരം
ആ വിക്രമാംബുനിധിവല്ലഭനോതിനേരേ
സംവീക്ഷണത്തിനുതുനിഞ്ഞു വിനോദനാൎത്ഥം. ൧൮

ദ്രവ്യം യശസ്സു വരവിദ്യ സുഖാനുഭൂതി
നവ്യങ്ങളിത്തരമനേകഗുണങ്ങളിൽതാൻ
സുവ്യക്തമിജ്ജഗതി ലോകവിചാരമാൎയ്യേ!
ഭവ്യത്തിലാശ ജനതയ്ക്കിഹ ജന്മസിദ്ധം. ൧൯

ഹേ! രാജവീരവരപുത്രി! ഭവദവിചാര-
ധാരാപഥത്തിലമരുന്നവനന്യനല്ല
ആരാലണഞ്ഞ തൊഴുകയ്യൊട്ടു മുമ്പിൽനിൽക്കു-
ന്നീരാഗവാരിധി തവപ്രിയദാസനല്ലേ? ൨൦

ആനായമെന്തിനുഡുപം വരവഞ്ചികപ്പ-
ലാ നാവികോത്തമസഹായമെനിക്കവേണ്ടാ
മാനാൎഹമീക്കരയുഗംമതി നീന്തിവേഗം
നാനാൎണ്ണവീമറുകരയ്ക്കു കരേറിടാം ഞാൻ. ൨൧

---

൧൭. ചട്ടററ=നല്ല. കുസുമവാടി=പൂന്തോട്ടം.

൧൮. വിനോദനാൎത്ഥം=നേരംപോക്കിനുവേണ്ടി.

൧൯. അനുഭൂതി=അനുഭവം. നവ്യം=പുതിയ. ഭവ്യം=നന്മ. ജന്മസിദ്ധം=സ്വാഭാവിക്കം.

൨൦. ഭവദവിചാരധാരാപഥം=ഭവതിയുടെ തുടരെയുള്ളവിചാരമാൎഗ്ഗം.

൨൧. ആനായം=വല. ഉഡുപം=പൊങ്ങുതടി.

എന്നാലുമുൽക്കട ഭവദ്വിരഹം സഹിയ്ക്കാൻ
നന്നായ് ശ്രമിച്ചതിലുമായതസാദ്ധ്യമത്രേ
മന്നായികേ! മമപുരാതനപുണ്യമൂർത്തേ!
നിന്നാണസത്യമിതിലില്ല വിവാദമല്ലം. ൨൫

സന്ദർഭയോഗ്യമവനേവമുരച്ചതിന്നു
മന്ദസ്മിതം പ്രതിവചസ്സുമുറയ്ക്കുനൽകി;
കുന്ദപ്രഭാവിജയി മോഹനദന്തകാന്തി-
വൃന്ദപ്രകാശ;മവളൊട്ടവശിഷ്ടമോതി. ൨൬

ആരാണു ബന്ധനവിമുക്തിനടത്തിവിട്ടോൻ,
ധീരാഗ്രിമൻ മദനുതാപമറിഞ്ഞുപാരിൽ
ആരാലതിന്റെ ഫലമേകുമവന്നു ദൈവം;
പാരാതെ തൽക്കഥ കഥിയ്ക്കുക ജീവനാഥ! ൨൭

എന്നേവം, കാന്ത രത്നപ്രഭ, വിരവൊടുചോ
ദിച്ചതിന്നാത്മകാന്തൻ-
തന്നേപ്പാലിച്ചവീരൻ വിപിനഭുവി ഭവൽ-
ത്രാണനം ചെയ്തവൻ താൻ
കുന്നേലും ചാരുപീനസ്തനി! കണിശമുടൻ
നമ്മളെക്കണ്ടുകൊൾവാൻ-
തന്നേമാനിച്ചിടേണ്ടുന്നവനറിക, മഹാൻ
വന്നിട്ടുണ്ടെന്നു ചൊന്നാൻ. ൨൮

ഒൻപതാം സർഗ്ഗം സമാപ്തം.

—:*:—

൨൬. സന്ദർഭയോഗ്യം=സമയോചിതം പ്രതിവചസ്സ്=മറുപടി. കുന്ദം=കുരുക്കുത്തിമുല്ല.
൨൭. മദനുതാപം=എന്റെ പശ്ചാത്താപം.
൨൮. ആത്മകാന്തൻ=തന്റെ ഭർത്താവ്. വിപിനഭുവി=കാട്ടിൽ. ഭവൽത്രാണനം=നിന്റെ രക്ഷ.

## പത്താം സൎഗ്ഗം.

പ്രിയനോടുചേൎന്നു വിജനസ്ഥലേ വന-
പ്രിയവാണി സപ്രമദമോതിനിൽക്കവെ
സ്വയമെത്തി ദമ്പതിവിലോകനാതിവി-
സ്മയപൂൎവ്വമാ പ്രഥിതയോഗിനായകൻ. ൧

മരണംവരാതെ നിജരക്ഷചെയ്തയാൻ
സ്മരണീയനങ്ങുരു വരുന്നതാദരാൽ;
സരസീരുഹാക്ഷി വഴിപോലെ കണ്ടുടൻ-
കരതാരുകൂപ്പി യെഴുന്നേറ്റു നിന്നുതേ! ൨

പതിഭാഷണത്തിലതിരററ കൌതുക-
സ്ഥിതിവിട്ടു വേഗമനപായസമ്മദാൽ
യതിനാഥനോടു സതി ഭീമസിംഹഭൂ-
പതിപുത്രി ചൊല്ലി നതിപൂൎവ്വമിത്തരം. ൩

തികച്ചുററുദന്യപിടിപെട്ടിടുന്ന ചാ-
തകബാല കാർന്നിഴലുകാത്തിടുംവിധം
അകളങ്കഭക്തിയൊടു താവകേക്ഷണോ-
ത്സുകചിത്തമത്രമരുവുന്നു ഞാൻമുനേ! ൪

വഴിനോക്കി യെൻകണവനെ ത്തുറുങ്കിൽനി-
ന്നൊഴിവാക്കിവിട്ടു നികടത്തിലെത്തു താൻ;
വഴിപോലണച്ചു തവമാനസേ! പരം-
വഴിയും കൃപയ്ക്കു പറയുന്നു വന്ദനം! ൫

---

൧. വനപ്രിയവാണി=കുയിൽമൊഴി. ദമ്പതിവിലോകനാതിവിസ്മയപൂൎവ്വം=ദമ്പതിമാരെ കാണുന്നതിനു അത്യാശ്ചൎയ്യത്തോടുകൂടി. പ്രഥിതയോഗിനായകൻ=ഭീമസിംഹൻ.

൨. സ്മരണീയൻ=സ്മരിക്കപ്പെടേണ്ടുന്നവൻ. കരതാരുകൂപ്പി=തൊഴുതു്.

൩. അനപായസമ്മദം=അത്യന്തസന്തോഷം. നതി=നമസ്കാരം.

൪. ഉദന്യ=ദാഹം, താവകേക്ഷണം=അങ്ങയുടെ ദർശനം.

൫. തുറുങ്ക്=പാറാവു്. നികടം=അടുക്കൽ.

പരമാദരം മുനിവരേണ്യനോടു സ-
ത്വരമഞ്ചിതാംഗി യുരചെയ്തിട്ടംവിധൌ
ചിരജാതതാപസവിചിന്ത നീക്കുവാ-
നരമോതി തൽപ്രിയനുദാരവിസ്മയം. ൬

നൃപപുത്രി!യോഗിവരനല്ല സത്യമൊ-
ക്കൃപപൂണ്ട താവകപിതാവുതാൻ മഹാൻ;
അവശങ്കമത്ര ജനകനുചെന്നിട്ടു-
നുപചാരവാക്കിലുരചെയ്ക വന്ദനം. ൭

നിജതാതനെന്നു പതിവാക്കുകേൾക്കവേ
രജനീശവക്ത്രയുടെ ചിത്തസിന്ധുവിൽ
പ്രജവംജനിച്ച പിതൃഭക്തിവീചികാ-
വ്രജമെന്നമട്ടിളകി നേത്രജീവനം. ൮

പ്രമദോൽഭവൽപുളകകോരകാഞ്ചിതോ-
ൽഗമശാലി ഭാവിഭവികാഢ്യസൽഫലം
ക്രമമററഭക്തികുസുമം വിടുത്തിനാൾ
സുമനോഹരാംഗലത ഗന്ധബന്ധുരം. ൯

ശുഭമെന്നുതാൻകരുതി രത്നപൂർവ്വക-
പ്രഭ വേഗമാപ്പിതൃവപുസ്സു പൂൽകിടാൻ
രഭസപ്രഫുല്ലതരഗണ്ഡദർപ്പണ-
പ്രഭചേർന്നുകൊണ്ടു സവിധത്തിലെത്തിനാൾ. ൧൦

---

൬. ചിരജാതം=വളരെക്കാലമായി ഉണ്ടായിരുന്ന.

൭. താവകപിതാവു്=നിന്റെ അച്ഛൻ. ഉപചാരവാക്ക്-മര്യാദവാക്ക്.

൮. പിതൃഭക്തിവീചികാവ്രജം=പിതൃഭക്തിയാകുന്നതിരമാല. നേത്രജീവനം=കണ്ണുനീർ.

൯. പ്രമദോൽഭവത്തു്=സന്തോഷംകൊണ്ടുണ്ടായ. പുളക......ശാലി=രോമാഞ്ചമാകുന്നമൊട്ടു പ്രാരാളമിട്ടതു്. ഭവികാഢ്യസൽഫലം=കുശലമാകുന്നസൽഫലം ചേർന്നതു്. സുമനോഹരാംഗലത=മനോഹരാംഗി, നല്ലലതഎന്നും. ബന്ധുരം=മനോഹരം.

൧൦. രഭസ ... പ്രഭ=ഹർഷത്താൽ വളരെ ശോഭിച്ച ഗണ്ഡദർപ്പണത്തിന്റെ കാന്തി.

പ്രണയോത്തരം പ്രിയവചസ്സു പാതി കാ-
തിണചേർന്നമാത്രയിലിളേശനന്ദിനി
തൃണവൽക്കരിച്ചു പതിസന്നിധാനമ-
ഗ്ഗുണശാലി താതതനു പുൽകിനിന്നുതേ. ൧൧

പരമാദരപ്രമദഭക്തിചിത്രസ-
ങ്കരമൊത്ത താതമൃതിശങ്ക നിർഭരം
കരളിൽക്കടന്നു വിഷമിച്ചൊരമ്മനോ-
ഹരഗാത്ര്യമരനിവനെന്നുറച്ചുതെ! ൧൨

അതിഗാഢബന്ധപരിരംഭമോന്നതിൽ-
പ്പുതിയുന്നചാരുപുളകാങ്കുരത്തിനാൽ
മതിനേർമുഖി പ്രിയകപുഷ്പസുന്ദര-
പ്രതിമാനകാന്തി തനുവിൽക്കലർത്തിനാൾ. ൧൩

സുത, മെയ്യണഞ്ഞു തഴുകി പ്രമുത്തിൽനി-
ല്പുതപെണ്ഡമോദനയനാംബുധാരയിൽ
സതതാനുഷക്തപുളകാംശുകാധികാ-
ഞ്ചിതമൂർത്തി കാൽക്ഷണമറിഞ്ഞതില്ലവൻ. ൧൪

കലപാലികാത്മജവപുസ്സു പുൽകവേ
നിലവിട്ടു ചാടി ജനകന്നു കണ്ണുനീർ
ലലനാശിരോമണി തനൂജ മുങ്ങി ദൃഗ്ദ്വയീ-
ജലനിർജ്ഝരത്തിലടിപെട്ടുപോംവിധം. ൧൫

---

൧൧ ഇളേശനന്ദിനി=രാജപുത്രി; തൃണവൽകരിച്ചു=നിസ്സാരമാക്കി.

൧൨. ആദര.....സങ്കരം=ബഹുമാനം സന്തോഷം ഭക്തി അൽഭുതം ഇവയുടെ കലപ്പ്.

൧൩. പ്രിയകം=കടമ്പു്. പ്രതിമാനം=സദൃശം.

൧൪. അനുഷക്തം=ചേർന്നതു്.

൧൫. ദൃഗ്ദ്വയീജലനിർജ്ഝരം=കണ്ണുനീർപ്രവാഹം.

മടിവിട്ടു താതനവളെക്കരേററി യ-
മ്മടിതന്നിലുദ്ധൃതനവീനലാളനം
വടിവൊത്തപത്യമതു കാൺകവേ വയഃ-
പ്പടിനോക്കുകില്ലിഹ പിതാക്കളല്പവും. ൫൬

മുനിചിന്തനീങ്ങി നിജതാതബുദ്ധിയാ-
ലനിശം, സ്രവിച്ച തനയാശ്രുസഞ്ചയം
തനിയെത്തുടച്ചു ജനകൻ കുതൂഹലാ-
ലനിവാര്യഗൽഗദ, മുരച്ചു ഭംഗിയിൽ. ൫൭

ഹരിണാക്ഷി നിൻപ്രിയനുരച്ചതൊക്കെയും-
ശരി; സംശയം മനസിവേണ്ടതെല്ലുമെ,
അരിബാധകൊണ്ടു മൃതിവന്നതില്ല, കേ-
ളൊരിടംലഭിച്ചു മമ ജീവരക്ഷണം. ൫൮

ജതുഗേഹമാർന്നളവു ചത്തപാണ്ഡവ-
ക്കതുലാഭവിശ്രുതവിരാടമന്ദിരേ!
പുതുവേഷമോടു നിവസിച്ചിടേണ്ടിവ-
ന്നതുമട്ടുതന്നെ ദശ സംഭവിച്ചുമേ. ൫൯

സരസീരുഹാക്ഷി! പതിയോടു ഭാഷണം-
സരസം രചിപ്പതിനു വിഘ്നമായൊരും
വരവെന്നുമേ കരുതി മുമ്പുതന്നെഞാൻ
തരമില്ലതിൽ പരിഭവത്തിനൊട്ടുമെ. ൬൦

---

൫൬. ഉദ്ധൃതനവീനലാളനം=പുതിയ ലാളനയോടുകൂടി. അപത്യം=സന്താനം
൫൭. അനിശം=ഇടവിടാതെ. സ്രവിച്ച=ഒഴുകിയ. ഗദ്ഗദം=ഇടറിപ്പറച്ചിൽ (വിക്കിപ്പറച്ചിൽ.)
൫൯. ജതുഗേഹം=അരക്കില്ലം. അതുലാഭം=അത്യന്തമനോഹരം. വിശ്രുതം=പ്രസിദ്ധം. വിരാടമന്ദിരേ=വിരാടരാജധാനിയിൽ.
൬൦. മേ-എൻെറ പരിഭവം=സങ്കടം..

തരളാക്ഷി! നീയുമനുരൂപജീവിതേ-
ശ്വരനോടു ചേൎന്നിവിടെവന്നു കാണുവാൻ
തരമാകുമെന്നു ഹൃദി ചിന്തയില്ല, നി-
ൎഭരദൈവശക്തി വചനാതിഗോചരം. ൨൧

മുഖമാനമിച്ചു നയനാംബുപൂരസ-
മ്മുഖമാക്കി നിന്നുവിലപിപ്പതെന്തുനീ.
സുഖദുഃഖസഞ്ചയമരം തടിൽപ്രഭാ-
സഖമെന്നു പണ്ഡിതവചസ്സുകേൾക്കനീ. ൨൨

കരയാതിരിക്ക തനയേ! വിശിഷ്ടമാം-
നരജന്മമെന്നതു നവീനബുൽബുദം
മരണം വരുന്നതുകണക്ക രണ്ടുമു-
ത്തരകൎമ്മശക്തിവശമെന്നുരച്ചിടാം. ൨൩

പരമാത്ഥമാരറിയുമുഗ്രകാലനാ-
മുരഗം ഗ്രസിച്ച മനുജാതരൊക്കയും
നിരവഗ്രഹാഹിഗളനാളലഗ്നദ-
ർദ്ദുരമട്ടു ഭോഗതതിതേടിടുന്നുതേ! ൨൪

അതിവഹ്നിതപ്തവരലോഹപാളിയിൽ-
പ്പതിയുന്നവെള്ളമൊരുമാത്രനില്ക്കുമോ?
മതിബോധമില്ലതുകണക്ക നാശമു-
ള്ളതിനാൽ നിരത്ഥമിഹ മൎത്ത്യജീവിതം. ൨൫

---

൨൧. വചനാതിഗോചരം=വാക്കിനുവിഷയമല്ലാത്തതു്.

൨൨. തടിൽപ്രഭാസമം=മിന്നലിനുതുല്യം.(അസ്ഥിരം.)

൨൩. ബുൽബുദം=നീർക്കുമിള.

൨൪. മനുജാതർ=മനുഷ്യർ. അഹിഗളനാളലഗ്നദർദ്ദുരം=പാമ്പിന്റെ തൊണ്ടയിലകപ്പെട്ട തവള.

൨൫. മൎത്ത്യജീവിതം=മനുഷ്യരുടെ ജീവിതകാലം.

പവമാനവേഗബലമേററു യാനലാ-
ഘവമുള്ള മേഘനിര വാനിലെന്നപോൽ
ഭവനം ധനം പ്രിയസുഹൃത്തു പുത്രരെ-
ന്നിവയിൽത്തടഞ്ഞു മരുവുന്നു മാനുഷർ. ൭൬

കടലിൽ തരംഗതതിതൻ വശത്തിലായ്
ത്തടവുന്നകപ്പലുമുയന്നവള്ളവും;
തടവററുപൊങ്ങുതടിയും ക്രമാധിക-
സ്ഫുടമൈക്യമല്പമണയുന്നമട്ടുതാൻ. ൭൭

ക്ഷണികം നരക്കു ഗൃഹവാസമുൽക്കടം-
പിണിയും വരുന്നു സുഖമൊത്തു മേൽക്കുമേൽ;
പണിതന്നെ ജീവിതദശാവിശേഷമ-
പ്ഫണിരാജനും ഹൃദയപൂർവ്വമോതുവാൻ. ൭൮

പരിണാമമെന്തു്? ശിശുകാല,മൊന്നുമേ-
തിരിയാത്തകാലമിഹദൈവശക്തിയാൽ
പരിപാലനം ജനനിചെയ്യവേ നിജം
പരിദേവനം ശിശുവിനാശ്രയം പരം; ൭൯

കരണീയബോധരഹിതം സധാത്രിതൻ-
കരയുഗ്മമേകമവലംബമാക്കിഹാ!
ചരണദ്വയം ഭുവിപതിച്ചു തൽകഥാ-
സരസം നയിപ്പതവർ കാലമങ്ങിനെ. ൮൦

കരുണാകടാക്ഷമതിലാത്മപാടവം
പെരുതാകുമെന്നു നിരൂപിച്ചുബാലകൻ
ഗുരുവിൻഗൃഹത്തിലിടപെട്ടദാസനായ്-
മരുവുന്നൊരാസ്സമയമെത്ര ശോച്യമാം. ൮൧

---

൭൬ യാനലാഘവം=സഞ്ചാരസൌകര്യം.
൭൭. തരംഗതതി=തിരമാല.
൭൮. ജീവിതദശാവിശേഷം=ജീവിതത്തിലെ ഓരോരോ അവസ്ഥകൾ. ഫണിരാജൻ=അനന്തൻ.
൭൯. പരിണാമം=അവസാനം. പരിദേവനം=കരച്ചിൽ ബാല്യനാം രോദനം ബലം എന്നുണ്ടല്ലോ.
൮൦. കരണീയബോധരഹിതം=കർത്തവ്യബോധമില്ലാതെ. ധാത്രി=വളർത്തമ്മ.

കലമാന്നിടഞ്ഞമിഴിയാൾക്കെഴുന്ന കൈ-
ത്തലമേററു, തൽപ്രിയത നോക്കിയൌവ്വനേ
നിലവിട്ടു, ജോലികൾനടത്തിനിത്യവും.
പലപാടു പെട്ടു വലയുന്നു കാമികൾ. ൩൨

അപഭീതി യൌവ്വനമരീചി കേവലം
ചപലാപ്രകാശമറിയാതഹന്തയിൽ
ചപലത്വമാന്നു ജനാർത്യുവന്നിടും
ചപലം മനോവ്യഥ വിചാരദുസ്സഹം. ൩൩

അനുരാഗമുള്ളു ഗൃഹിണിക്കു ഗർഭവും
തനുജപ്രസൂതിയുമുദിച്ചിടാത്തതിൽ
അനുവാസരം പലതുചെയ്കിലും വിധി-
ക്കനുകൂലരല്ല, ദുരിതത്തിനാൽ ചിലർ. ൩൪

ധവനോടുസംഗമ,മൊരിക്കലാചരി-
പ്പവളിൽ പ്രജാജനനമന്നുവന്നിടും
ഭുവനേ പുരാണനിജകർമ്മമൌരസൊ-
ത്ഭവഹേതുവെന്നു പരമാർത്ഥമെത്രയും. ൩൫

പ്രസവിക്കവേണ്ട മതി, സന്തതി സ്വനീ-
രസമുള്ളിലുള്ള മറിളാജനങ്ങളിൽ
അസമാനശക്തി വിധിചൂതവൃക്ഷസൽ-
പ്രസവോപമം പ്രസവമേകിടുന്നുതേ! ൩൬

---

൩൨. തൽപ്രിയത=അവരുടെ സ്നേഹം (ഇഷ്ടം.)

൩൩. മരീചി=ശോഭ. ചപലാപ്രകാശം=മിന്നലിൻവെളിച്ചം. ചപലത്വം=ചാപല്യം. ചപലം=വേഗം.

൩൪. പ്രസൂതി=പ്രസവം. അനുവാസരം=ദിവസംപ്രതി.

൩൫. പുരാണനിജകർമ്മം=തന്റെ ജന്മാന്തരകർമ്മം. ഔരസോത്ഭവം=സന്താനോല്പത്തി.

൩൬. പ്രസവോപമം=പൂക്കൾപോലെ.

സുതർ, പെണ്ണുമാണുമുളവായുടൻ യഥോ-
ചിതമട്ടിലൊട്ടുമവരെപ്പുലർത്തുവാൻ
മിതവിത്തവും കരമണഞ്ഞിടാതെ സ-
ന്തതദുഃഖമേററു ചിലരോടിടുന്നുതേ. ൩൭

തിരുമാളികയ്ക്കുകമുദാരവൈഭവം
മരുവുംജനത്തെ വഴിനീളെയാക്കിടും
ഒരുപോക്കെഴാത്ത വഴിപോക്കരെ ജ്ജന-
പ്പെരുമാറ്റപ്പദത്തിലണയിക്കുമീശ്വരൻ. ൩൮

ജരവന്നുകൂടി വിഷമിച്ചുദേഹമാ-
തുരമാത്മവൃദ്ധത, ഭവിച്ചിടുംവിധൌ
കരളിൽകടന്നു പലചിന്ത മാനസം
സ്ഥിരമാകയില്ലിഹ വയോധികന്നുമേൽ. ൩൯

കുശലം സമസ്തമനുഭൂതമെങ്കിലും
കുശലത്വമില്ലതിനു തൃപ്തിനൽകിടാൻ.
വിശയംസുഖം വരുമതിന്നു മേലിലും-
പ്രശമം ഭുവി സ്ഥവിരനില്ലലേശവും. ൪൦

പലതുംപറഞ്ഞു സമയംകളഞ്ഞിടാം
ഫലമില്ലതെല്ലുമതുകൊണ്ടുമൽസുതേ!
ബലമേറുമീശ്വരവിചാരമൊന്നു നി-
ർമ്മലവൃദ്ധസാദ്ധ്യമപവർഗ്ഗസാധനം. ൪൧

മരണംഭവിപ്പതെവിടെത്തിലെന്നതൽ-
പരമാത്ഥമല്പമറിയുന്നതാരുവാൻ
ചിരകാലമീശ്വരവിചാരമേകമെൻ-
കരളിൽക്കടന്നു മരുവുന്നു സന്തതം. ൪൨

---

൩൭. മിതവിത്തം=അല്പമായധനം.
൩൯. വയോധികൻ=വൃദ്ധൻ.
൪൦. കുശലം=നന്മ. അനുഭൂതം=അനുഭവിക്കപ്പെട്ടതു്. വിശയം=സംശയം.
൪൧. അപവർഗ്ഗസാധനം=മോക്ഷത്തിനുകാരണം.

നയനാദികേന്ദ്രിയസുവൃത്തികൾക്കിടം
സ്വയമേകി സന്തതകദദ്ധ്വയാത്രയാൽ
നിയതം ദുഷിച്ച വിഷയങ്ങൾതൻസമു-
ച്ചയമിപ്രപഞ്ചമറികാത്മസംഭവെ! ൪൬

തരളാക്ഷി വേപ്പിലകലൻ കയ്പു താൻ-
പരമംബുവിന്റെ സിതചേർന്നമാധുരി
പരമാത്മസമ്മുഖമരം സുഖി, വ്യാഥാ-
കരണം മനം, വിഷയലാലസാകുലം ൪൭

ശരിയായ് പ്രപഞ്ചഗതിവിട്ടു നല്ലമാ-
തിരി സൌഖ്യമുള്ളിലളവററുവന്നിടും
പരിവർത്തിവസ്തു പരിവീക്ഷണാതിചാ-
തുരി താപമേകുമതു ലോകസമ്മതം. ൪൮

കൊതിയില്ല ലൌകികസുഖത്തിലിന്നു മേൽ-
ഗതികിട്ടിടും സ്ഥവിരഭാവവേളയിൽ
പ്രതിപത്തി ഭോഗമതിലേറിടുന്ന നിൻ-
മതി യിത്തരം കരുതിടേണ്ട തെല്ലുമേ. ൪൯

വരയോഗിപങ്ക്തി നിജലോകവും ത്യജി-
ച്ചുരവാച്ചമട്ടു നടകൊണ്ടിടുന്നതിൽ
പരമാത്മമോർത്തു ധുതലോകധർമ്മമാ-
ചരണം മനുഷ്യരപരക്കസാദ്ധ്യമോ?. ൫൦

---

൪൬. നയനം......വൃത്തികൾ=കണ്ണുമുതലായ പഞ്ചേന്ദ്രിയങ്ങളുടെ പ്രവൃത്തികൾ. കദദ്ധ്വാവ്=ദുർമ്മാർഗ്ഗം.

൪൭. സിത=പഞ്ചസാര. വിഷയലാലസാകുലം=വിഷയങ്ങളിലെ അതിരററ ആശയിൽ മുഴുകിയ.

൪൮. പരി......ചാതുരി=പരിതഃസ്ഥിതിയെ സന്ദർശിക്കുന്നതിൽ സാമർത്ഥ്യം.

൪൯. സ്ഥവിരഭാവം=വാർദ്ധക്യം.

൫൦. ധുതലോകധർമ്മം=ലോകധർമ്മം വിട്ട്.

ഭേദനം ധനാദി നിജകർമ്മവും മുറ-
യ്ക്കുവസാനമററ പരമിപ്രപഞ്ചവും
ശിവ! രാമ! വിട്ടു പരമാത്മചിന്തനോ-
ത്ഭവശക്തി പൂർവ്വസുകൃതൈകസാദ്ധ്യമാം. ൪൮

കറയററൊരാത്മവിഷയാവബോധനം
നിറവേററിടേണ്ട യുവലോകരാരുമെ
കുറവേററുവാഴണമതെന്നുമല്ല ഞാൻ-
പ്പറയുന്നതിൻെറ പരമാത്ഥമാത്മജേ! ൪൯

നിരുപിച്ചുനോക്കുകഖിലം പ്രപഞ്ചമി-
ങ്ങൊരുമിത്ഥ്യതാൻ കൃതകമെന്നമോർമ്മയിൽ
വരുവോളമുള്ളിലവബോധമൈഹികം-
കരുതീട്ടുവേണമിഹ കാലയാപനം. ൫൦

മനതാരിലുണ്ടു മമ വാഞ്ഛ, ഹാർദ്ദഭാ-
ജനമായ നീയുമനരൂപകാന്തനും
ഘനമോദമോടു മമസിംഹപൂർവ്വമാ-
സനമേറി ഭൂമി വഴിപോൽബ്ഭരിക്കുവാൻ. ൫൧

അനവദ്യമെൻതനയ രാജ്യരക്ഷണം
ജനരഞ്ജനപ്പടി നടത്തിടുന്നതായ്
ജനകൻശ്രവിച്ചു വനഭുവിലൈശ്വരം
മനനത്തിലാണ്ടു മരുവീടണം സദാ. ൫൨

---

൪൮. പരമാത്മ......ശക്തി=പരമാത്മവിചാരത്തിൽ ഉണ്ടായസാമർത്ഥ്യം.

൪൯. ആത്മവിഷയാവബോധനം=ആത്മാവിനെകുറിച്ചുള്ളജ്ഞാനം.

൫൦. മിത്ഥ്യ=അസത്യം. കൃതകം=കൃത്രിമം. ഐഹികം=ഈ ലോകത്തിലുള്ള.

൫൧. സിംഹപൂർവ്വംആസനം=സിംഹാസനം.

൫൨. ഐശ്വരം=ഈശ്വരനെസംബന്ധിച്ച.

ലതയും മരങ്ങളുമണുക്കളെന്നു പ-
ർവ്വതരാജനിൽക്കയറി നോക്കിടുംവിധൌ
ബത! സാമ്യമുള്ളവകളെന്നു തോന്നിടു-
ന്നതപാരദൂരബലമൊന്നുമാത്രമാം. ൧൨

ധനവാൻ, ദരിദ്ര,നതിനീച,നാഢ്യനാം-
ജന, മാതുരൻ, വിഗതരോഗവിഗ്രഹൻ
അനവദ്യവിദ്യ,നതുമട്ടു മൂർഖനെ-
ന്നനണുപ്രഭേദമതു ലോകസൃഷ്ടിയിൽ. ൧൩

പലജോലിചെയ്തു വലയുന്നലോകവും
തലയിൽകിരീടമണിയുന്നഭൂപനും
വിലതെല്ലുമില്ലിരുവരേയുമിങ്ങു നി-
സ്തുലനീശ്വരൻ കരുതിടുന്നു തുല്യമേ. ൧൪

തടവററശക്തി നിഖിലേശനാകുമാ-
ക്കടലിൽക്കലന്ന ജലബിന്ദുവൃന്ദമാം
സ്ഫുടമിങ്ങുനമ്മളുമുദാരനിന്ദ്യത-
യ്ക്കിടമുള്ള മററുസഹജീവിരാശിയും. ൧൫

ഭവതിക്കു ഭാഗ്യമൊരുമട്ടുവന്നുകേ-
ളവനീശ്വരീപദവികൂടിവേണ്ടതാം
കവനത്തിനന്യഗുണമേറുമെങ്കിലും
നവമർത്ഥകല്പന വരുന്നതുത്തമം. ൧൬

മുതുനെല്ലിതൻ ഫലവു മോർമ്മവെച്ചുവേ-
ണ്ടതുപോലറിഞ്ഞൊരു വയോധികോക്തിയും
പുതുമയ്ക്കു തിക്തരസമേകുമാദരി-
പ്പതുമില്ല, പൂവ്മൊഴി പാഴിലാകുമോ?. ൧൭

---

൧൨. ബത=ആശ്ചര്യം. അപാരദൂരബലം=വലുതായ അകലം.
൧൩. ആതുരൻ=രോഗി. അനവദ്യ=നിർദ്ദോഷം. അനണുപ്രഭേദം=വലുതായ വ്യ
ത്യാസം.
൧൬. അവനീശ്വരീപദവി=രാജ്ഞിയുടെപദവി. കവനം=കവിത.

പ്രതിപാദ്യവസ്തുഗുണദോഷചിന്തന-
പ്രതിപത്തി പുത്രി ഭവതിക്കു ശോഭനം
കതിരിൽ ക്രമത്തിലധികം വളം കൃഷി-
ക്ഷിതിവിട്ടു ചെയ്യുവതുനിരർത്ഥമെത്രയും, ൬൯

പരിണാമകൃത്യമവനേവമോതവേ
ഹരിണാക്ഷിതൻപ്രിയനുരച്ചു സാദരം
പരിപൂജനീയനവിടുന്നിരിക്കവേ
ശരി,ഞങ്ങളെങ്ങിനെ ഭരിക്കുമിദ്ധര. ൭൦

സടവെച്ചുകെട്ടി ഗജശത്രുഭീഷണോൽ-
ക്കടവേഷമേറ്റുമൊരുസാരമേയവും
തടവറ്റു കേസരിസമം നദിക്കുവാൻ-
തുടരുന്നതാകിലതു സാദ്ധ്യമാകുമോ? ൭൧

ഇതിപുത്രിതൻപതി കഥിക്കവേ മഹാ-
മതി,ഭീമസിംഹനുരചെയ്തു തൽക്ഷണം
സ്തുതിവേണ്ട ഭാവിഫലമുള്ളിലോർത്തുര-
പ്പതിനെ ശ്രവിച്ചു നിറവേററിയാൽമതി. ൭൨

സുരനാഥദിവ്യപദവിക്കു ഹന്ത!ഞാൻ
ധരകാത്തിരുന്നളവു കൂടവിഗ്രഹം
തരമോർത്തു വൈരികൾനടത്തി സങ്കടോ-
ത്തരമാം വിപത്തു പിടിപെട്ടതോർക്ക നീ. ൭൩

---

൬൮. വയോധികോക്തി=വൃദ്ധോക്തി. പൂർവ്വമൊഴി=പഴമൊഴി.
൬൯. ഗുണദോഷചിന്തനപ്രതിപത്തി=ഗുണദോഷവിചാരത്തിലുള്ള താല്പര്യം.
൭൦. പരിണാമകൃത്യം=ഒടുവിലത്തെ കർത്തവ്യം.
൭൧. സട=കുഞ്ചിരോമം. ഗജശത്രു=സിംഹം. സാരമേയം=പട്ടി.
൭൨. ഭാവിഫലം=വരാൻപോകുന്നഫലം.
൭൩. കൂടവിഗ്രഹം=വ്യാജയുദ്ധം. അളവുകൂടി,വിഗ്രഹം എന്നും പാഠാന്തരം.

നിരൂപിച്ചതില്ലതിവിപത്തു സത്വരം
വരുമെന്നു ഞാൻ സ്വപ്നവേളതന്നിലും
പുരുശക്തി ദൈവമതമാരറിഞ്ഞിടു-
ന്നൊരു രക്ഷ കിട്ടി വിപദുൽഭവത്തിലും. ൱൪

വിഷയാശവിട്ടതുമുതൽക്കു ഞാൻ വചോ-
വിഷയത്വമെന്നിയെ വിരക്തനെങ്കിലും
വിഷമിച്ചിരുന്നു തനയാതിവേലസൽ-
സുഷമാംഗവീക്ഷണവിചാരമഗ്നനായ്. ൱൫

സുതനന്മനോക്കുമൊരുതാതനിങ്ങു ബാ-
ധ്യതവാച്ച കർമ്മമതിലൊന്നുപോലുമെ
കൃതകൃത്യതയ്ക്കിടനടത്തിയില്ല ദു-
ഷ്കൃതശക്തിതാനഴലിലാന്നിരുന്നു ഞാൻ. ൱൬

പ്രമദാവതംസമിവളാഗമിക്കവേ
പ്രമദം വിഷാദമിവ ചേർന്നകാരണം
ശ്രമമാർന്നുചെയ്യു കരണീയമാശു ഹൃൽ-
ക്കമലത്തിലില്ല പരിതാപമല്പവും. ൱൭

തരുജാലമില്ല തണലില്ല തപ്തമാം
മരുഭൂമിയിൽ കൃഷിനടത്തുമോ ജനം?
ഇരുപേരിലുമുള്ള കരുണയ്ക്കധീനനീ-
ഗ്ഗുരുചൊന്നതിൽ കിമപി വേണ്ട സംശയം. ൱൮

വരമെന്നു ലോകഗണനീയമെത്രയും
സ്വരസപ്രദം വിഷയജന്യഭോഗവും
പരമൈക്യമൊത്തതിലെഴുന്ന സങ്കടോ-
ല്ക്കരവും ക്രമാലനുഭവിച്ചതിന്നു ഞാൻ. ൱൯

---

൱൪. സ്വപ്നം=നിദ്ര.
൱൫. തനയാ .....മഗ്നനായ്=പുത്രിയുടെ മനോഹരമായ ശരീരം കാണണമെന്നുള്ള വിചാരത്തിൽ മുഴികയവൻ.
൱൬. കൃതകൃത്യത=കൃതാർത്ഥത.
൱൭. പ്രമദാവതംസം=സ്ത്രീരത്നം. പ്രമദം=സന്തോഷം.
൱൮. കിമപി=അല്പവും. ഗുരു=താതൻ.
൱൯. പരം=ശ്രേഷ്ഠം. വിഷയജന്യഭോഗവും=വിഷയങ്ങളിലുണ്ടായ സുഖാനുഭവവും.

ഇനി ഞാൻ വനാന്തമുനിനായകൻെറ ക-
മ്പനിചേൎന്നു സാധുസഹവാസശക്തിയാൽ
ജനിതം സുഖം കരളിലേന്തി വല്ല കാ-
കനി തിന്നു ജീവിതമരം നയിക്കണം. ൧൦

മതിവെച്ചുനിങ്ങളിളയെബ്ഭരിച്ചുകാ-
ണ്മതിനാശയുള്ള മമ രാജ്യവാസികൾ
ക്ഷിതിപത്വമെന്നിലുളവാക്കയില്ല, ക-
ണ്മതിയിൽ കുതൂഹലമവൎക്കു നിങ്ങളിൽ. ൧൧

കാണാനാശിച്ചുനില്ക്കും പ്രജകളുടെ ബഹു-
പ്രേമമാനങ്ങളേന്തി-
ച്ചേണാളുംമട്ടു നീയെൻമകളൊടുസഹിതം
വാണു രാജ്യം ഭരിക്കൂ,
നീണാളായുസ്സുകാൺമൂ ജനകനിവനുര-
യ്ക്കുന്നതിൽ ദോഷമെന്തെ-
ന്നാണാലോചിച്ചുനോക്കേണ്ടതു ശുഭമധികം
മേലിലുണ്ടായ്വരട്ടെ! ൧൨

എന്നാൽ മൽസുതയൊത്തു രാജസദനാന്ത-
ന്നിൽ ഗമിക്കുന്ന നിൻ-
പിന്നാലേ നടകൊണ്ടു ഭീമപുരിയിൽ കൊ-
ണ്ടാക്കി രണ്ടാളെയും,
നന്നായുൾസുകൃതയ്ക്കുചേൎന്നു നൃപതിദ്വ-
ന്ദ്വങ്ങളാക്കീട്ടു കൈ-
വന്നാഹ്ലാദമുരച്ചുകൊണ്ടു തിരിയെ-
പ്പോകുന്നതുണ്ടേഷ ഞാൻ. ൧൩

പത്താംസൎഗ്ഗം സമാപ്തം.

---

൧൦. സാധുസഹവാസം=സജ്ജനസംസൎഗ്ഗം. ജനിതം ഉണ്ടാക്കപ്പെട്ടതു്.
൧൧. ക്ഷിതിപത്വം=രാജസ്ഥാനം.

## പതിനൊന്നാം സൎഗ്ഗം.

ആ നല്ലേറ്റുംവാസരം പോയ് പ്പുരക്കെ-
ട്ട്ദൂനതാപംചേൎക്കുന്ന ഹേമന്തമെത്തി
മാനത്തോട്ടുംകാത്ത, കാരണോർ മരിച്ചാ-
സ്ഥാനത്തേറാനൊത്തമൂൎക്കപൻകണക്കെ. ൧

മുട്ടാളത്തം മൂത്തൊരിക്കാലമൂഴി-
ത്തള്ളാകെത്തൻ പാട്ടിലാക്കിബ്ഭരിയ്ക്കേ
നാട്ടാരെല്ലാം സ്വാസ്ഥികക്കയ്യു, ബന്ധി-
ച്ചൊട്ടാത്മീയം ശീതതാപം കുറച്ചു. ൨

വെള്ളം സ്നാനം ചന്ദനം പുഷ്പമോരോ-
ന്നുള്ളംകൊണ്ടും, ലോകർകൈവിട്ടു വേഗം
തുള്ളൽ ത്താടിത്താളമുൾധൂമപാനം
കള്ളം തന്ത്രം മററുമോരോന്നുനേടി. ൩

സൂൎയ്യൻ തെക്കായ് പ്പോകവേ ചന്ദ്രമസ്സിൻ-
ഭാൎയ്യശ്രീമദ്ദിക്ക വൈരൂപ്യമാൎന്നു,
ധാൎഷ്ട്യം നെററിപ്പൊട്ടുപോയിട്ടൊരശ്രീ-
കാൎയ്യം വായ്ക്കും നല്ല നല്ലാരൊടൊപ്പം. ൪

നീഹാരത്തിന്നാക്രമത്താൽ സ്വതേജോ-
വ്യൂഹാവേഗം നഷ്ടമായ് ത്തീൎന്നമൂലം
ഹാ! ഹാ! സാക്ഷാൽ ഭാസ്കരൻപോലുമപ്പോൾ
സ്വാഹാജാരൻപോലെ മന്ദീഭവിച്ചു. ൫

---

൧. ദൂനതാപം=ദുഃഖം.
൪. ചന്ദ്ര......ദിക്ക്=വടക്കേദിക്ക. ധാൎഷ്ട്യം=ധരിക്കപ്പെട്ടവാനുള്ളതു്.
൫. നീഹാരത്തിന്നാക്രമത്താൽ=മഞ്ഞിന്റെ ശക്തിയാൽ. സ്വാഹാജാരൻ=ചന്ദ്രൻ. മന്ദീഭവിച്ചു=പ്രശാന്തനായി

ആരാൽ പുഷ്പം വൃക്ഷ, മോന്നങ്ങളെല്ലാ-
മാരാഞ്ഞെത്തി ത്തത്രകാണാത്തമട്ടിൽ
പേരാണ്ടീടും മഞ്ഞു മൂടിക്കിടക്കും
ഘോരാരണ്യം നിദ്രപൂണ്ടെന്നുതോന്നും. ൬

നീരപ്പക്ഷിക്കൂട്ടമാഹന്ത! വെള്ളം
തീരെത്തള്ളി ത്തീരത്തു നോക്കി നിന്നു;
പോ,രത്ത്യല്പം ചെയ്തിടാൻ പ്രായമെന്ന്യേ
വീരന്മാർ തൻ ബാലരേപ്പോലെതന്നെ. ൭

എന്നും തീരത്തേക്കു കേറാൻ മടിക്കും
കന്നും പോത്തും കൂടിവെള്ളം ത്യജിച്ചു
വന്നുൾക്കൊള്ളും ഭീമഹേമന്തശക്തി-
യ്യൊന്നും പാർക്കാൻവയ്യ കാലപ്രഭേദം. ൮

ശ്ലിഷ്ടം ശ്ലിഷ്ടം രണ്ടുകയ്യാൽ സ്വമാനം
നഷ്ടപ്പെട്ടും ലോകർമാനിച്ചിടുന്നു
പുഷ്ടാംഗാരത്താൽഹസിയ്ക്കും ഹസന്തീ-
സ്സ്പഷ്ടശ്രീയെ; ക്കഷ്ടമിക്കാലഭേദം. ൯

പ്രാലേയോഗ്രക്ഷേപളബാധാഭയത്താൽ-
പ്പോലേ ജാലം സർവ്വമാബദ്ധമാക്കി
മാലേശായ്‌വാൻ സ്വഗേഹം ജനം തൽ-
ക്കാലേ നീക്കീടുന്നു ശീതാർത്തി രാവിൽ. ൧൦

ക്ഷോണിത്തട്ടിൽ ശീതദുഃഖം കുറച്ചും
പ്രീണിപ്പിക്കും തദ്ദിനംതാൻ ക്ഷയിച്ചു
പ്രാണിയ്ക്കേററം താപമേകുന്ന രാവോ-
ത്രാണിപ്പെട്ടു; ഹന്ത! സർവ്വം വ്യർത്ഥം. ൧൧

---

൭. നീരപ്പക്ഷിക്കൂട്ടം=ചക്രവാകം മുതലായ ജലചരപക്ഷികൾ.
൯. ഹസന്തീ=നെരിപ്പോട്.
൧൦. പ്രാലേ........ഭയത്താൽപ്പോലേ=മഞ്ഞാകുന്ന കൊടിയവിഷഭയംകൊണ്ടോ എന്നു തോന്നും. ജാലം=ജന്നൽ.

ആകാരശ്രീ പത്രഭംഗത്തിൽ മാഞ്ഞി-
ട്ടേകാന്തത്തിൽ പുഷ്പമെന്ന്യേ വിളങ്ങും
ഹാ! കാന്തന്മാർ വേർപിരിഞ്ഞുള്ള നാരീ-
ലോകാലോകം, കാൺമൂ വല്ലീകദംബം. ൪൮

ഹേമന്തത്തിൻപ്രാഭവം പൂർണ്ണമായീ
ശ്രീമത്തായോരുത്തരാശാമുഖത്തെ
പ്രേമാവേശാൽ ചുംബനം ചെയ്തിടാനുൾ-
ക്കാമംകൂട്ടും ഭാനുദേവൻ ഗമിച്ചു. ൪൯

ഏവംകാണും മഞ്ജുകാലത്തൊരിയ്ക്കൽ
കൈവന്നീടും രാജ്യകാര്യേച്ഛയാലേ
ധീവന്ദ്യയ്ക്കും പുത്രിയേ നോക്കിനിന്നുൾ-
പ്പൂവഞ്ചുംമട്ടോതിനാൻ ഭീമസിംഹൻ. ൫൦

ശ്രീമൽബ്ബാലേ! മാമകം പൂർവ്വപുണ്യ-
സ്തോമം സാക്ഷാൽ മൂർത്തിയായ്ത്തീർന്നപുത്രി!
ഈ മദ്ഭാഗ്യോന്മേഷം രാജ്യാനുഭൂതി-
ക്ഷേമം വേഗം സാദരം സ്വീകരിക്കൂ. ൫൧

മാനം മിത്രം ബാന്ധവന്മാർ സുമാന്യ-
സ്ഥാനം വിദ്യൽകീർത്തി നിർവ്വ്യാധിഗാത്രം
ആനന്ദിപ്പിക്കുന്ന വേറേഗ്ഗുണങ്ങൾ
നൂനം ചേരും വിത്തവിത്തന്നു മന്നിൽ. ൫൨

വിത്തംവിട്ടാൽ ബന്ധുവും മോദപൂർവ്വം
നൃത്തംചെയ്യുംമട്ടു ദൂരീകരിയ്ക്കും
ചിത്തംമാറി ഭൃത്യനൊപ്പം സ്വവാഞ്ഛാ-
മത്തൻ പോകും വല്ലഭൻ വല്ലദിക്കിൽ. ൫൩

---

൪൮. ആകാരശ്രീ=ആകാരഭംഗി. പത്രഭംഗം=ഇലപൊഴിച്ചിൽ പത്തിക്കുറിയുമായുക എന്നും. നാരീലോകാലോകം=സ്ത്രീജനങ്ങളുടെ പ്രകാശത്തിൽ.
൫൧: മാമകം......സ്തോമം=എന്റെ മുജ്ജന്മസുകൃതങ്ങൾ. അനുഭൂതി=അനുഭവം.
൫൨. വിത്തവിത്തൻ=ധനംകൊണ്ടുപ്രഖ്യാതൻ.

ഗാഢം മിത്രം ദഗ്ദ്ധകാന്താരമദ്ധ്യ-
പ്രൌഢശ്രീ കൈക്കൊണ്ട വഹ്നിയ്ക്കുവായു
രൂഢസ്നേഹം ദീപവർത്തിയ്ക്കുവൻതാൻ
ഗൂഢദ്വിട്ടാം; നിസ്വനാകും വിപക്ഷൻ. ൧൮

ശീലം ശൌര്യം സ്നേഹമൌദാര്യമേവം
മൂലംഗേഹം ജാതിയെന്നുള്ളതെല്ലാം
കാലത്തില്പ്പോൾ നഷ്ടമാകട്ടെ മാനോ-
ദ്വേലം ദ്രവ്യം സത്തമം സർവ്വമുഖ്യം. ൧൯

എല്ലാവർക്കും വിത്തമത്യുത്തമം; മൽ-
ചൊല്ലാൽ നീയാദ്രവ്യമംഗീകരിക്കു
തെല്ലാലോചിച്ചീട്ടു; നിസ്വന്നുമോർത്താ-
ലില്ലാഭേദം സംസ്ഥിതന്നും ജഗത്തിൽ. ൨൦

മന്നും പൊന്നും നേടിവയ്ക്കാനുമോർത്താ-
ലെന്നും ക്ലേശം വച്ചുസൂക്ഷിച്ചിടാനും
എന്നുള്ളിൽ പാർത്തുള്ള തന്മാനവോക്തം
തോന്നും ബാലേ! ദുർബ്ബലാലംബമെന്നായ്. ൨൧

കൂട്ടിൽത്തങ്ങും തത്ത തന്മട്ടു ദുഃഖം
കാട്ടിക്കൂട്ടും ഗോഷ്ഠി നീ നിർത്തിവെയ്ക്കു
നാട്ടിൽപ്പോകാം താമസിക്കേണ്ടൊരസ്മൽ-
ക്കുട്ടിക്കിഷ്ടംപോലെ വാഴാം ശ്രവിക്കൂ. ൨൨

---

൧൮. ദഗ്ദ്ധ......വഹ്നിയ്ക്കു=കാട്ടിൽകടന്നു കത്തിക്കാളുന്ന അഗ്നിയ്ക്കു. ഗൂഢദ്വിട്ട്=ഗൂഢശത്രു. നിസ്വൻ=സ്വത്തില്ലാത്തവൻ.

൧൯. മൂലംഗേഹം=കുടുംബം.

൨൦. സംസ്ഥിതൻ=പ്രേതം.

൨൧. മാനവോക്തം=മനുവിനേസ്സംബന്ധിച്ച വചനം. ദുർബ്ബലാലംബം=അശക്തന്മാരെസംബന്ധിക്കുന്നതു്.

ഭ്രൂക്ഷേപാഢ്യദ്രവ്യമത്തപ്രഹാസ-
പ്രക്ഷേപത്താലുള്ളുപൊള്ളും ദരിദ്രൻ
അക്ഷേപത്തിൽക്കാലിലൂക്കോട്ടതട്ടും
നിക്ഷേപം താൻ തള്ളിനീക്കുന്നതുണ്ടോ? ൨൫

ആണും പെണ്ണും രണ്ടു വർഗ്ഗത്തിലിപ്പോഠം
ച്ചേണുററീടും ദ്രവ്യമാശിച്ചിടാതെ
തൂണും ചാരിത്തന്റെ കാൎയ്യം മറന്നും
കാണുന്നുണ്ടോ മന്നിലിങ്ങാരെയും നീ. ൨൬

ഏതായാലും രാജ്യലാഭത്തിലേററം
വീതാശൻ ഞാൻ വൃദ്ധയോഗീന്ദ്രനത്രേ,
ജാതാമോദം കേഠംക്ക താതോപദേശം;
നീതാൻ ഭത്താവൊത്തു പാലിക്ക രാജ്യം. ൨൭

കൂററൻപാരം കർഷകസ്ഫാരവൃത്തി-
യ്ക്കേററം ശക്തൻ പ്രഷ്ഠവാണ്മൌലിനില്ക്കേ,
ഒററയ്ക്കാരോ കർഷണം ചെയ്തിടും, പിൻ-
മാററം കൈവിട്ടത്ര വൃദ്ധോക്ഷനേത്താൻ. ൨൮

നേത്രദ്വന്ദ്വം, ദുർബ്ബലം ദശ്നേ മൽ-
ഗാത്രം, ചർമ്മഗ്രന്ഥിശൈഥില്യശാലി
ശ്രോത്രംമാത്രം സർവ്വശക്തപ്രഭാവ-
സ്തോത്രം കേഠംക്കാൻ ശക്തി കൈക്കൊണ്ടിടുന്നു. ൨൯

സ്വാരാട്ടും തൽപത്നി പൌലോമിയും മ-
ട്ടാരാജിക്കും നിങ്ങഠം രാജ്യാഭരിയ്ക്കേ
ഘോരാരണ്യേ ഹർഷബാഷ്പാംബുതന്നിൽ
നീരാടീ ഞാൻ ജീവകാലംകഴിയ്ക്കാം. ൨൰

---

൨൫. ഭ്രൂക്ഷേ......പ്രക്ഷേപത്താൽ=മത്തനായ ധനികന്റെ, പുരികക്കൊടി വളച്ചിട്ടുള്ള പുച്ഛരസത്താൽ. നിക്ഷേപം=നിധി.

൨൭. വീതാശൻ=ആശവിട്ടവൻ.

൨൮. പ്രഷ്ഠവാണ്മൌലി=നുകംവച്ചുപൂട്ടാൻതക്ക വലിയകാള. വൃദ്ധോക്ഷൻ=മൂത്തകാള.

൨൰. സ്വാരാട്ട്=ഇന്ദ്രൻ പൌലോമി=ഇന്ദ്രാണി.

ദാനം, ധർമ്മം, ചെയ്തിടാൻവേണ്ടി രാജ-
സ്ഥാനം നൽകീ സ്വാത്മജാതക്കു പണ്ടേ
മാനംകൂട്ടും വൃദ്ധഭൂപാലരെല്ലാം
വാനപ്രസ്ഥം സ്വീകരിയ്ക്കാറുമില്ലേ. ൧൯

തുച്ഛം, തുച്ഛം, ഹന്തനിൻമട്ടു, മൌഢ്യ-
പ്രച്ഛന്നേ! നീ പൂർണ്ണഭാഗ്യം കളഞ്ഞു;
അച്ഛൻ ശാസിച്ചിതഥമോതുന്ന കേട്ടി-
ട്ടുച്ചശ്രീമൽഗ്ഗാത്രിതാൻ സമ്മതിച്ചു. ൨൦

കൊണ്ടാടിത്തൻപുത്രി, തജ്ജീവനാഥൻ
രണ്ടാളോടുംചേർന്നുടൻ ഭീമസിംഹൻ;
ഉണ്ടായീടും വൈമനസ്യത്തെ നീക്കി-
ക്കൊണ്ടാമോദാൽ നാട്ടിലേക്കായ്ത്തിരിച്ചു. ൨൧

ച്ചുറ്റും കാണ്മാൻ മോഹമേവർക്കുമുള്ളിൽ-
പ്പുറ്റും നാനാദേശമാ മൂന്നുപേരും
മുറ്റും മായാസാഗരം നല്ല വർക്കം-
ചുറ്റുന്നോരേപ്പോലെ വേഗംകടന്നു. ൨൨

സാലങ്കാരം സൽഗ്ഗുണം സൽപ്പദാർത്ഥ-
ശ്രീലം നാനാസദ്ധ്വനിസ്ഫൂർത്തിരമ്യം
ചേലഞ്ചീടും "ഭീമഗേഹം" രസജ്ഞൻ
പോലക്കാവ്യത്തെ നോക്കിനാൻ ഭീമസിംഹൻ. ൨൩

---

൧൯. വാനപ്രസ്ഥം=കാട്ടിലേത്തപോവൃത്തി.

൨൦. തുച്ഛംതുച്ഛം=ഏററവും നിസ്സാരം. മൌഢ്യപ്രച്ഛന്ന=മൂഢതകൊണ്ടു മതിമറന്നവൾ.

൨൨. മായാസാഗരം=മായയാകുന്ന സമുദ്രം. വർക്കംചുറ്റുന്നോർ=മഹർഷിമാർ.

൨൩. സാലങ്കാരം=അലങ്കരിച്ചതു്. ഉപമ മുതലായ അലങ്കാരങ്ങൾ ചേർന്നതു്. എന്നും ഗുണം=ശുദ്ധി വൃത്തി മുതലായതു പ്രസാദം മുതലായതു എന്നും. സൽപ്പദാർത്ഥശ്രീലം=നല്ല പദാർത്ഥങ്ങളാൽ ശോഭിക്കുന്നതു് നല്ല പദങ്ങളും അർത്ഥങ്ങളും ഭാഗിയായി ചേർന്നതു് എന്നും. നാനാസ.....രമ്യം=പലജനങ്ങളുടേയും ശബ്ദത്താൽ ശോഭിക്കുന്നതു് അനേകം വ്യംഗ്യചമൽക്കാരം കലർന്നതു എന്നും. ഭീമഗേഹം=ഭീമപുരി.

സൂരൻ ചന്ദ്രൻ സഞ്ചരിക്കുന്ന ദിക്കിൽ
ദൂരം ദൈവജ്ഞക്കു ദുർജ്ഞേയമെന്നാൽ
നേരററിീടും തുംഗഹർമ്മ്യങ്ങളിൽ സ്സ-
ഞ്ചാരംചെയ്യുന്നോരതും നിർണ്ണയിപ്പൂ. ൯൪

വേണ്ടാവാദം തൽപ്പുരത്തിൽജ്ജനത്തെ-
ക്കണ്ടാലല്പം ലുബ്ധനാം കല്പവൃക്ഷം
മിണ്ടാതോട്ടും രാജരാജൻ ദരിദ്രൻ
തണ്ടാരമ്പൻ തണ്ടുനീക്കും ക്ഷണത്തിൽ. ൯൫

സ്തോകംപോലും ദാരുചേക്കാതെ സൂര്യാ-
ലോകം തന്നിൽപ്പാചകന്മാരശേഷം
ധീകമ്പിയ്ക്കാതക്കകാന്താന്തികാസം-
പാകത്തിൽത്താൻ ഭക്തമംഗീകരിപ്പൂ. ൯൬

പൊന്തിത്തിങ്ങും ഹീരവേശ്മപ്രദീപ്യൽ-
ക്കാന്തിസ്തോമം തച്ചകോരങ്ങൾ കാങ്കേ
അന്തിക്കെന്യേ ചന്ദ്രികാബുദ്ധിയാൽത്തൽ-
പ്പന്തിക്കെത്തി സ്സാപ്പടാനേപ്പെട്ടുന്നു. ൯൭

ധാമംതോറുംചേന്ന കാളാഗരുശ്രീ-
ധൂമംപൊങ്ങിച്ചെന്നു മേളിച്ചു പാരം
സാമഞ്ജസ്യംപൂണ്ടു ശോഭിച്ചിടും തൽ-
ശ്യാമംവർണ്ണം ധൂമയോനിക്കു കാൺമൂ. ൯൮

ധാതാവാദ്യം ഭാവിതൽഗേഹഹർമ്മ്യ-
വ്രാതാതീവോത്തുംഗഭാവം നിനപ്പോൻ
പൂതാഗാരം സത്യലോകം സമസ്ത-
ശ്രീതാവീടുംമട്ടിലുച്ചത്തിലാക്കി. ൯൯

---

൯൪. ദൈവജ്ഞർ=ജ്യോതിശ്ശാസ്ത്രപണ്ഡിതർ.
൯൬. അർക്കകാന്താന്തിക=സൂര്യകാന്തക്കല്ലുകൊണ്ടുള്ള വിശേഷപ്പെട്ട അടുപ്പ്.
ഭക്തം=അന്നം.
൯൭. ഹീരവേശ്മം=വജ്രനിർമ്മിതമായ ഭവനം.
൯൮. കാളാഗരു=കറുത്ത അകില്.

ഉള്ളിൽത്തിങ്ങും ദേവഗന്ധം ഗന്ധമെല്ലാം നീർ-
ത്തുള്ളിപ്പെട്ടക്കാററുമേററാത്തപോലെ
തുള്ളിച്ചാട്ടുന്നുണ്ടഹോ സൌധദേശ-
ത്തുള്ളിശ്രീമൽസ്സൽപതാകാവധൂടി. ൨൦

തണ്ടാർബാണൻ തൽപ്പുരത്തിൽപ്പുമാന്മാ-
ക്കുണ്ടാകുന്നാപ്പൂർണ്ണസൌന്ദര്യസാരം
കണ്ടാത്മാവജ്ഞാവശൻ ദേഹനാശം
കൊണ്ടാശ്വാസപ്പെട്ടുതാൻ സഞ്ചരിപ്പൂ. ൨൧

പണ്ടാരും കാണാത്ത വാമാക്ഷിമാർതൻ-
കൊണ്ടൽക്കൂട്ടം കൈതൊഴും കേശജാലം
കണ്ടാൽ കാമാത്തന്നു ശീതോപചാരം
കൊണ്ടാശ്വാസംമാത്രമല്പം മനസ്സിൽ. ൨൨

ദേവസ്ത്രീകൾക്കേകി ലോകേശനേകീ-
ഭാവംനീക്കാൻ നിർന്നിമേഷത്വമെന്നാൽ
അവന്ദ്യപ്പെണ്ണുങ്ങൾ, തൽപ്പൌരനാരീ-
ലാവണ്യം കണ്ടിട്ടതിൽക്കേണിടുന്നു. ൨൩

ഗാനം, പൂർണ്ണപ്രജ്ഞത, സാഹിത്യസാര-
ജ്ഞാനം, ദാനം, കീർത്തി, സാധുസ്വഭാവം
ഹാ നന്മയ്ക്കുള്ളന്യനാനാഗുണൌഘം
നൂനം കൈക്കൊള്ളുന്നു തൽപ്പൌരലോകം. ൨൪

തപ്പിട്ടാളുംനൽച്ചട്ടയിട്ടുണ്ടു നിൽക്കും-
പട്ടാളത്തിൻബാൻറുവാദ്യത്തകർപ്പും
നാട്ടാർചെയ്യുന്നാപ്പുമാ മൂന്നുപേരും
കേട്ടാനന്ദം പൂണ്ടുതൽഗ്ഗേഹമെത്തി. ൨൫

---

൨൧. ആത്മാവജ്ഞാവശൻ=ആത്മനിന്ദയ്ക്കു പാത്രമായവൻ.

൨൩. ലോകേശൻ=ബ്രഹ്മാവു്. ഏകീഭാവം=ഐക്യം. നിർന്നിമേഷത്വം=നിമേഷമില്ലായ്മ.

ജാമാതാവും പുത്രിയും ചേൎന്നു പൂൎണ്ണ-
ശ്രീമാൻവന്നു, ഭീമസിംഹാവനീന്ദ്രൻ,
സാമഞ്ജസ്യംകൂട്ടമാക്കാഴ്ചയിൽ നി-
സ്സീമാനന്ദാലെത്തി പൌരാംഗനൌഘം. ൮൬

മുട്ടോളം നൽപ്പോർമുലക്കച്ച കാററാ-
ന്നിട്ടോ നീങ്ങിക്കണ്ടിട്ടും നൽസ്ഥനത്താൽ
മട്ടോലും സദ്വാണി മംഗല്യകുംഭ-
ത്വിട്ടോടാട്ട്യംചെയ്തു രാജോപചാരം. ൮൭

ആ വിശേഷാൽകൃഷ്ടോല്ലസൽക്കാഴ്ചകാണാൻ
ഭൂവിൽപ്പാദംലേശമൂന്നീട്ടൊരുത്തി
ആവിർഭൂതം ദ്വിന്നിമേഷത്വമോടാ-
ദ്യോവിൽക്കേറാനീഷ്യമൂലംമടിച്ചു. ൮൮

വള്ളിക്കയ്യുംകോൎത്തു വക്ഷോജകുംഭം
തുള്ളിച്ചെത്തും ദക്ഷയാം മററൊരുത്തി
ഉള്ളിൽക്കൊള്ളാതുള്ള സന്തോഷഭാരം
തള്ളിച്ചേൎത്തു തോഴിമാർ തന്മനസ്സിൽ. ൮൯

ചേലുള്ളോമന്മാലയും ദീപവുമ്പോൽ
പാലുംവെള്ളംപോലെയും നല്ലകാഴ്ച
കോലുന്നെന്നായ്പ്പൌരനാരീജനം മു-
ക്കാലും രാജ്ഞീരാജയോഗം നിനച്ചു. ൯൦

ആമംഗല്യശ്രീയെഴും പൌരയോഷാ-
സ്തോമം ഭാൎയ്യാഭൎത്തൃമൂൎദ്ധാവിലേകി
തൂമപ്പുഷ്പംചേൎന്ന ഗന്ധാക്ഷതങ്ങൾ
നാമംചൊല്ലി ക്ഷേമവിശ്രാണനാൎത്ഥം. ൯൧

---

൭. മംഗല്യകുംഭത്വിട്ട്=പൂൎണ്ണകുംഭത്തിന്റെ ശോഭ.

൮. രാജ്ഞീരാജയോഗം=രത്നപ്രഭയുടെയും പ്രതാപസിംഹന്റേയും ചേൎച്ച.

൯. ക്ഷേമവിശ്രാണനാൎത്ഥം=നന്മവരുന്നതിനുവേണ്ടി.

ചൊല്ലാന്നീടും വൈദികന്മാർ വിശേഷി-
ച്ചുല്ലാസത്താലെത്തിടും മന്ത്രിവൎയ്യൻ
നല്ലാർവൎഗ്ഗം, ബന്ധുസംഘം, സമീപ-
ത്തെല്ലാമുദ്യോഗസ്ഥരുംനോക്കിനിൽക്കേ; ൧൨

ഭവ്യജ്ഞാനംപൂണ്ടിടും പണ്ഡിതന്മാർ
നവ്യക്ഷോണീഭൃത്തിനുംരാജ്ഞിയാൾക്കും
ശ്രാവ്യപ്രൌഢാമ്നായസമ്പൂൎണ്ണഘോഷ-
പ്രവ്യക്തം താൻചെയ്തു രാജ്യാഭിഷേകം. (യുഗ്മകം) ൧൩

മുന്നിൽക്കാണും രണ്ടു ഭദ്രാസനാഢ്യം-
തന്നിൽകേറീ ഭൂപനും രാജ്ഞിതാനും
കുന്നിച്ചീടും ലോകപുണ്യങ്ങൾ രണ്ടായ്-
ബ്ഭിന്നിച്ചീടും മട്ടുതന്നേവിളങ്ങി. ൧൪

സദ്യയ്ക്കാശിച്ചെത്തിടും തജ്ജനങ്ങൾ-
ക്കത്യന്തോഷം ചിത്രപത്രങ്ങൾ നൽകി
ഹൃദ്യപ്രേഷ്ഠാസ്വാദനാനോപദംശം
സദ്യസ്സൂദന്മാരതിൻശേഷമേകി. ൧൫

ചേതോഹാരിശ്രീയെഴും നല്ലതുമ്പ-
പ്പൂതോററുള്ളോരോദനം പാചകന്മാർ
കാതോടെത്തും കൎണ്ണിമാക്കും പ്രിയക്കും
ജാതോത്സാഹം ബാലകൎക്കും കൊടുത്തു. ൧൬

ഭോജ്യം പീയൂഷത്തിനേക്കാൾ മുഖത്തിൽ
പൂജ്യസ്ഥാനം പൂൎണ്ണമായേൽക്കയാലേ
പ്രാജ്യശ്രേഷ്ഠം പാരമായുസ്സുചേൎക്കു-
ന്നാജ്യംദാനംചെയ്തു വേണ്ടുംവിധത്തിൽ. ൧൭

---

൧൩. ശ്രാവ്യ........ഘോഷം=മനോഹരമായ വേദഘോഷം
൧൫. പത്രം=ഇല സൂദന്മാർ=പാചകന്മാർ.
൧൭. മുഖം=ആരംഭം. ആജ്യം=നെയ്യ്.

നേത്രാനന്ദം കാൺകിലാൎക്കും കൊട്ടക്കും
ഛത്രാകാരം പപ്പടം സൂപമൊപ്പം
പത്രാന്തംതാൻ രണ്ടിലുംനൽകി ഭോക്തൃ-
സ്തോത്രാവേശാൽ സൂദരൂറ്റംനടിച്ചു. ൪൮

ഇഞ്ചിത്തൈരും നല്ലസാമ്പാറുമാരും-
കൊഞ്ചിക്കൂട്ടും കാളനും ലോപമെന്യേ
വഞ്ചിച്ചീടും മാമ്പഴപ്പച്ചടിക്കൺ-
മഞ്ചില്പോകും തൈരുമാൎക്കും കൊടുത്തു. ൪൯

മന്നൻജാതിവ്യത്യയം വിട്ടു ലോക-
ൎക്കന്നം ധന്യംപായസംകൂട്ടിനൽകി
തന്നത്താനേ രാജഭവ്യപ്രശംസാ-
സന്നദ്ധന്മാരാകെവാഴ്ത്തും വിധത്തിൽ. ൫൦

വാഹം, നാഗം, സ്യന്ദനം, സൽപ്പദാതി-
വ്യൂഹം, നാനാവാദ്യഘോഷം മനോജ്ഞം
അഹന്ത! ശ്രീപ്രേക്ഷകപ്രീതിവാക്സ-
ന്ദോഹം പാരംചേൎന്നു മേളിച്ചിടുമ്പോൾ, ൫൧

കണ്ടാൽമുത്തേകുന്ന പല്ലക്കിലേറി-
ക്കൊണ്ടാരാജ്ഞീരാജയുഗ്മം ക്ഷണത്തിൽ
കൊണ്ടാടീടും തൽപ്പുരശ്രീപ്രവേശാ-
ലുണ്ടായീടും മോദമേവൎക്കുമേകി. (യുഗ്മകം.) ൫൨

അ, "രത്നപ്രഭ" തന്റെ ഭീമനഗരീ-
രാജ്ഞീപദാരോഹണ-
സ്ഫാരശ്രീമഹിതോത്സവം, യതിവരൻ
തൽബ്ഭീമസിംഹൻ തദാ

---

൪൮. സൂദം=പരിപ്പ്.

൫൧. വാഹം=കുതിര. നാഗം=ആന. സ്യന്ദനം=തേര. പദാതി=കാലാള്.

പാരം തൽപ്രജകൾക്കു വാച്ചവിവിധ-
പ്രീതിപ്രശംസാദരം-
സ്വാരസ്യം തികയുന്നമട്ടു വിധിപോൽ-
ത്തന്നേ നടത്തീടിനാൻ. ൩൩.

പതിനൊന്നാംസർഗ്ഗം സമാപ്തം.

—:*:—

# പന്ത്രണ്ടാം സർഗ്ഗം.

---

പൌരസ്ത്രീനിര മണിമൂന്നടിച്ചുകൂട്ട-
ന്നോരംതാനൊരുദിവസം സരോവരത്തിൽ
നീരശ്രീവിഹൃതിനടത്തിടാൻ സുരാജോ-
ദാരസ്വപ്രമദമൊടൊത്തു യാത്രചെയ്തു. ൧

ആ രാമാജനമണിരാജിതി കാററുകൊള്ളാ-
നാരാജദ്ദിവസവിരാമവേളതന്നിൽ
ആരാൽചെന്നതികുതുകേന സഞ്ചരിയ്ക്കു-
ന്നാരാമം പുരവരവാപിതൻകരയ്ക്കാം. ൨

മാനഞ്ചുംവരമിഴിമാർക്കെഴുന്ന മന്ദം-
യാനം, നന്മുഖരുചി, കേശജാലകാന്തി,
ആനന്ദപ്രദമിവകണ്ടു കൈകടിക്കും
നൂനം പ്രേക്ഷകരതുകാണികൾക്കു ദൃശ്യം. ൩

കൊട്ടുംവായ്ക്കുരയുമരം മനോവികാരം-
തട്ടുംമട്ടഭിനവവാക്കുമങ്ഗഭാസ്സും
പാട്ടും കൺമുനകളിലിന്ദ്രജാലവും ചേ-
ന്നിട്ടുള്ളാഗ്ഗതി ജനനേത്രമോദപാത്രം. ൪

---

൧. നീരശ്രീവിഹൃതി=ജലക്രീഡ.
൨. ദിവസവിരാമവേള=അസ്തമനസന്ധ്യയ്ക്കു അല്പംമുൻപ്.

സ്സായത്ത്യൌപനമദമൊത്തയാത്ര, ചേഷ്ടോ-
പായം കൺചലനമിവ ക്ഷണിച്ചുമട്ടിൽ
ഹാ!യത്തോൽഗ്ഗമരഹിതം 'ഖലേകപോത-
ന്യായത്തിൽജ്ജനഗണമുന്നടിച്ചുകൂടി. ൫

സ്ത്രൃർഹപ്രമദകൾതൻ സരഃപ്രയാണ-
പ്രത്യക്ഷപ്രമിതികലന്നിടും പുമാന്മാർ
പ്രത്യംഗം മനമവരിൽ സ്വയംലയിച്ചി-
ട്ടത്യന്തം നിജതനുമാത്രമേന്തിനിന്നു. ൬

കായശ്രീപ്രചുരിമ, സാധുശീലമേകം-
പ്രായം, സത്തരുണത മണ്ഡനംമനോജ്ഞം,
സ്വായത്തംപടുത, ഗുണങ്ങളിത്തരം നി-
മ്മായംചേൎന്നിടുമവരാണു മിക്കപേരും. ൭

ആ ശക്തൻപുരഹരനും മനോജ്ഞജന്യ-
ക്ലേശംചേൎത്തൊരു പടുവിഷ്ണുമായപോലേ
ആശാസ്യം തനുരുചി വാച്ച മങ്കമാരിൽ
ക്കേശത്താൽ ച്ചിലരവരിൽ പ്പുകൾപ്പെട്ടന്നോർ. ൮

കണ്ടാക്കും ഹൃദയമലിഞ്ഞിടുന്നനോട്ടം
കൊണ്ടാടുംമുഖമടിതൊട്ടകേശപാശം
രണ്ടാണുത്തമമതുരണ്ടുമൊത്തകുട്ടി-
ത്തണ്ടാർനേത്രകളവർ മുന്നണിയ്ക്കുകാൺമൂ. ൯

സാമാന്യംതരുണികൾമുന്നിലംഗനൌഘ-
പ്രാമാണ്യംതടവിന തമ്പുരാട്ടിമാരിടയ്ക്കും
കാമാഖ്യം നിഗമമറിഞ്ഞു ശക്തികൂട്ട-
ന്നാ മാന്യപ്രമദകൾതാനവൎക്കുപിന്നിൽ. ൰

---

൫. യത്തോൽഗ്ഗമരഹിതം=നിഷ്പ്രയാസം. ഖലേകപോതന്യായം=നെല്ലുചിക്കുന്ന കളത്തിൽ പലതരത്തിലുള്ള പ്രാവുകൾ വന്നുചേരുന്നതുപോലെ.

൬. സ്ത്രൃർഹ........പുമാന്മാർ=ഉത്തമസ്ത്രീകളുടെ സരസ്സിലേക്കുള്ള യാത്രകണ്ടുനില്ക്കുന്നവർ.

൰. കാമാഖ്യനിഗമം=കാമശാസ്ത്രം.

നീവാരാശനമുനിമാൎക്ക് മാരമാല്യം-
പ്പൂവാട്ടുംപടി വിതറുന്ന രൂപവാപ്പിൽ
ഹാവാദിപ്രതിനവചേഷ്ടചേൎന്ന രൂപാ-
ജീവാളി വ്യവസിതിപൂണ്ടു പിന്നിൽനിൽപ്പൂ. ൧൭

ഊഢഭ്രൂചലനവിശേഷഭംഗി ഹാൎദ്ദാ-
രൂഢം ദൎശനമതിലാരുമത്ഭുതത്താൽ
ഗാഢം കയ്യിണതലയിൽക്കൊട്ടുത്തുനോക്കും
പ്രൗഢസ്ത്രീഗണമിടമട്ടിലാഗമിപ്പൂ. ൧൮

മോടിയ്ക്കൊത്തുപരിപടത്തിനാലുരോജം-
മൂടി പ്രേക്ഷകജനനേത്രദോഷമെന്ന്യേ
പാടി ക്കൺമുനകളെറിഞ്ഞനംഗമാലിൽ-
ച്ചാടിയ്ക്കും, വനിതകൾ മാന്ത്യതയ്ക്കുപാത്രം. ൧൯

അക്കാവേണികളുടെ ദാസ്യവേല ചെയ്യും
തൽക്കാന്തവ്രജമനുവൎത്തനത്തിനാലേ
കാക്കാലക്കുടയ കുരങ്ങുകൾക്കുതുല്യം
തൽക്കാലംസഹഗതി ചെയ്യു മോദവാപ്പിൽ. ൨൰

സ്വച്ഛന്ദം ചരമരവിപ്രശാന്തതേജ-
സ്സച്ഛന്നം തഴച്ചിന തൽക്കവികൾത്തടങ്ങൾ
ഇച്ഛയ്ക്കൊത്തൊരുനടയിൽ സ്വകീയവൎണ്ണ-
സ്വച്ഛശ്രീപ്പൊലിമകലൎന്ന കാന്തിയേന്തി. ൨൧

---

൧൭. നീവാരാശനന്മാർ=വരിനെല്ലുഭക്ഷിക്കുന്നവർ. രൂപാജീവാളി=അനേകംവേശ്യമാർ. വ്യവസിതി=ഉത്സാഹം.

൧൮. ഊഢ......ഭംഗി=ഭംഗിയിൽ പുരികംഇളക്കിക്കൊണ്ടു്.

൧൯. പ്രേക്ഷകജനങ്ങൾ=കാണികൾ.

൨൰. അനുവൎത്തനം=അനുസരണം. സഹഗതി=ഒരുമിച്ചുയാത്ര.

൨൧. ചരമ......തേജസ്സ്=അസ്തോന്മുഖനായസൂൎയ്യന്റെ ചുടുകറഞ്ഞരശ്മി.

അത്തന്വീമകുടമണീജനാംഗമെല്ലാം
മൊത്തത്തിൽ ശ്രമഭവവാരിബിന്ദുവൃന്ദം
മുത്തഞ്ചുംപടിതഴുകി പ്രകൃഷ്ടശോഭം;
ചിത്തത്തേക്കവരുമതീവകാന്തമേത്തും. ൧൬

ഏണാക്ഷീജനഗണമഞ്ജുയാത്ര വേഗം-
കാണാനന്ദപ്രമദമൊടൊത്തു നോക്കിനിൽക്കേ
ആണാകുന്നവരിലണഞ്ഞ ദർപ്പകൻതൻ-
ബാണാളിയ്ക്കുടയൊരു പാച്ചിലെത്ര ചിത്രം. ൧൭

സൽപ്പാഥോരുഹമിഴികൊണ്ടിണങ്ങിനോക്കി
തൽപ്പത്രംകരമതു നീട്ടി വാപിതോഴി
നൽപ്പാളും വരകളഹംസനാദവായ്പോ-
ടുൽപ്പന്നാദരമവരേ ക്ഷണംക്ഷണിച്ചു. ൧൮

ചേലാന്തം പ്രസഭമെഴിച്ചു ജാരവീരൻ-
പോലാശാതരളമഹാസരസ്സമീരൻ
ലോലാക്ഷീജനഗണസംഗമാഭിലാഷ-
ത്താലാദ്യം സരസമവക്ക് കൈകൊട്ടുത്തു. ൧൯

നീലേന്ദീവരമതിനേ സ്സ്വദീശ്ലനേത്ര-
ത്താലേ തൽശ്ശുഭഗതികൊണ്ടു ഹംസിതന്നെ,
ചേലേറുന്നവർ ജംഘനംവഴിയ്ക്കു വേണ്ടും-
പോലേ തൽപ്പുളിനതലത്തെ നിന്ദചെയ്യു. ൨൦

---

൧൮. സൽപാഥോരുഹമിഴി= പത്മമാകുന്നകണ്ണ്. തൽപ്പത്രകരമതു=ആ പത്രമാകുന്നകയ്യ്. വരകളഹംസനാദവായ്പ്=ശ്രേഷ്ഠങ്ങളായിരിക്കുന്ന അരയന്നങ്ങളുടെ ശബ്ദമാകുന്ന സ്വരഭേദത്തോട്.

൧൯. പ്രസഭം=ബലാൽകാരേണ. ആശാ .....സ്സമീരൻ=എല്ലാദിക്കിലേക്കും ഇളകിക്കൊണ്ടിരിക്കുന്ന പൊയ്കയിലെകാറ്റ് ആശാതരളൻ=അനുരാഗചാഞ്ചലൻ എന്നും.

൨൦. പുളിനതലം=മണൽതിട്ട.

കാന്തന്മാരുദകമിറങ്ങിനോക്കി മുന്നി-
ട്ടന്തംകണ്ടളവു തടാകമീനപുഞ്ജം
സ്വാന്തത്തിൽബ്ഭയമുളവാക്കിയെങ്കിലും തൽ-
ക്ലാന്താംഗീഗണമതിലേറ്റിറങ്ങി മന്ദം. ൨൧

സ്ത്രീവർഗ്ഗപ്രതിമകളുള്ളിലാർന്ന, വാപി
ശ്രീവശ്യപ്രഥിതവധുക്കളെ പ്രമോദം
കൈവന്ന സ്വമനസി ചേർത്തുവോ; മതിപ്പെ-
ല്ലാവർക്കും കുതുകദവസ്തു തന്നിലല്ലോ. ൨൨

സൽക്കുംഭസ്തനജഘനോരുഭാരമേന്തി-
ട്ടക്കഞ്ജേക്ഷണകളണഞ്ഞ വാപിയപ്പോൾ
ഊക്കന്നും തിരയടികൊണ്ടു സാരസത്തിൻ-
പോക്കല്പം വിഷമമതാക്കി വൻതടത്തിൽ. ൨൩

ആ രാജന്നഗരനിതംബിനീജനം ദു-
ർവ്വാരാന്തഃകരിനതക്കൂട്ടമക്കചത്താൽ
തീരാന്തം നുരവരുമാറടിച്ചുനീക്കും
വാരാകെ സ്ഫുടമൃദ്ഭാവമുൾക്കലങ്ങി. ൨൪

മാലേയം സപദി കളഞ്ഞു കേശജാല-
ച്ചേലെല്ലാം ചിതറിയഴിച്ചു മാലനീക്കി
നീലേന്ദീവരമിഴിമാർക്ക് കുററമേവം
ചാലെച്ചെയ്യുന്നിചലവീചിതാൻ ഭയന്നോ. ൨൫

ആകണ്ഠം സലിലമിറങ്ങി നിൽക്കവേ, ത-
ന്നാകസ്ത്രീജനബഹുമാന്യരൂപമുള്ളോർ
ആകമ്രം മുഖമരവിന്ദമൊത്തുകണ്ടെ-
ന്നസ്തോകം ദ്വാപരമപരർക്കു സംഭവിച്ചു ൨൬

---

൨൧. തൽക്ലാന്താംഗീജനഃ=ദേഹം ക്ഷീണിച്ചസ്ത്രീകൾ.
൨൪. വാര്=ജലം. വിശേഷണങ്ങളുടെ ശക്തികൊണ്ടു അപ്രസ്തുതനായകവൃത്താന്തം കൂടി സ്ഫുരിക്കുന്നു.
൨൫. മാലേയം=ചന്ദനം. വീചി=തിര.
൨൬. ആകണ്ഠം=കഴുത്തുവരെ. ആകമ്രം=ഏററവും മനോഹരം. അസ്തോകംദ്വാപരം=മുഖമോ താമരയോ എന്നു വലിയസംശയം.

തുംഗാത്മസ്തനയുഗമോത്തു വാരികേളീ-
സാംഗാതിത്രപ വെളിവാക്കി നാഭിയോളം
ഭംഗംപൂണ്ടൊരുവളിറങ്ങവേ തരംഗം-
ഭംഗാഖ്യം കരമതിനാൽ പുണൎന്നു വാപി. ൪൭

പിച്ഛിത്താൻഫിതറി വനത്തിലാപതിയ്ക്കും
പിച്ഛിത്താർ നിരവധിചേൎത്തു മാലകെട്ടി
തച്ഛിത്തപ്രിയപതി നൽകിയപ്പൊഴാം മോദം-
വാച്ഛിത്താമരമിഴി ചൂടി ഹാൎദ്ദപൂൎവ്വം. ൪൮

ഉള്ളാൽ മത്സരമിയലും സപത്നി കാണ്മാ-
നുള്ളാത്മസ്തനദശനച്ഛദാനുലേപം
വെള്ളത്താൽക്കഴുകി നഖക്ഷതങ്ങളെല്ലാം
കള്ളപ്പുഞ്ചിരികലരും നതാംഗികാട്ടി. ൪൯

നാണിയ്ക്കും നിലവെടിയാൻ പയസ്സിനാഴം
കാണിയ്ക്കുംപടി കരതാരിളക്കി ഭീത്യാ
ഏണീദൃക്കൊരുസഖി നോക്കിനിൽക്കവേ, തേൻ-
വാണി സ്വപ്രിയതനുതല്ലജം പുണൎന്നു. ൫൦

കോരിത്തൻകണവർ ഭുജങ്ങളാശുരണ്ടും
പൂരിയ്ക്കും ഘനരസമേന്തി വീൎത്തവേ താൻ
വാരിത്തള്ളലിലതിവീൎപ്പുവിട്ടു, ചേതോ-
ഹാരിതപം തടവി വിലാസിനീജനങ്ങൾ. ൫൧

നീരം തൽക്കണവനിൽ വീൎത്തിടാനെടുക്കും-
നേരം തൽപ്പതി വനിതാകരം ഗ്രഹിക്കേ
ഭാരം വൻനനവിലണഞ്ഞ കാഞ്ചി വേഗം
മാരൻ തദ്വസനമഴിച്ചതൊട്ടുതാങ്ങി. ൫൨

---

൪൭. തരംഗം=അവളുടെ ദേഹം, ഭംഗം=തിര (ഓളം.)
൪൮. വനം=ജലം
൪൯. ആത്മ.....നുലേപം=തന്റെ സ്തനങ്ങളിലും അധരത്തിലുംഉള്ള കുങ്കുമാനുലേപം= കുങ്കുമം പുരട്ടുക.)
൫൦. സ്വപ്രി.....തല്ലജം=തന്റെഭത്താവിന്റെ പ്രശസ്തമായ ശരീരം.
൫൧. ഘനരസം=ജലം.
൫൨. കാഞ്ചി=അരിഞ്ഞാണം. തദ്വസനം=അവളുടെ വസ്ത്രം.

ആരോമൽപ്രതിവധുവിൽ പയസ്സുവീഴ്ത്തി-
ത്താരോട്ടംമിഴി നിജനാരിയേ നനച്ചേ
ഹാ രോഷം പതിയിലവൾക്കുവാച്ചു സാന്ത്വനാൽ-
ഗ്ഗീരോതാൻ പ്രണയിജനപ്രകോപഹേതു. ൩൩

ഇക്കാര്യം മധുമൊഴിമാരടുത്തു നിൽപ്പോർ
മുക്കാലും ഹസിതരസത്തിൽ നോക്കിടട്ടേ
ധിക്കാരത്തൊടുമപരാംഗനാധരത്തെ-
ത്തൽക്കാലം ബഹുചപലൻ നുകർന്നിതന്നാ. ൩൪

തീരസ്ഥൻ പ്രമദവനത്തിലുള്ള ലീലാ-
സ്വാരസ്യം മനസി നിനച്ചു കണ്ണയച്ചേ
മാരപ്പിച്ചകമതിലേറുനിന്നിട്ടും ത-
ദ്ദാരങ്ങൾക്കുദകനിവാസബുദ്ധി നീങ്ങി. ൩൫

ഫേനന്താൻ കുചയുഗഹാരകാന്തി നൽകി
സ്നാനത്തിൽ പടരുപിടിച്ചു ശൈവലങ്ങൾ
മാനഞ്ചുംമിഴികളിലംഗഭൂഷണശ്രീ-
ഹാനത്തിങ്കലുമുളവാക്കി മണ്ഡനൌഘം. ൩൬

വാരാളും വിഹൃതിനടത്തി വിക്ലബത്വം
വാരാളും രമണികൾതൻ രദച്ഛദങ്ങൾ
നീരാടീട്ടപഗതയാവകങ്ങളെന്നാൽ
ധാരാളം സുഷമ നിസർഗ്ഗരാഗമാർന്നു. ൩൭

---

൩൩. പ്രതിവധു=സപത്നി.

൩൪. ഹസിതരസം=ഹാസ്യരസം.

൩൫. തീരസ്ഥൻ=കരയ്ക്കുനില്ക്കുന്നവൻ. ലീലാസ്വാരസ്യം=ക്രീഡാരസം. പ്രമദവനം=പൂന്തോട്ടം. തദ്ദാരങ്ങൾ=അവന്റെ ഭാര്യ്യ. ഉദകനിവാസബുദ്ധി=വെള്ളത്തിൽനില്ക്കുന്ന എന്നുള്ള ജ്ഞാനം

൩൬. ഫേനം=പത. ഹാരകാന്തി=മുത്തുമാലയുടെ ഭംഗി. ശൈവലം=പായല്. അംഗഭൂഷ.....ഹാനത്തിലും=ദേഹത്തിൽ ആഭരണങ്ങൾ ഇല്ലാതിരിക്കുമ്പോഴും. മണ്ഡനം=അലങ്കാരം.

൩൭. വാരാളുംവിഹൃതി=ജലക്രീഡ. വിക്ലബത്വം=പാരവശ്യം. വാരാളും=വർദ്ധിച്ച. അപഗത.....കങ്ങൾ=ലാക്ഷാരസംവിട്ടുപോയവ.

കന്ദാസ്ത്രപ്രതികൃതികാമുകന്റെ വക്ത്രം
നിന്ദാഹാകൃതികളകന്ന തന്വികാമങ്കെ
മന്ദാക്ഷം പ്രശിഥിലനീവി നീക്കി ഹാ; സ്വ-
ച്ഛന്ദാഭ്യർത്ഥന നയനങ്ങളാചരിച്ചു. ൱൮

കോപംപൂണ്ടൊരു വരവാണി പൂർണ്ണചിത്താ-
ടോപം തൽപ്രിയതമനേ ത്യജിച്ചമൂലം
താപം താനിവളിലണച്ചു തൃപമാന്യ-
സ്ത്രീപാദഗ്രഹണതദീയസാഹസിക്യാ. ൱൯

ആ വാമാകുചതടകുങ്കുമാംഗരാഗം
ശ്രീവാപീസലിലമതിൽപ്പരന്നപാരം
ഭാവാഢ്യപ്രിയതമ ചിത്തരാഗബാഹ്യ-
ശ്രീവായ്ക്കുംവിധമധികപ്രഭം വിളങ്ങി. ൱൰

അർണ്ണസ്സിൽ ഗളതലദഘ്നമജ്ജനത്താൽ
സ്വർണ്ണശ്രീവിജയിശരീരകാന്തിയുള്ളോർ
വർണ്ണത്തിൽത്തുലനപെടും മുഖങ്ങളാൽ സ-
മ്പൂർണ്ണം സാരസപുനരുക്തശോഭ നേടി. ൱൰൧

മുത്തഞ്ചും പരപുരുഷൻ ജലത്തിൽമുങ്ങീ-
ട്ടത്തല്ലിൽപരവനിതോപഗ്രഹനത്തെ
ചിത്തത്തിൽ ജനഭയമെന്നിയേനടത്തി,
ദ്ധൂർത്താനന്യജവരശാസനത്തിനാലെ. ൱൰൨

ആ രാജന്നളിനസുഹൃത്തു പശ്ചിമാശ-
യ്ക്കാരാൽ ചെന്നളവു വെടിഞ്ഞു വാരിലീല
നീരാടിപ്പികമൊഴിമാർ കരേറി വാപീ
തീരാന്തം ജലകണവർഷി വസ്ത്രമേന്തി. ൱൰൩

---

൱൮-൯. കന്ദാസ്ത്രപ്രതികൃതികാമുകൻ=കാമദേവനു തുല്യനായ ഭർത്താവ്. മന്ദാക്ഷം=ലജ്ജ. പ്രശിഥിലനീവി=അഴിഞ്ഞുപോയ മടിക്കുത്ത്. സ്വച്ഛന്ദാഭ്യർത്ഥന=തന്റെ ഇഷ്ടപ്രാർത്ഥന. തൃപമാന്യ.....സാഹസിക്യം=ഉത്തമസ്ത്രീയെ ശരണം പ്രാപിക്ക എന്ന അവന്റെ സാഹസപ്രവൃത്തി.

൱൰൧. സാരസപുനരുക്തശോഭ=താമരപ്പൂക്കളുടെ ഇരട്ടിച്ച ഭംഗി.

സംസർഗ്ഗം മുതലലിവാർന്നണഞ്ഞു മെയ്യോ-
ടാസംഗം രസഭരിതം കലർന്നപോലും.
ഹാസത്തിൽ ബഹുനിരസിച്ചരാഗിപോൽ ത-
ദ്വാസസ്സത്തരുണികളെക്കഥഞ്ചിൽ വിട്ടു. ൪൪

കാമം താപസഹൃദയത്തിലേകിടും നൽ-
ക്കാർമന്ദും ചികുരഭരം വിടുർത്തിമെല്ലെ
ആ മഞ്ജുപ്രപദയുഗം കവിഞ്ഞു നീണ്ടു-
ള്ളോമൽശ്രീ കചശിഖകെട്ടി കുംഭമൊപ്പം. ൪൫

ചേലേലുംപടി വനിതോപലമഞ്ജനച്ചാ-
ത്താലേററം വിലസിന ചിത്രകംധരിക്കേ-
ചാലേ കണ്ടളവു വഹിച്ചിതിന്ദു ഹർഷ-
ത്താലേ സത്വരമദസീയവക്ത്രകാന്തി. ൪൬

സ്നാനാംഗസ്ഫുടജലശോഷണം നടത്തി
സ്സീതാഭം ധവളപടം ധരിച്ചു ശീഘ്രം
ശീതാംശുപ്രതിമമുഖീകദംബമപ്പോൾ
ശ്രീതാവുംപടി വരഭൂഷണങ്ങൾ ചാർത്തി. ൪൭

ആ വാജീകരണവിശേഷരൂപമാകു-
ന്നാവാരിപ്രകൃതവിഹാരമാത്തമോദം
ഹാ! വാമാമണികൾ നടത്തി യാത്ര ചെയ്തു
ശ്രീവായ്ക്കും ധവരൊടുമൊത്തു രാഗവായ്പിൽ. ൪൮

ആ മാന്യൻ നൃപവരനാം പ്രതാപസിംഹൻ
സോമാസ്യക്ഷിതിതലഭർത്ത്രി ചേർന്നവേഗം
സീമാതിദ്ദ്യുതിസുമവാടിതന്നിലെത്തി
പ്രേമാതിപ്രചുരിമയാർന്ന ചിത്തമോടും. ൪൯

---

൪൪. സംസർഗ്ഗം=ചേർച്ച. രസഭരിതം=രസപൂർണ്ണം, നനഞ്ഞതെന്നും. തദ്വാസസ്സ്=അവരുടെ വസ്ത്രം. കഥഞ്ചിൽ=പ്രയാസപ്പെട്ടു.
൪൫. പ്രപദയുഗം=പാദാഗ്രം രണ്ടും.
൪൬. ചിത്രകം=പൊട്ട്. അദസീയവക്ത്രകാന്തി=ഇവരുടെ മുഖകാന്തി.
൪൭. ശീതാംശു....കദംബം=ചന്ദ്രമുഖീസംഘം
൪൯. പ്രേമാതിപ്രചുരിമയാർന്നചിത്തം=മനസ്സിൽ സ്നേഹാധിക്യത്തോടുകൂടി.

വാട്ടംവിട്ടഭിനവപുഷ്പസഞ്ചയം ചേ-
ന്നിട്ടാ സ്വർപ്പതിവനമെന്നു തോന്നിടുംപോൽ
ചുട്ടററുള്ളൊളി സതതം കലർന്നെഴും പൂ-
ന്തോട്ടം ദമ്പതിഹൃദയപ്രമോദമേകി. ൫൦

പുത്തൻപൂനിര ചിതറിശ്ശരിയ്ക്കു ശയ്യ-
യ്യൊത്തല്പേതരരുചി ചേർന്നതൊട്ടു കാൺകെ-
ത്തത്തന്വീകുലമണിരാജ്ഞി സമ്മതിക്കാൻ
ചിത്തത്തിൽ പ്രതിഭ കലർന്നു കാന്തനോതി. ൫൧

വിത്തേശപ്രമദവനം, സുരേന്ദ്രനൊന്നു-
മുത്തേകും വന,മിവരണ്ടിലും വിശേഷം
മത്തേഭപ്രതിമഗതേ! നിനച്ചിടുന്നേൻ
ചിത്തേ സൽപ്രഭമിതുതാനിതിന്നതുല്യം. ൫൨

വഞ്ചിത്തഭ്രമമൊട്ടു ഗന്ധവാഹസംഗം
സഞ്ചിന്തിച്ചതിലതിലോലബാലവല്ലി
കിഞ്ചിൽ സൽസ്മിതരുചിയാം നവോഢയേപ്പോൽ
നെഞ്ചിൽ ഭീ ബഹുമതി ചേർന്നു നിന്നിടുന്നു. ൫൩

ലീലാകൌതുകമെഴുമീ നവീനവല്ലീ-
ലോലാക്ഷി, സ്തനവരമഞ്ജരീഗുണത്താൽ
സാലാഢ്യപ്രിയതമസംഗമാനുകൂല-
ശ്രീലാഭം നിഭൃതമുറച്ചു ലാലസിപ്പൂ. ൫൪

മുല്ലാസ്ത്രപ്രിയദയിതാഗമം നിരീക്ഷി-
ച്ചുല്ലാസസ്ഥിതി വിലസും വനാന്തലക്ഷ്മി
ചൊല്ലാർന്നപ്പുതുമലരാൽ പരിഷ്കരിയ്ക്കും
നല്ലാർമട്ടഭിനവവേഷമുദ്വഹിപ്പൂ. ൫൫

---

൫൦ സ്വഃപ്പതിവനം=നന്ദനോദ്യാനം.
൫൨. വിത്തേശപ്രമദവനം=കുബേരോദ്യാനം.
൫൩. ഗന്ധവാഹസംഗം=വായുവിന്റെ ചേർച്ച.
൫൪. സാലാ...ശ്രീലാഭം=തേന്മാവാകുന്ന പ്രിയന്റെ ചേർച്ചയ്ക്കുതക്ക ഭംഗിയോടു കൂടി.
൫൫. മുല്ലാസ്ത്ര......ഗമം=കാമദേവനാകുന്ന ഭർത്താവിന്റെ വരവ്.

നേടീനൽശ്രുതി മധുപം പികാളി രാഗം-
പാടീ പേർപെരുകിന നല്ല ഗന്ധവാഹൻ
ധാടിയ്ക്കുദ്യാനലതികാവധൂടിയെ ക്കൂ-
ത്താടിയ്ക്കാൻ വിരുതെഴുമേകനട്ടുവൻതാൻ. ൪൬

ശ്രീമത്താവകകുചകുംഭയുഗ്മശോഭാ-
കാമത്താൽ പ്രതിനവദാഡിമീഫലങ്ങൾ
കേമത്തിൽക്കേറിനമധോമുഖം സ്വകീർത്തി-
ക്ഷേമംതാൻകരുതി മഹാതപസ്സുചെയ്വൂ. ൪൭

കാമം കാററടിയിലരം രസാലപുഷ്പ-
സ്തോമംതൂകിന പൊടിതാൻപരന്നപാരം
ആ മാരപ്രതിനവമോഹനൈകചൂർണ്ണോ-
ദ്ദാമം വിഷ്ടപവിജയാർത്ഥമെന്നു തോന്നും. ൪൮

നീലേന്ദീവരമിഴി വാസരാന്തകാല-
ശ്രീലേപപ്രകൃതിഗുണം നിതാന്തരമ്യം
പ്രാലേയദ്യുതി നവഗർഭമൊത്തമട്ടി-
ക്കാലേ വാസവദിശ, ഗൌരദേഹമാർന്നു. ൪൯

ശ്രീരാജപ്രസവമടുത്തിടുന്നുവെന്നീ-
സ്വാരാജപ്രിയതമദിങ്മുഖത്തിലിപ്പോൾ
ധാരാളം പ്രതിനവപാണ്ഡുരാഭ കാട്ടി-
പ്പേരാളും പ്രിയവ്യപദേശമേകുകല്ലീ. ൫൦

പെട്ടെന്നിങ്ങുദയമഹീധരാഗ്രഭാഗ-
ത്തൊട്ടേണപ്പകുതി വപുസ്സു കാട്ടിനേരെ
ത്വിട്ടേന്തും ഹിമരുചി നിന്റെ നാഗജന്മ-
പ്പൊട്ടേശും മഹിത ലലാടമൊത്തിടുന്നു. ൫൧

---

൪൬. പികാളി=കുയിൽനിര. മധുപം=വണ്ട്.
൪൭. ദാഡിമീഫലം=മാതളനാരങ്ങ.
൪൮. രസാലം=തേന്മാവ്.
൫൦. ശ്രീരാജപ്രസവം=ചന്ദ്രന്റെ ജനനം. സ്വാരാജപ്രിയതമദിക്ക്=കിഴക്കേ ദിക്ക്.
൫൧. നാഗജന്മപ്പൊട്ട്=കുങ്കുമപ്പൊട്ട്.

ഈ രമ്യം പനിമതിബിംബമിങ്ങുദിക്കും-
നേരം സ്വാല്പതനചശോണകാന്തിമൂലം
പാരം ഹാ! വലരിപുദിങ്മുഖത്തെഴും സി-
ന്ദൂരംപോൽ പ്രഭകലരുന്ന മട്ടുകാൺമൂ. ൩൮

കുറംതീൎന്നമല പയഃപയോധിരോചി-
സ്സൂററത്തിൽ പ്രസൃതമതെന്നതോന്നിടുംപോൽ
മാററഞ്ചും ഹിമരുചിതൻ കരാംകുരങ്ങൾ-
ക്കററംവിട്ടഭിനവഭംഗി കണ്ടിടുന്നു. ൩൯

ഇക്കാണും വിധു, നിജസുന്ദരോദയത്താൽ
ധിക്കാരം വിരഹികളിൽ കലൎത്തിടുന്നു
വാക്കാൽ കൈരവവരവൎണ്ണനം ശ്രവിക്കാ-
നിക്കാലം കുതുകമെനിക്കു വാച്ചിടുന്നു. ൪൦

സോമൻ തൻ നിരുപമവൎണ്ണനം നടത്താൻ
പ്രേമം ചേൎന്നഭിമതഭാഷിതം ശ്രവിച്ചു
ശ്രീമാന്യക്ഷിതിതലഭൎത്ത്രി കാന്ത വേഗം
സാമാന്യം ശ്രവണസുഖപ്രദ കഥിച്ചാൾ. ൪൧

പ്രത്യക്ഷപ്രമദമണച്ചിടുന്ന പൂൎണ്ണ-
സ്ഫൂൎത്ത്യൎററച്ഛവി തുഹിനാംശുവിന്നു കാൺകെ
രത്യൎത്ഥം നവനവവാഞ്ഛ നൽകിടുന്നീ-
പ്രത്യഗ്രം സമയമതീവവൎണ്ണ്യമാകും. ൪൨

അക്ഷയ്യസ്പൃഹ ഹൃദയത്തിലേശി ദീപ്യ-
ന്നക്ഷത്രപ്രിയതമനിന്ദുദിക്കിനെത്താൻ
വക്ഷസ്സിൽ ദൃഢമൊടു ചേൎത്തഴിച്ചിടുന്നു
ദക്ഷശ്രീകരമതിനാൽ തമഃപ്രവേണി. ൪൩

---

൩൯. പ്രസൃതം=പരന്നിരിക്കുക, കരാംകുരങ്ങൾ=ഉളച്ച രശ്മികൾ.
൪൦. കൈരവവരവൎണ്ണനം=ചന്ദ്രവൎണ്ണനം.
൪൧. ക്ഷിതിതലഭൎത്രി=രാജ്ഞിയായ രത്നപ്രഭ,
൪൨. രത്യൎത്ഥം=രതിക്കായിട്ട്. പ്രത്യഗ്രം=പുതിയ.
൪൩. തമഃപ്രവേണി=ഇരുട്ടാകുന്ന കെട്ടിവച്ച തലമുടി.

തട്ടിപ്പിൽ ത്രിദശവരാശയോടു രാഗം
കാട്ടിത്തത്തനുപരിരംഭണേനം നിഗ്രൂഢം
തട്ടിക്കൊണ്ടുഡുപതി തൊട്ടിടുന്ന ബദ്ധ-
പ്പെട്ടിട്ടാക്കമുദിനിതൻവപുസ്സു കഷ്ടം!. ൨൭

ഹന്താരാൽത്തിമിരമിതുമ്പുതുക്കി രാഗ-
ച്ഛന്നത്തീപ്പൊരി ചിതറുന്നൊരോഷധീശൻ
താന്തന്നേ രസകരകൌമുദീമിഷത്താൽ
സന്തപ്തം രജതമടിച്ചു വിട്ടിടുന്നു. ൨൮

ശ്രേണിപ്പെട്ടെഴുമിരുളൊക്കെ നീക്കമബ്ജൻ
ത്രാണിപ്പെട്ടുദയമണഞ്ഞ ചാരുരാത്രി
നാണിച്ചാനനപടമാശു നീക്കി വക്ത്രം
കാണിയ്ക്കും നവവധുപോലെ ലാലസിപ്പൂ. ൨൯

പ്രൌഢസ്ത്രീജനമതുപോലെ രാത്രിചെയ്യും
ഗാഢാലിംഗനമരിചംഗരാഗമൊപ്പം
ഗൂഢാന്തഃസ്പൃഹനിവനിന്ദു, ശോണവർണ്ണാ-
ലീഢാത്മച്ഛവി വെളിവിൽപ്പൊഴിച്ചിടുന്നു. ൩൦

പൊങ്ങും തൻകരമതുകൊണ്ടു രാഗമുള്ളിൽ-
ത്തിങ്ങുംപോൽ തുഹിനകരൻ തലോടിയിട്ടും
തങ്ങുന്നില്ലവനിൽ മനസ്സു പത്മിനിക്കും;
നീങ്ങുന്നോ ജഗതി പതിവ്രതാമഹത്വം. ൩൧

സ്തുത്യർഹം ജലനിധിപങ്കമല്ലൊ, രങ്കം
വ്യത്യസ്തം, ശശവുമിതല്ല, ചന്ദ്രനോത്താൽ
പ്രത്യംഗം ബഹുവിധലാളനാങ്കപാളീ-
കൃത്യത്തിൽ പ്രലയമെഴും തമിസ്രതന്നെ. ൩൨

---

൨൭. തത്തനുപരിരംഭണേനം=കിഴക്കേദിക്കിന്റെ ഗാത്രാലിംഗനം.
൨൮. ഓഷധീശൻ=ചന്ദ്രൻ. രസവാദി എന്നും. മിഷം=വ്യാജം. രജതം=വെള്ളി.
൨൯. അബ്ജൻ=ചന്ദ്രൻ. ആനനപടം=മുഖപടം.
൩൦. ഗൂഢാന്തഃസ്പൃഹൻ=ഉള്ളിൽ ആഗ്രഹമുള്ളവൻ. ശോണ...ച്ഛവി=രക്തവർണ്ണംകലന്ന കാന്തിയോടുകൂടി.
൩൨. അങ്കപാളീകൃത്യം=ആലിംഗനകർമ്മം. പ്രലയം=അത്യന്തം ചേർച്ച. തമിസ്ര=രാത്രി.

ഈരഞ്ജൽപ്രകൃതി!സുതത്വബോധിനിയും
പേരാർന്നുംഗുണമിയലും മനോരമയും
സാരസ്യപ്രദമിഹ കൌമുദിവിശേഷം
ഹാ രമ്യം രസകരസൂത്രവൃത്തിമൂലം. ൭൫

വാരാശിക്കുദിനമുണ്ടു വൃദ്ധി പാരിൽ-
പ്പേരാളും ജലധിസുതന്നതില്ല ചിത്രം
ചേരാ, തജ്ജനകഗുണം സുജന്യധർമ്മ-
പ്രാരംഭസ്ഥിരതരഹേതുവെന്ന വാദം. ൭൬

ഹിമരുചിഗുണമോരോന്നിത്തരം വാക്സമർത്ഥ-
പ്രമദകളടിക്കുപ്പും രാജ്ഞി വർണ്ണിച്ചിടുമ്പോൾ
സമമതി നിജയാത്രാബോധനാർത്ഥം ക്ഷണത്തിൽ-
ദ്ദമനകുലവരിഷ്ഠൻ താതനങ്ങാഗമിച്ചാൻ. ൭൭

ഉടനടി തൊഴുകയ്യോടൊത്തു രത്നപ്രഭപ്പേ-
രുടയസുത വണങ്ങി പൂർണ്ണഭക്തിയ്ക്കു നിൽക്കേ
ഉടലുനിജകരത്താൽ പ്രേമപൂർവ്വം തലോടി
ടരദരുചിതുകംമട്ടിലിത്ഥം കഥിച്ചാൻ. ൭൮

പരിമൃദുലശരീരേ! കേൾക്കമൽപ്പുത്രി! നിന്നെ-
പ്പിരിയുവതിന്ദുഃഖം വാച്ചിടുന്നുണ്ടു ചിത്തേ
ത്വരിതതരമധൈര്യം മന്മനസ്സിൽക്കലർത്താ-
തരികിലനുനയത്തോടൊത്തുവർത്തിക്ക സൌഖ്യം. ൭൯

---

൭൫. പ്രകൃതി സുതത്വബോധിനി=പ്രകൃതിയുടെ പരമാർത്ഥത്തെ ബോധിപ്പിക്കുന്ന തത്വബോധിനി എന്ന ഗ്രന്ഥവിശേഷമെന്നും. മനോരമ=സ്ത്രീ. മനോരമ എന്ന വ്യാഖ്യാനം എന്നും. കൌമുദി=നിലാവു്. കൌമുദി എന്ന വ്യാകരണഗ്രന്ഥം എന്നും. രസകരസൂത്രവൃത്തി=ആനന്ദപ്രദം ആയസ്ഥിതി. പാണിനീയസൂത്രവും വിവരണവും എന്നും.

൭൬. ജനകഗുണം=പിതൃഗുണം. ജന്യധർമ്മം=കാര്യഗുണം.

അതുലശുഭസമാധാനങ്ങൾ നാട്ടാൾക്കു നൽകീ-
ട്ടിതുപൊഴുതു നവീനക്ഷോണി രക്ഷിച്ചിടാനായ്
...വുമതുമട്ടിൽ കെൽപ്പുമില്ലൊട്ടുപോലും
...അബലവാന്മാർ വൃദ്ധരോത്താൽ തനൂജേ! ൯൯

പകലിരവു രസിപ്പിച്ചാശചേർക്കുന്ന സല്ലൗ-
കികവിഷയസുഖത്തിൽ തൃപ്തി നിൻതാതനില്ല
പുകളുടയവരിപ്പുൻ സർവ്വശക്തൻ പ്രകാമം
സകലവുമറിയുന്നോനീശ്വരൻ സേവ്യനിപ്പോൾ. ൱

മമ മഹിതസുതേ! ഞാൻ യാത്രചെയ്യട്ടെ, സിദ്ധാ-
ശ്രമമതിലനുഘസ്രം വൻതപംചെയ്തുവാഴാൻ
ഭ്രമമതിലണുപോലും നീ വഹിയ്ക്കൊല്ല, പൂർണ്ണ-
പ്രമദമനുവദിയ്ക്കൂ മൽഗ്ഗതിയ്ക്കുത്രപുത്രീ! ൱൧

ഘനരസമളവില്ലെന്നോർത്തകമ്പം ഭവജ്ജീ-
വനമതിലടിമപ്പെട്ടോർക്കു കൂട്ടാനു ബാലേ!
ദിനമനുവഴിപോലേ ശാംബരീഭ്രാന്തിനീക്കീ-
ട്ടിന തവമനമേററം വാഴണംസ ഹ്രദംപോൽ. ൱൨

പരനരനുളവാകും നന്മ കാണുമ്പൊളീർഷ്യാ-
വിരസത ലവലേശം വന്നുപോകൊല്ല ചിത്തേ
കരളിലൊരു മനോവാക്കായദുഷ്കൃത്യഹീനോ-
ത്തരസുകൃതവിചാരം സർവ്വദാ വന്നിടേണം. ൱൩

ഗുരുജനബഹുമാനം ദൈവവിശ്വാസമുള്ളിൽ-
ക്കരുണ ജനഹിതത്തിന്നൊത്തിട്ടും രക്ഷയെന്നും
ഒരു കുറവുവരാതിച്ചൊന്നതെല്ലാം ശരിയ്ക്കി-
ങ്ങരുവയർമണി! ബാലേ! സ്വീകരിച്ചിട്ടിരിയ്ക്കൂ. ൱൪

---

൯൯. അബലവാന്മാർ=അശക്തന്മാർ.
൱൧. അനുഘസ്രം=ദിവസംതോറും.
൱൨. ഘനരസം=ഏററവും സന്തോഷം. ഭവജ്ജീവന.....അടിമപ്പെട്ടോർ=ന... കീഴ്ജ്ജീവനക്കാർക്കു. വെള്ളത്തിൽ താഴ്ന്നു കിടക്കുന്നവർക്കു എന്നും. ...രീഭ്രാന്തി=മായാഭ്രമം, ജലത്തിലെ ചുഴി എന്നും. ഹ്രദം=കയം.

ക്ഷിതിതലമവനംചെയ്താത്മജാതേ! വസിയ്ക്കു-
ന്നതിനനഘദീർഘായുസ്സുമാരോഗ്യവും താൻ
മതിമുഖി! ഭവതിയ്ക്കും തൽപ്പതിയ്ക്കും ക്രമോച്ച-
സ്ഥിതികരുണി ഗരിഷ്ഠൻ സർവ്വശക്തൻ തരട്ടേ ൮൭

എന്നാൽപ്പുത്രി! വരട്ടെ; പുത്രനളവാ-
കമ്പോടംബുവമന്ദിരേ
വന്നാമോദമിയന്നു കണ്ടു തിരിയെ-
പ്പോകുന്നതുണ്ടേഷ ഞാൻ
തന്നാത്മേശ്വരിയൊത്തു മാമകസുതാ-
ജാനേ! സുഖംവാഴ്കനീ-
യെന്നാസ്സന്മതി ഭീമസിംഹനൃവരൻ
ചൊല്ലിപ്പിരിഞ്ഞീടിനാൻ. ൮൯

പന്ത്രണ്ടാംസർഗ്ഗം സമാപ്തം.

---

കളു

ാതുവി

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. MA2 Acc. No. 12590

This book should be returned on or before the date last stamped below.

9 AUG 1987

MA 2 12590

രാഘവവൎമ്മതമ്പുരാൻ [illegible]

രത്നപ്രഭ.